Vol. 12 വാല്യം – 12 Issue - 1 ലക്കം – 1

# ക്ഷാത്രസ്പന്ദനം

## KSHATRA SPANDANAM

ക്ഷത്രിയ ക്ഷേമസഭയുടെ ത്രൈമാസ വാർത്താപത്രിക


TRIMONTHLY NEWS MAGAZINE OF KSHATRIYA KSHEMA SABHA

January 2026 ജനുവരി 2026 1201 Makaram 1201 മകരം



# "Voyage of fifty years"

(07-12-2025)



## Prof. K.N.S. Varma & Ramani Bhai

ആശംസകളോടെ

മക്കൾ: ജ്യോത്സ്ന, ജ്യോതിഷ്

മരുമക്കൾ, കൊച്ചുമക്കൾ

Kshatraspandanam
News Magazine of Kshatriya Kshema Sabha
January 2026
M.E.1201 Makaram
Volume 12 Issue 1

ക്ഷാത്രസ്പന്ദനം
ക്ഷത്രിയ ക്ഷേമസഭയുടെ വാർത്താപത്രിക
ജനുവരി 2026
കൊ.വ.1201 മകരം
വാല്യം 12 ലക്കം 1

**"ക്ഷതാൽ ത്രായതേ ഇതി ക്ഷത്രിയഃ"**
**(നാശത്തിൽ നിന്ന് രക്ഷിക്കുന്നവൻ ക്ഷത്രിയൻ)**

# വിഷയവിവരം

**REACT** .................................................... 04
**പത്രാധിപക്കുറിപ്പ്** ........................................ 07
**കേന്ദ്രസഭാ വാർത്തകൾ** .................................. 08
**ഓൾ കേരള വനിതാവിഭാഗം** ............................. 11
**ശ്രീപദ്മനാഭ സ്വാമി ക്ഷേത്രത്തിലെ മുറജപം** ............... 14
(കവർസ്റ്റോറി)
**"...ഹന്ത! ഭാഗ്യം..."** .......................................... 18
പ്രൊഫ. ചന്ദ്രാവലി തമ്പുരാൻ
**സാമൂതിരി പി.കെ. കേരളവർമ്മ** ........................... 21
മാനവ് വർമ്മ പി.കെ.
**ക്ഷത്രിയ പ്രതിഭകൾ – ഡോ. കെ.സി.കെ. രാജ** ......... 22
വി.സി. കൃഷ്ണവർമ്മ രാജ
**തിരുവാതിര** (കവിത) ............................................ 24
വിനോദ് വർമ്മ
**മലർപ്പൊടിക്കാരന്റെ സ്വപ്നം** ............................. 25
ഡോ. കെ. കേരളവർമ്മ
**നാരിയും നാഗിയും** ........................................... 29
മലയാള പരിഭാഷ: ഡോ. കെ.സി.എം. രാജ
**Swami Vivekanandan** ......................................... 34
Adv. E. Ramavarma Raja
**രേവതി പട്ടത്താനം** .......................................... 35
**ന മമഃ** ........................................................ 37
കെ.സി. രാമവർമ്മ രാജ
**ഞാൻ ശുക്രൻ** ................................................. 39
വിജയകുമാർ വർമ്മ
**ഇര** (കവിത) .................................................... 40
ജ്യോതി വർമ്മ എൽ.ആർ.
**അടുത്തില – കോവിലകങ്ങളുടെ കേന്ദ്രം** ................. 41
പി.കെ. മോഹന വർമ്മ
**മുജ്ജജ്ജൻ** (കവിത) ............................................ 42
സതീഷ് കുമാർ ടി.എൻ.
**വിദ്യാസ്മത് പരദേവത** ...................................... 43
രാജലക്ഷ്മി
**കാലപുരുഷനെന്ന മഹാപുരുഷൻ** ........................ 45
ഇ.കെ. രാജ വർമ്മ
**അന്ത്യോദകം** (കവിത) ......................................... 46
ഗായത്രി വർമ്മ
**മുഴക്കുന്നം ശ്രീ മൃദംഗശൈലേശ്വരി ക്ഷേത്രം** .............. 47
രമേശ്ചന്ദ്ര വർമ്മ
**കണ്ണുകൾ** (കവിത) ............................................. 48
കെ. കൃഷ്ണകുമാർ
യാത്രകൾ - 25 **ഒഡീഷ – 1** ..................................... 49
കെ. ഹരികൃഷ്ണ വർമ്മ
**കുന്നത്തൂർപാടി മുത്തപ്പന്റെ ആരൂഢ സ്ഥാനം** ............ 67
രാധാകൃഷ്ണൻ എസ്.കെ.
**പ്രായോഗികതയുടെ പര്യായമായ സാമൂതിരി രാജ...** ..... 70
കുട്ടി അനിയൻ രാജ
**കാളിദാസൻ** ................................................... 71
ധനഞ്ജയ വർമ്മ
**പൂഞ്ഞാർ കാഞ്ഞിരമറ്റം പാലസിൽ...** ..................... 74
**സൈക്കോളജിയും ഞാനും** .................................. 75
ജയശ്രീ സുന്ദർ
**മോയാർ വാലിയിലെ തെമ്മാടി** ............................. 76
ശ്രീകാന്ത് വർമ്മ
**തുഷാരബിന്ദു** (കവിത) ......................................... 79
ശ്രീദേവി പി.സി.
**The Unknown Artist** (Poem) ................................ 79
Sumitha Varma
**ഇടുക്കി ഡാം ഉല്ലാസയാത്ര** ................................. 80
രാജീവ് വർമ്മ
**പ്രകാശവും പ്രസാദവും** (കഥ) ............................... 82
ഹൈമവതി വർമ്മ
**പുസ്തകജാലകം–**
ഗീതയിലെ ജാതിവിചാരം ....................................... 87
ഡോ. ആർ.വി.ജി. മേനോൻ
**യൂണിറ്റ് വാർത്തകൾ – വിശേഷങ്ങൾ** ...................... 95
**യൂണിറ്റ് വാർത്തകൾ – വിശേഷങ്ങൾ** (വനിതാവിഭാഗം) .... 102
**ശ്രദ്ധാഞ്ജലി** .................................................... 112
**വൈവാഹികം** .................................................. 115

*മുഖ്യ പത്രാധിപർ:* ഡോ. എം. ലളിതാംബിക
*എഡിറ്റോറിയൽ അഡ്വൈസർ:* കെ.എൽ. ശ്രീകൃഷ്ണദാസ്
അസ്സോസിയേറ്റ് എഡിറ്റർ: അജയകുമാർ വർമ്മ. എസ്
*പത്രാധിപസമിതി:* *ടി.എൻ. ആദിത്യവർമ്മ, ആർ. രാമവർമ്മ, പി.കെ. ജയചന്ദ്രവർമ്മ, കെ. രാഘവവർമ്മ*
*എക്സ്. ഒഫിഷ്യോ അംഗങ്ങൾ:* പ്രസിഡന്റ്/ ജനറൽ സെക്രട്ടറി/ ട്രഷറർ *ക്ഷത്രിയക്ഷേമസഭ*

മുഖചിത്രം: ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിലെ മുറജപവും ലക്ഷദീപവും

ഇതിൽവരുന്ന വാർത്തകൾ/അഭിപ്രായങ്ങൾ ക്ഷത്രിയക്ഷേമസഭയുടേതോ ക്ഷാത്രസ്പന്ദനം പത്രാധിപസമിതിയുടെയോ ആയിക്കൊള്ളണമെന്നില്ല. - ചീഫ് എഡിറ്റർ

# റോയൽ എഡ്യൂക്കേഷണൽ ആൻഡ് ചാരിറ്റബിൾ ട്രസ്റ്റ് (REACT)

2008-ൽ പ്രവർത്തനമാരംഭിച്ച REACT (ക്ഷത്രിയ ക്ഷേമസഭയുടെ സർവീസ് വിങ്) ജീവകാരുണ്യ പ്രവർത്തനങ്ങളിൽ സജീവമായി ഏർപ്പെട്ടുകൊണ്ടിരിക്കുന്നു. നമ്മുടെ ബന്ധുജനങ്ങൾക്കും സ്നേഹിതർക്കും അഭ്യുദയകാംക്ഷികൾക്കും ഇതിന്റെ പ്രാധാന്യം മനസ്സിലാകുകയും ഉൾക്കൊള്ളുകയും ചെയ്യുന്നതുകൊണ്ടാണ് REACT ന്റെ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകാൻ കഴിയുന്നത്. വിഷമതകൾ അനുഭവിക്കുന്നവരെ സഹായിക്കുന്നത് നമ്മുടെ ധർമ്മമാണ്... കടമയാണ് എന്ന് നാം എപ്പോഴും ഓർമ്മിക്കണം.

'താമസിക്കാൻ സ്വന്തമായൊരിടം' എന്ന നമ്മുടെ സ്വപ്നം സാക്ഷാത്കരിക്കുവാനും സ്വയം തൊഴിൽ കണ്ടെത്താനും വിദ്യാഭ്യാസം മുന്നോട്ടു കൊണ്ടുപോകാനും രോഗചികിത്സയ്ക്ക് സഹായമാകാനും REACT നു കഴിയുന്നു എന്നത് ആശ്വാസകരമാണ്.

2025 ഒക്ടോബർ മുതൽ ഡിസംബർ വരെ REACT നു ലഭിച്ച സംഭാവനകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

## DONATIONS RECEIVED DURING OCTOBER TO DECEMBER 2025

| Sl. No. | Name of the Donor | Amount (Rs.) |
|---|---|---|
| 1 | A Well wisher | 100,000.00 |
| 2 | RVG Menon, Thiruvananthapuram | 50,000.00 |
| 3 | Balachandran Thampuran, Thiruvananthapuram | 50,000.00 |
| 4 | R. Sasikumar Varma, Thiruvananthapuram | 30,000.00 |
| 5 | Cdr. (Retd.) Kishen Chandar Varma, Kochi | 30,000.00 |
| 6 | Dhananjayan, Padinjare Kattungal Kovilakam, Varanad | 25,084.00 |
| 7 | P.K. Mohana Varma, Pilathara | 25,001.00 |
| 8 | Rugmini Thampuratty P.K., Thiruvalla | 25,000.00 |
| 9 | Dr. Kumudabai, Poonjar | 25,000.00 |
| 10 | Valsala Ravi Varma Raja, Thiruvananthapuram | 20,000.00 |
| 11 | Jayakumara Varma P.K., Thiruvalla | 15,000.00 |
| 12 | Pramod Varma, Pandalam | 10,000.00 |
| 13 | Goda Varma, C.K., Chazoor Kovilakam | 10,000.00 |
| 14 | Radha Thampuratty U.N., Kozhikode | 10,000.00 |
| 15 | Beena P.N., Thiruvananthapuram | 10,000.00 |
| 16 | Valsala K Varma, Kochi | 10,000.00 |
| 17 | P.M. Subramanian, Karivelloor | 10,000.00 |
| 18 | Rajeev R, Budhanoor | 6,000.00 |
| 19 | Ravi Varma P.V., Thrissur | 5,000.00 |
| 20 | Nirmala Varma, Kochi | 5,000.00 |
| 21 | Vinod Kumar Varma, Chittezhathu Kovilakam | 5,000.00 |
| 22 | Reshmi Raja, Ennakkad Kottaram | 3,500.00 |
| 23 | Valsala Varma, Alappuzha | 3,000.00 |

| | | |
|---|---|---|
| 24 | Mini V, Pandalam | 2,250.00 |
| 25 | Sreedevi R Varma, Keezhvaipur | 2,000.00 |
| 26 | P.K. Ravi Varma Raja, Cherthala | 2,000.00 |
| 27 | Sasidhara Varma, Thiruvalla | 2,000.00 |
| 28 | Suria Kumar M.K., Thiruvalla | 2,000.00 |
| 29 | Anitha Sankaran, Raghava Parambil Kovilakam | 2,000.00 |
| 30 | Janardhana Raja, Thrissur | 1,500.00 |
| 31 | P.K. Ravi Varma Raja, Cherthala | 1,000.00 |
| 32 | Madhu, Palakkad | 500.00 |
| 33 | Goda Varma Raja P R, Poonjar | 500.00 |
| 34 | Dheeraj Varma M.K., Kozhikkode | 250.00 |
| 35 | Sathi | 200.00 |
| | **Total** | **498,785.00** |

**(Rupees Four lakhs ninetyeight thousand seven hundred and eightyfive only)**

## FINANCIAL ASSISTANCE DURING OCTOBER TO DECEMBER 2025

| Sl. No. | Payments | Amount (Rs.) |
|---|---|---|
| 1 | Medical Aid, Education etc. - Monthly | 109,500.00 |
| 2 | Financial Aid to Poor/Medical Aid/Educational Allowance | 444,500.00 |
| 3 | House Construction - Kozhikkode | 43,600.00 |
| | **Total** | **597,600.00** |

**(Rupees Five lakhs ninetyseven thousand six hundred only)**

ഇതുവരെ (18-07-2008 മുതൽ 31-12-2025 വരെ) ₹ 2,46,77,692/- (രണ്ടു കോടി നാല്പത്തിയാറു ലക്ഷത്തി എഴുപത്തിയേഴായിരത്തി അറുനൂറ്റി തൊണ്ണൂറ്റി രണ്ട് രൂപ) വിതരണം ചെയ്യുവാൻ സാധിച്ചിട്ടുണ്ട്.

**പണം അടയ്ക്കേണ്ട അക്കൗണ്ട് വിവരങ്ങൾ**

**A/c No: 40052210014950**

**IFS Code CNRB 0014005**

**Canara Bank, Fort Branch, Thiruvananthapuram - 695023**

**അറിയിപ്പ്**

**Those who wish to donate to REACT may please send the following details also.**

**Name in Full, Full address, PAN or Aadhaar No.**

**(This is required as per the amendment to Income Tax Act, 1961 with effect from 01.04.2021)**

***(റിയാക്ട് സഹായത്തിന്റെ ചിത്രങ്ങൾക്ക് 6, 13 പേജുകൾ കാണുക)***

**എല്ലാവർക്കും REACT ന്റെ ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.**

# റിയാക്ടിന്... സ്നേഹപൂർവ്വം



തിരുവനന്തപുരം ക്ഷത്രിയ ക്ഷേമസഭയിലെ മുതിർന്ന അംഗം രുഗ്മിണിത്തമ്പുരാട്ടിയുടെ ശതാഭിഷേക ചടങ്ങുകൾ വൈദികമായ ചടങ്ങുകളോടെ പ്രൗഢഗംഭീരമായി സ്വകുടുംബമായ തിരുവല്ല പാലിയക്കര കൊട്ടാരത്തിൽ വച്ചു നടന്നു. അതിന്റെ ഭാഗമായി നടന്ന ദാനധർമ്മാദികളിൽ റിയാക്ടിനെയും പരിഗണിക്കുകയും 25,000 രൂപ സംഭാവന നൽകുകയും ചെയ്തു. റിയാക്ട് സെക്രട്ടറി പി.കെ. രഘു വർമ്മ ചെക്ക് സ്വീകരിക്കുന്നു.



ഡോ. കുമുദാഭായി പൂഞ്ഞാർ, തന്റെ ശതാഭിഷേകത്തോടനുബന്ധിച്ച് റിയാക്ടിന്റെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി നൽകിയ സംഭാവന തുകയായ 25,000 രൂപയുടെ ചെക്ക് ക്ഷത്രിയ ക്ഷേമസഭ സംസ്ഥാന ജനറൽ സെക്രട്ടറി മധുകുമാർ വർമ്മ സ്വീകരിക്കുന്നു.



വാരനാട് പടിഞ്ഞാറെ കാട്ടുങ്കൽ കോവിലകാംഗം ധനഞ്ജയൻ (ചെന്നൈ സമന്വയം മുൻ സെക്രട്ടറി) അദ്ദേഹത്തിന്റെ ഷഷ്ടിപൂർത്തി പ്രമാണിച്ച് റിയാക്ടിലേക്ക് നൽകിയ 25,084 രൂപയുടെ ചെക്ക് ക്ഷത്രിയ ക്ഷേമസഭ സംസ്ഥാന ജനറൽ സെക്രട്ടറി മധുകുമാർ വർമ്മ സ്വീകരിക്കുന്നു.



## പത്രാധിപക്കുറിപ്പ്



# ക്ഷേത്രങ്ങളും ക്ഷേത്രകലകളും

വൃശ്ചികം മുതൽ മേടം വരെ കേരളക്കരയിൽ ക്ഷേത്രോത്സവങ്ങളുടെ സമയമാണല്ലോ. അമ്പല ത്തിലെ ഉത്സവം നാട്ടിലും ഉത്സവക്കാലം തന്നെ.

പണ്ടുമുതലേ മനുഷ്യജീവിതത്തിൽ ആരാധനാ ലയങ്ങൾക്ക് ഒരു പ്രധാന പങ്കുണ്ട്. ശില്പഭംഗിയുടെ മകുടോദാഹരണങ്ങൾ മാത്രമല്ല മനുഷ്യന്റെ അടി യുറച്ച വിശ്വാസത്തിന്റെയും നന്മതിന്മകളെ വേർതി രിച്ച് നന്മയുടെ വെളിച്ചം മനുഷ്യമനസ്സിൽ ദൃഢമായി സൂക്ഷിക്കാൻ സഹായിക്കുന്ന സംസ്ക്കാരത്തി ന്റെയും കേന്ദ്രങ്ങളുമാണ് ക്ഷേത്രങ്ങൾ. ഇവിടുത്തെ ശാന്തമായ അന്തരീക്ഷം, ശംഖിന്റെയും മണിയു ടെയും നേർത്ത ശബ്ദങ്ങൾ, പ്രാർത്ഥനാനിരതരായ ആളുകൾ നിറഞ്ഞ ചുറ്റുപാട് എല്ലാംതന്നെ നമ്മളെ വിനയാന്വിതരാക്കുന്നു. സന്മനസ്സുള്ളവരാക്കി മാറ്റു ന്നു. നമുക്ക് നമ്മളിൽ തന്നെ ഒരു വിശ്വാസം (Faith in ourselves) വളർത്തിത്തരുന്നു. ആ വിശ്വാസം വിപ രീത ജീവിതസാഹചര്യങ്ങളെ നേരിടാനുള്ള ഒരു ആന്തരിക ശക്തി നമ്മളിൽ പ്രദാനം ചെയ്യുന്നു.

സത്യത്തിൽ എല്ലാ മതങ്ങളും നന്മയിൽ മാത്രം അധിഷ്ഠിതമാണ്. പലയിടത്തു നിന്നുത്ഭവിച്ച നദി കൾ പല വഴിയേ ഒഴുകി ഒരേ സമുദ്രത്തിലെത്തുന്ന തുപോലെ.

ഹിന്ദു ക്ഷേത്രങ്ങൾ ക്ഷേത്രകലകൾക്ക് (കഥക ളി, സോപാന സംഗീതം, തുള്ളൽ, ചാക്യാർകൂത്ത്, പഞ്ചവാദ്യം, പഞ്ചാരിമേളം തുടങ്ങിയവ) നല്ല പ്രാധാ ന്യവും പ്രോത്സാഹനവും നല്കുന്നു. അടുത്തകാ ലത്ത് ഈ കലകളൊക്കെ കൂടുതൽ ജനകീയമായി ട്ടുണ്ട്. യൂത്ത് ഫെസ്റ്റിവലിന്റെ ഭാഗമായതാണ് ഒരു കാരണം. ഈ കലകൾ ക്ഷേത്രത്തിൽ നിന്ന് പുറ ത്തുള്ള സ്റ്റേജുകളിലേക്ക് മാറിയിട്ടുണ്ട്. പക്ഷെ സ്ഥിര വരുമാനവും തൊഴിൽ സുരക്ഷയും കുറവാ യതിനാൽ ചെറുപ്പക്കാർ തൊഴിൽ സാദ്ധ്യതയായി കരുതുന്നില്ല. കുട്ടികളിൽ കൂടുതൽ അറിവ് പകർന്നു കൊടുക്കാൻ എല്ലാ മതങ്ങളുടെയും ആരാധനാലയ കലകളെ പാഠ്യപദ്ധതിയുടെ ഭാഗമാക്കാം. പരിചയ പ്പെടുത്തുന്നതിനു വേണ്ടി ചെറിയ കോഴ്സുകളും നടത്താം. കലാകാരന്മാർക്ക് സ്ഥിരം വേതനം, ആരോഗ്യ ഇൻഷ്വറൻസ്, പെൻഷൻ എന്നിവയും ഉണ്ടായാൽ താല്പര്യമുള്ളവർ തീർച്ചയായും കലാ സപര്യക്ക് തയ്യാറാകും. ●

**മാന്യ വായനക്കാർക്കും ബന്ധുജനങ്ങൾക്കും**
**സന്തോഷവും സംതൃപ്തിയും നിറഞ്ഞ**
**പുതുവത്സരാശംസകൾ**

# കേന്ദ്ര സഭാ വാർത്തകൾ



## സംസ്ഥാന ജനറൽ സെക്രട്ടറിയുടെ തൂലികയിൽ നിന്ന് ...

സഭാംഗങ്ങളെ,

എല്ലാ ബന്ധുജനങ്ങൾക്കും സ്നേഹം നിറഞ്ഞ പുതുവത്സരാശംസകൾ നേരുന്നു. 2026-ാമാണ്ട് എല്ലാവർക്കും ഐശ്വര്യപൂർണ്ണമാകുവാനും മെച്ചപ്പെട്ട ആരോഗ്യം ലഭിക്കുവാനും ജഗദീശ്വരന്റെ അനുഗ്രഹം ലഭിക്കുമാറാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**1. സംസ്ഥാന കമ്മറ്റിയോഗം - റിപ്പോർട്ട്**

2025 നവംബർ 16-ാം തീയതി ഞായറാഴ്ച കോട്ടയം പ്രസ്ക്ലബ് ഹാളിൽ വച്ച് രാവിലെ 10 മണിക്ക് സംസ്ഥാന കമ്മറ്റി യോഗം നടത്തി. യോഗത്തിൽ 41 അംഗങ്ങൾ പങ്കെടുത്തു.

യോഗം കൃത്യം 10 മണിക്ക് തുടങ്ങി. എല്ലാവരും ചേർന്ന് പ്രാർത്ഥനാ ഗീതം ചൊല്ലി. നമ്മെ വിട്ടുപിരിഞ്ഞ സഭാംഗങ്ങൾക്കു വേണ്ടി അംഗങ്ങളെല്ലാം എഴുന്നേറ്റു നിന്ന് ഒരു നിമിഷം മൗനപ്രാർത്ഥന നടത്തി. അതിനുശേഷം യോഗ നടപടികൾ ആരംഭിച്ചു. 41 അംഗങ്ങൾ യോഗത്തിൽ പങ്കെടുത്തു. കോട്ടയം യൂണിറ്റ് പ്രസിഡന്റ് ആത്മജ വർമ്മ തമ്പുരാൻ സ്വാഗതം പറഞ്ഞു. മീറ്റിംഗിൽ എത്തിയ മുതിർന്ന അംഗങ്ങളായ കൃഷ്ണൻ ഉണ്ണിത്തിരി, സംസ്ഥാന പ്രസിഡന്റ് എം. ലളിതാംബിക എന്നിവർ ചേർന്ന് യോഗം ഉൽഘാടനം ചെയ്യുകയും, തുടർന്ന് അദ്ധ്യക്ഷ പ്രസംഗം നടത്തുകയും ചെയ്തു. സഭയുടെ പ്രവർത്തനങ്ങളെക്കുറിച്ചും ലക്ഷ്യങ്ങളെക്കുറിച്ചും വിശദമായി സംസാരിച്ചു. അതിനുശേഷം സംസ്ഥാന ജനറൽ സെക്രട്ടറി മധുകുമാർ വർമ്മ കഴിഞ്ഞ കമ്മറ്റി യോഗത്തിന്റെ മിനിട്ട്സ് വായിക്കുകയും, പ്രവർത്തന റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. പിന്നീട്, സംസ്ഥാന ട്രഷറർ സൂര്യകുമാർ വർമ്മ സഭയുടെ 2025 ഒക്ടോബർ 31 വരെയുള്ള കാലയളവിലെ വരവ്-ചെലവ് കണക്കും ബാലൻസ് ഷീറ്റും വായിച്ചു. റിയാക്ടിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ജോയിന്റ് സെക്രട്ടറി സഞ്ജയ് വർമ്മ സംസാരിച്ചു. ക്ഷത്രിയ ക്ഷേമസഭയുടെ വനിതാവിഭാഗം പ്രസിഡന്റ് ഡോ. കെ. സുജാത വനിതാവിഭാഗത്തിന്റെ ഉയർത്തെഴുന്നേൽപ്പിനെക്കുറിച്ചും പ്രവർത്തനങ്ങളെക്കുറിച്ചും വിശദമായി സംസാരിച്ചു. ക്ഷത്രിയ യൂത്ത് ഫോറത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് പ്രസിഡന്റ് ഋഷികേശ് വിശദമായി സംസാരിച്ചു.

പിന്നീട് മുൻകൂട്ടി അജൻഡയിൽ നൽകിയിരുന്ന വിഷയങ്ങളെക്കുറിച്ചുള്ള ചർച്ചയായിരുന്നു. മേഖലാ സെകട്ടറിമാർ, യൂണിറ്റ് ഭാരവാഹികൾ വനിതാ, യൂത്ത് വിഭാഗം ഭാരവാഹികൾ എന്നിവർ സജീവമായി ചർച്ചയിൽ പങ്കെടുത്തു. വിവിധങ്ങളായ സംശയങ്ങൾ/ അഭിപ്രായങ്ങൾ എന്നിവയ്ക്കെല്ലാം സംസ്ഥാന ജനറൽ സെക്രട്ടറി മറുപടി നൽകുകയും ചെയ്തു.

ചർച്ചകൾക്കും മറുപടിക്കും ശേഷം യോഗം എടുത്ത തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

- പ്രവർത്തന റിപ്പോർട്ടും വരവ്-ചെലവ് കണക്കുകളും കയ്യടിച്ചു പാസാക്കി.
- ഫാമിലി & പൊളിറ്റിക്കൽ പെൻഷൻ കുടിശ്ശിക

നിരവധി പെൻഷൻ ഗുണഭോക്താക്കൾ കുടിശ്ശിക തുകയുടെ ആദ്യ ഗഡു വാങ്ങുകയും ചിലർ കേന്ദ്ര സഭയിലേക്ക് നൽകണമെന്ന് നേരത്തേ തീരുമാനിച്ച തുക നൽകുകയും ചെയ്തിട്ടുണ്ട്. തുക നൽകിയിട്ടില്ലാത്തവരെ നേരിൽ കണ്ട് വിശദമായി വിവരം അറിയിച്ച് യൂണിറ്റ് ഭാരവാഹികൾ തുക കേന്ദ്ര സഭയുടെ ബാങ്ക് അക്കൗണ്ടിലേക്ക് നിക്ഷേപിക്കുവാനായി കൂടുതൽ ശക്തമായി ശ്രമിക്കണമെന്ന് തീരുമാനിച്ചു.

- അടുത്ത സംസ്ഥാന കമ്മറ്റിയോഗം നീലേശ്വരം അല്ലെങ്കിൽ കോഴിക്കോട് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ 2026 ഫെബ്രുവരി 28 ന് മുൻപായി നടത്താൻ

തീരുമാനിച്ചു. സ്ഥലവും തീയതിയും പിന്നീട് തീരുമാനിച്ച് അറിയിക്കുന്നതാണ്.

● വാർഷിക പൊതുയോഗം

അടുത്ത വാർഷിക പൊതുയോഗം ചേർത്തല കരപ്പുറം യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ 2026 മേയ് മാസം 1-ാം തിയതി നടത്താം എന്നു തീരുമാനിച്ചു. വേദിയും മറ്റു കൂടുതൽ വിവരങ്ങളും പിന്നീട് അറിയിക്കാമെന്നും തീരുമാനിച്ചു.

● തെക്കൻ മേഖലാ സമ്മേളനം

തെക്കൻ മേഖലാ സമ്മേളനം പന്തളം യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ജനുവരി അവസാനം/ ഫെബ്രുവരി ആദ്യം നടത്താം എന്നുള്ള വാഗ്ദാനം അംഗീകരിച്ചു. തീയതി പിന്നീട് അറിയിക്കാമെന്നും തീരുമാനിച്ചു.

● ക്ഷാത്രസ്പന്ദനം

വരിസംഖ്യയുടെ 2025 ലെ കുടിശ്ശികയും 2026 ലെ വരിസംഖ്യയും എത്രയും വേഗം യൂണിറ്റുകൾ വഴി സംഭരിക്കാൻ തീരുമാനിച്ചു.

● ക്ഷത്രിയ കുടുംബാംഗങ്ങളിലെ വിവാഹപ്രായ മായ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും സഭയുടെ വനിതാവിഭാഗത്തിന്റെ നേതൃത്വത്തിൽ എല്ലാ വർഷവും ഒരു വിവാഹപൂർവ്വ കൗൺസലിംഗ് ക്ലാസ് നടത്തണമെന്ന് തീരുമാനിച്ചു.

● ക്ഷത്രിയ സെൻസസ്

ക്ഷത്രിയ കുടുംബാംഗങ്ങളുടെ സെൻസസ് എടുക്കുന്നതിനുവേണ്ടി ഓൺലൈനായി പൂരിപ്പിച്ച് നൽകാനുള്ള ഫോറം അടങ്ങുന്ന ലിങ്ക് നേരത്തേ എല്ലാ വാട്സ് ആപ് ഗ്രൂപ്പുകളിലും യൂണിറ്റ് പ്രസിഡന്റ് സെക്രട്ടറി ഇവർക്കും നൽകിയിട്ടുണ്ട്. പാതി വഴിയിൽ ഇത് പൂരിപ്പിച്ചു നൽകുന്ന പ്രക്രിയ മന്ദീഭവിച്ചു. ഇത് മുൻഗണനാക്രമത്തിൽ ഏറ്റെടുത്ത് യൂണിറ്റുകളുടെ ഉത്തരവാദിത്തമായിക്കണ്ട് എത്രയും വേഗം മുഴുവനാക്കാനായി തീരുമാനിച്ചു.

● ചർച്ചാ വേളയിൽ യൂണിറ്റ് ഭാരവാഹികൾ മറ്റനവധി നല്ല ആശയങ്ങൾ മുന്നോട്ടു വച്ചിരുന്നു.

● കഴിഞ്ഞ യോഗത്തിലെ തീരുമാന പ്രകാരം വയലാർ രാമവർമ്മയുടെ പേരിൽ മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ഒരു ചെയർ തുടങ്ങാൻ അപേക്ഷ നൽകുകയും അധികാരികളിൽ നിന്നും വളരെ നല്ല ഒരു പ്രതികരണം ലഭിക്കുകയും ചെയ്തു. (ആത്മജാ വർമ്മ തമ്പുരാൻ, കോട്ടയം)

● തിരുവനന്തപുരത്ത് സ്വന്തമായി ഒരു ആസ്ഥാനമന്ദിരം തുടങ്ങുവാനുള്ള നടപടി ക്രമങ്ങൾ വളരെ വേഗത്തിൽ ആരംഭിക്കണം. (ശ്രീകുമാർ കരിവെള്ളൂർ *കത്തിലൂടെ*)

● ക്ഷത്രിയ യൂത്ത് ടീം നടത്തിവരുന്ന ഫുട്ബോൾ മത്സരത്തിലെ വിജയികൾക്ക് അന്തരിച്ച കേണൽ ഗോദവർമ്മരാജായുടെ പേരിൽ എവർ റോളിംഗ് ട്രോഫി നൽകിയതിന് നന്ദിരേഖപ്പെടുത്തി. (ഹരിപ്രസാദ് രാജാ, സെക്രട്ടറി, കോഴിക്കോട് യൂണിറ്റ്)

മേല്പറഞ്ഞ എല്ലാ ആശയങ്ങളും സഭാംഗങ്ങൾ ഉൾക്കൊള്ളുകയും സഭയുടെ മുൻപോട്ടുള്ള പ്രവർത്തനങ്ങളിൽ വേണ്ട പരിഗണന നൽകണ മെന്നും തീരുമാനിച്ചു.

കോട്ടയം യൂണിറ്റ് സെക്രട്ടറി ടി.എം. റാംജി വർമ്മ നന്ദി രേഖപ്പെടുത്തി. യോഗം ഉച്ചയ്ക്ക് 2 മണിക്ക് അവസാനിച്ചു.

**2. പൊളിറ്റിക്കൽ & ഫാമിലി പെൻഷൻ**

പെൻഷന് അവകാശമുള്ള മിക്കവാറും എല്ലാവരും ട്രഷറിയിൽ നിന്നും തുക കൈപ്പറ്റി എന്നു വിശ്വസിക്കുന്നു. കുടിശ്ശിക കണക്കാക്കി നൽകുന്ന കാലയളവിൽ അന്തരിച്ചവർക്കുള്ള പണവും ട്രഷറി വഴി നൽകിത്തുടങ്ങി. കുടിശ്ശിക നേടിയെടുക്കാനായി ക്ഷത്രിയ ക്ഷേമസഭ ചിലവാക്കിയ തുകയിലേക്കുള്ള സംഭാവന (10,000 രൂപ) നൽകുവാനായി അപേക്ഷിച്ച പ്രകാരം കുറച്ചുപേർ നൽകുകയും ചെയ്തു. ഇനിയും നൽകിയിട്ടില്ലാത്തവർ എത്രയും വേഗം നൽകി സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**3. ക്ഷത്രിയ ക്ഷേമസഭ വനിതാവിഭാഗം**

KKS വനിതാവിഭാഗം വാർഷിക പ്രതിനിധി സമ്മേളനം തിരുവല്ലയിൽ വച്ച് ഡിസംബർ 13 ന് വളരെ മികച്ച രീതിയിൽനടന്നു. സഭയുടെ എല്ലാ യൂണിറ്റുകളിൽ നിന്നുമുള്ള വനിതാ പ്രതിനിധികൾ യോഗത്തിൽ പങ്കെടുത്തു. മികച്ച രീതിയിൽ ഈ സമ്മേളനം സംഘടിപ്പിച്ച വനിതാവിഭാഗം ഭാരവാഹികൾക്ക് അഭിനന്ദനങ്ങൾ നേരുന്നു.

**4. ക്ഷത്രിയ ക്ഷേമസഭ യൂത്ത് വിഭാഗം**

KKSY യുടെ വിവിധ പ്രവർത്തനങ്ങൾ ഭംഗിയായി നടക്കുന്നുണ്ട്. യൂത്ത് വിഭാഗം സംഘടിപ്പിക്കുന്ന

ഷട്ടിൽ ബാഡ്മിന്റൺ ടൂർണമെന്റ് 2026 ഫെബ്രുവരി 15-ാം തീയതി തിരുവനന്തപുരം കവടിയാർ കൊട്ടാര വളപ്പിനകത്തുള്ള ഇൻഡോർ സ്റ്റേഡിയത്തിൽ വച്ച് നടത്തുന്നു.

**5. യൂണിറ്റ് വാർഷിക സമ്മേളനങ്ങൾ**

വിവിധ യൂണിറ്റുകളിലെ വാർഷിക പൊതു യോഗങ്ങൾ ഭംഗിയായി നടത്തുന്നുണ്ട്. എല്ലാ യൂണിറ്റ് തല പൊതുയോഗങ്ങളിലും, മറ്റു പ്രധാന പ്പെട്ട മീറ്റിംഗുകളിലും കേന്ദ്ര ഭാരവാഹികൾ സജീവ മായി പങ്കെടുക്കുന്നുമുണ്ട്.

**6. മദ്ധ്യമേഖലാ സമ്മേളനം**

സഭയുടെ മദ്ധ്യമേഖലാ സമ്മേളനം 2026 ഫെബ്രുവരി 14 ന് രാവിലെ 10 മണിക്ക് പന്തളം യൂണിറ്റിന്റെ മേൽനോട്ടത്തിൽ പന്തളത്ത് വച്ച് നടക്കും.

**7. വാർഷിക പൊതു സമ്മേളനം**

സഭയുടെ വാർഷിക പൊതുസമ്മേളനം ചേർത്തല (കരപ്പുറം) യൂണിറ്റിന്റെ മേൽനോട്ടത്തിൽ ചേർത്തല ബൈപ്പാസിലുള്ള ഹിൽടോപ്പ് ആഡിറ്റോ റിയത്തിൽ വച്ച് 2026 മേയ് മാസം 1-ാം തീയതി നടക്കും.

**8. ക്ഷാത്രസ്പന്ദനം**

'ക്ഷാത്രസ്പന്ദനം' ത്രൈമാസിക വളരെ നല്ല രീതിയിൽ പ്രസിദ്ധീകരിച്ചുവരുന്നു. ടീം ക്ഷാത്ര സ്പന്ദനത്തിന് അനുമോദനങ്ങൾ. 'ക്ഷാത്രസ്പന്ദനം' ത്രൈമാസികയുടെ വാർഷിക വരിസംഖ്യയായ 200 രൂപ നൽകിയിട്ടില്ലാത്തവർ എത്രയും വേഗം നൽക ണമെന്ന് അപേക്ഷിക്കുന്നു.

**9. റിയാക്ട്**

റിയാക്ടിന്റെ വിവിധങ്ങളായ സേവന പ്രവർത്ത നങ്ങൾ വളരെ കൃത്യതയോടെ നടക്കുന്നു. ടീം റിയാക്ടിന് ആശംസകൾ നേരുന്നു.

യൂണിറ്റുകളിൽ നല്ല രീതിയിലുള്ള കൂട്ടായ പ്രവർത്തനങ്ങൾ നടക്കുന്നതിനാൽ ഒരു പുത്ത നൂർജ്ജം എല്ലാവർക്കും വരുന്നതായി കാണാനാ വുന്നുണ്ട് എന്നുള്ളത് വളരെ പ്രചോദനമേകുന്നതും പ്രതീക്ഷാവഹവുമായ കാര്യമാണ്. ഈ ഉണർവ്വ് ചോർന്നു പോകാതെ വീണ്ടും മുൻപോട്ടുള്ള കുതിപ്പിനായി പ്രയോജനപ്പെടുത്തേണ്ടതാണ്. അതിനു വേണ്ടുന്ന ആവശ്യങ്ങൾ മനസ്സിലാക്കി കൂടെ നിന്ന് പ്രവർത്തിക്കുവാൻ അംഗങ്ങളോടൊപ്പം എപ്പോഴും ഉണ്ടാവും എന്ന് അറിയിച്ചു കൊണ്ട്

സ്നേഹപൂർവ്വം

**മധുകുമാർ വർമ്മ വി.കെ.**
സംസ്ഥാന ജനറൽ സെക്രട്ടറി

## ചന്ദ്രിക കേരളവർമ്മ എൻഡോവ്മെന്റ് പ്രൈസ്

കേരള സിലബസിൽ പത്താം ക്ലാസ്സിൽ, 2025-26 അദ്ധ്യയന വർഷം, ഉന്നത വിജയം നേടുന്ന, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ക്ഷത്രിയ സമുദായാംഗങ്ങളുടെ കുട്ടികളിൽ നിന്നും ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന ഒരു കുട്ടിക്ക് മുൻ വർഷങ്ങളിലേതുപോലെ 10,000 രൂപ കാഷ് അവാർഡ് നൽകുന്നതാണ്.

സ്വയം സാക്ഷ്യപ്പെടുത്തിയ മാർക്ക് ലിസ്റ്റും, രക്ഷിതാക്കളുടെ വരുമാനം തെളിയിക്കുന്ന രേഖയും താഴെ പറയുന്ന മേൽവിലാസത്തിൽ 2026 മേയ് മാസം 31 ന് മുൻപ് അയയ്ക്കുക.

**P.K. Reghu Varma (Secretary REACT), C - 7, Sri Bhavan, Belhaven Gardens,**
**Kowdiar (P.O.), Thiruvananthapuram, Pin - 695 003.**

**അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി 31 മെയ് 2026**

# ഓൾ കേരള വനിതാവിഭാഗം



## പ്രവർത്തന റിപ്പോർട്ട്

KKS വനിതാ വിഭാഗം പ്രതിനിധികൾ പല യൂണിറ്റുകളിലും സന്ദർശനം നടത്തുകയും അവിടുത്തെ യൂണിറ്റ് പ്രവർത്തനരീതി മനസ്സിലാക്കുകയും വിശിഷ്യാ വനിതാവിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ഉണ്ടായി. സ്ഥിരമായ ഒരു നിരീക്ഷണത്തിലൂടെ യൂണിറ്റുകളിലെ വനിതാവിഭാഗത്തിന്റെ പ്രവർത്തനത്തെ ശക്തിപ്പെടുത്തുകയാണ് ലക്ഷ്യം. രണ്ടാഴ്ചയിൽ ഒരിക്കൽ ഓരോ യൂണിറ്റിലെയും KKS വനിതാ വിഭാഗം പ്രസിഡന്റ്, സെക്രട്ടറി എന്നിവരുമായി ആശയവിനിമയം നടത്തുകയും മാസത്തിൽ ഒരിക്കൽ ഗൂഗിൾ മീറ്റിംഗ് നടത്തി യൂണിറ്റിലെ വനിതാ അംഗങ്ങളുമായി സംവദിക്കുകയും ചെയ്യുന്നതിലൂടെ സാമൂഹിക, സാംസ്ക്കാരിക, സാമ്പത്തിക മേഖലകളിൽ വിജയം കൈവരിക്കുവാൻ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു. മാർച്ച് 2 ന് (02-3-2025) കുറ്റിലഞ്ഞി സമ്മേളനത്തിൽ വെച്ച് അധികാരത്തിലേറിയ KKS വനിതാവിഭാഗത്തിന് ഡിസംബർ 13 (13-12-2025)ന് കേവലം 10 മാസം കൊണ്ട് വനിതാവിഭാഗത്തിന്റെ 1-ാം സംസ്ഥാന പ്രതിനിധി സമ്മേളനം തിരുവല്ല യൂണിറ്റിൽ വെച്ച് നടത്തുവാൻ സാധിച്ചുവെന്നത് വനിതാ കൂട്ടായ്മയുടെ വിജയമാണ്. വിവിധ യൂണിറ്റുകളിലെ വനിതകളുടെ പ്രാതിനിധ്യം സമ്മേളനത്തെ വൻവിജയമാക്കിയെന്ന് പറയാതെവയ്യ.

13-12-2025 ശനിയാഴ്ച്ച തിരുവല്ല യൂണിറ്റിൽ മതിൽഭാഗം ശ്രീ രാഘവേശ്വര ക്ഷേത്ര ഓഡിറ്റോറിയത്തിൽ (ബ്രഹ്മസ്വം മഠം) വെച്ച് നടന്ന KKS വനിതാ പ്രതിനിധി സമ്മേളനം വിവിധ യൂണിറ്റുകളിൽ നിന്നുള്ള വനിതാ പ്രതിനിധികളുടെ സാന്നിധ്യം കൊണ്ട് ശ്രദ്ധേയമായി. രാവിലെ കൃത്യം 8 മണിക്ക് തന്നെ പ്രതിനിധികളുടെ രജിസ്ട്രേഷൻ ആരംഭിച്ചു. അതോടൊപ്പം തന്നെ പ്രഭാത ഭക്ഷണവും നൽകിത്തുടങ്ങി. വിവിധ യൂണിറ്റുകളിലെ വനിതകളുടെയും, ദേവിഫുഡ്സ്, ഇടപ്പള്ളി യൂണിറ്റിലെ ക്ലോത്ത് ബാഗ് എന്നിവയുടെ സ്റ്റാളുകൾ ഉണ്ടായിരുന്നു. കൃത്യം 10 മണിക്ക് തന്നെ സമ്മേളനം തുടങ്ങുവാൻ സാധിച്ചു. KKS വനിതാ വിഭാഗം സംസ്ഥാന പ്രസിഡന്റ് ഡോ. സുജാത കെ. സമ്മേളനത്തിന് ആദ്ധ്യക്ഷം വഹിച്ചു. തിരുവല്ല യൂണിറ്റ് വനിതാവിഭാഗം ക്വയറിന്റെ ഈശ്വര പ്രാർത്ഥനക്ക് ശേഷം തിരുവല്ല KKS വനിതാവിഭാഗം സെക്രട്ടറി രാജശ്രീ വർമ്മ വിശിഷ്ട വ്യക്തികളെ ആദരപൂർവം വേദിയിലേക്ക് സ്വാഗതം ചെയ്തു. KKS സംസ്ഥാന പ്രസിഡന്റ് ഡോ. ലളിതാംബിക ഭദ്രദീപം തെളിയിച്ച് സമ്മേളനത്തിന്റെ ഉദ്ഘാടനകർമ്മം നിർവഹിച്ചു. KKS സംസ്ഥാന ജനറൽ സെക്രട്ടറി മധുകുമാർ വർമ്മ, KKS വനിതാവിഭാഗം സംസ്ഥാന പ്രസിഡന്റ് ഡോ. സുജാത കെ., വൈസ് പ്രസിഡന്റ് കോമളവല്ലി, സംസ്ഥാന സെക്രട്ടറി രാധികാ വർമ്മ, KKS തിരുവല്ല യൂണിറ്റ് പ്രസിഡന്റ് പി.ആർ. വർമ്മ, തിരുവല്ല യൂണിറ്റ് വനിതാവിഭാഗം പ്രസിഡന്റ് ശ്രീജ വർമ്മ എന്നിവർ ദീപപ്രോജ്ജ്വലനത്തിന് പങ്കുവഹിച്ചു. KKS സംസ്ഥാന ട്രഷറർ സൂര്യകുമാർ വർമ്മ തദവസരത്തിൽ സന്നിഹിതനായിരുന്നു. വനിതാവിഭാഗം സംസ്ഥാന സെക്രട്ടറി രാധികാ വർമ്മ 2025-'26 ലെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. KKS വനിതാ വിഭാഗം സംസ്ഥാന ട്രഷറർ സുപ്രിയ സുരേഷ് 2025-'26 ലെ വരവ്-ചെലവ് കണക്കുകൾ അവതരിപ്പിച്ചു. പിന്നീട്, രാമായണത്തിലെ കഥാപാത്രങ്ങളെ അടിസ്ഥാനമാക്കി നടത്തിയ ഉപന്യാസ മത്സരത്തിന്റെ സമ്മാനദാനം നടത്തുകയുണ്ടായി. തുടർന്ന്, പുസ്തക പ്രകാശനം നടന്നു. സാഹിതീ സേവ ചെയ്യുന്ന മൂന്ന് പ്രഗത്ഭ വനിതകളായ ലളിത കെ. വർമ്മ (ഓർമ്മച്ചെപ്പ് - കവിതാ സമാഹാരം), ചിത്രലേഖ (ഒച്ചയില്ലാത്ത വാക്കുകൾ - കവിതാ

സമാഹാരം), ജ്യോതി വർമ്മ (ജ്യോതിർഗമയ-കവിതാ സമാഹാരം) എന്നിവരുടെ പുസ്തക പ്രകാശനം നടത്തുകയും, അവരെ ആദരിക്കുകയും ഉണ്ടായി. അതോടൊപ്പം Varma Associates & Builders ഉടമ നന്ദകുമാർ വർമ്മ, പ്രശസ്ത ഓട്ടൻതുള്ളൽ കലാകാരി പാർവ്വതി വർമ്മ എന്നിവരെയും ആദരിച്ചു. KKS സംസ്ഥാന പ്രസിഡന്റ്, ജന. സെക്രട്ടറി, ട്രഷറർ, തിരുവല്ല KKS പ്രസിഡന്റ്, ക്ഷത്രിയ ക്ഷേമസഭയുടെ തുടക്കം മുതലുള്ള സാരഥി ആർ. രാമവർമ്മ (വിജയൻ ചേട്ടൻ) എന്നിവർ സമ്മേളനത്തിന് ആശംസകൾ നേർന്നു. KKS സംസ്ഥാന ട്രഷറർ സൂര്യകുമാർ വർമ്മ, ഗായത്രി മന്ത്രം ചൊല്ലുകയെന്നത് എല്ലാവരും ഒരു ദിനചര്യ ആക്കണമെന്ന് അഭിപ്രായപ്പെട്ടു. ആ അഭിപ്രായത്തോട് യോജിച്ചുകൊണ്ട് KKS വനിതാവിഭാഗം ഗായത്രി മന്ത്രം സത്സംഗത്തിലൂടെ നമ്മളുടെ ഇടയിൽ പ്രചരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചു. തുടർന്ന്, KKS വനിതാവിഭാഗം സംസ്ഥാന സെക്രട്ടറി രാധികാ വർമ്മ മുഖ്യപ്രഭാഷണം നടത്തി. അതിനുശേഷം KKS വനിതാ വിഭാഗത്തിന്റെ New Venture ആയ 'സാന്ത്വനം-സ്വാസ്ഥ്യം' പദ്ധതിക്ക് തുടക്കമിട്ടു. ഇതിനിടെ ചായ സൽക്കാരവും നടന്നു. അടുത്തതായി, 'വനിതകളും ചെറുകിട വ്യവസായ പദ്ധതികളും' എന്ന വിഷയത്തിൽ പ്രബുദ്ധ യു. (MEC) (ഇരിട്ടി യൂണിറ്റ്) ഒരു മണിക്കൂർ ക്ലാസ് എടുത്തു. വളരെ പ്രയോജനപ്രദമായ, ലളിതമായ പദ്ധതികളെപ്പറ്റി വിശദീകരണം നൽകി. പിന്നീട് 12:30 മുതൽ 1:30 വരെ ഉച്ചഭക്ഷണം. ഉച്ചഭക്ഷണ സമയത്ത് പലരും പാട്ടുപാടിയും ഡാൻസ് ചെയ്തും പ്രായഭേദമെന്യേ ആ അവസരം സന്തോഷ പൂർണ്ണമാക്കി.

1:30 മുതൽ 'പേരെന്റിംഗ്' എന്ന വിഷയത്തിൽ പ്രശസ്ത ACC ICF Life & Executive Coach സന്ധ്യാ വർമ്മ വളരെ പ്രയോജനപ്രദമായ ഒരു session നടത്തി. പിന്നീട് 2:30 മുതൽ കലാപരിപാടികൾ അരങ്ങേറി. കലാപരിപാടികൾ അവതരിപ്പിച്ച എല്ലാപേർക്കും മെമെന്റോ നൽകി അനുമോദിച്ചു. 3 മണിയോടെ ചായസൽക്കാരത്തിന് ശേഷം തിരുവല്ല യൂണിറ്റ് വനിതാ വിഭാഗം പ്രസിഡന്റ് ശ്രീജാ വർമ്മ എല്ലാപേർക്കും നന്ദി രേഖപ്പെടുത്തി. ദേശീയ ഗാനാലാപനത്തോടെ സമ്മേളനത്തിന് തിരശ്ശീല വീണു. ഇനി ഒരു ഒത്തുചേരലിനായി പ്രതീക്ഷയോടെ കാത്തിരിക്കാം. ഈ സമ്മേളനത്തിൽ പങ്കെടുത്ത എല്ലാപേർക്കും നന്ദി അറിയിക്കട്ടെ. നന്ദി... നന്ദി... നന്ദി...

ലോകാ സമസ്താ സുഖിനോ ഭവന്തു.

**രാധികാ വർമ്മ പി.കെ.**
KKS വനിതാ വിഭാഗം സംസ്ഥാന
ജനറൽ സെക്രട്ടറി

# രവീന്ദ്രവർമ്മ ജന്മശതാബ്ദി




ജി. രവീന്ദ്രവർമ്മയുടെ ജന്മശതാബ്ദി ആഘോഷം കോട്ടയം പബ്ലിക് ലൈബ്രറിയിൽ നടന്നു. പ്രസിഡന്റ് ഏബ്രഹാം ഇട്ടിച്ചെറിയയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ. ഉദ്ഘാടനം ചെയ്തു. വേൾഡ് അസോസിയേഷൻ ഓഫ് യൂത്തിന്റെ പ്രസിഡന്റും 1977-ൽ കേന്ദ്ര ക്യാബിനറ്റ് മന്ത്രിയും പിന്നീട് ഗാന്ധി പീസ് ഫൗണ്ടേഷൻ ചെയർമാനും ആയിരുന്ന രവീന്ദ്രവർമ്മ സംശുദ്ധ രാഷ്ട്രീയത്തിന്റെ നിറ സാന്നിധ്യം ആയിരുന്നു എന്ന് തിരുവഞ്ചൂർ പ്രസ്താവിച്ചു. മാവേലിക്കര വലിയ കൊട്ടാരം ട്രസ്റ്റ് സെക്രട്ടറി ആർ. കൃഷ്ണകുമാർ വർമ്മ രവീന്ദ്രവർമ്മയ്ക്ക് സമുചിതമായ സ്മാരകം വേണമെന്ന് മുഖ്യ പ്രഭാഷണത്തിൽ അഭിപ്രായപ്പെട്ടു. കുടുംബാംഗമായ ലക്ഷ്മണ വർമ്മ രവീന്ദ്ര വർമ്മയുടെ വിദ്യാഭ്യാസകാല പ്രവർത്തനങ്ങൾ അനുസ്മരിച്ചു. ലൈബ്രറി സെക്രട്ടറി കെ.സി. വിജയകുമാർ സ്വാഗതവും ഫാദർ എം.പി. ജോർജ്ജ് എപ്പിസ്കോപ്പ പ്രാർത്ഥനയും നടത്തി. രവീന്ദ്രവർമ്മയുടെ പിതാവ് ഡോ. കെ. ഗോദവർമ്മയുടെ പ്രിയ ശിഷ്യൻ അമ്പലപ്പുഴ രാമവർമ്മയുടെ പുത്രനും സംഘാടക സമിതി കൺവീനറുമായ രാജാ ശ്രീകുമാർ വർമ്മ 1977 മുതൽ രവീന്ദ്ര വർമ്മയുമായി താൻ അടുത്തിടപഴകിയ കാര്യങ്ങൾ കൃതജ്ഞതാ പ്രകടനത്തിൽ വിശദീകരിച്ചു.


# റിയാക്ട് ധനസഹായം



ഒരു ചെറിയ തയ്യൽ കേന്ദ്രത്തിൽ ജോലി ചെയ്ത് ഉപജീവനം കണ്ടെത്തുന്ന തിരുവനന്ത പുരം തമലത്തു താമസിക്കുന്ന ആർ. ജ്യോതി യുടെ ഭർത്താവിന്റെ ചികിത്സാ സഹായത്തിനാ യുള്ള റിയാക്ടിന്റെ ചെക്ക് പ്രസിഡന്റ് ഡോ. എം. ലളിതാംബിക കൈമാറുന്നു.



കടപ്ര തുളിശാല കോയിക്കൽ, നിഖിൽ വർമ്മയ്ക്ക് പ്രൊഫഷണൽ കോഴ്സിന് പഠി ക്കാനുള്ള റിയാക്ടിന്റെ വിദ്യാഭ്യാസ സഹായ ത്തിനുള്ള ചെക്ക് റിയാക്ട് വൈസ് പ്രസിഡന്റ് ആർ. രാമവർമ്മ നിഖിലിന്റെ അമ്മാവൻ രാമവർമ്മ (വിജയൻ) യ്ക്ക് കൈമാറുന്നു.



അപകടത്തിൽ പെട്ട് ഇടതു കൈയ്ക്കും നട്ടെല്ലിനും പരുക്കുപറ്റിയ തിരുവനന്തപുരം കുടപ്പനക്കുന്നിൽ താമസക്കാരനായ അമ്പി കെ. എൻ. ന് വൈദ്യസഹായമായി അനുവദിച്ച തുക യ്ക്കുള്ള ചെക്ക് റിയാക്ട് ട്രഷറർ കെ.എൻ. രാമവർമ്മ കൈമാറുന്നു.


കവർ സ്റ്റോറി

# ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ മുറജപം ലക്ഷദീപം

*അവലംബം*: H.H. അശ്വതി തിരുനാൾ ഗൗരി ലക്ഷ്മിഭായി തമ്പുരാട്ടിയുടെ 'ശ്രീപദ്മനാഭസ്വാമി ക്ഷേത്രം' എന്ന ഗ്രന്ഥം.

ഏകാഗ്രമായ പ്രാർത്ഥനകൊണ്ടു പവിത്രീകൃതമായ ഈ വൈദികകർമ്മം ആറു വർഷത്തിൽ ഒരിക്കലാണ് നടക്കുന്നത്. മുറജപം എന്നാൽ മുറയായി നടത്തുന്ന ജപം എന്നർത്ഥം. ഇത് വേദപാരായണത്തിനും സഹസ്രനാമജപത്തിനും അത്യന്തം പ്രാധാന്യം നൽകുന്നു. ഒട്ടേറെ നമ്പൂതിരിമാർ ഒന്നിച്ചിരുന്നാണ് പാരായണവും ജപവും നടത്തിക്കൊണ്ടിരുന്നത്. ധർമ്മശാസ്ത്ര ഗ്രന്ഥങ്ങളനുസരിച്ച് ആധ്യാത്മിക പ്രഭാപൂരത്തിന്റെ വർദ്ധനയ്ക്ക് വേദമന്ത്രം തികച്ചും അത്യന്താപേക്ഷിതമാണ്. സാരാംശത്തിൽ ഈ പ്രാർത്ഥനാ സാന്ദ്രീകരണമാണ് മുറജപം കൊണ്ട് നേടിയെടുക്കുന്നത്. മന്ത്രപ്രധാനമായ ഋഗ്വേദത്തിനും ക്രിയാപ്രധാനമായ യജുർവ്വേദത്തിനും ശ്രുതിപ്രധാനമായ സാമവേദത്തിനും കേരളത്തിൽ പ്രചാരമുണ്ട്. മന്ത്രക്രിയാശ്രുതികളുടെ സംയോജനം കൊണ്ട് മാത്രമേ ഏത് ദൈവിക കർമ്മത്തിനും പൂർണ്ണത ഉണ്ടാവുകയുള്ളൂ എന്ന ശാസനയനുസരിച്ച് മുറജപക്കാലത്ത് ഈ മൂന്ന് വേദങ്ങളും ദിവസവും ചൊല്ലുകയാണു ചെയ്യുന്നത്. ഇതുതന്നെയാണ് നാദബ്രഹ്മോപാസന.

പിൽക്കാലത്തെ ആദ്യത്തെ ഭദ്രദീപം കൊ.വ. 919/ക്രി.വ. 1744–ൽ ആയിരുന്നു. ഏതാനും വർഷങ്ങൾക്കു ശേഷം കൊ.വ. 922/ക്രി.വ. 1747–ൽ ഒരു മുറജപം നടത്തുകയുണ്ടായി. നമ്പൂതിരിമാരെ ഉത്തര കേരളത്തിൽ നിന്ന് കൊണ്ടുവരികയും അഭിശ്രവണ മണ്ഡപത്തിൽ ജപം നടത്തുകയും ചെയ്തു. ഇത് പ്രാർത്ഥനയായും ശ്രീപദ്മനാഭസ്വാമിയുടെ നിസ്സീമമായ കാരുണ്യത്തിനുള്ള പൊതുവായ കൃതജ്ഞതാസൂചകമായും ആയിരുന്നു. മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ പൂർവ്വികന്മാർ തിരുവട്ടാർ, പദ്മനാഭപുരത്തിനടുത്തുള്ള വാൾവച്ച ഗോഷ്ഠം, ശുചീന്ദ്രം, കല്ക്കുളം, ആറ്റിങ്ങൽ, അമ്പലപ്പുഴ എന്നിവിടങ്ങളിലെ ക്ഷേത്രങ്ങളിൽ ചെറിയ തോതിൽ മുറജപങ്ങൾ നടത്തിയിരുന്നെങ്കിലും ഇത്ര വലിയ തോതിൽ മറ്റൊരു ഹിന്ദുരാജാവും അതു നടത്തിയിട്ടുള്ളതായി രേഖകളിൽ ഉണ്ടെന്നു തോന്നുന്നില്ല.[1] ഈ മുറജപത്തിലാകട്ടെ, തൃശൂരിലെയും തിരുനാവായയിലെയും നമ്പൂതിരിമാരുടെ യോഗങ്ങൾ[2] ശ്രീപദ്മനാഭസ്വാമിക്ക് സ്വർണ്ണത്തട്ടങ്ങളും സ്വർണ്ണക്കുടങ്ങളും നടയ്ക്കു വച്ചതായി രേഖകൾ കാണിക്കുന്നു. ഈ നാടിന്റെയും സമൂഹത്തിന്റെയും മേൽ വളരെ പ്രേരണാശക്തി പ്രയോഗിക്കുകയും ചെയ്തിരുന്നു. രണ്ടു യോഗങ്ങളിലെയും വാധ്യാന്മാർ ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിലെ മുറജപോത്സവത്തിൽ പ്രമുഖ പദവികൾ വഹിച്ചിരുന്നതായി കാണുന്നു. നമ്പൂതിരിമാരുടെ തലവനായ ആഴ്‌വാഞ്ചേരി തമ്പ്രാക്കൾക്ക് മുറജപ സംബന്ധമായ നടപടികളിൽ സുപ്രധാനമായ ഒരു സ്ഥാനം ഉണ്ടായിരുന്നു.



പന്ത്രണ്ടു ഭദ്രദീപങ്ങൾക്കു ശേഷമാണ് ഒരു മുറജപം നടക്കുന്നത്. ഭദ്രദീപം ഓരോ ആറുമാസത്തിന്റെയും അവസാനത്തിൽ ആവർത്തിക്കുന്നു. അങ്ങനെ ഒരു വട്ടം പൂർത്തിയാക്കാൻ ആറു വർഷം ആവശ്യമാണ്. ഭദ്രദീപം നിർത്തലാക്കിയതോടു കൂടി ഭദ്രദീപത്തോടനുബന്ധിച്ചുള്ള കളഭവുമായി ബന്ധി

പ്പിച്ച് ആറു വർഷത്തിൽ ഒരിക്കൽ എന്ന് ഇപ്പോൾ മുറജപം കണക്കാക്കപ്പെടുന്നു. നമ്പൂതിരിമാരുടെ ഒരു വലിയ സംഘത്തിന്റെ നാലുതരം ദൈനംദിന പ്രാർത്ഥനകളോടുകൂടി മുറജപം 56 ദിവസം അനുഷ്ഠാനപൂർവ്വമായി തുടരുകയാണ് ചെയ്യുന്നത്. ചക്രീയ പരിവൃത്തിയിൽ നമ്പൂതിരിമാർ വേദജപവും മന്ത്രജപവും നാലമ്പലത്തിൽ രാവിലെയും, സഹസ്രനാമജപം ശീവേലിപ്പുരയിൽ ഉച്ചയ്ക്കും,[3] ജലജപം പദ്മതീർത്ഥത്തിൽ മുട്ടോളം വെള്ളത്തിൽ നിന്നുകൊണ്ട് വൈകിട്ടും നടത്തുന്നു. മുറജപം തുടങ്ങുന്ന ദിവസം രാത്രിയിൽ വഴിപാടു ശീവേലി (ഇതിൽ മൂന്നു പ്രദക്ഷിണമുണ്ട്) നടത്തിവരുന്നു. സിംഹാസന വാഹനമാണ് ഇതിൽ ഉപയോഗിക്കുന്നത്. എട്ടുദിവസം വീതം നീണ്ടുനിൽക്കുന്ന ഏഴു മുറകളിൽ ഓരോ മുറയും അവസാനിക്കുമ്പോൾ രാത്രിയിൽ ഒരു പ്രത്യേക ശീവേലിയും ഉണ്ട്. അവസാനിക്കുന്ന 56-ാം ദിവസം മകരമാസം ഒന്നാം തീയതിയിലെ സംക്രമമാണ്. അന്നത്തെ മകരശ്ശീവേലിയോടു കൂടി അവിശ്വസനീയവും പൗരാണികവുമായ ലക്ഷദീപം അരങ്ങേറുന്നു.

ഒന്നാമത്തെ മുറജപം കൊ.വ. 922/ക്രി.വ. 1747-ൽ നടന്നതായി രേഖയുണ്ടെങ്കിലും അത് ലക്ഷദീപത്തോടുകൂടിയല്ല അവസാനിച്ചത്. അതു നടന്നത് മൂന്നു വർഷത്തിനു ശേഷമാണ്. ഇന്നും മുറജപം തുടരുന്നുണ്ട്, പക്ഷേ മാറ്റങ്ങളോടുകൂടി. ഏറ്റവും പ്രധാനമായ മാറ്റം ശത്രുസംഹാരമെന്ന ലക്ഷ്യത്തോടുകൂടി നടത്തിക്കൊണ്ടിരുന്ന ജലജപം ചില കാരണങ്ങൾ കൊണ്ട് നിർത്തലാക്കി എന്നതാണ്. ശ്രീചിത്തിര തിരുനാൾ തിരുമനസ്സുകൊണ്ടു തന്നെ ഈ നടപടി കൈക്കൊണ്ടു. 2020-ലെ ലക്ഷദീപത്തിന് ജലജപം പുനരാരംഭിച്ചു. മറ്റൊരു വ്യത്യാസം, സഹസ്രനാമജപത്തിൽ പങ്കെടുക്കുന്നവരുടെ എണ്ണത്തിൽ കുറവു വരുന്നതുമൂലം സങ്കേതസ്ഥാനം കുലശേഖരമണ്ഡപത്തിലേക്കു മാറ്റുകയും പങ്കെടുക്കുന്നവരുടെ എണ്ണം 75 ആയി നിജപ്പെടുത്തുകയും ചെയ്തു എന്നതാണ്. ഇവരിൽ 45 പേർ നമ്പൂതിരിമാരും 30 പേർ മറ്റു ബ്രാഹ്മണരും ആയിരിക്കും.

**ലക്ഷദീപം**

ആദ്യത്തെ ലക്ഷദീപം കൊ.വ. 925 മകരം 1-ാം (ക്രി.വ. 1750 ജനുവരി 14/15) തീയതിയാണ് ആഘോഷിക്കപ്പെട്ടത്. ഈ വർഷം ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിന്റെ ചരിത്രത്തിൽ സുപ്രധാനമായ ഒരു മാറ്റത്തിന് തുടക്കംകുറിച്ചു. അത്യാഡംബരപൂർവ്വം അത്യന്തം ഗംഭീരമായി ആ ഉത്സവം നടത്തിയത് മാർത്താണ്ഡവർമ്മ മഹാരാജാവായിരുന്നു. അവിടത്തെ വാഞ്ഛാഭരിതമായ ഹൃദയം തന്റെ സ്വാമിയുടെ തൃപ്പാദങ്ങളിൽ അർപ്പിച്ച എണ്ണമറ്റ നേർച്ചദ്രവ്യങ്ങൾ കൊണ്ടും സംതൃപ്തമായിരുന്നില്ല. അതിനു ചെലവാക്കിയ തുക രണ്ടുലക്ഷം രൂപയായിരുന്നു എന്ന് രേഖകൾ പ്രസ്താവിക്കുന്നു.[4]

ലക്ഷദീപം എന്ന വാക്കിന്റെ അർത്ഥം വ്യക്തമാണല്ലോ. അതായത് ഒരുലക്ഷം വിളക്കുകൾ. തന്റെ സമഗ്രമായ സത്തയുടെ ഭക്തിയാകുന്ന ഇന്ധനം കൊണ്ടു നിറച്ച് ഒരുലക്ഷം ദീപങ്ങൾ കൊളുത്തിയ അനിഴം തിരുനാൾ മഹാരാജാവ് ശ്രീപദ്മനാഭനെ ആധ്യാത്മികവും നയനഗോചരവുമായ ഒരു ആർഭാടപ്രകടനത്തിലൂടെ ഉപാസിക്കുകയാണു ചെയ്തത്. ദൈവകാരുണ്യത്താൽ അന്നുമുതൽ ഇന്നുവരെ ഈ ഉത്സവം മുടങ്ങാതെ തുടർന്നുവരുന്നു. ശ്രീചിത്തിര തിരുനാൾ മഹാരാജാവിന്റെ കാലഘട്ടത്തിൽ നടന്ന അവസാനത്തെ ലക്ഷദീപം കൊ.വ. 1165 (ക്രി.വ. 1990)-ൽ ആയിരുന്നു.[5] ഇതിനു മുൻപ് തിരുമനസ്സിലെ കാലത്തുതന്നെ കൊ.വ. 1146/ക്രി.വ. 1971-ൽ നടന്ന ലക്ഷദീപത്തിൽ എണ്ണയുടെ കുതിച്ചുകയറിക്കൊണ്ടിരുന്ന വിലയും ദൗർലഭ്യവും വിളക്കുകൊളുത്താൻ അത് വൻതോതിൽ ഉപയോഗിക്കുന്നതിലുണ്ടായ നിരോധനവും മൂലം പരമ്പരാഗത ദീപങ്ങൾക്കു പകരം ബാഹ്യഭാഗങ്ങളിൽ വൈദ്യുത ദീപങ്ങൾ ഉപയോഗിക്കാൻ അവിടന്നു ഖേദപൂർവ്വം സമ്മതിക്കുകയുണ്ടായി. ഈ മാറ്റം ദേവപ്രശ്നത്തിലൂടെ അനുവാദം ലഭിച്ചതിനു ശേഷമേ നടപ്പാക്കിയുള്ളൂ. അങ്ങനെ ആദ്യമായി വൈദ്യുതി വിളക്കുകളും ലക്ഷദീപത്തിൽ ഉപയോഗിച്ചുതുടങ്ങി. അവസാനത്തെ ലക്ഷദീപം 2020 ജനുവരിയിൽ ആയിരുന്നു. അടുത്ത ലക്ഷദീപം 2026 ജനുവരിയിൽ നടക്കും.

അമിതമായ ആൾത്തിരക്കുമൂലം മൂന്നുദിവസം - തലേന്നും അന്നും പിറ്റേന്നും - ലക്ഷദീപം സംബന്ധിച്ചുള്ള വിളക്കുകളെല്ലാം രാത്രിയിൽ കത്തിക്കുന്നു. വാഹനങ്ങൾക്കും ആളുകൾക്കും മറ്റും റോഡിൽക്കൂടിയുള്ള ഗതാഗതം പ്രയാസമായിത്തീരുകയും ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിലേക്കുള്ള വഴികൾ ജനനിബിഡമാവുകയും ചെയ്യും. ആ ദിവസങ്ങളിൽ എല്ലാ നിരത്തുകളും ഈ ക്ഷേത്രത്തിലേക്കുള്ള വഴികളാണ് എന്ന് പറഞ്ഞാൽ അത് അത്യുക്തിയാവുകയില്ല.

### മുറജപത്തിന്റെയും ലക്ഷദീപത്തിന്റെയും അനുഷ്ഠാനപരമായ വീക്ഷണങ്ങൾ

**മുറജപം സംബന്ധമായ അനുഷ്ഠാനങ്ങൾ**

അംഗീകൃതമായ ആധ്യാത്മിക വീര്യത്തോടുകൂടിയതും അതിവിപുലവും ആയ ഈ ഉത്സവം ആഴ്‌വാഞ്ചേരി തമ്പ്രാക്കൾ, തിരുനാവായ വാധ്യാന്മാർ, തരണനല്ലൂർ തന്ത്രിമാർ എന്നിവരുടെ മേൽനോട്ടത്തിൽ നടത്തുകയായിരുന്നു പതിവ്. ഇപ്പോൾ കുറച്ചുനാളായി ഉത്തരവാദിത്വം തന്ത്രിമാരിൽ മാത്രം നിക്ഷിപ്തമായിരിക്കുകയാണ്. പക്ഷേ അവസാനഘട്ടങ്ങളിൽ വാധ്യാന്മാർ അവരോടൊപ്പം പ്രവർത്തിക്കുന്നു.

മുറജപം തുടങ്ങുന്ന ദിവസം നമ്പൂതിരിപ്പാട് ഗണപതിഹോമം കഴിക്കുന്നു. മൂന്നു മുഖ്യദേവന്മാർക്കും മുഴുക്കാപ്പ്, ഒറ്റത്തുലാപ്പായസം എന്നീ വഴിപാടുകൾ നടത്തുന്നു. വിശേഷാൽ ഉള്ള രാത്രിശീവേലിക്ക് അനന്തവാഹനങ്ങൾ പുറത്തെടുക്കുകയും ശീവേലി പതിവുപോലെ നടത്തുകയും ചെയ്യുന്നു. വലിയതമ്പുരാനും കുടുംബത്തിലെ പുരുഷാംഗങ്ങളും എഴുന്നെള്ളിപ്പിലും തുടർന്നുള്ള മുറശ്ശീവേലികളിലും പങ്കെടുക്കും.

മുറജപത്തിന്റെ അൻപത്തി ആറു ദിവസവും ശ്രീപദ്മനാഭനും ശ്രീനരസിംഹസ്വാമിക്കും ശ്രീകൃഷ്ണനും പ്രത്യേക വിതാനങ്ങളും വഴിപാടുകളും ഉണ്ട്. ഒപ്പം അകത്തെ ശ്രീഹനുമാൻസ്വാമിക്കു കൂടുതലായി അവിൽ നിവേദ്യവും. വർഷംതോറും ക്ഷേത്രത്തിൽ തന്ത്രിമാരാൽ നടത്തപ്പെടുന്ന രണ്ടു കളഭങ്ങളിൽ ആദ്യത്തേത് ധനുമാസാന്ത്യത്തിൽ ആരംഭിക്കുകയും ഏഴു ദിവസം നീണ്ടുനിൽക്കുകയും ചെയ്യുന്നു. ഈ ഏഴു ദിവസത്തിനു പുറമേ ഇതിന്റെ തുടർച്ചയായി പന്ത്രണ്ടു ദിവസങ്ങൾകൂടി കളഭം നടത്താറുണ്ട്. ഇങ്ങനെ മൂർത്തികൾക്കുള്ള കളഭാഭിഷേകം ആകെ പത്തൊൻപതു ദിവസം ഇടതടവില്ലാതെയാണ് നടക്കുന്നത്. ഇതിനു ബൃഹത്തായ ആധ്യാത്മിക ഫലമുണ്ട്. തിരുവമ്പാടിയിൽ ഒരു ദിവസമേ കളഭമുള്ളൂ.

എല്ലാ ദിവസവും വലിയതമ്പുരാനും എല്ലാ കുടുംബാംഗങ്ങളും ആരാധിക്കാനും പ്രഭാത പ്രാർത്ഥനകളും സഹസ്രനാമജപവും ശ്രദ്ധിക്കാനും വേണ്ടി ക്ഷേത്രത്തിൽ എത്താറുണ്ട്.

ഒരു മുറ അവസാനിക്കുന്ന എട്ടാം ദിവസം ഉച്ചയ്ക്ക് കൂടുതലായി ഒരു ഒറ്റത്തുലാപ്പായസം വഴിപാടായി നടത്തുന്നു. രാത്രിയിൽ വാഹനങ്ങളിന്മേൽ ശീവേലിയും ഉണ്ട്. എട്ടാം മുറശ്ശീവേലി ലക്ഷദീപം തന്നെയാണ്. അപ്പോൾ ഒരുലക്ഷം ദീപങ്ങൾ കൊണ്ട് ശ്രീപദ്മനാഭസ്വാമിയെ അലങ്കരിച്ച് ആരാധിക്കുന്നു. മറ്റ് ഏഴു ശീവേലികളും ഉത്സവശ്ശീവേലികളെപ്പോലെയാണ്. പക്ഷേ ലക്ഷദീപത്തിന് ചില പ്രത്യേക സവിശേഷതകളുണ്ട്.

വിവിധ മുറകളിൽ ഉപയോഗിക്കുന്ന വാഹനങ്ങൾ ഇനി പറയും പ്രകാരമാണ്. ഒന്നാം മുറയിൽ അനന്തൻ, രണ്ടിൽ കമലം, മൂന്നിലും അഞ്ചിലും ഇന്ദ്രൻ, നാലിലും ആറിലും പല്ലക്ക്, ഏഴിൽ ഗരുഡൻ എന്നിങ്ങനെ വാഹനങ്ങളിൽ ഘോഷയാത്ര നടത്തുന്നു. ചില വാഹനങ്ങൾ മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ കാലശേഷം നടപ്പാക്കിയവയാണ്. നേരത്തേ ഏറ്റവും കൂടുതലായി ഉപയോഗിച്ചിരുന്നത് പല്ലക്കു വാഹനമാണെന്ന് പറയപ്പെടുന്നു.

തിരുവിതാംകൂർ സംസ്ഥാനം നിലവിലിരുന്നപ്പോൾ ഈ മഹോത്സവത്തിന്റെ ചെലവ് ആ സംസ്ഥാനം തന്നെ വഹിച്ചുപോന്നു. രാഷ്ട്രീയ സംവിധാനത്തിൽ വ്യത്യാസം വന്നപ്പോൾ വൻ ചെലവുള്ള ഈ ഉത്സവത്തിനു വേണ്ട പണം ശ്രീചിത്തിര തിരുനാൾ തിരുമനസ്സുകൊണ്ട് സ്വന്തം സമ്പത്തുകളിൽ നിന്നു ലഭ്യമാക്കി. അതിന്റെ തുടർന്നുള്ള നിർവിഘ്നമായ നടത്തിപ്പിന് അവിടുന്ന് ഒരു ഫണ്ട് സൃഷ്ടിച്ചു.

**ലക്ഷദീപസംബന്ധമായ അനുഷ്ഠാനങ്ങൾ**

മുറജപത്തിന്റെ അവസാനദിവസം നടത്തുന്ന ശീവേലി 'ലക്ഷദീപം' എന്ന് അറിയപ്പെടുന്നു. മകരശ്ശീവേലിയും ആണല്ലോ അത്.

ലക്ഷദീപ ദിവസം രാവിലെ പതിവുപോലെ തൊഴാനായി എഴുന്നള്ളുമ്പോൾ വലിയതമ്പുരാൻ വിലശരപ്പൊളി മാലയും പണവും ഭഗവാന്റെ നടയ്ക്കുവയ്ക്കുന്ന പതിവുണ്ടായിരുന്നു. ഇപ്പോൾ ശരപ്പൊളി മാലയ്ക്കു പകരം കൂടുതൽ പണം വഴിപാടായി അർപ്പിക്കുകയാണു ചെയ്യുന്നത്. അതേദിവസം വൈകുന്നേരം അവിടുന്ന് ആറുമണിക്കു ക്ഷേത്രത്തിലെത്തി പട്ടും പണവും സമർപ്പിച്ച് പതിവുപോലെ മറ്റു പ്രതിഷ്ഠകളെ ആരാധിച്ചശേഷം കൊട്ടാരത്തിലേക്ക് മടങ്ങുന്നു.

രാത്രിയിലെ ശീവേലിക്ക് വളരെ മുൻപുതന്നെ ക്ഷേത്രത്തിനകത്തും പുറത്തും കത്തിക്കുന്ന എല്ലാ സ്ഥിരം വിളക്കുകളും എണ്ണയൊഴിച്ചോ വൈദ്യുതി

കൊണ്ടോ കത്തിക്കുന്നു. ശീവേലിപ്പുരയ്ക്കു വെളിയിലുള്ള ഭാഗങ്ങൾ ഉൾപ്പെടെ ലഭ്യമായ എല്ലാ സ്ഥലങ്ങളിലും താൽക്കാലികമായി സ്ഥാപിക്കുന്ന വിചിത്രമായ വിളക്കുകളും നിലവിളക്കുകളും മുകളിൽ പറഞ്ഞ സമഗ്രമായ പ്രഭാവം ശ്രീ പദ്മനാഭ സ്വാമിയുടെ ദീപ്തി കൈക്കൊള്ളാനും അതിൽ ആഹ്ലാദിക്കാനുമുള്ള ഒരു സമുചിത പശ്ചാത്തലം ഒരുക്കുന്നു.

അക്ഷരാർത്ഥത്തിൽ ലക്ഷം ദീപങ്ങളുള്ള ഈ മഹോത്സവം കാണാൻ സന്ധ്യ കഴിഞ്ഞ് ഏഴര മണിക്കു മുൻപു തന്നെ ഭക്തന്മാർ ക്ഷേത്രവളപ്പുകളിലും ലഭ്യമായ മറ്റു സ്ഥലങ്ങളിലും കഴിയുന്നത്ര തിങ്ങിക്കൂടുന്നു. അനിഷ്ട സംഭവങ്ങൾ ഉണ്ടാകുകയില്ലെന്ന് ഉറപ്പുവരുത്താൻ നിയന്ത്രണങ്ങളും വിപുലമായ സംരക്ഷണങ്ങളും ഏർപ്പെടുത്താറുണ്ട്.

ശീവേലി വൈകിട്ട് കൃത്യം 8.30 ന് ആരംഭിക്കും. നേരത്തേ സൂചിപ്പിച്ചതുപോലെ, ഈ ഘോഷയാത്ര മകരശ്ശീവേലിയുടെ രീതിയിലാണ് മുന്നോട്ടു നീങ്ങുന്നത്. മൂന്നു പ്രദക്ഷിണങ്ങളിലും വലിയതമ്പുരാൻ പങ്കെടുക്കുന്നുണ്ട് എന്നതാണു ഏക വ്യത്യാസം. മൂന്നാമത്തെ പ്രദക്ഷിണം കഴിഞ്ഞാൽ അവിടുന്ന് ധ്വജസ്തംഭത്തിനു മുന്നിൽ നമസ്ക്കരിച്ച് പതിവുപോലെ പ്രസാദം സ്വീകരിച്ചശേഷം മടങ്ങുന്നു (മറ്റെല്ലാ ശീവേലികൾക്കും അവിടന്ന് ഒരു പ്രദക്ഷിണത്തിനു മാത്രമേ വാഹനങ്ങളെ അകമ്പടി സേവിക്കുന്നുള്ളൂ).

ലക്ഷദീപത്തിന്റെ പിറ്റേദിവസം രാവിലെ പതിവായുള്ള ദർശനസമയത്ത് വലിയതമ്പുരാൻ സ്വർണ്ണ ശരപ്പൊളി മാല, സ്വർണ്ണനാണയം, പട്ട് മുതലായവ, രണ്ടു ദേവിമാരും ശ്രീരാഘവപ്പെരുമാളും ഉൾപ്പെടെ, മൂന്നു മുഖ്യ പ്രതിഷ്ഠകൾക്കും സമർപ്പിച്ചുപോന്നു. മാറിയ സാഹചര്യവും സ്വർണ്ണത്തിന്റെ വിലക്കയറ്റവും മൂലം സ്വർണ്ണമാല നടയ്ക്കുവയ്ക്കുന്നതു നിർത്തലാക്കി. പകരം പണം വഴിപാടായി അർപ്പിക്കുന്നു. കൊ.വ. 1153/ക്രി.വ. 1978 മുതൽ ഇങ്ങനെയാണു പതിവ്. ദർശനം കഴിഞ്ഞു മടങ്ങുമ്പോൾ അവിടന്ന് ഒരു കുട്ടിക്കൊമ്പനെ സ്വർണ്ണക്കൊടിമരത്തിനു സമീപം ശ്രീപദ്മനാഭപ്പെരുമാളിനായി സമർപ്പിക്കുന്നു. ഇത് ആന ഉരുവിരുത്തൽ എന്നാണ് അറിയപ്പെടുന്നത്. അത് ഇനി പറയും പ്രകാരമാണ്.

വലിയതമ്പുരാൻ ക്ഷേത്രദർശനത്തിനുശേഷം കൊടിമരത്തിനു സമീപം എത്തുന്നതിനു മുൻപ് നെറ്റിപ്പട്ടം കെട്ടി അലങ്കരിച്ച ആനയെ പടിഞ്ഞാട്ട് അഭിമുഖമാക്കി ആ സ്ഥലത്തു നിർത്തുന്നു. തൊട്ടടുത്ത് ആനക്കാരനും അൽപ്പം അകലെയായി നിയുക്ത ദാസന്മാരും ഒരു ദേശി (പോറ്റി)യും നിൽക്കുന്നുണ്ടായിരിക്കും. ആനക്കാരിൽ നിന്ന് തോട്ടിയും വടിയും ദാസൻ സ്വീകരിച്ച് അവിടെ എത്തുന്ന വലിയതമ്പുരാന് അവ കൈമാറുന്നു. അവിടന്ന് ശ്രീപദ്മനാഭനെ പ്രാർത്ഥിച്ച ശേഷം അവ ദാസനു മടക്കിക്കൊടുത്ത് തിരിച്ചെഴുന്നെള്ളുകയും ചെയ്യുന്നു.

ദേശി ആനപ്പുറത്തു കയറി പ്രദക്ഷിണമായി ശീവേലിപ്പുരയിലൂടെ വടക്കുവശത്തുള്ള ക്ഷേത്രപാല പ്രതിഷ്ഠ വരെ സഞ്ചരിക്കുന്നു. ആന ഈ പ്രതിഷ്ഠ കടന്ന് വടക്കേനടയിലൂടെ നാലമ്പലത്തിൽ പ്രവേശിച്ച് ഒരു പ്രദക്ഷിണം വച്ചശേഷം വടക്കേനട വഴി ചെറുചുറ്റിലേക്കു കടന്ന് ഒറ്റക്കാൽമണ്ഡപത്തിനു സമീപം വന്നുനിൽക്കുന്നു. പെരിയ നമ്പി ആനയുടെ മേൽ തീർത്ഥം തളിക്കുകയും ദേശി മുഖാന്തിരം അതിന് പ്രസാദം കൊടുക്കുകയും പിന്നീട് അദ്ദേഹം അതിനു പേരിടുകയും ചെയ്യും. തുടർന്ന് പാപ്പാൻ ആനയെ വന്നവഴിയെ തന്നെ പുറത്തേക്കു കൊണ്ടുപോകും.

മുറജപത്തിൽ പങ്കെടുക്കുന്നവർക്ക് പിറ്റേദിവസം വിഭവസമൃദ്ധമായ സദ്യ നൽകുന്നു. ഇതോടുകൂടി അതുല്യവും ഉദാത്തവുമായ ഈ ഉത്സവം പരിസമാപ്തിയിലെത്തും.

---

*1. പി. ശങ്കുണ്ണി മേനോൻ – A History of Travancore.*

*2. മതിലകരേഖകൾ – ചുരുണ 78, ഓല 112.*

*3. ശീവേലിപ്പുരയിൽ ഉടനീളം രണ്ടു വരികളിലായി ഇരുന്നു ബ്രാഹ്മണർ (ഇതിൽ എല്ലാ ബ്രാഹ്മണർക്കും പങ്കെടുക്കാമായിരുന്നു) ഉച്ചയ്ക്കു സഹസ്രനാമം ജപിക്കുന്നതു ഗ്രന്ഥകർത്രി ഓർമ്മിക്കുന്നു. മറ്റു ജപങ്ങളിൽ നമ്പൂതിരിമാർക്കു മാത്രമേ പങ്കെടുക്കാൻ അനുവാദം ഉണ്ടായിരുന്നുള്ളൂ.*

*4. നാഗമയ്യാ – The State Manual of Travancore. ഒരു ലക്ഷം വിളക്കുകൾ കൊളുത്തുന്നതിന് ഇരുപതു പറ എണ്ണ വേണ്ടിവന്നതായി അതിൽ പറയുന്നു.*



# "... ഹന്ത! ഭാഗ്യം..."

**പ്രൊഫ. ചന്ദ്രാവലി തമ്പുരാൻ**
തിരുവനന്തപുരം, മൊ. 9947791649

2025 നവംബർ 9 കൊച്ചി രാജവംശ ചരിത്രത്തിൽ സുവർണ്ണ ലിപികളാൽ ആലേഖനം ചെയ്യപ്പെടേണ്ട ദിവസം! അവിടത്തെ വലിയമ്മത്തമ്പുരാന്റെ, മൃണാളിനി തമ്പുരാന്റെ, നൂറാം പിറന്നാൾ കളിക്കോട്ട പാലസ്സിൽ ആഘോഷിക്കപ്പെട്ട സുദിനം! ആ അസുലഭ, അപൂർവ്വ (മുൻപില്ലാത്ത) സന്ദർഭത്തിൽ മനസ്സിൽ വരുന്നത് മേൽപ്പുത്തൂരിന്റെ "... ഹന്ത! ഭാഗ്യം ജനാനാം..." എന്ന വരികളാണ്. ജനാനാം എന്ന നിലയ്ക്ക് വിപുലമായ തോതിലില്ലെങ്കിലും 'ഗോശ്രീ വംശജനാനാം' (സംസ്കൃതത്തിൽ വലിയ പരിജ്ഞാനമില്ല, പദപ്രയോഗം തെറ്റെങ്കിൽ ക്ഷമിക്കുക) എന്ന് നിസ്സംശയം പറയാം. ശതാഭിഷേകം ആഘോഷിക്കുന്നത് ഇന്നത്ര വിരളമല്ല; എന്നാൽ ശതാബ്ദി അങ്ങനെയല്ലല്ലോ. നൂറാം പിറന്നാളിന്റെ മികവിലെത്തിയ ആദ്യത്തെ വലിയമ്മത്തമ്പുരാൻ മൃണാളിനിച്ചേച്ചിയാണ്.



വലിയ തമ്പുരാനായിരുന്ന 'സിക്സർ തമ്പുരാൻ' എന്ന പ്രസിദ്ധനായ 'ലക്ഷ്മിത്തോപ്പി'ലെ കൊച്ചനിയൻ തമ്പുരാനും ഈ ഭാഗ്യം ഉണ്ടായിട്ടുണ്ട്. മരുമക്കത്തായ സമ്പ്രദായം പിന്തുടരുന്ന കൊച്ചി കോവിലകത്ത് വലിയമ്മത്തമ്പുരാനാണ് പ്രഥമ സ്ഥാനം; രാജ്യഭാരം വലിയ തമ്പുരാനായിരുന്ന കാലത്തും. മൃണാളിനിച്ചേച്ചി ഈ നൂറാം വയസ്സിലും ശാരീരികമായും മാനസികമായും ബുദ്ധിപരമായും ഏറെക്കുറെ ആരോഗ്യത്തോടെ ഇരിക്കുന്നു എന്നത് ഇതിന് ഇരട്ടിമധുരം നൽകുന്നു. ഈ സൗഭാഗ്യം സിദ്ധിച്ചതിന് പൂർണ്ണത്രയീശനേയും പഴയന്നൂരമ്മയേയും തിരുവഞ്ചിക്കുളത്തപ്പനേയും മൃണാളിനിച്ചേച്ചിക്ക് ജന്മം നൽകിയ അച്ഛനമ്മമാരടക്കമുള്ള പൂർവ്വികരേയും നമസ്ക്കരിക്കുന്നു.

തീയ്യന്നൂർ നമ്പൂതിരിയുടെയും തൃപ്പൂണിത്തുറ ചന്ദ്രവിലാസം പാലസ്സിൽ കുഞ്ഞിക്കാവു തമ്പുരാന്റെയും പുത്രിയായി പത്മത്തമ്പുരാൻ, ഈശ്വരിത്തമ്പുരാൻ, സുകുമാരൻ തമ്പുരാൻ എന്നിവരുടെ ഇളയ സഹോദരിയായി, 1925 നവംബർ 5 ന് തുലാമാസത്തിൽ തിരുവാതിര നാൾ ജനനം. അന്നത്തെ പതിവനുസരിച്ച് കളിക്കോട്ടയിൽ പ്രവർത്തിച്ചിരുന്ന പാലസ് ഗേൾസ് ഹൈസ്കൂളിൽ പഠനം, മഹാരാജാസ് കോളേജിൽ നിന്നും സാമ്പത്തിക ശാസ്ത്രത്തിൽ ബിരുദം. ബിരുദധാരിണിയായ മൃണാളിനിച്ചേച്ചിക്ക് സ്കൂളിൽ അദ്ധ്യാപകവൃത്തി വാഗ്ദാനം ചെയ്യപ്പെട്ടെങ്കിലും സംഗീതത്തിലുള്ള ആഭിമുഖ്യം കാരണം ആ മേഖലയിലാണ് പഠനം തുടർന്നത്. അതിന്നനുയോജ്യമായ പാരമ്പര്യവും പരിതഃസ്ഥിതിയും (Heridity and Environment) ഉണ്ടായിരുന്നു താനും. കൊച്ചി രാജകുടുംബത്തിലെ നാലാം താവഴിയുടെ 'head' ആയ മങ്കുച്ചിറ്റമ്മയുടെ പിൻമുറക്കാർ സംഗീത വാസനയുള്ളവരാണ് അന്നും ഇന്നും. അവരുടെ കുഞ്ഞുങ്ങൾ ജനിച്ചയുടനെ കരയുന്നതു പോലും നീലാംബരി രാഗത്തിലാണെന്ന് തമാശയായി പറയാറുണ്ട്. മൃണാളിനിച്ചേച്ചിയുടെ അമ്മ കുഞ്ഞിക്കാവേച്ചി പാടാറില്ലെങ്കിലും നല്ല സംഗീതജ്ഞയായിരുന്നു. കേരള സംഗീത-നാടക അക്കാദമിയുടെ പ്രഥമാദ്ധ്യക്ഷ, പ്രശസ്ത സംഗീത വിദുഷി മങ്കുത്തമ്പുരാൻ അവരുടെ ചിറ്റമ്മയാണ്. ആ സംഗീതാന്തരീഷം മൃണാളിനിച്ചേച്ചിയുടെ സംഗീത വാസ

നയെ (talent) പരിപോഷിപ്പിച്ചു. മങ്കുത്തമ്പുരാനിൽ നിന്നും സംഗീതം അഭ്യസിക്കുകയും അവരോടൊപ്പം കച്ചേരികളിൽ പങ്കെടുക്കുകയും ചെയ്തു. മങ്കുത്ത മ്പുരാന്റെ ഗുരുവായ ചെമ്പൈ വൈദ്യനാഥ ഭാഗവ തരുടെ നിർദ്ദേശ പ്രകാരം മദിരാശിയിൽ 'കോളേജ് ഓഫ് കർണ്ണാടിക് മ്യൂസിക്കി'ൽ രണ്ടു വർഷം പഠി ച്ചു. ഭാഗവതരുടെ ഗൃഹത്തിനു സമീപം അമ്മയോടും ചിറ്റമ്മ (മങ്കുത്തമ്പുരാൻ)യോടും ഒപ്പം ഒരു വാടക വീട്ടിലായിരുന്നു താമസം. തദവസരത്തിൽ മുസ്സീരി സുബ്രഹ്മണ്യയ്യർ, ടി. ബൃന്ദ, സ്വാമിനാഥൻ പിള്ള എന്നിവരുടെയും ശിഷ്യത്വം ലഭിച്ചു. കോഴിക്കോട് ആകാശവാണി നിലയത്തിൽ നിന്നും മൃണാളിനിച്ചേ ച്ചിയുടെ സംഗീത പരിപാടി പ്രക്ഷേപണം ചെയ്തി ട്ടുണ്ട്. ഡൽഹിയിൽ ഉദ്യോഗസ്ഥനായിരുന്ന കൊര മ്പൂര് നാരായണൻ നമ്പൂതിരിയുമായുള്ള വിവാഹ ശേഷവും അദ്ദേഹത്തിന്റെ പ്രോത്സാഹനത്തോടെ മൃണാളിനിച്ചേച്ചി സംഗീതോപാസന തുടർന്നു. ഡൽഹിക്കു പുറമേ ബോംബെ, കൽക്കത്ത, ജയ്പൂർ, അജ്മീർ എന്നീ നഗരങ്ങളിലും അവർ പരിപാടികൾ അവതരിപ്പിച്ചു. കർണ്ണാടക സംഗീത വിദുഷികളെ പ്പോലെ വജ്ര മൂക്കുത്തിയിട്ട് പട്ടുസാരിയും ഉടുത്ത് തലമുടിയിൽ മുല്ലപ്പൂവും ചൂടിയാണ് അവർ രംഗത്തു വന്നിരുന്നത്. ഡൽഹിയിലെ മലയാളി സദസ്സുകളിൽ മൃണാളിനിച്ചേച്ചിയുടെ സംഗീതം ഒഴിച്ചുകൂടാൻ വയ്യാ ത്തതായിരുന്നു. സ്വന്തം ഗൃഹത്തിൽ ക്ലാസ്സുകൾ നട ത്തിയും തന്റെ സംഗീത സപര്യ തുടർന്നു. ആ ഗത കാല സംഗീത ജീവിതത്തിന്റെ സാക്ഷിയായി സുന്ദ രിയായ മൃണാളിനിച്ചേച്ചി തംബുരു മീട്ടുന്ന ചിത്രം അവരുടെ സ്വീകരണ മുറിയിൽ ഇന്ന് കാണാം.

നൃത്തത്തിനോടും മൃണാളിനിച്ചേച്ചിക്ക് അദമ്യ മായ ആവേശമായിരുന്നു. ഗുരു ഗോപിനാഥിന്റെ കീഴിൽ നൃത്തം അഭ്യസിച്ചതും പിന്നീട് വേദിയിൽ സ്വന്തം കോവിലകത്തു തന്നെയാണെങ്കിലും പരി പാടി അവതരിപ്പിച്ചതും അന്നത്തെ യാഥാസ്ഥിതി ക-ആഭിജാത്യാഭിമാനികളായ സമൂഹം ഒളിഞ്ഞും തെളിഞ്ഞും നിശിതമായി വിമർശിച്ചെങ്കിലും നൃത്തം കണ്ടപ്പോൾ "ബലേ ഭേഷ്, ബലേ ഭേഷ്" എന്ന് കയ്യടിച്ച് അനുമോദിച്ചു. നൃത്തത്തിനനുയോജ്യമായ ശരീര വടിവും ആകാര സൗഷ്ഠവവും മൃണാളിനി ച്ചേച്ചിയിൽ നിന്നും ഇന്നും തേഞ്ഞുപോയിട്ടില്ല, മാഞ്ഞുപോയിട്ടില്ല.

ഒരു പെൺവഴിത്തമ്പുരാൻ സംഗീതാഭ്യസത്തി നായി മദിരാശിയിലെ വാടകവീട്ടിൽ താമസിച്ചതും നൃത്തം അഭ്യസിച്ച് അവതരിപ്പിച്ചതും അന്നത്തെ പശ്ചാത്തലത്തിൽ പുരോഗമനം മുൻപോട്ടുള്ള കാൽവെപ്പു തന്നെയായിരുന്നു.

കുടുംബക്ഷേമപരമായ പ്രവർത്തനങ്ങളിൽ മൃണാളിനിച്ചേച്ചി അത്യന്തം ഉത്സുകയായിരുന്നു. ഇന്നും തഥൈവ. ഒരു ഉദാഹരണം: നാട്ടുരാജാക്ക ന്മാരുടെ 'പ്രിവി പഴ്സ്' നിർത്തലാക്കപ്പെട്ടപ്പോൾ അത് തുടർന്നും അനുവദിക്കണമെന്ന നിവേദനവു മായി പാലസ് അഡ്മിനിസ്ട്രേഷൻ ബോർഡ് അംഗ ങ്ങൾ ഡൽഹിയിൽ ചെന്നു. അവർക്കു വേണ്ട സൗക ര്യങ്ങൾ വ്യഗ്രതയോടെ ഏർപ്പെടുത്തി ആ സംഘ ത്തോടൊപ്പം പ്രധാനമന്ത്രിയെ സന്ദർശിച്ചു. അധി കാരം ജനങ്ങളിലേക്ക് കൈമാറുവാൻ തയ്യാറായ ആദ്യ നാട്ടുരാജാവ്, നിരുപാധികം കവനന്റിൽ ഒപ്പു വയ്ക്കുവാനുള്ള മനഃസ്ഥിതിയുണ്ടായിരുന്ന തന്റെ പൂർവ്വികനായ കൊച്ചി മഹാരാജാവ് പരീക്ഷിത്തു തമ്പുരാന്റെ മഹത്ത്വം എന്നീ കാര്യങ്ങൾ അവർ ഹിന്ദിയിൽ ഇന്ദിരാഗാന്ധിയോട് വിശദീകരിച്ചു; കൂട്ട ത്തിൽ കുടുംബത്തിന്റെ സാമ്പത്തികനിലയും. ഇന്ദി രാജി വളരെ 'Impressed' ആയി പോലും! ഏതാ യാലും അലവൻസ് പുനഃസ്ഥാപിക്കപ്പെട്ടു.

നൂറാം വയസ്സിലും 'മിടുമിടുക്കി'യായ മൃണാളി നിച്ചേച്ചിയുടെ വ്യക്തിത്ത്വത്തിലേക്ക് ഒന്ന് കണ്ണോ ടിക്കാം.

"ശരീരമാദ്യം ഖലു ധർമ്മസാധനം" – മൃണാളി നിച്ചേച്ചിയുടെ മതം. ചിട്ടയായ കുഴമ്പു തേച്ചുകുളി, നടത്തം ഉൾപ്പെടുന്ന ലഘു വ്യായാമങ്ങൾ, നിരന്തര മായ നാമോപാസന എന്നിവ അവരുടെ ആരോഗ്യ സ്ഥിതിക്ക് തീർച്ചയായും കാരണമാണ്. ഒരു ചെറിയ അസ്വാസ്ഥ്യം അനുഭവപ്പെട്ടാൽ ഉടനെ ഉറ്റ സുഹൃ ത്തായ ഡോ. ലീലയെയോ, ആയുർവ്വേദ ഡോക്ടർ ഇന്ദിരയേയോ സമീപിക്കും. അവരുടെ നിർദ്ദേശങ്ങൾ കടുകിട വ്യത്യാസമില്ലാതെ തന്നെ അനുസരിക്കും. ആരോഗ്യപരിപാലനത്തിൽ അനാസ്ഥ അരുത് എന്ന താണ് അവരുടെ ഒരു സന്ദേശം.

വേഷവിധാനത്തിൽ മൃണാളിനിച്ചേച്ചി ഉയർന്ന നിലവാരം പുലർത്തുന്നു. നല്ല കസവു മുണ്ടുടുത്ത്, വൈരപ്പതക്കവും നവരത്ന പതക്കവും വജ്രക്കമ്മലും ധരിച്ചാണ് അവർ ഇന്നും ജനമദ്ധ്യേ പ്രത്യക്ഷപ്പെടാ റുള്ളത്. "ഓ, വയസ്സായില്ലേ, ഇതൊക്കെ മതി" എന്ന മനോഭാവത്തോടെ എന്തെങ്കിലും വലിച്ചുവാരി ഉടു ക്കുന്ന പെൺവഴിത്തമ്പുരാക്കന്മാരുടെ മനോഭാവ ത്തിനോട് മൃണാളിനിച്ചേച്ചിക്ക് തികച്ചും വിയോജി

പ്പാണ്. നൂറാം വയസ്സിലും ആകർഷണീയമായ അനുയോജ്യമായ വസ്ത്രധാരണം!

മനുഷ്യൻ ഒരു സാമൂഹ്യജീവിയാണ് എന്നാണല്ലോ ശാസ്ത്ര തത്ത്വം. ആ 'മനുഷ്യത്ത്വ' ത്തിലും മൃണാളിനിച്ചേച്ചിക്ക് 'high rank' ആണ്. ഏവരോടും സൗഹാർദ്ദപൂർണ്ണമായ പെരുമാറ്റം. തന്നെ സന്ദർശിക്കുവാൻ വരുന്നവരെ സ്വീകരിക്കുവാനും സൽക്കരിക്കുവാനും അത്യന്തം വ്യഗ്രതയാണ്. ഇന്നും മുത്തച്ഛന്റെ ഇല്ലവും ഭർത്ത്യകുടുംബവുമായി സമ്പർക്കം പുലർത്തുന്നു. ഡൽഹിയിലെ സുഹൃദ് വലയം അവരുടെ മനസ്സിൽ സജീവമാണ്. പ്രായവ്യത്യാസം ഏറെയുണ്ടെങ്കിലും ഞങ്ങൾ മൃണാളിനിച്ചേച്ചിയുടെ 'friends' ആണെന്നാണ് പറയാറ്; അത് അവരുടെ മനസ്സിന്റെ യുവത്വം വെളിപ്പെടുത്തുന്നു. വാർദ്ധക്യത്തിലെ മറവി, വിഷാദം എന്നീ രോഗാവസ്ഥകളെ അകറ്റി നിർത്തുവാൻ ജനസമ്പർക്കം സഹായകരമാണെന്നതിന് മൃണാളിനിച്ചേച്ചി സാക്ഷിയാണെന്ന് പറയാം. ഈ ബഹിർമുഖ മനഃസ്ഥിതി കാരണമായിരിക്കണം കുടുംബത്തിലെ എന്തൊരു കാര്യത്തിലും- വിവാഹം, പിറന്നാൾ, നാമജപം, സപ്താഹം തുടങ്ങിയവയിലെല്ലാം ഈ അടുത്തകാലം വരെ സജീവ പങ്കാളിത്തമായിരുന്നു; ഇന്നും അതിന് ഉത്സാഹം തന്നെയാണ്. സ്വന്തം നിലയ്ക്ക് ഒരു ഭാഗവതസപ്താഹം നടത്തി. അതിൽ ആദ്യവസാനം പങ്കെടുത്തു (ഉറക്കം തൂങ്ങാതെ എന്നത് പ്രത്യേകം പ്രസ്താവ്യം). ഇത്തരം പരിപാടികളിൽ പങ്കെടുക്കുവാനായി മൃണാളിനിച്ചേച്ചിയെ കൂട്ടാൻ പോയാൽ കോവിലകം പൂട്ടി, ചെരിപ്പുമിട്ട് 'റെഡി'യായി കാത്തിരിക്കുന്നുണ്ടാകും. ഒരിക്കൽ പോലും ഒരു നിമിഷം പോലും കാത്തുനിൽക്കേണ്ടി വരാറില്ല! അത്തരം പരിപാടികളിൽ തന്റെ വിഹിതം തരണമെന്നതും നിർബ്ബന്ധമാണ്. ഒന്നും 'ഓസി'നു എടുക്കുവാൻ ഇഷ്ടമില്ല.

വഴിപാടുകൾ നടത്തുന്നത് മൃണാളിനിച്ചേച്ചിക്ക് 'ഹര' മാണ്. പ്രത്യേകം കാര്യസിദ്ധിക്കോ മറ്റേതെങ്കിലും കാരണം കൊണ്ടോ അല്ല. മഹാകവി ജി. പാടിയതുപോലെ "സ്നേഹത്തിൽ നിന്നില്ലല്ലോ മറ്റൊന്നും ലഭിച്ചീടാൻ..." എന്നപോലൊരു മനോഭാവം. സ്വന്തം നിലയ്ക്ക് പോകാൻ പറ്റിയില്ലെങ്കിലും മറ്റുള്ളവർ വഴി നീണ്ട നിര തന്നെയാണ് മൃണാളിനിച്ചേച്ചിയുടെ വഴിപാടുകൾ.

കുടുംബത്തിലെ വടക്കിനിയിലെ തേവാരം, നടുമിറ്റം ദേവസ്വം, ഭർത്ത്യകുടുംബക്കാരുടെ ധന്വന്തരീ ക്ഷേത്രം, പൂർണ്ണത്രയീശന്റെ അമ്പലം, ചോറ്റാനിക്കര ക്ഷേത്രം തുടങ്ങിയവയ്ക്കൊക്കെ ഭീമമായ തുക സംഭാവന നൽകി. സ്വന്തം പിറന്നാൾ ദിവസവും അഷ്ടമിരോഹിണിക്കും ഗുരുവായൂരപ്പന് പായസം നിവേദിക്കാനും കളഭം ചാർത്തുവാനുമായി കീഴ്ശാന്തി മേലേടം കേശവൻ നമ്പൂതിരിയുടെ നിർദ്ദേശ പ്രകാരം ഒരു എൻഡോവ്മെന്റ് ഏർപ്പെടുത്തിയിട്ടുണ്ട്; ഗുരുവായൂർ അമ്പലം ഉള്ളിടത്തോളം കാലം അത് തുടരും. പരദേവതയായ പഴയന്നൂരമ്മയ്ക്ക് തന്ത്രിമുഖ്യൻ വിഷ്ണു പട്ടേരിയുടെ ഉപദേശ പ്രകാരം വെള്ളി ഉരുളി, പൂജാ പ്രാത്രങ്ങൾ (1 വെള്ളി) എന്നിവ സമർപ്പിച്ചു. ഇത്രയേറെ വഴിപാടുകൾ നടത്തുന്ന മറ്റൊരാളെ കാണുമോ എന്ന് സംശയമാണ്. വഴിപാട് ഭഗവാന് കൈക്കൂലി കൊടുക്കുന്നതിന് സമമാണെന്നും മറ്റും വിമർശിക്കുന്നവർ ഒന്നു മനസ്സിലാക്കണം – ധനം സ്വന്തം ആവശ്യത്തിനു മാത്രമായി കെട്ടിപ്പിടിച്ചുവയ്ക്കാതെ പൊതുതാല്പര്യത്തിന് ചെലവാക്കുവാനുള്ള വിശാല മനഃസ്ഥിതിയാണ് അതിൽ പ്രതിഫലിക്കുന്നത്.

മടിയന്റെ മനസ്സ് ചെകുത്താന്റെ പണിപ്പുര എന്നു പറയുമല്ലോ. മറ്റൊന്നും ചിന്തിക്കാതെ എപ്പോളും നാമോപാസനയിൽ മുഴുകിയിരിക്കുന്ന മൃണാളിനിച്ചേച്ചി സദാ പ്രസന്നവദനയാണ്. ഉത്സാഹവതിയാണ്.

മൃണാളിനിച്ചേച്ചിയുടെ വ്യക്തിവൈശിഷ്ട്യത്തിന്റെ ഒരു അപൂർണ്ണ ചിത്രം മാത്രം; സുപ്രധാനമായ ചിലവ മാത്രം പ്രതിപാദിക്കപ്പെട്ടിരിക്കുന്നു.

ധന്യമായി ഇപ്രകാരം ജീവിതം നയിക്കുവാനുള്ള എല്ലാ സൗകര്യങ്ങളും സഹകരണവും നൽകുന്ന സഹോദരീപുത്രരായ പ്രേമചന്ദ്രൻ, ശോഭന എന്നിവരടങ്ങുന്ന കുടുംബാംഗങ്ങളെ എത്ര അഭിനന്ദിച്ചാലും അനുമോദിച്ചാലും അധികമാകില്ല. മൃണാളിനിച്ചേച്ചിയുടെ ശതാബ്ദി ആഘോഷത്തിൽ ശോഭനയുടെ മക്കൾ മഹേഷും പാർവ്വതിയും വഹിച്ച പങ്ക് അവിസ്മരണീയമാണ്. അവരിലൊക്കെ പൂർണ്ണത്രയീശൻ കാരുണ്യവർഷം ചൊരിയട്ടെ എന്ന് സന്തോഷത്തോടെ, സ്നേഹത്തോടെ, കൃതജ്ഞതയോടെ ആശംസിക്കുന്നു.

800-ൽപ്പരം അംഗങ്ങളുള്ള ഒരു വലിയ കുടുംബത്തിന്റെ ഭരണച്ചുമതലയുള്ള പാലസ് അഡ്മിനിസ്ട്രേഷൻ ബോർഡ്, V.T.K. ട്രസ്റ്റ് എന്നിവയുടെ മേലധികാരി എന്ന നിലയ്ക്ക് വലിയ വിവാദങ്ങളും

# സാമൂതിരി പി.കെ. കേരളവർമ്മ

## ആധുനികതയും പൗരാണികതയും സമഞ്ജസമായി സമ്മേളിച്ച യുഗപ്രഭാവനായ സാമൂതിരി

**മാനവ് വർമ്മ പി.കെ.**

കോഴിക്കോട്, മൊ. 8089428434



കോഴിക്കോട് സാമൂതിരിയായി 26-6-2025 ന് പി.കെ. കേരളവർമ്മ അവരോധിക്കപ്പെട്ടു. മാങ്കാവ് പടിഞ്ഞാറെ കോവിലകം, കോട്ടക്കൽ കിഴക്കേ കോവിലകം, തിരുവണ്ണൂർ പുതിയ കോവിലകം എന്നീ ശാഖകൾ ചേർന്ന നെടിയിരുപ്പ് സ്വരൂപത്തിൽ മരുമക്കത്തായ സമ്പ്രദായപ്രകാരമുള്ള മുതിർന്ന പുരുഷ പ്രജയാണ് സാമൂതിരിയായി സ്ഥാനം ഏറ്റെടുക്കുക. കോട്ടക്കൽ കിഴക്കേ കോവിലകാംഗമായിരുന്ന കെ.സി. രാമചന്ദ്രൻ രാജയുടെ വിയോഗത്തിനു ശേഷമാണ് കേരളവർമ്മ സാമൂതിരിയായത്. തിരുവല്ല നെടുമ്പ്രത്ത് കൊട്ടാരം ബാലരാമവർമ്മയുടെയും സാമൂതിരി സ്വരൂപം അമ്പാടി കോവിലകം ശ്രീദേവി തമ്പുരാട്ടിയുടേയും മകനാണ് കേരളവർമ്മ.



കേരളീയ രാജകുടുംബങ്ങളിൽ പൊതുവേ കണ്ടുവരാത്ത സംരഭകത്വ പ്രവണത (entrepreneurship) കൈമുതലായി ഉണ്ടായിരുന്ന സവിശേഷ വ്യക്തിത്വത്തിനുടമയാണദ്ദേഹം. കേരളത്തിന്റെ ഔഷധനിർമ്മാണ രംഗത്തെ ചുരുക്കം ചില ആദ്യകാല സ്ഥാപനങ്ങളിലൊന്നായ 'നാർണ്യാട്ട് ഫാർമസ്യൂട്ടിക്കൽസി'ന്റെ ഉടമയായിരുന്നു. ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി സ്വാതന്ത്ര്യസമര പ്രവർത്തനങ്ങൾക്ക് സ്വന്തം കൈവളയൂരി സമർപ്പിച്ച മാതാവിന്റെ ഇച്ഛാശക്തിയും ധൈഷണിക വീര്യം രക്തത്തിലുറച്ച പിതാവിന്റെ ഗവേഷണ ബുദ്ധിയും സിരകളിലാവാഹിക്കുന്നതിനാലാവാം അചഞ്ചലമായ ആ കർമ്മോത്സുകത അദ്ദേഹം നിലനിർത്തി പോരുന്നത്.

സാമൂതിരി കോളേജിലെ ഇന്റർമീഡിയറ്റ് പഠനത്തിനു ശേഷം ഫാർമസി ബിരുദം അഹമ്മദാബാദിലെ എൽ.എം. ഫാർമസി കോളേജിൽ നിന്നും കരസ്ഥമാക്കുക, തുടർന്ന് ജർമ്മൻ മെഡിസിൻ ഔഷധ നിർമ്മാണ രംഗത്ത് പ്രവർത്തിക്കുക, കോഴിക്കോട് മെഡിക്കൽ കോളേജിൽ ട്യൂട്ടർ ആയി ഉദ്യോഗം ചെയ്യുക. 'നാർണ്യാട്ട് ഫാർമസ്യൂട്ടിക്കൽസി'ന് സ്ഥാപക നേതൃത്വം നൽകുക എന്നിങ്ങനെ ക്ഷത്രിയ കുടുംബാംഗമെന്നതിനുപരി ശരാശരി മലയാളിക്കു പോലും അപ്രാപ്യമായ നിരവധി നേട്ടങ്ങൾ അക്കാലത്തു തന്നെ മുതൽക്കൂട്ടാക്കിയ പ്രഗൽഭമതിയാണ്.

സാമൂതിരി കുടുംബത്തിന് അദ്ദേഹം ചെയ്ത സേവനങ്ങൾ വിവരണാതീതമാണ്. കേരളവർമ്മ

→

---

→

വിമർശനങ്ങളുമായി കുടുംബാന്തരീക്ഷം അശാന്തമാകാതെ കാര്യങ്ങൾ നടത്തുവാൻ കഴിയും എന്നത് ചെറിയ കാര്യമല്ലല്ലോ. അതിന് മുഖ്യ നിദാനം മൃണാളിനിച്ചേച്ചിക്ക് പൂർണ്ണത്രയീശനിലുള്ള അടിച്ചുറച്ച ഭക്തിയും എല്ലാവരോടും ഉള്ള 'Positive attitude' ഉം ആയിരിക്കണം. "...ഹന്ത! ഭാഗ്യം..." എന്ന് നമുക്ക് അഭിമാനിക്കുവാൻ കളമൊരുക്കിയ മൃണാളിനിച്ചേച്ചിക്ക് ആരോഗ്യവും മനഃസമാധനവും നിറഞ്ഞ ജീവിതം നൽകി അനുഗ്രഹിക്കുവാൻ സ്വന്തം നിലയ്ക്കും കുടുംബാംഗങ്ങൾക്കു വേണ്ടിയും പൂർണ്ണത്രയീശനോട് പ്രാർത്ഥിക്കുന്നു. പാഹി! പൂർണ്ണത്രയീശ!

ശ്രീകൃഷ്ണാർപ്പണമസ്തു.

**ക്ഷത്രിയ പ്രതിഭകൾ**

# ഡോക്ടർ കെ.സി.കെ. രാജ
# ധന്യതയാർന്ന സാമൂഹ്യസേവനം

വള്ളുവനാട് രാജവംശത്തിലെ അമ്മു തമ്പുരാട്ടിയുടെയും നീലേശ്വരം രാജവംശത്തിലെ കൃഷ്ണവർമ്മ രാജായുടെയും പുത്രൻ. ആരോഗ്യപ്രശ്നങ്ങളാൽ അസ്വസ്ഥമായ ബാല്യകാലം. നീലേശ്വരം രാജാസ് എൽ.പി. സ്കൂൾ, രാജാസ് ഹൈസ്കൂൾ എന്നിവിടങ്ങളിൽ പഠനത്തിനു ശേഷം ബിരുദ പഠനം വരെ ഗുരുവായൂരപ്പൻ കോളേജിൽ. പഠനത്തോടൊപ്പം കായിക മേഖലയോടും വലിയ അഭിനിവേശം കാണിച്ച കെ. സി. കേരളവർമ്മ രാജ ജൂനിയർ ഫുട്ബോളറായി തിരഞ്ഞെടുക്കപ്പെട്ടു. കോഴിക്കോട് മെഡിക്കൽ കോളേജിൽ എം.ബി.ബി.എസ്. പഠനം ആരംഭിച്ചപ്പോൾ കായിക മേഖലയോടുള്ള ഈ പ്രതിപത്തി നിലനിർത്തി. മൂന്നാം വർഷം മെഡിക്കൽ പഠന വിദ്യാഭ്യാസ കാലഘട്ടത്തിൽ ഹോക്കി കളത്തിലിറങ്ങിയതിന്റെ ഭാഗമായി ഇടതു കാൽമുട്ടിലെ ചിരട്ട നഷ്ടപ്പെടുന്ന സ്ഥിതിവിശേഷം ഉണ്ടായി. മെഡിക്കൽ വിദ്യാഭ്യാസത്തിനു ശേഷം നീലേശ്വരത്ത് വലിയച്ഛൻ പരേതനായ ഡോ. കെ.സി.യു. രാജയുടെ ക്ലിനിക്കിൽ ആതുര സേവനത്തിന് തുടക്കം കുറിച്ചു പിന്നീട് കെ.സി.യു. രാജ മെമ്മോറിയൽ ക്ലിനിക്ക് നിലേശ്വരത്തെ സാധാരണ ജനങ്ങൾക്ക് അത്താണിയായി. വീടുകളിൽ അത്യാസന്ന നിലയിൽ കിടപ്പിലായ രോഗികളുടെ ആരോഗ്യപരിപാലനം ഉറപ്പുവരുത്താൻ ഏതു സമയവും... അന്നും ഇന്നും... കർമ്മനിരതനായി പ്രവർത്തിക്കുന്നു ഡോ. രാജ. നാട്ടുകാർ അവരുടെ സ്വന്തം 'തമ്പുരാൻ ഡോക്ടർ' എന്ന് വിളിക്കുന്നു. ഡോ. കെ.സി.കെ. രാജാ കർമ്മരംഗത്ത് 52 വർഷം പൂർത്തിയാക്കിയ 'തമ്പുരാൻ ഡോക്ടർ' എന്ന പേരിൽ ജനഹൃദയങ്ങളിൽ നിറഞ്ഞു നിൽക്കുകയാണ്. നാടിന്റെ വിവിധ സാമൂഹ്യ സാംസ്കാരിക രംഗങ്ങളിൽ സ്നേഹത്തിന്റെയും അർപ്പണബോധത്തിന്റെയും കുളിർമ്മ പകർന്നുകൊണ്ട് അദ്ദേഹം പ്രവർത്തിക്കുന്നു →



---

→ യുടെ നിരന്തരമായ ഇടപെടൽ ഒന്നുകൊണ്ട് മാത്രമാണ് സാമൂതിരി കുടുംബാംഗങ്ങൾക്ക് പെൻഷൻ അനുവദിക്കാൻ സർക്കാർ തയ്യാറായത് എന്നത് പ്രാതസ്മരണീയമാണ്. അന്യാധീനമായ കോവിലകം സ്വത്തുക്കൾ തിരിച്ചുപിടിക്കുന്നതിലുള്ള പ്രവർത്തനങ്ങളിൽ അദ്ദേഹം പുലർത്തുന്ന ഔത്സുക്യം അത്യന്തം മാതൃകാപരമാണ്.

സാമൂതിരി സ്ഥാനം ഏറ്റെടുത്ത ഉടനെ അദ്ദേഹം ഭരണ നിയന്ത്രണത്തിനായി തിരുവണ്ണൂർ, മാങ്കാവ്, കോട്ടക്കൽ കോവിലകാംഗങ്ങളുടെ ഒരു യോഗം വിളിച്ച് അഞ്ചുസ്ഥാനികളേയും മുതിർന്ന തമ്പുരാട്ടിമാരേയും യോഗം തിരഞ്ഞെടുക്കുന്ന കോവിലകം പ്രതിനിധികളെയും വച്ച് ഒരു ഗവേണിംഗ് കൗൺസിലിന് രൂപം നൽകി വ്യക്തിതാല്പ്പര്യങ്ങൾക്ക് വേണ്ടി മാത്രം അധികാരം ഉപയോഗിക്കുന്ന പൂർവ്വമാതൃകകൾക്ക് കടകവിരുദ്ധമായി സ്വന്തം സ്വരൂപത്തിന്റേയും സമുദായത്തിന്റേയും ഉൽക്കർഷം മാത്രം ലക്ഷ്യമാക്കിയാണ്.

നെടിയിരുപ്പ് സ്വരൂപത്തിന്റെയും വിശിഷ്യാ ക്ഷത്രിയ സമുദായത്തിന്റെയും ഗതകാല പ്രൗഢികൾ വീണ്ടെടുക്കുവാൻ സാമൂതിരി പി.കെ. കേരളവർമ്മയുടെ സാമൂതിരി സ്ഥാനലബ്ധി പ്രചോദനമേകട്ടെ എന്നാശംസിക്കുന്നു. ●

സ്നേഹവും എളിമയും ലാളിത്യവും വിനയവും കൊണ്ട് ഒരു പ്രപഞ്ചത്തെ സൃഷ്ടിക്കുക, ഒരു വാക്കിനാൽ ജന മനസ്സുകളിൽ ജീവിത വൃന്ദാവനം സൃഷ്ടിക്കുക ഇതൊക്കെ എല്ലാവർക്കും സാധിക്കുന്ന കാര്യമല്ല ചിലർക്ക് മാത്രം സാധിക്കുന്നതാണ്. ആ ഗണത്തിൽപ്പെട്ട മഹാനായ ഡോ. കെ.സി.കെ. രാജയുടെ ആതുരസേവനം എന്ന കർമ്മത്തിലൂടെ എല്ലാവരെയും തന്നിലേക്ക് ആകർഷിപ്പിക്കാനും വിലയിപ്പിക്കാനും സാധിക്കുന്നു. ജീവിതത്തിലെ ഇരുട്ട് പകർന്ന വഴികളിൽ സ്നേഹത്തിന്റെയും സാന്ത്വനത്തിന്റെയും ഉയർത്തെഴുന്നേൽപ്പിന്റെയും ആത്മവിശ്വാസത്തിന്റെയും തങ്കത്തേര് അദ്ദേഹം തെളിയിക്കുകയുണ്ടായി. തങ്ങളുടെ രോഗശമന ത്തിനു വേണ്ടി അഭയം തേടിയെത്തുന്നവരുടെ വേദനയുടെ കടൽ കടഞ്ഞ് അമൃതം കടഞ്ഞെടുത്ത് അവർക്ക് രോഗശാന്തിയും മോചനവും നൽകുന്നു.

'ആരുടെ കാലിൽ തറയ്ക്കുന്ന മുള്ളു–
മെന്നാത്മാവിനെ കുത്തി നോവിക്കുന്നു'

പ്രസിദ്ധ കവയിത്രി ബാലമണി അമ്മയുടെ ഈ വരികളിലെ ആശയം ഡോ. കെ.സി.കെ. രാജായുടെ ജീവിതവുമായി നമുക്ക് ബന്ധിപ്പിക്കാവുന്നതാണ്. മനുഷ്യനുണ്ടാകുന്ന ഏതൊരു നൊമ്പരവും ആ മനുഷ്യസ്നേഹിയെ വേദനിപ്പിക്കുന്നു. സാധാരണ ക്കാരുടെ ജീവിതവ്യഥയുടെ ആഴത്തിലുള്ള തിര കളും ചുഴികളും സത്യവും മിഥ്യയും ദു:ഖവും ദുരന്തവും തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്ന വലിയ വ്യക്തിത്വത്തിന്റെ ഉടമയാണ് അദ്ദേഹം. സ്വച്ഛന്ദമായ ആതുര സേവനത്തിന് ഇടയിൽ നീലേശ്വരത്തെയും പരിസര ഗ്രാമങ്ങളിലെയും എണ്ണമറ്റ രോഗികളെ യാണ് അദ്ദേഹം ചികിത്സിച്ചു ഭേദമാക്കിയത്. ഒരു പുരുഷായുസ്സിനുള്ളിൽ ചെയ്തുതീർക്കാൻ കഴിയുന്നതിലധികം കാര്യമാണിത്. ചില യുഗ സന്ധ്യകളിൽ വല്ലപ്പോഴും മാത്രമേ ഇത്തരം മഹാന്മാർ ഉണ്ടാവുകയുള്ളൂ. ഒരു രോഗിയുടെ അഗാധമായ സൂക്ഷ്മ ചലനങ്ങൾ പോലും തൊട്ട റിയാൻ കഴിയുന്ന ഇന്ദ്രിയം അദ്ദേഹത്തിനുണ്ടാ യിരുന്നു. 'ആതുര ശുശ്രൂഷ ഈശ്വര സേവനം' എന്നതാണ് തമ്പുരാൻ ഡോക്ടറുടെ ജീവിത തത്ത്വശാസ്ത്രം. നീലേശ്വരത്തുകാരുടെ ജനകീയ ഡോക്ടറായ 'തമ്പുരാൻ ഡോക്ടർ' ജനഹൃദയങ്ങളിൽ നിറഞ്ഞു നിന്നു. ആതുരസേവനം സേവനമായി കണ്ട നീലേശ്വരത്തിന്റെ സ്വന്തം ഡോക്ടർക്ക് നീലേശ്വരം ജനാവലിയുടെ നേതൃത്വത്തിൽ 2024 മാർച്ച് 1 ന് നീലേശ്വരത്ത് വെച്ച് 'രാജപദം' എന്ന പേരിൽ സ്നേഹാദരം സംഘടിപ്പിച്ചിരുന്നു.

നീലേശ്വരം ജേസീസ് സ്ഥാപകൻ, ജേസീസ് സ്കൂൾ തുടങ്ങുന്നതിന് മുഖ്യകാർമ്മികത്വം വഹിച്ച വ്യക്തി, നീലേശ്വരം റോട്ടറി, ചിന്മയ മിഷൻ തുടങ്ങിയ പ്രസ്ഥാനങ്ങൾക്ക് നീലേശ്വരത്ത് തുടക്കം കുറിച്ച വ്യക്തി കൂടാതെ ദീർഘകാലമായി നീലേശ്വരം ചിന്മയ മിഷന്റെ പ്രസിഡന്റ് സ്ഥാനവും അദ്ദേഹം കൈകാര്യം ചെയ്യുന്നു. നെഹ്റു മെമ്മോറി യൽ എഡ്യുക്കേഷൻ സൊസൈറ്റിയുടെ പ്രസിഡ ന്റായി പ്രവർത്തിക്കുന്നു. ഇതിലെല്ലാം ഉപരി ഏതൊരു രോഗിക്കും ഏത് സമയത്തും കടന്നുചെല്ലു വാനും ചികിത്സ നേടാനും സാധിക്കുമെന്നുള്ള താണ്. തന്റെ കയ്യിൽ പൈസ ഉണ്ടോ ഇല്ലയോ എന്നൊന്നും നോക്കേണ്ട; രോഗികൾക്ക് ഏത് സമയത്തും പകലെന്നോ രാത്രിയെന്നോ ഇല്ലാതെ ആരു വിളിച്ചാലും ചികിത്സ നൽകാൻ ഡോക്ടർ തയ്യാറാണ്. ആശുപത്രിയിൽ വരാൻ കഴിയാത്ത രോഗികളെ ഏത് പാതിരാത്രിയിൽ ആയാലും ഓട്ടോയിലും ഇരുചക്ര വാഹനത്തിലും കാൽനട യായും വീടുകളിലെത്തി ചികിത്സ നടത്താനും ഡോക്ടർ സദാ സന്നദ്ധനാണ്.

ജീവിതത്തിൽ എന്നും മൂല്യവും നൈതികതയും വിശുദ്ധിയും കാത്തുസൂക്ഷിക്കുന്ന 'തമ്പുരാൻ ഡോക്ടറു'ടെ ആതുരസേവനങ്ങൾ കാലപ്രവാഹ ത്തിന് മായ്ക്കാനോ മറയ്ക്കാനോ കഴിയാത്ത ലിഖിതമായി നിലനിൽക്കും. നമ്മുടെ സാമൂഹ്യ ജീവിതത്തിലെ തിളക്കമാർന്ന കണ്ണിയായ ആ വ്യക്തിത്വം ഊതിക്കാച്ചിയ പൊന്നുപോലെ നിർമ്മ ലവും വിശുദ്ധവും ആണ്.

സഹധർമ്മിണി: നീലേശ്വരം തെക്കേ കോവില കത്തു ഉല്പലാക്ഷി തമ്പുരാട്ടി. മക്കൾ ഡോ. വിജയകൃഷ്ണൻ ടി.സി., കൃഷ്ണപ്രഭ ടി.സി.

*തയ്യാറാക്കിയത്:* **വി.സി. കൃഷ്ണവർമ്മ രാജ**
നീലേശ്വരം, മൊ. 9447286263



# തിരുവാതിര

വിനോദ് വർമ്മ
ചെന്നൈ, മൊ. 98400 31531

തിരുവാതിരയീശന്റെ
തിരുനാളെന്നുവിശ്രുതം
ശിവയീനാളിലാണത്രേ
ശിവനോടൊത്തുചേർന്നതും (1)

ആതിരാവ്രതമെമ്മട്ടാ-
ണാചരിക്കേണ്ടതോതിടാം
അച്ഛനൊന്നുണരും മുമ്പേ
അശ്വതിക്കു കുളിക്കണം (2)

ഭർത്താവേറ്റുവരും മുമ്പേ
ഭരണിക്കീവിധത്തിലായ്
കാക്കകൾ കരയും മുമ്പേ
കാർത്തികയ്ക്കുകുളിക്കണം (3)



രോമം കാണായ് വരും മുമ്പേ
രോഹിണിക്കതുപോലവേ
മക്കളിങ്ങുണരും മുമ്പേ
മകീരം നാൾ കുളിക്കണം (4)

തുടിച്ചു പൊയ്കയിൽ സ്നാനം
തിരുവാതിരനാളിലും
ആതിരാവ്രതമീമട്ടായ്
ആചരിക്കേണ്ടതാണുപോൽ (5)

കൈകൊട്ടിക്കളിയൂഞ്ഞാലി-
ലാട്ടം, നൂറ്റൊന്നു വെറ്റില
മുറുക്കാൻ, പാതിരാവോളം
ഉറങ്ങാതെയിരിക്കണം (6)


പാതിരാപ്പൂവു ചൂടേണം
പാതിരാവിൽ കുലാംഗന
എട്ടങ്ങാടി+ പുഴുക്കൊപ്പം
'പറക്കുന്നതു*'മുണ്ണണം (7)

തിരുനാമങ്ങളെപ്പോഴും
ഉരുവിട്ടുവസിക്കണം
തിരുലീലകളുൾത്താരിൽ
നിരുപിക്കണമെപ്പോഴും (8)

വ്രതമിമ്മട്ടിലായ് നോറ്റാൽ
വരുമൈശ്വര്യമേറ്റവും
പുരാരി ഭഗവാൻ പ്രീത്യാ
തരും മാംഗല്യമക്ഷയം (9)

+ *തലേന്ന്.*
* *കൂവ; പക്ഷേ ആ പേരു പറയരുത് എന്നാണല്ലോ*

## തിരുവാഭരണ ഘോഷയാത്ര; ഭസ്മത്തട്ട് സമർപ്പിച്ചു




പന്തളത്തുനിന്നു ശബരിമലയിലേക്ക് പുറപ്പെടുന്ന തിരുവാഭരണ ഘോഷയാത്രയിൽ പന്തളം കൊട്ടാരത്തിലെ രാജകുടുംബാംഗങ്ങൾ ഭക്തർക്ക് ഭസ്മം നൽകാറുണ്ട്. ഇതിനുള്ള പുതിയ ഭസ്മത്തട്ട് നീലേശ്വരം കക്കാട്ട് കോവിലകത്തെ പി.കെ. സുഭാഷും അനുജൻ എ.സി. സന്തോഷ് കുമാറും ചേർന്ന് പന്തളം കൊട്ടാരത്തിന്റെ തിരുവാഭരണ നിധിയിലേക്ക് സമർപ്പിച്ചു. പന്തളം കൊട്ടാരത്തിൽ നിന്നു പുറപ്പെടുന്ന തിരുവാഭരണ ഘോഷയാത്രയെ ഇരുവരും വർഷങ്ങളായി അനുഗമിക്കാറുണ്ട്. പയ്യന്നൂർ കണ്ടോത്തെ കെ. ശശികുമാർ മുണ്ടവളപ്പിലാണ് ഭസ്മത്തട്ട് രൂപകൽപ്പന ചെയ്തത്.

# മലർപ്പൊടിക്കാരന്റെ സ്വപ്നം

## മനശ്ശാസ്ത്രവും ഇതിഹാസ വചനവും മുൻനിർത്തിയുള്ള ലഘുപഠനം

**ഡോ. കെ. കേരള വർമ്മ**
ഇടപ്പള്ളി, മൊ. 9847945241



മലയാളഭാഷയിൽ പ്രചുരപ്രചാരമുള്ളതാണ് 'മലർപ്പൊടിക്കാരന്റെ സ്വപ്നം' എന്ന പ്രയോഗം. ഒരു ദിവാസ്വപ്നത്തെയാണ് ഇത് സൂചിപ്പിക്കുന്നത്. ജീവിതച്ചിലവ് രണ്ടറ്റം മുട്ടിക്കാൻ ഏറെ ക്ലേശിക്കുന്ന ഒരു വ്യക്തിയുടെ ദിവാസ്വപ്നത്തിന്റെ പരിണതഫലത്തെയാണ് ഈ പ്രയോഗത്തിൽ വിവക്ഷിക്കുന്നത്.

ദിവസേന, മലർ ചാക്കിലാക്കി തലയിൽ വച്ച് വിൽക്കാനായി മലർപ്പൊടിക്കാരൻ നടന്ന് പോകും. അങ്ങനെ നടക്കുമ്പോൾ തന്റെ ദുരവസ്ഥയിൽ നിന്ന് കരകയറുന്നതിനെപ്പറ്റിയും ചിന്തിക്കും. ഈ ചിന്തകളിൽ, തന്റെ ശുഷ്കമായ വരുമാനത്തിൽ നിന്നും മിച്ചംപിടിച്ച് പശുവിനെ മേടിച്ച് പാൽ വിൽപ്പന നടത്താമെന്ന ആശയം ഉണ്ടാകുന്നു. പാലിൽ നിന്നുമുള്ള ലാഭം കൂടുതൽ കൂടുതൽ ലാഭകരമായ സംരംഭങ്ങളിൽ മുടക്കി ക്രമേണ ധനികനാകാമെന്ന് ചിന്തിക്കാൻ ആരംഭിക്കുന്നു. തുടർന്ന് സ്വപ്നം കൂടുതൽ വർണ്ണാഭമാകുന്നു. പുതിയ വീടുണ്ടാക്കാമെന്നും പിന്നീടുള്ള സുഖജീവിതത്തെപ്പറ്റിയും ഒക്കെയായി സ്വപ്നം. ഇതിൽ അഭിരമിച്ച് നടക്കുമ്പോൾ ശ്രദ്ധക്കുറവ് മൂലം കല്ലിൽ തട്ടി വീഴുകയും തലയിൽ നിന്ന് ചാക്ക് നിലത്തു വീണ് മലരൊക്കെ നഷ്ടപ്പെടുകയും ചെയ്യുന്നു. യാഥാർത്ഥ്യങ്ങളെ മറന്ന് മനക്കോട്ടകളിൽ അഭിരമിച്ചാൽ ദുഃഖത്തിന് കാരണമാകും എന്നാണ് 'മലർപ്പൊടിക്കാരന്റെ സ്വപ്നം' എന്ന ചൊല്ല് സൂചിപ്പിക്കുന്നത്.

മേൽ പ്രയോഗത്തിന് മാനസികാരോഗ്യവുമായി ബന്ധപ്പെട്ട ഒരു തലം കൂടിയുണ്ടെന്ന് ഈ ചെറുലേഖനത്തിൽ സൂചിപ്പിക്കുന്നു. റെയ്മണ്ട് എഡ്വേർഡ് റുണ്ടെ (Raymond Edward Runde) എന്ന മനശ്ശാസ്ത്രജ്ഞന്റെ Moodiness: Exhilaration and Depression (Madison Psychotherapy Association, Madison, 54pp, 1971) എന്ന പുസ്തകത്തിലെ സിദ്ധാന്തം ആധാരമാക്കിയാണ് ഇക്കാര്യം പ്രതിപാദിക്കുന്നത്. മാനസികാവസ്ഥകൾ, ഹർഷോൻമാദം, വിഷാദരോഗം, മേൽപറഞ്ഞ സിദ്ധാന്തം എന്നിവ ചുരുക്കി സൂചിപ്പിക്കുന്നു, ആപ്തവാക്യമായിക്കരുതുന്ന 'നിഷ്കാമ കർമ്മം' എന്നത് സന്ദർഭം അനുസരിച്ച് ഉപയോഗിക്കേണ്ടതാണ് എന്ന കാര്യവും മുന്നോട്ട് വയ്ക്കുന്നു.

**മാനസികാവസ്ഥകൾ**: ഇന്നെനിക്ക് ഒന്നും ചെയ്യാൻ തോന്നുന്നില്ല അല്ലെങ്കിൽ ഇന്ന് മൂഡ് (mood) ഇല്ല എന്നൊക്കെ ആളുകൾ ചിലപ്പോൾ പറയാറുണ്ട്. കുറച്ച് കഴിയുമ്പോൾ ഈ അവസ്ഥ മാറി, ആവശ്യമായ കാര്യങ്ങളിൽ ഏർപ്പെടുകയും ചെയ്യും. നേരെ മറിച്ച്, ചിലപ്പോൾ കാര്യങ്ങൾ ചെയ്യാൻ അധികരിച്ച ആവേശം തോന്നുന്ന സന്ദർഭമുണ്ടാകും. ആദ്യത്തെ അവസ്ഥയിൽ ശാരീരികശക്തി കുറഞ്ഞതായും രണ്ടാമത്തേതിൽ കൂടിയതായും അനുഭവപ്പെടുന്നു. മാനസികാവസ്ഥയിലെ ഇത്തരം ചെറിയ ചാഞ്ചാട്ടങ്ങൾ ദൈനംദിന ജീവതത്തിൽ പലപ്പോഴും ഉണ്ടാവാറുണ്ട്. ഇത് കൂടാതെ, ജീവിതത്തിലെ യഥാർത്ഥ അനുഭവങ്ങളുമായി ബന്ധപ്പെട്ട അതിയായ സന്തോഷമോ സങ്കടമോ ഉണ്ടാകും. പരീക്ഷയിൽ ഉന്നത വിജയം നേടുമ്പോളത്തെ അതിയായ സന്തോഷവും, ഏറെ അടുപ്പമുള്ള വ്യക്തിയുടെ മരണം ഉളവാക്കുന്ന തീവ്ര ദുഃഖവും ഉദാഹരണങ്ങളാണ്. ഇതുപോലുള്ള മനസ്സിന്റെ ചാഞ്ചാട്ടങ്ങൾ ക്രമേണ സമനിലയിൽ എത്തുന്നവയുമാണ്.

മേൽപറഞ്ഞവ കൂടാതെ, ബൈപോളാർ വൈകല്യം (bipolar disorder) എന്ന മനോരോഗമുള്ളവർക്ക് മനോനിലയിലെ ചാഞ്ചാട്ടങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. അതുപോലെതന്നെ, മനസ്സിന് താങ്ങാൻ പറ്റാത്ത ദുരനുഭവങ്ങൾ (traumatic events), കുട്ടിക്കാലത്തെ തീവ്രമായ തിക്താനുഭവങ്ങൾ

എന്നിവയാലൊക്കെ മാനസിക ചാഞ്ചാട്ടങ്ങളും വിഷാദരോഗവും ഉണ്ടായേക്കാം. തക്കതായ മനോരോഗ ചികിത്സ ആവശ്യമായവയാണിവ.

ഇവയിൽ നിന്നുമൊക്കെ വിഭിന്നമായ കാര്യമാണ് ഇവിടത്തെ വിഷയം. മനക്കോട്ടയിൽ അഭിരമിക്കുന്നതും അതിനെത്തുടർന്നുണ്ടാകുന്ന വിഷാദവും ആണ് താഴെ പ്രതിപാദിക്കുന്നത്. യാഥാർത്ഥ്യവുമായി ബന്ധമില്ലാത്ത സന്തോഷങ്ങളാൽ ഉണ്ടാകുന്ന ഉയർന്ന മാനസികാവസ്ഥയെ ഹർഷോന്മാദം (exhilaration) എന്നും തുടർന്നുണ്ടാകുന്ന താഴ്ന്ന മാനസികാവസ്ഥയെ വിഷാദരോഗമെന്നും (depression) പറയുന്നു. ഹർഷോന്മാദത്തെ തടഞ്ഞില്ലെങ്കിൽ വിഷാദരോഗമാണ് ഫലം എന്നതാണ് മേൽപറഞ്ഞ സിദ്ധാന്തം. അതായത്, ഇത്തരം വിഷാദരോഗത്തിന് ഹർഷോന്മാദവുമായി കാരണബന്ധമുണ്ട് എന്ന് സിദ്ധാന്തിക്കുന്നു. ഏറെ തിരക്കേറിയ ജോലിദിവസങ്ങൾക്ക് ശേഷമുള്ള വിശ്രമകാലത്തെപ്പറ്റിയും അടുത്ത ഉത്സവക്കാലത്തെ ആഘോഷത്തെപ്പറ്റിയും അല്ലെങ്കിൽ നടക്കാനിരിക്കുന്ന നിശാ-പാർട്ടിയിൽ പങ്കെടുത്ത് ആഹ്ളാദിക്കുന്നതിനെക്കുറിച്ചും ഒക്കെ മുൻകൂട്ടിയുള്ള ചിന്തകൾ ചിലപ്പോൾ ദിവാസ്വപ്നത്തിന്റെ തലത്തിലേക്കെത്താം. തൽഫലമായി ഹർഷോന്മാദമുണ്ടാകുന്നു. ഇത് വിഷാദരോഗാവസ്ഥയിലേക്ക് നയിക്കുകയും ചെയ്യും.

വിഷാദരോഗം എത്രമാത്രം തീവ്രമായിരിക്കുമെന്നും എത്രകാലം നീണ്ടുനിൽക്കുമെന്നും മേൽപ്പറഞ്ഞ സിദ്ധാന്തത്തിൽ പരാമർശിക്കുന്നു. മനസ്സിന്റെ സമതുലിതാവസ്ഥയിൽനിന്ന് എത്രയധികം ഉയരത്തിലേക്ക് ഹർഷോന്മാദം എത്തുന്നുവോ, അത്രത്തോളം താഴ്ചയിലേക്ക് വിഷാദരോഗത്താൽ മനോനില താഴുന്നു. അതുപോലെ, ഹർഷോന്മാദം എത്രനാൾ നീണ്ടുനിന്നുവോ, അത്രയും തന്നെ, തുടർന്നുണ്ടാകുന്ന വിഷാദരോഗവും നീണ്ടുനിൽക്കും. ഹർഷോന്മാദം വിഷാദരോഗത്തിലേക്ക് നയിക്കുമെങ്കിലും മറിച്ച് വിഷാദരോഗത്തെ തുടർന്ന് ഹർഷോന്മാദം ഉണ്ടാകില്ല എന്നതും ശ്രദ്ധേയമാണ്. ഭാവിയിൽ നടക്കാനിരിക്കുന്ന കാര്യങ്ങളെപ്പറ്റി ആലോചിച്ചിട്ടാണ് ഹർഷോന്മാദത്തിലെത്താൻ ഇടയുള്ളത് എന്നാണ് ഇവിടെ കണ്ടത്. സന്തോഷകരമായ ആ സംഭവം കഴിഞ്ഞാൽ സന്തോഷം നിലനിൽക്കുമെന്നല്ലേ പ്രതീക്ഷിക്കുക. എന്നാൽ, പെട്ടെന്ന് തന്നെ അപ്രതീക്ഷിതമായി വിഷാദരോഗത്തിലേക്ക് കൂപ്പുകുത്തുക എന്നതാണ് സംഭവിക്കുന്നത്.

**ഹർഷോന്മാദത്തിന്റെ സവിശേഷതകൾ**: ഈ അവസ്ഥയിൽ വ്യക്തി കൂടുതൽ പ്രവർത്തനോന്മുഖനാകുന്നു. ഇതിനാൽ ക്ഷീണിതനാകേണ്ടതാണ്. എന്നാൽ മാനസികമായി ഉത്തേജിതനായിരിക്കുന്നതിനാൽ ക്ഷീണം അറിയുന്നില്ല. തുടർന്ന് മാനസികോല്ലാസം വർദ്ധിക്കുന്നു. തന്റെ ചുറ്റും നടക്കുന്നതും താൻ കേട്ടറിയുന്നതും ഒക്കെ നല്ല കാര്യങ്ങളാണെന്നു തോന്നുന്നു. മറ്റുള്ളവർ തന്നോട് വളരെ നന്നായി മാത്രമാണ് ഇടപെടുന്നത് എന്ന തോന്നൽ ഉണ്ടാകുന്നതിനാൽ മറ്റുള്ളവരോട് ഒരു വിദ്വേഷവും തോന്നാതിരിക്കുന്ന സ്ഥിതിയുണ്ടാകുന്നു. ഈ അവസ്ഥയിൽ തീവ്രമായ ദുഃഖവാർത്തകൾ പോലും മനസ്സിൽ തട്ടുന്നില്ല. ഈ മാനസിക വ്യതിയാനങ്ങൾ ഉണ്ടെങ്കിലും വ്യക്തിയുടെ പെരുമാറ്റത്തിൽ എന്തെങ്കിലും വ്യത്യാസം സ്വയമായോ, മറ്റുള്ളവർക്കോ തോന്നുകയുമില്ല.

ഹർഷോന്മാദം ഏറെ കൂടുമ്പോൾ ഉന്മാദമാണ് (maniac state)ഉണ്ടാകുന്നത്. വല്ലാത്ത സന്തോഷം അനുഭവപ്പെടുന്നതോടൊപ്പം ഏറെ ഉല്ലാസവാനും ധാരാളം ചിരിക്കുന്നയാളുമായി മാറുന്നു. ഈ പെരുമാറ്റവ്യതിയാനങ്ങൾ ഇടപെടുന്നവരിൽ ചിലരെങ്കിലും ശ്രദ്ധിക്കും. അടുത്ത ഘട്ടത്തിൽ മറ്റുള്ളവർക്കും, തനിക്ക് സ്വയമായും പെരുമാറ്റത്തിൽ എന്തോ പന്തികേടുണ്ടെന്ന് തോന്നിത്തുടങ്ങുന്നു.

**വിഷാദരോഗത്തിന്റെ സവിശേഷതകൾ**: ഇതിന്റെ തുടക്കത്തിൽ മനസ്സിൽ വിഷാദാവസ്ഥ (melancholic feeling) ഉണ്ടാകുന്നു. തന്റെ ഊർജം അഥവാ ശക്തി ശോഷിച്ചതായി അനുഭവപ്പെടുന്നു. അതോടൊപ്പം ആരോടും സംസാരിക്കാൻ താൽപര്യം ഇല്ലാതെയാവുന്നു. ഈ സാഹചര്യത്തിൽ ഉദ്യോഗസ്ഥരിൽ ജോലിക്കും, വിദ്യാർഥികളിൽ സ്കൂളിലും പോകാനുള്ള വിമുഖത രൂപപ്പെടുന്നു. വിഷാദരോഗം മൂർഛിക്കുമ്പോൾ ചിരിക്കുന്നത് കുറയുന്നു. പുഞ്ചിരിക്കുന്നതുപോലും ബുദ്ധിമുട്ടുള്ളതായിത്തീരുന്നു. ശക്തി കൂടുതൽ ശോഷിച്ചതായി തോന്നുന്നതിനാൽ എപ്പോഴും കിടക്കുവാനാഗ്രഹിക്കുന്നു. ചുറ്റും നടക്കുന്ന സംഭവങ്ങളിലൊക്കെ ദുഃഖം കണ്ടെ

ത്തുന്നു എന്ന് മാത്രമല്ല, ദുഃഖസംഭവങ്ങൾ അറിയാൻ മനക്കരുത്ത് തോന്നാത്തതിനാൽ അവയോട് മുഖം തിരിക്കുന്നു എന്നും കാണാം. ചിലപ്പോൾ കരയാൻ തോന്നും. വിഷാദരോഗം വർദ്ധിക്കുമ്പോൾ ദുഃഖം കൂടുന്നത് കൊണ്ട് പെട്ടെന്ന് കരച്ചിൽ വന്ന് കണ്ണീരൊഴുകും. ഒറ്റക്കിരിക്കാൻ ഏറെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നതിനാൽ സുഹൃത്തുക്കളുടേയും ബന്ധുക്കളുടേയും കൂടെയിരിക്കാൻ ആഗ്രഹിക്കും. എന്നാൽ കൂട്ടത്തിലെത്തിയാൽ അതിൽ ഭാഗഭാക്കാകാൻ സാധിക്കുകയുമില്ല. മറ്റുള്ളവർക്ക് എങ്ങിനെ സന്തോഷത്തോടെ ജീവിക്കുവാൻ പറ്റുന്നു എന്നത് അത്ഭുതമായി തോന്നും.

രോഗം തീവ്രമാകുമ്പോൾ ദുഃഖം അസഹനീയമാവുന്നു. ഭക്ഷണത്തോടും ലൈംഗിക കാര്യങ്ങളോടും ഒട്ടും താൽപര്യമില്ലാതാകുന്നു. ഉറക്കം തീരെ കുറവായതിനാൽ രാത്രികൾ ഭീതിജനകവും അസഹനീയവുമായി അനുഭവപ്പെടുന്നു. മറ്റുള്ളവർ ഗാഢനിദ്രയിലാവുമ്പോഴും ഉണർന്നിരിക്കുന്നതിനാൽ വേഗം രാവിലെയാവണമെന്ന് ആഗ്രഹിക്കുന്നു. ദുഃഖഭാരത്താൽ പകൽ സമയത്ത് എന്തുകൊണ്ട് രാത്രിയാകുന്നില്ല എന്ന ആധിയാണുണ്ടാകുന്നത്. സമയം നിന്നുപോയ പോലെ തോന്നുന്നു. ദുഃഖചിന്തകൾ തള്ളിവരുന്നത് കൊണ്ട് വളരെയധികം അസ്വസ്ഥതയും (restlessness) അനുഭവപ്പെടുന്നു.

മരിച്ചുപോകുന്നതോടെ ഈ ദുഃഖം ഇല്ലാതാകുമല്ലോ എന്നും അതിനാൽ, മരിച്ചവർ ഭാഗ്യവന്മാരാണ് എന്നുമുള്ള ചിന്ത ഉടലെടുക്കുന്നു. തന്റെ ഭാവി ഇരുളടഞ്ഞതാണെന്നും ഇതിൽനിന്നുമുള്ള മോചനം ആത്മഹത്യ ആണെന്നും ചിന്തിക്കാൻ തുടങ്ങുന്നു, എന്ന് മാത്രമല്ല, ഈ വിചാരം ചിലപ്പോൾ പിന്തുടരുകയും ചെയ്യുന്നു. ഇത് അപകടകരമായിട്ടുള്ള അവസ്ഥയാണ്. എത്രമാത്രം തീവ്രമാകുമ്പോഴാണ് ഈ അവസ്ഥയിലെത്തുന്നത് എന്നത് ഓരോ വ്യക്തിയുടെയും സഹനശക്തിയുടെ തോതിനനുസരിച്ചാണ്. സഹനശക്തി കുറവാണെങ്കിൽ മേൽപറഞ്ഞ ചിന്തകളിലേക്ക് വേഗത്തിലെത്തും.

ഈ അവസ്ഥയിൽ മറ്റുള്ളരിൽ നിന്നും സഹായം കിട്ടിയില്ലെങ്കിൽ ആത്മഹത്യക്ക് ശ്രമിച്ചെന്ന് വരാം. മറ്റ് പല കാരണങ്ങളാലും ആത്മഹത്യ ഉണ്ടാകാമെങ്കിലും മനശ്ശാസ്ത്രജ്ഞരുടെ നിഗമനത്തിൽ ആത്മഹത്യക്ക് ശ്രമിക്കുന്നവരിൽ നല്ലൊരു പങ്ക് വിഷാദരോഗികളാണ്.

**വിഷാദരോഗത്തിലടിപ്പെട്ടാൽ**: വളരെ അടുപ്പവും വിശ്വാസവും ഉള്ളവരോട് തന്റെ അവസ്ഥ പങ്കുവയ്ക്കാൻ ശ്രമിക്കണം. അതിദുസ്സഹമായ ഈ മാനസികാവസ്ഥയിൽ നിന്ന് രക്ഷപ്പെടുമെന്ന ബോദ്ധ്യം വന്നാൽ വളരെ ആശ്വാസം ഉണ്ടാകും. ഹർഷോന്മാദത്തിന്റെ ഫലമാണ് ഈ വിഷാദരോഗമെന്നും അതിന്റെ ദൈർഘ്യത്തോളം സമയം പിന്നിട്ടാൽ രോഗം മാറി സമചിത്തത കൈവരിക്കുമെന്നുമുള്ള അറിവ് പകർന്ന് കിട്ടിയാൽ, താൻ പെട്ടിരിക്കുന്ന ഇരുളടഞ്ഞ കുഴലിനറ്റത്ത് വെളിച്ചമുണ്ടെന്ന ബോദ്ധ്യം ഉണ്ടാകുന്നു. ഇത് വിഷാദരോഗാവസ്ഥ നേരിടാനുള്ള ആത്മവിശ്വാസം ജനിപ്പിക്കുന്നു. ഡോ. റുണ്ടെ, തന്റെയടുത്ത് ചികിൽസയ്ക്ക് വന്ന രോഗികളുമായി ഈ ആശയം പങ്കുവച്ചപ്പോൾ അവർക്ക് ആശ്വാസം ഉണ്ടായതായി രേഖപ്പെടുത്തിയിട്ടുണ്ട്.

ഈ വിഷമാവസ്ഥയിൽ നിന്ന് രക്ഷപ്പെടാൻ മദ്യം, മയക്കുമരുന്ന് തുടങ്ങിയവയെ ആശ്രയിക്കുന്നത് ഒട്ടും ആശ്വാസ്യമല്ല. അവയ്ക്കടിമപ്പെടാനും അത് മൂലമുള്ള ദൂഷ്യങ്ങളുണ്ടാവാനും ഇടവരുത്തും.

വിഷാദരോഗത്തിന് വേണ്ടിവന്നാൽ മനോരോഗഭിഷഗ്വരന്റെ സേവനം തേടണം. അദ്ദേഹത്തിന്റെ ഉപദേശമനുസരിച്ച് മരുന്ന് കഴിക്കാൻ മടിക്കുകയുമരുത്. രോഗതീവ്രത കുറക്കാനും ഉറക്കം ലഭിക്കുന്നതിനും മരുന്നുകൾ സഹായിക്കും. ഇന്നത്തെക്കാലത്ത് അത്തരം ചികിത്സയ്ക്കുള്ള സൗകര്യങ്ങൾ കൂടിയിട്ടുണ്ട് എന്നത് ആശ്വാസകരമാണ്. മറ്റൊന്ന്, ഈ രോഗാവസ്ഥ ഉള്ളപ്പോൾ അടുപ്പമുള്ളവരും ഇടപെടുന്നവരും ഇത് മനസ്സിലാക്കി പെരുമാറാൻ ശ്രമിക്കേണ്ടതാണ്.

**മനസ്സിനെ സമനിലയിൽ നിർത്തൽ**: ഈ വിധത്തിൽ വിഷാദരോഗം ഉണ്ടാകാതിരിക്കാൻ മുൻകരുതലെടുക്കുന്നത് ആവശ്യമാണ്. ചികിൽസയെക്കാൾ അഭികാമ്യം പ്രതിരോധമാണ് എന്നത് ഇവിടെയും അന്വർത്ഥമാണ്. ഹർഷോന്മോദം വിഷാദ രോഗത്തിലേക്ക് നയിക്കും എന്നതിനാൽ, മനസ്സിന്റെ സമചിത്തത നിലനിർത്താൻ ശ്രമിക്കണം. സമനിലയിൽ നിന്ന് ഏറെ ഉയർന്ന നിലയിലേക്ക് പോകാതിരിക്കണം. ഇതിനായി മനോനിലയെ സ്വയം പരിശോധിക്കണം. ഭാവിയിൽ നടക്കാൻ പോകുന്ന കാര്യത്തെപ്പറ്റി ഓർത്ത് യാഥാർത്ഥ്യത്തിൽ കൂടുതൽ സന്തോഷം തോന്നുന്നുണ്ടോ എന്നും

അത്തരം സന്തോഷത്തിൽ അഭിരമിക്കുന്നുണ്ടോ എന്നും വിലയിരുത്തണം. സമനിലയിൽ നിന്നും ഇത്തരം ഉയർച്ചകൾ ഉണ്ടെങ്കിൽ മനസ്സിനെ ബോധപൂർവ്വം സമനിലയിലേക്ക് മടക്കിക്കൊണ്ടുവരുന്നതിന് ശ്രമിക്കണം. വിശ്വസ്തരായ അടുപ്പക്കാരുമായി ഇക്കാര്യം ചർച്ചചെയ്യുന്നതും ഗുണം ചെയ്യും.


**നിഷ്കാമ കർമ്മം**: ഭഗവത്ഗീതയിൽ ശ്രീകൃഷ്ണൻ അർജ്ജുനന് നൽകുന്ന ഉപദേശങ്ങളിൽ, "ഒരോ വ്യക്തിയും തന്റെ ധർമ്മം ചെയ്യുക എന്ന കർമ്മം ചെയ്യുമ്പോൾ ഫലത്തെ കാമിക്കരുത്'' എന്ന് പറയുന്നു. അതായത് ഫലേച്ഛ കൂടാതെ മനുഷ്യനന്മക്കായി പ്രവർത്തിക്കണം എന്നർത്ഥം.

മേൽ വിവരിച്ച മനശ്ശാസ്ത്ര വിശകലനത്തോട് ചേർന്നു നിൽക്കുന്നതാണ് നിഷ്കാമ കർമ്മം എന്ന പ്രയോഗം എന്ന് തോന്നും. ഇത് പ്രാവർത്തികമാക്കുന്നത് മനസ്സിനെ സമതുലിതയിൽ നിർത്താൻ സഹായിക്കും. എന്നാൽ ഇതിന് മറ്റൊരു വശം ഉണ്ടെന്നാണ് ലേഖകന്റെ അഭിപ്രായം. ഈ പ്രയോഗം കൃത്യമായി എല്ലാത്തിലും പാലിച്ചാൽ, ന്യായമായും ലഭിക്കാൻ അർഹതപ്പെട്ട ഫലത്തെ ആഗ്രഹിക്കാൻ പറ്റില്ലെന്ന് വരും. നാം സാധാരണ നല്ലത് ഉദ്ദേശിച്ചാണല്ലോ കാര്യങ്ങൾ ചെയ്യുന്നത്. നല്ല ഫലം കിട്ടുവാനാണ് കൃഷി ചെയ്യുന്നതും, പരീക്ഷകൾക്കും ജോലിക്കും ഒക്കെ തയ്യാറെടുക്കുന്നതും മറ്റും. എന്നാൽ, ഫലത്തെപ്പറ്റിയുള്ള ആഗ്രഹം ഇല്ലെങ്കിൽ തയ്യാറെടുപ്പിൽ ഉപേക്ഷ ഉണ്ടായെന്ന് വരാം. അപ്പോൾ ഫലം മോശമാവുകയും ചെയ്യും. നിഷ്കാമ കർമ്മം എന്ന ആശയം പാലിക്കുന്നത് കൊണ്ട് യഥാർത്ഥത്തിൽ അർഹതപ്പെട്ട ഫലം നേടുന്നതിനായുള്ള കർമ്മം ചെയ്യുന്നതിനെ നിരുത്സാഹപ്പെടുത്തിയേക്കാം. അതിനാൽ, കർമ്മത്തിലേർപ്പെടുമ്പോൾ അർഹതപ്പെട്ട ഫലം ആഗ്രഹിക്കുന്നതിൽ തെറ്റില്ല.

മഹാഭാരതയുദ്ധ ഭൂമിയുടെ മദ്ധ്യത്തിൽവച്ച് തന്റെ ഗുരുക്കന്മാരോടും ബന്ധുക്കളോടുമാണല്ലോ യുദ്ധം ചെയ്യേണ്ടതെന്ന ആലോചനയിൽ ദുഃഖത്തിൽ പെട്ടുപോയ കിരീടിയെ ആത്മവീര്യം വീണ്ടെടുത്ത് യുദ്ധം ചെയ്യാൻ പ്രാപ്തനാക്കാനായി കൊടുത്ത ഉപദേശങ്ങളിലാണ് നിഷ്കാമ കർമ്മം അഥവാ ഫലേച്ഛയില്ലാതെയുള്ള പ്രവർത്തി എന്ന തത്വം ഉള്ളത് (ഭഗവദ്ഗീതയിലെ ശ്ലോകം 2.47).

സ്വാമി ചിന്മയാനന്ദ ഇതേപ്പറ്റി വിശദീകരിക്കുന്നുണ്ട് (The Holy Gita- Commentary by Swami Chinmayananda, published by Central Chinmaya Mission Trust, reprint 2024, pages 132-136). ഈ ശ്ലോകത്തിന്റെ ലളിതമായ അർത്ഥം 'വിജയം കൈവരിക്കുന്നതിന് മനസ്സിൽ ആശങ്കയോ പേടിയോ ഉണ്ടാകരുത്' എന്നതാണെന്ന് പറയുന്നു. നല്ല ഫലം ഉണ്ടാകില്ല എന്ന ആശങ്കയാൽ ശ്രമം ഉപേക്ഷിക്കരുത് എന്നും അദ്ദേഹം ഉത്ബോധിപ്പിക്കുന്നു. ഇവിടെ ശ്രദ്ധിക്കേണ്ടത്, ലഭിക്കാൻ അർഹതപ്പെട്ട ഫലം കാംക്ഷിക്കരുത് എന്ന് പറഞ്ഞുവയ്ക്കുന്നില്ല എന്നതാണ്. മറിച്ച്, കൃഷിക്കാരൻ വിളവ് മോശമാകുമെന്ന പേടിയിൽ കൃഷിയ്ക്കായുള്ള മുന്നൊരുക്കങ്ങൾ ചെയ്യാതിരിക്കരുതെന്നും കാര്യങ്ങൾ ബുദ്ധിപൂർവ്വം ചെയ്താൽ മാത്രമേ ഭാവിയിൽ അതിന്റെ നല്ല ഫലം കിട്ടുകയുള്ളു എന്നും അദ്ദേഹം പറയുന്നു. ഈ വിശദീകരണങ്ങളുടെ വെളിച്ചത്തിൽ, മേൽ വിവരിച്ചത് പോലെയുള്ളവയ്ക്കായുള്ള (ജോലി, പരീക്ഷ, കൃഷി തുടങ്ങിയവയ്ക്ക്) പ്രവർത്തനങ്ങളിൽ നിഷ്കാമ കർമ്മം എന്നത് പ്രസക്തമല്ല എന്നാണ് ലേഖകൻ വിവക്ഷിക്കുന്നത്. അതായത്, ഈ ഉപദേശം കാലാതീതവും സാർവ്വത്രികവുമായ നിയമമായി കരുതാൻ പറ്റില്ല.

**ഉപസംഹാരം:** ഈ ലേഖനത്തിൽ 'മലർപ്പൊടിക്കാരന്റെ സ്വപ്നം' എന്ന ചൊല്ലിന്റെ മനശ്ശാസ്ത്രപരമായ പ്രസക്തി വിലയിരുത്തുന്നു. മനക്കോട്ട കെട്ടി അതിൽ അഭിരമിക്കുന്നത് ഹർഷോന്മാദത്തിലേക്ക് നയിക്കുമെന്നും തത്ഫലമായി വിഷാദരോഗമുണ്ടാകുമെന്നുമുള്ള സിദ്ധാന്തം വിവരിച്ചിട്ടുണ്ട്. ഹർഷോന്മാദത്തിന്റെയും വിഷാദരോഗത്തിന്റെയും സവിശേഷതകളും സൂചിപ്പിച്ചിട്ടുണ്ട്. ലേഖകൻ മനശ്ശാസ്ത്രജ്ഞനല്ലെങ്കിലും വിഷാദരോഗത്തിന്റെ പറഞ്ഞറിയിക്കാൻ പറ്റാത്ത മാനസിക ബുദ്ധിമുട്ടുകൾ അനുഭവിച്ചിട്ടുള്ളതിനാലാണ് മേൽ സിദ്ധാന്തം ആശ്വാസം പകരുന്നതാണെന്ന് സൂചിപ്പിച്ചിരിക്കുന്നത്. ഫലം കാംക്ഷിക്കാതെ കർമ്മം ചെയ്യുക എന്ന് ഭഗവത്ഗീതയിൽ പ്രതിപാദിച്ചിട്ടുള്ളത് സന്ദർഭാനുസരണം മാത്രമേ പ്രയോഗത്തിൽ വരുത്താവൂ എന്നും, അതിനാൽത്തന്നെ സാർവ്വത്രികമായ തത്ത്വമല്ലെന്നും സ്ഥാപിച്ചിട്ടുണ്ട്. ●



# നാരിയും നാഗിയും

## താരാശങ്കർ ബന്ദ്യോപാദ്ധ്യായ (ബാനർജി)

മലയാള പരിഭാഷ: **ഡോ. കെ.സി.എം. രാജ**
ലക്കിടി, മൊ. 9446344799

*(**കഥാകൃത്തിനെക്കുറിച്ച്:-** ക്രിസ്തുവർഷം 1878, ജൂലായ് മാസം 23 ന് ബീർഭൂമി ജില്ലയിലെ ലാഭ്പൂർ ഗ്രാമത്തിലായിരുന്നു താരാശങ്കർ ബാനർജിയുടെ ജനനം. മെട്രിക് പരീക്ഷ കഴിഞ്ഞയുടൻ അദ്ദേഹം രാഷ്ട്രീയത്തിലേക്ക് ഇറങ്ങിത്തിരിച്ചു. ഭാരതത്തിലെ പല പ്രമുഖരുടെയും ഒപ്പം അദ്ദേഹം ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ പങ്കാളിയായി. 1930-നു ശേഷം രാഷ്ട്രീയം ഉപേക്ഷിച്ച് സാഹിത്യപ്രവർത്തനത്തിൽ മുഴുകിത്തുടങ്ങി.*

*ബംഗാളി സാഹിത്യത്തിലെ ചക്രവർത്തിയായിട്ടാണ് താരാശങ്കർ ബാനർജി ഇന്നും ആദരിക്കപ്പെടുന്നത്. 1940 ൽ അദ്ദേഹത്തിന് 'ശരത്സ്മൃതി' പുരസ്ക്കാരം ലഭിച്ചു. 1955-56-ൽ 'ആരോഗ്യ നികേതൻ' എന്ന രചനയ്ക്ക് രവീന്ദ്ര പുരസ്ക്കാരം സമ്മാനിച്ച് സാഹിത്യലോകം താരാശങ്കറിനെ ആദരിച്ചു. ആഫ്രോ എഷ്യൻ സാഹിത്യകാരന്മാരുടെ ഒരു സമ്മേളനത്തിൽ പങ്കുചേരാനായി ക്ഷണിക്കപ്പെട്ട അദ്ദേഹത്തെ 1958-ൽ 'ജഗദാരിണി' സുവർണ്ണ മെഡൽ സമ്മാനിച്ചാണ് കൽക്കത്താ (കൊൽക്കത്ത) സർവ്വകലാശാല ആദരിച്ചത്. 1960-ൽ രാജ്യസഭാ അംഗമായി തിരഞ്ഞെടുക്കപ്പെട്ട അദ്ദേഹത്തിന് 1962-ൽ 'പത്മശ്രീ' പുരസ്ക്കാരവും 1968-ൽ 'പദ്മഭൂഷൺ' പുരസ്ക്കാരവും ലഭിക്കുകയുണ്ടായി. 1967-ൽ ജ്ഞാനപീഠം പുരസ്ക്കാരവും 1969-ൽ രവീന്ദ്രഭാരതി സർവ്വകലാശാല ഡോക്ടറേറ്റും നൽകി ആദരിച്ചു.*

*താരാശങ്കറിന്റെ പ്രധാന രചനകൾ എന്ന് വിശേഷിപ്പിക്കാവുന്നവയിൽ 'ആരോഗ്യനികേതൻ', 'ഗണദേവത', 'പാദചിഹ്നം', 'മന്വന്തരം', 'നീലകണ്ഠൻ', 'സപ്തപദി' എന്നീ കൃതികൾ ഉൾപ്പെടുന്നു.*

*1971 സെപ്തംബർ 14-ന് താരാശങ്കർ ബന്ദ്യോപാദ്ധ്യായ അന്തരിച്ചു. അദ്ദേഹത്തിന്റെ വേർപാട് ഭാരതീയ സാഹിത്യത്തിനു തന്നെ ഒരു തീരാ നഷ്ടമായി ഇന്നും നിലകൊള്ളുന്നു.)*

**ചൂ**ളയിൽ നിന്ന് ഇഷ്ടികകൾ എടുത്തുമാറ്റി അടുക്കിവയ്ക്കുകയായിരുന്നു മുടന്തൻ ഷേക്ക്. അവന്റെ ശരിയായ പേര് എന്താണെന്ന് ആർക്കും അറിഞ്ഞുകൂടാ. ഒരുപക്ഷെ, അവനുപോലും. കുട്ടിക്കാലത്തുതന്നെ അവന്റെ ഇടതുകാലിന് പരുക്കുപറ്റിയതുമുതൽ അവൻ മുടന്തനായിത്തീർന്നു. കാലിനു പുറമെ ചെറുപ്പത്തിലെ എല്ലാ കൊള്ളരുതായ്മകളും കാരണം അവന്റെ മൂക്കിനും ചതവുപറ്റി. അതുകാരണം മൂക്കിന്റെ സ്ഥാനത്ത് ഇപ്പോൾ ബീഭത്സം തോന്നിക്കുന്ന ഒരു വിടവു മാത്രമാണ് ശേഷിക്കുന്നത്. അതിൽ പിന്നീട് അവന് വസൂരി രോഗം പിടിപെട്ടു. അതോടെ ആദ്യമേ ബീഭത്സമായിരുന്ന അവന്റെ മുഖം വസൂരി പാടുകൾ നിറഞ്ഞ് അധികം വികൃതവും ഭയാനകവും ആയിത്തീർന്നു.

വളരെ ശ്രദ്ധിച്ച് ഇഷ്ടികകൾ അടുക്കി വെച്ചുകൊണ്ടിരിക്കുന്ന സമയത്താണ് കുറച്ച് ദൂരത്തുനിന്ന് അദായി ഉൾസ് വഹേദിന്റെ കാളവണ്ടി 'കര... കരാ...' ശബ്ദത്തോടെ സമീപത്തുള്ള ഇടവഴിയിലൂടെ വന്നുകൊണ്ടിരുന്നത്. കാളകളുടെ വാൽ പിടിച്ച് അദായി പാട്ട് ആരംഭിച്ചിരുന്നു. പക്ഷെ പെട്ടെന്ന് പാട്ടിന്റെ ഈണം നിലച്ചു. കാളകൾ മുന്നോട്ടു പോകാൻ വിസമ്മതിച്ച് പെട്ടെന്ന് നിന്നു. അദായി കാളകളുടെ നേരെ കയർത്തു.

"എന്താ പെട്ടെന്ന് നിന്നുകളഞ്ഞത്?"

അദായി ചാട്ടയെടുത്ത് കാളകളെ അടിക്കാനായി കയ്യുയർത്തി.

ചാട്ടവാർ കാളകളുടെ ദേഹത്തു വീഴുന്നതിനു മുൻപുതന്നെ അദായി ഉച്ചത്തിൽ വിളിച്ചുപറഞ്ഞു:

"എടാ, മുടന്താ... പാമ്പ്! ഇതാ... ഇവിടെ!"

വലിപ്പം അധികമില്ലാത്ത ഒരു പാമ്പ് പത്തിവിടർത്തി കാളകളുടെ നേരെ ഇഴഞ്ഞുവരുന്നു. അദായി വണ്ടി നിർത്തി, ഇറങ്ങിനിന്ന് ഒരു വടിയെടുത്ത് പാമ്പിനെ അടിക്കാൻ തയ്യാറായി. മറുഭാഗത്തുനിന്ന് മുടന്തൻ ഞൊണ്ടിഞൊണ്ടി വേഗം വരുന്നുണ്ടായിരുന്നു.

"അദായീ, അതിനെ കൊല്ലേണ്ട! ഞാൻ... എത്തി! അദായീ അതിനെ വെറുതെ വിട്!" മുടന്തൻ പറഞ്ഞുകൊണ്ടേയിരുന്നു.

അദായി തുടർന്നു. "ഹാവൂ! എന്തൊരു പാമ്പ്! മുഖം സിന്ദൂരം പോലെ തുടുത്തിരിക്കുന്നു. പത്തിയുടെ നടുവിലുള്ള ആ ശംഖു കണ്ടോ? എത്ര ഗംഭീരം! അതാ... അത് ഇഴഞ്ഞു പോകുന്നു. വേഗം വാ... അതാ അതു പോയി."

പാമ്പ് ഇഴഞ്ഞ് അദായി നിൽക്കുന്നിടത്തു നിന്ന് മുടന്തൻ നില്ക്കുന്ന ഭാഗത്തേക്ക് നീങ്ങി.

മുടന്തൻ വിളിച്ചുപറഞ്ഞു: "നീ ആ വടി താഴെയിട്!"

അദായി വടി താഴെയിട്ടു.

മുടന്തൻ തുടർന്നു: "അതാ... അത് ചൂളയുടെ അടുത്തേക്കാണ് ഇഴഞ്ഞുപോയത്! അധികം കാണാത്ത ഒരു ഇനമാണ്. കയ്യിൽ കിട്ടിയിരുന്നെങ്കിൽ കുറച്ചു കാശിന് വകയായേനെ."

മുടന്തൻ ഒരു പാമ്പാട്ടികൂടി ആയിരുന്നു. ചിലപ്പോഴൊക്കെ അവൻ പാമ്പുകളെ പിടിച്ച് വട്ടിയിലാക്കി അടച്ചുവെച്ച് സൂക്ഷിക്കും. അവ വളരുന്നുണ്ടെങ്കിൽ അവയെ പുറത്തുകൊണ്ടു വിടും. അവയിൽ ചിലത് ചത്തുപോകാറുമുണ്ട്.

കയ്യിൽ പാമ്പുള്ള സമയമാണെങ്കിൽ മുടന്തൻ മറ്റു ജോലികൾക്കൊന്നും പോകാറില്ല. രാവിലെത്തന്നെ വട്ടികളുമെടുത്ത് അവൻ വീട്ടിൽ നിന്ന് ഇറങ്ങും. പാമ്പുകളിയ്ക്കലാണ് ആ ദിവസങ്ങളിലെ അവന്റെ പ്രധാന വരുമാനവും ഉപജീവന മാർഗ്ഗവും. മോശമില്ലാത്ത കാശു കിട്ടുകയും ചെയ്യും. പക്ഷെ, കിട്ടുന്നത് അത്രയും കള്ളിനും കഞ്ചാവിനുമായി അവൻ ചിലവാക്കും എന്നുമാത്രം. പാമ്പുകളൊന്നും കൈവശമില്ലാത്ത ദിവസങ്ങളാണെങ്കിൽ മാത്രം അവൻ വീടുകളിൽ ചെന്ന് ഒന്നു ചിരിച്ച് കൂലിപ്പണി വല്ലതുമുണ്ടോയെന്ന് അന്വേഷിക്കും. സന്തോഷം തോന്നുമ്പോൾ മുഖത്ത് തെളിഞ്ഞുവരുന്ന ചിരി കാരണം അവന്റെ മുഖം അധികം വികൃതവും ബീഭത്സവുമായി മാറും.

ഒരു പണി ലഭിച്ചാൽ ഇടംവലം നോക്കാതെ അവൻ ജോലിയിൽ വ്യാപൃതനാവും. അതാണ് അവന്റെ പ്രകൃതം. ഏല്പിച്ച ജോലി ചെയ്തു തീർക്കാതെ അവൻ സ്ഥലംവിടില്ല. ഒരു സാധനം പോലും അവിടെ നിന്ന് മോഷ്ടിക്കില്ല. ജോലിയൊന്നും തരപ്പെടാത്ത ദിവസങ്ങളിൽ ഒരു വട്ടിയും തൂക്കി അവൻ യാചിക്കാനിറങ്ങും. അങ്ങനെ കിട്ടുന്ന കാശും അവൻ കള്ളിനും ബാക്കിവരുന്നത് കഞ്ചാവിനുമായി ചിലവാക്കും. കുടിച്ചു വീട്ടിലെത്തിയാൽ ഉടൻ മുടന്തൻ ജുബേദയുടെ കാൽക്കൽ വീണ് കരഞ്ഞുകൊണ്ട് പറയും:

"എന്റെ കൂടെ പൊറുത്ത് നിന്റെ ശനിദശ തീരലുണ്ടാവില്ല. ഞാൻ നിന്നെ പട്ടിണിക്കിട്ട് കൊല്ലുകയാണ്..." എന്നൊക്കെ.

ജുബേദയ്ക്ക് ഇതു കേൾക്കുമ്പോൾ ചിലപ്പോഴെല്ലാം ചിരി വരാറുണ്ട്. ഒടുവിൽ അവൾ ഭർത്താവിനെ സമാധാനിപ്പിക്കും.

"ശരി... ശരി... ഈ ഭ്രാന്തുപറച്ചിൽ നിർത്തി, എന്നെയൊന്നു വെറുതെ വിട്. ഞാൻ ഒരുപിടി അരി കിട്ടുമോയെന്ന് നോക്കട്ടെ!"

അതുകൊണ്ടൊന്നും മുടന്തൻ കരച്ചിൽ നിർത്തുകയില്ല. അവൻ ഭാര്യയെ വീണ്ടും കെട്ടിപ്പുണരും.

"നിനക്കു നല്ലൊരു തുണി വാങ്ങിക്കാൻ പോലും എനിക്ക് കഴിഞ്ഞിട്ടില്ല. ഈ പഴന്തുണി ഉടുത്ത് നിന്റെ ജീവിതം ഇത്രത്തോളമായി."

ഭർത്താവ് ഈ പറയുന്നതിലൊന്നും വലിയ കാര്യമില്ലെന്ന് അവൾക്കറിയാം.

പിറ്റേന്നു രാവിലെ മുടന്തൻ വീണ്ടും ചൂളയിലെത്തി. ഒരു വടിയും കുടയും കയ്യിൽ കരുതിയിരുന്നു. ഉദയസൂര്യന്റെ അരുണിമ പരന്നുതുടങ്ങിയിരുന്നതേയുള്ളൂ. വൃക്ഷങ്ങളിൽ മറഞ്ഞിരുന്ന് പക്ഷികൾ "കല...പില" ശബ്ദം പുറപ്പെടുവിച്ചു തുടങ്ങി. ഗ്രാമത്തിലെ ഏതോ ഒരു ക്ഷേത്രത്തിൽ നിന്ന് ശംഖിന്റെയും പൂജാമണിയുടെയും ശബ്ദമുയർന്നു.

അല്പം ദൂരെയുള്ള ഒരു തറയിൽ കയറിയിരുന്ന് മുടന്തൻ ചുറ്റുപാടും സംശയത്തോടെ നോക്കിക്കൊണ്ടിരുന്നു. കിഴക്ക് ചുവപ്പു പരന്നൊഴുകി. ആ ഒരു

ചുവപ്പിൽ ചൂളയിൽ അടുക്കിയിരുന്ന ഇഷ്ടികകൾക്ക് അധികമൊരു രക്തച്ഛവി കൈവന്നു. മുടന്തന്റെ ചെളി പുരണ്ട തുണിപോലും ചുവപ്പുകലർന്ന നിറമായി ത്തീർന്നു.

അല്പം ദൂരെയായി തലേന്നു കണ്ട അതേ പാമ്പ് ഉദയസൂര്യനെ നോക്കി പത്തിവിടർത്തി അടുത്തു. പ്രഭാത സൂര്യന്റെ രശ്മികളേറ്റ് പാമ്പിന്റെ നിറവും അല്പം ശോണിമ കലർന്നതായി മാറി. ആ ഒരു ശോണിമയിൽ പാമ്പിന്റെ പത്തിയിലുള്ള ശംഖിന്റെ രൂപത്തിലുള്ള കറുത്ത വൃത്തങ്ങൾക്ക് അധികമാ യൊരു തിളക്കം കൈവന്നു. തത്തിരി പക്ഷികളുടെ വിരിഞ്ഞ ചിറകുകളിൽ പ്രത്യക്ഷപ്പെടുന്ന കറുത്ത വരകൾ പോലെ അവ ദൃശ്യമനോഹരമായിത്തീർന്നു. ആ കാഴ്ച കണ്ടുനിന്ന മുടന്തന്റെ മനസ്സ് ഏറെ സന്തു ഷ്ടമായി. ശബ്ദമുണ്ടാക്കാതെ അവൻ സർപ്പത്തിന്റെ സമീപമെത്തി. ഉദയസൂര്യനെ സ്തുതിക്കുന്നതിൽ മുഴുകിയിരുന്ന ആ സർപ്പം മുടന്തൻ അടുത്തെത്തി യപ്പോൾ പെട്ടെന്ന് തിരിഞ്ഞ് അവനെ കൊത്താ നായി മുന്നോട്ടാഞ്ഞു.

മുടന്തൻ കയ്യിലിരുന്ന വടികൊണ്ട് പാമ്പിന്റെ പത്തി അമർത്തി വാൽ പിടിച്ച് ഒന്നുരണ്ടു തവണ സസൂക്ഷ്മം നിരീക്ഷിച്ചു.

“ഹോ! പെണ്ണാണ്!”

ആറു മാസം കഴിഞ്ഞു.

ഒരു ദിവസം കഞ്ചാവും വാങ്ങിച്ച് മുടന്തൻ വീട്ടിൽ തിരിച്ചെത്തി, ജുബേദയെ വിളിച്ച് പറഞ്ഞു.

“ദേ, നോക്ക്! ഞാൻ എന്താണ് കൊണ്ടുവന്നിരി ക്കുന്നതെന്ന്...”

ജുബേദ അടുക്കളയിലായിരുന്നു; അതുകൊണ്ട് പുറ ത്തുവരാതെ അവൾ മുറിയിൽ നിന്നുതന്നെ വിളിച്ചു.

“എന്താണ്?”

മുടന്തൻ മുണ്ടിന്റെ കോൺതലയഴിച്ച് തിളങ്ങുന്ന ആ സാധനം അവൾക്ക് കാണിച്ചുകൊടുത്തു. ഒരു മൂക്കുകുത്തി!

ജുബേദ അതുകണ്ട് ചോദിച്ചു. “ഇത്ര ചെറി യൊരു മുക്കുകുത്തി എന്തിനാ?”

“നിന്റെ മൂക്കിൽ ഇടാൻ!”

ജുബേദ ലജ്ജിച്ച് ഒന്നും മിണ്ടാതെ നിന്നു.

മുടന്തൻ ചിരിച്ചുകൊണ്ട് വീട്ടിനുള്ളിൽ പോയി. കുറച്ചുകഴിഞ്ഞ് ഒരു പാമ്പിനെ കഴുത്തിൽ ചുറ്റി പുറ ത്തേക്ക് വന്നു. അതേ പെൺപാമ്പ്! സ്വല്പം വലു തായിട്ടുണ്ട് എന്നുമാത്രം. പക്ഷെ പഴയ ശൗര്യ മൊക്കെ അതിനു നഷ്ടപ്പെട്ടപോലെ. വളരെ സാവ ധാനം അത് മുടന്തന്റെ ചുമലിൽ നിന്ന് ഇഴഞ്ഞുനീ ങ്ങി. അതുകണ്ട് ഒട്ടും രസിക്കാത്ത മട്ടിൽ ജുബേദ ശാസിച്ചു.

“ദാ... ഈ മാതിരി തമാശകളൊന്നും വേണ്ട! അത് എപ്പോൾ എന്തുചെയ്യും എന്നൊന്നും പറയുക വയ്യ.”

“ഇവറ്റകളുടെ വിഷപ്പല്ലിനെയാണ് വിശ്വസിക്കാൻ ഒക്കാത്തത്. നിനക്ക് അറിയാഞ്ഞിട്ടാണ്. ഇവറ്റയ്ക്ക് സ്നേഹിക്കാൻ അറിയാം. വിഷപ്പല്ലുണ്ടെങ്കിലും ഇതു കടിക്കുന്നുണ്ടോ എന്നു നോക്ക്! എത്ര സ്നേഹ ത്തോടെയാണ് ഇതു ചുമലിൽ ഇഴയുന്നത്.” ഇതും പറഞ്ഞ് മുടന്തൻ പാമ്പിന്റെ വായ കൂട്ടിപ്പിടിച്ച് അതിനെ ചുംബിച്ചു.

ഇതൊന്നും കണ്ട് ജുബേദയ്ക്ക് ആശ്ചര്യം തോന്നിയില്ല. കാരണം, ആദ്യമായിട്ടല്ല ഭർത്താവ് ഇങ്ങനെയൊക്കെ പെരുമാറുന്നത്. എങ്കിലും അനിഷ്ടം ഭാവിച്ച് ജുബേദ പറഞ്ഞു:

“ഛി! എന്തൊക്കെയാണ് കാട്ടിക്കൂട്ടുന്നത്? നിങ്ങൾക്ക് ഒരു അറപ്പും തോന്നുന്നില്ലേ? ഇങ്ങനെ യൊന്നും ചെയ്യരുതെന്ന് പറഞ്ഞ് ഞാൻ എത്ര തവണ വിലക്കിയിട്ടുണ്ട്.”

ഭാര്യ പറയുന്നതൊന്നും മുടന്തൻ ശ്രദ്ധിക്കുകയേ ചെയ്തില്ല.

“നോക്ക്! ഇത് എന്നെ കെട്ടിപ്പുണരുന്നത്! നീ എന്നെങ്കിലും ഇതു കണ്ടിട്ടുണ്ടോ? എന്തൊരു ഭംഗി യാണ്...”

ജുബേദ: “ഇതെല്ലാം കണ്ടിട്ട്, ഞാൻ എന്തുചെ യ്യാൻ? നിങ്ങൾ കണ്ടിട്ടുണ്ടായിരിക്കും. അല്ലാതെ, നിങ്ങൾക്കു വേറെയെന്താ ഒരു പണി? നോക്കി ക്കൊള്ളൂ, ഒരു ദിവസം ഇത് നിങ്ങളുടെ ഈയൊരു കളി നിർത്തും.”

ജുബേദ ഇതെല്ലാം പറഞ്ഞുകൊണ്ടിരുന്നപ്പോൾ മുടന്തൻ ഒരു സൂചിയെടുത്ത് തന്റെ പുതിയ ‘ബീവി’ യെ മൂക്കുകുത്തി അണിയിക്കാൻ ഒരുങ്ങുകയായി രുന്നു. പാമ്പിന്റെ വാൽ കാൽവിരൽ കൊണ്ട് അമർത്തിപ്പിടിച്ച്, ഇടതു കൈകൊണ്ട് അതിന്റെ വായ കൂട്ടിപ്പിടിച്ച്, വലതു കൈകൊണ്ട് സൂചിയെടുത്ത് തുളച്ച് മൂക്കുകുത്തിയിട്ട് പാമ്പിനെ വിട്ടു. വേദന

സഹിക്കാൻ വയ്യാതെ പാമ്പ് മുടന്തന്റെ നേരെ ചീറ്റിയടുത്തു. അപ്പോഴെല്ലാം മുടന്തൻ പാമ്പിനെ സൂക്ഷിക്കുന്ന വടിയെടുത്ത് ഒരു പരിചപോലെ പിടിച്ച് ആക്രമണം ചെറുത്തുനിന്നു.

"ബീവീ ദേഷ്യപ്പെടല്ലേ! നോക്ക്, ഇപ്പോൾ നീയെത്ര സുന്ദരിയായി! ജുബേദാ, നീ പോയി ഒരു കണ്ണാടിയെടുത്തുകൊണ്ട് വാ. സ്വന്തം മുഖം കാണുമ്പോൾ ഇവൾ എന്തു ചെയ്യുമെന്ന് നോക്കാം."

ഭർത്താവിന്റെ അനുനയപൂർവ്വമുള്ള ആ വാക്കുകൾ കേട്ട് ജുബേദ കണ്ണാടിയെടുക്കാനായി പോയി. മുടന്തൻ വീണ്ടും വിളിച്ചുപറഞ്ഞു: "കുറച്ച് സിന്ദൂരം കൂടിയെടുത്തോ!"

ജുബേദ: "ഇതൊക്കെ എന്തിനാ?"

"നീ നോക്കിക്കോ! ആദ്യം തന്നെ എല്ലാം പറഞ്ഞുതന്നാൽ അതിന്റെ രസം മുഴുവൻ പോകും." മുടന്തൻ പ്രതികരിച്ചു.

ജുബേദ കണ്ണാടിയും സിന്ദൂരവുമായി വന്ന് രണ്ടും ഭർത്താവിന്റെ കയ്യിൽക്കൊടുത്ത് മാറിനിന്നു. മുടന്തൻ വളരെ കൗശലത്തോടെ 'ബീവി'യെ പിടിച്ച് അതിന്റെ മുഖത്ത് ഒരു സിന്ദൂര പൊട്ടുതൊട്ടു. പിന്നെ അതിനെ മെല്ലെയൊന്ന് തട്ടിക്കൊണ്ട് ജുബേദയോട് പറഞ്ഞു: "ഇന്നുമുതൽ ഇവൾ നിന്റെ സപത്നി!".

മുടന്തൻ 'ബീവി'യോടായി പറഞ്ഞു: "ഇപ്പോൾ നീ എന്തു സുന്ദരിയെന്ന് നോക്ക്!"

ഇതു പറഞ്ഞ മുടന്തൻ കണ്ണാടിയെടുത്ത് പാമ്പിന്റെ മുന്നിൽ പിടിച്ചു. അതിനുശേഷം ധോലക്ക് എടുത്ത് കൊട്ടിപ്പാടിത്തുടങ്ങി.

"ഞാൻ ഓർത്തതില്ലെൻ കണ്ണാ
ഗോകുലംവിട്ടു നീ
മഥുരയിൽ പോകുമെ-
ന്നോർത്തതില്ല..."

കുറച്ചു മാസങ്ങൾ പിന്നിട്ടു. ആകാശം കാർമേഘാവൃതമായ ഒരു വർഷക്കാല ദിവസം. മുടന്തൻ പുറത്ത് എവിടെയോ പോയതായിരുന്നു. മഴ തകർത്ത് പെയ്തുകൊണ്ടിരിക്കുന്നു. അതുകാരണം മുടന്തൻ ഇതുവരെ വീട്ടിൽ തിരിച്ചെത്തിയില്ല. വീട്ടിനുള്ളിൽ ഒരു പ്രത്യേക മണം തങ്ങിനില്ക്കുന്നതായി ജുബേദയ്ക്ക് അനുഭവപ്പെട്ടു. മുറി മുഴുവൻ നോക്കിയിട്ടും അതിന്റെ ഉറവിടം അവൾക്കു പിടികിട്ടിയില്ല.

രണ്ടു ദിവസങ്ങൾക്കു ശേഷമാണ് മുടന്തൻ വീട്ടിൽ തിരിച്ചെത്തിയത്. മഴയേയും വരുണദേവനെയും ആവുന്ന രീതിയിൽ തെറി വിളിച്ചുകൊണ്ടാണ് അവൻ വീട്ടിൽ വന്നുകയറിയതുതന്നെ. മുറിയിൽ വന്ന് ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുമ്പോഴാണ് മുടന്തൻ തിരക്കിയത്, "ജുബേദ, എന്താ ഇവിടെയൊരു പ്രത്യേക മണം? ഇവിടെ..."

എന്താണെന്നറിയാൻ വേണ്ടി മുടന്തൻ നീട്ടി ശ്വാസം വലിച്ചുതുടങ്ങി. അവൻ 'ബീവി'യുടെ വട്ടിയുടെ സമീപം ചെന്നു നിന്നു. അവന്റെ കാലടി ശബ്ദം കേട്ട് വട്ടിയുടെ ഉള്ളിൽ നിന്ന് ഒരു ചീറ്റലോടെ 'ബീവി' തലപൊക്കി.

ഉടൻ മുടന്തൻ പറഞ്ഞു: "ഇപ്പോൾ കാര്യം പിടികിട്ടി".

ജുബേദ ഔത്സുക്യത്തോടെ ചോദിച്ചു: "എന്താണ്?"

മുടന്തൻ: "ഈ മണം 'ബീവി'യുടെ ദേഹത്തിൽ നിന്നാണ്. പെണ്ണല്ലേ! അതിന് ഇണ ചേരാനുള്ള സമയമായി. ഈ മണംപിടിച്ച് ആൺപാമ്പ് വന്നെത്തിക്കൊള്ളും"

ജുബേദ ഇതെല്ലാം അത്ഭുതത്തോടെയാണ് കേട്ടുനിന്നത്.

അവൾ പ്രതികരിച്ചു. "ആർക്കറിയാം? ഇതൊക്കെ നിങ്ങൾക്കേ അറിയൂ. എന്തായാലും ഇപ്പോൾ വന്ന് ഭക്ഷണം കഴിക്ക്!"

ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുമ്പോൾ മുടന്തൻ: "ഈ സമയത്ത് അവളെ പുറത്തുവിടണം. വട്ടിയിലിട്ടു സൂക്ഷിക്കുന്നത് ശരിയല്ല."

ഇതു പറഞ്ഞ് മുടന്തൻ നെടുതായൊന്നു നിശ്വസിച്ചു. മുടന്തൻ പറഞ്ഞതിനോട് ജുബേദയും യോജിച്ചു.

"എനിക്ക് അതിനെ ഒരു ശത്രുവായി കാണുവാനേ കഴിയുന്നില്ല. എത്ര പാമ്പുകൾ ചത്ത് നഷ്ടമായി. പക്ഷെ, ഇത് ഇന്നുവരെ ചാവാതെ നിന്നു!"

ആഹാരം കഴിച്ചശേഷം മുടന്തൻ 'ബീവി'യുടെ വട്ടിയും എടുത്ത് പുറത്തേക്ക് പോയി. അവൻ പാമ്പിന്റെ വായ കൂട്ടിപ്പിടിച്ച് അതിനെ പുറത്തേക്കെടുത്ത് സ്നേഹം പ്രകടിപ്പിച്ച് പലതും പറഞ്ഞു.

"അതാ! കുറച്ചുദിവസമായി അതിന്റെ പല്ലുപറിക്കാത്ത കാരണം അതു വീണ്ടും വളർന്നുതുടങ്ങി

യിരിക്കുന്നു. അധികം സ്നേഹിക്കാനൊന്നും നില്ക്കണ്ട. അതിനെ കൊണ്ടുപോയി എവിടെയെങ്കിലും വിട്ടുവരൂ."

മുടന്തൻ: "ഇതാ നോക്ക്! എന്തുമാതിരി ഇത് എന്നെ കെട്ടിപ്പിടിച്ചിരിക്കുന്നു!"

അന്ന് ഉച്ച മുതൽ മുടന്തൻ ഒരു ഉന്മേഷവും ഇല്ലാതെ വീട്ടിൽത്തന്നെ കുത്തിയിരുന്നു. പാമ്പിനെ കുറ്റിക്കാട്ടിൽ ഉപേക്ഷിച്ചുവന്ന ഇരിപ്പാണ്. ആ ഒരു ഇരിപ്പുകണ്ട് ജുബേദ പറഞ്ഞു.

"വല്ലതും വന്നു കഴിക്ക്!"

മുടന്തൻ പരിഭവത്തോടെ പറഞ്ഞു: "ബീവി' ഇല്ലാഞ്ഞിട്ട് ഒരു സുഖം തോന്നുന്നില്ല."

അതുകേട്ട് ജുബേദ പുഞ്ചിരിച്ച് ഇങ്ങനെ പ്രതികരിച്ചു: "ഒന്നു നിർത്ത് നിങ്ങടെ ഈയൊരു വിഷയം. കേട്ടിട്ട് എനിക്ക്..."

മുടന്തൻ: "അതല്ലെടീ, മനസ്സിന് എന്തോ വല്ലാത്ത ഒരു ഭാരം പോലെ".

ജുബേദ ഭർത്താവിന്റെ അരികിൽ വന്ന് കെട്ടിപ്പുണർന്നുകൊണ്ട് ചോദിച്ചു. "എന്താ എന്നെ മടുത്തുവോ?"

ഇതുംപറഞ്ഞ് അവൾ ഭർത്താവിനെ ആവേശത്തോടെ ചുംബിച്ചു.

മുടന്തൻ വികാരാധീനനായി പറഞ്ഞു: "ജുബേദാ, നീയാണ് എന്റെ ഒരേയൊരു ശക്തി. അതുകൊണ്ടാണ് ഞാൻ ജീവിക്കുന്നതുതന്നെ. നീ എനിക്ക് ജീവനേക്കാൾ വിലപ്പെട്ടതാണ്."

ജുബേദ പെട്ടെന്ന് പുറകോട്ടു മാറി നിന്നുകൊണ്ട് പറഞ്ഞു: "അതാ നോക്ക് 'ബീവി' തിരിച്ചുവന്നിരിക്കുന്നു. ആ ചാലിന്റെ ഉള്ളിൽ, അതാ..."

വാസ്തവമായിരുന്നു. വെള്ളം ഒഴുകിപ്പോകുന്ന ആ ചാലിന്റെ ഉള്ളിൽ നിന്ന് 'ബീവി' പത്തി ഉയർത്തി ചീറ്റിക്കൊണ്ടിരിക്കുന്നു. മുടന്തൻ ഇരിക്കുന്നേടത്തു നിന്ന് എഴുന്നേൽക്കാൻ പുറപ്പെട്ട് പറഞ്ഞു.

"നിൽക്ക്! ഇപ്പോൾത്തന്നെ ഞാൻ അതിനെ പിടിച്ചുകൊണ്ടുവരാം."

ജുബേദ ഭർത്താവിനെ ബലമായി പിടിച്ചിരുത്തിക്കൊണ്ട് പറഞ്ഞു: "വേണ്ട!"

അവൾ നിറഞ്ഞ കാർക്കശ്യത്തോടെ പാമ്പിനെ നോക്കിക്കൊണ്ടു പറഞ്ഞു: " നീ പൊയ്ക്കോ അവിടുന്ന്!"

പിന്നീട് ഒരു വടിയെടുത്ത് പാമ്പിനെ ശക്തിയോടെ അടിച്ചു. പാമ്പ് ദേഷ്യം കൊണ്ടെന്നപോലെ രണ്ടുമൂന്നു തവണ തല മണ്ണിൽ വെച്ച് അടിച്ച് ഓടയിൽ നിന്ന് പുറത്തേക്ക് ഇഴഞ്ഞുപോയി.

സമയം ഏതാണ്ട് അർദ്ധരാത്രി ആയിക്കാണും. ജുബേദ പെട്ടെന്ന് എഴുന്നേറ്റ് പറഞ്ഞു: "വേഗം എഴുന്നേൽക്ക്!" ഭർത്താവിനെ എഴുന്നേൽപ്പിച്ച ശേഷം അവൾ പറഞ്ഞു:

"എന്റെ കാലിൽ എന്തോ കടിച്ചു!"

മുടന്തൻ എഴുന്നേറ്റ് വിളക്കിന്റെ തിരി നീട്ടി. ജുബേദയുടെ വലത്തെ കാൽവിരലിൽ തിളങ്ങുന്ന ഒരു ജലബിന്ദുപോലെ ഒരുതുള്ളി ചോര!"

ജുബേദ പെട്ടെന്ന് നിലവിളിച്ച് പറഞ്ഞു: "ബീവി! നിങ്ങളുടെ ബീവിയാണ് എന്നെ കടിച്ചത്. അതാ, നോക്കൂ!"

പാമ്പ് ഒരു കുടത്തിന്റെ മറവിലൂടെ സാവധാനം ഇഴഞ്ഞുനീങ്ങിക്കൊണ്ടിരുന്നു. മുടന്തൻ അതിനെ പിടിച്ച് വട്ടിയിലാക്കി അടച്ചശേഷം പറഞ്ഞു: "നിന്നെ ഞാൻ വെറുതെ വിടില്ല. എന്റെ ജുബേദ രക്ഷപ്പെട്ടില്ലെങ്കിൽ ഞാൻ നിന്നെ വെറുതെ വിടില്ല, നോക്കിക്കോ!"

പക്ഷെ, ജുബേദ രക്ഷപ്പെട്ടില്ല. സൂര്യൻ ഉദിച്ചുയരുന്നതിനു മുൻപുതന്നെ ആസന്ന മൃത്യുവിന്റെ ലക്ഷണങ്ങൾ അവളിൽ പ്രത്യക്ഷപ്പെട്ടുതുടങ്ങി.

വിഷഹാരി വന്നു പരിശോധിച്ച് തിരിച്ചുപോയി. അവളുടെ തലയിൽ നിന്ന് രോമങ്ങൾ എളുപ്പം വേറിട്ടുതുടങ്ങി.

ജുബേദ കിടന്നിരുന്നതിന്റെ തലയ്ക്കലായി മുടന്തൻ ദുഖം തളംകെട്ടിയ മുഖവുമായി നിന്നു. അവിടെ കൂടിയിരുന്നവരിൽ ഒരു മനുഷ്യൻ അഭിപ്രായം തട്ടിവിട്ടു: "എന്തായാലും മുടന്താ നീ രക്ഷപ്പെട്ടു. ഇവറ്റകൾക്കെല്ലാം ഭയങ്കര പകയും വിദ്വേഷവുമാണ്. ഒരു പക്ഷെ, നിന്നെ കടിക്കാൻ വന്നതായിരിക്കാം."

നിറകണ്ണുകളുമായി മുടന്തൻ ഇടറിയ ശബ്ദത്തിൽ പറഞ്ഞു: "അല്ല!"


ആ സംഭവം കഴിഞ്ഞശേഷം മുടന്തൻ ഒരു ഫക്കീറായിട്ടാണ് ജീവിതം തുടർന്നത്. അയാളുടെ വീടിന്റെ ഏതാനും അവശിഷ്ടങ്ങൾ മാത്രമേ ഇന്നു നിലനിൽക്കുന്നുള്ളൂ. വീടിനു സമീപമുണ്ടായിരുന്ന ഇടവഴി ഇപ്പോൾ അടഞ്ഞുകിടപ്പാണ്. പാമ്പുകളെ ഭയന്ന്

# Swami Vivekanandan



**Adv. E. Ramavarma Raja**
Ennakkad Palace

Swami Vivekananda was born on Monday 12 January 1863 in Calcutta. His father Viswanath Datta was an attorney at-law in the Calcutta High Court. He was proficient in English and Persian, rationalistic and progressive in outlook in matter religious and social owing perhaps to the influence of western culture. His mother Bhuvaneswari Devi was an accomplished lady with a regal learning. She was deeply religious, steeped in the Mahabharata and the Ramayana. The Datta family was rich, respectable and renowned for charity. Bhuvaneswari Devi had only daughters. She yearned for a son and asked one of her relatives at Varanasi to make offerings to Lord Siva such as flowers, offering etc. The Sivalinga is bare without a Bilwa leaf on the top of it. After this, she dreamt later that Lord Siva promised to be born as her son. He is Vivekananda.



Young Narendranath was affectionately called Naren. Naren began his studies at the age of 6. He quickly learnt to read and write. He had a very good memory, so much so he could understand a lesson once he heard. When he was 7 years old he was sent to the Metropolitan institution. He was very studious in learning and always stood first in the class.

Once Naren was punished at school for no fault of his. The Geography teacher asked him a question which Naren answered correctly. But the teacher thought that he was wrong and punished him. But Naren was undaunted or bold even as a boy. He protested. “I committed no error, Sir. I am sure what I said is right.” This made the teacher furious and he caned Naren mercilessly.

Naren returned home, his eyes filled with tears. He narrated everything to his mother. Bhuvaneswari Devi consoled him saying “My son, why do you care if you are in the right? Follow the truth always whatever happens”. Thus his mother taught Naren everything in a unique way.

Let us see how Naren first heard of his future master, the great saint Sri Ramakrishna. One day

→

---

→

ആ വഴി ഇപ്പോൾ ആരും സഞ്ചരിക്കാറില്ല. അവിടെയുള്ള നാഗങ്ങൾ അത്രയും ‘ഉദയനാഗം’ പോലെയുള്ള ഇനത്തിൽ പെട്ടവയാണത്രെ! ഉദയസൂര്യന്റെ അരുണിമ നോക്കിക്കൊണ്ട് ആ നാഗങ്ങൾ നൃത്തം വെയ്ക്കുന്നതു കണ്ടവരുണ്ടത്രെ!

മുടന്തന് ‘ബീവി’യെ കൊല്ലാൻ മനസ്സുവന്നില്ല. അവൻ അതിനെ വിട്ടയച്ചു. അതിനെ ഉപേക്ഷിച്ചു പോരുന്ന സമയത്ത് ആരോടെന്നില്ലാതെ മുടന്തൻ സ്വയം പറഞ്ഞു: “അല്ലെങ്കിലും, ഇതിൽ നിന്റെ കുറ്റം എന്തിരിക്കുന്നു. സ്ത്രീജാതിയുടെ ഒരു സാമാന്യ സ്വഭാവം നീ കാണിച്ചു എന്നുമാത്രം. വാസ്തവത്തിൽ ജുബേദയ്ക്ക് നിന്നോട് കടുത്ത അസൂയയായിരുന്നു.”

*കടപ്പാട്*: ‘ബംഗ്ള കീ സർവ്വശ്രേഷ്ഠ കഹാനിയാം’ എന്ന ഹിന്ദി പരിഭാഷാ കൃതിയോട്.
രാധേശാം പുരോഹിത്
ഭോൽപ്പൂർ (ശാന്തിനികേതൻ), 1957

# രേവതി പട്ടത്താനം

ഭാരതീയ താർക്കിക പാരമ്പര്യത്തിന്റെ ചരിത്ര പ്രസിദ്ധമായ നാഴികക്കല്ലുകളിലൊന്നായി വർഷം തോറും നടത്തിവരാറുള്ള 'രേവതി പട്ടത്താനം' തുലാമാസത്തിലെ രേവതി നാളിൽ 2025 ഒക്ടോബർ 4 ന് കേരളീയ വൈദിക സമാദരണങ്ങളുടെ സകല വിധ പ്രൗഢിയോടും കൂടി തളിയിൽ വച്ച് സമുചിതമായി ആഘോഷിച്ചു.

ഒക്ടോബർ 3-ാം തീയതി കോഴിക്കോട് തളി ക്ഷേത്രത്തിൽ വച്ച് ക്ഷേത്രം തന്ത്രിമാരായ ബ്രഹ്മശ്രീ ചേന്നാസ് ശങ്കരനാരായണൻ നമ്പൂതിരിപ്പാട്, ബ്രഹ്മശ്രീ ചേന്നാസ് കൃഷ്ണൻ നമ്പൂതിരിപ്പാട് എന്നിവരുടെ കാർമ്മികത്വത്തിൽ കൈമുക്ക് ശ്രീധരൻ നമ്പൂതിരിയുടെ നേതൃത്വത്തിൽ നടന്ന യജൂർവേദാർച്ചനയോടെ പട്ടത്താന ചടങ്ങുകൾ സമാരംഭിച്ചു. ക്ഷേത്രാചാരച്ചടങ്ങുകൾക്കും നിവേദ്യങ്ങൾക്കും ശേഷം ഒക്ടോബർ - 4 രേവതി നാളിൽ പുലർച്ചെ മൂന്നു വേദങ്ങളിലും മുറജപം നടന്നു. പ്രഭാതത്തിൽ 7.30 ന് പ്രഗത്ഭ സംസ്കൃത വാഗ്മികൾ പങ്കെടുത്ത ശാസ്ത്ര സദസ്സ് നടന്നു.

സാക്ഷാൽ ഉദ്ദണ്ഡ ശാസ്ത്രികളും കാക്കശ്ശേരി ഭട്ടതിരിയും പണ്ഡിത ശിരോമണി മേൽപ്പത്തൂരും ഭാരതീയ വിജ്ഞാനഭിക്ഷാംദേഹികളായ അസംഖ്യം പണ്ഡിതന്മാരും മാറ്റുരച്ച പുരാതനമായ രേവതി പട്ടത്താന സദസ്സ് നടന്ന വാതിൽ മാടത്തിൽ ആ മഹനീയ പാരമ്പര്യത്തിന്റെ അനുസ്മരണമെ



ന്നോണം ഭാരതീയ വൈജ്ഞാനിക ഗ്രന്ഥങ്ങളുടെ കലവറയായിരുന്ന കൂടല്ലൂർ മനയ്ക്കലെ നമ്പൂതിരി നിശ്ചയിക്കുന്ന വേദപണ്ഡിതന് മഹാമഹിമ സാമൂതിരി രാജാ പണക്കിഴി നൽകി ആദരിക്കുന്ന ചടങ്ങിലൂടെയാണ് രേവതി പട്ടത്താനം ആർഷ വൈദിക സംസ്കൃതിയോട് പ്രണാമം അർപ്പിച്ചിരുന്നത്.

സ്വസഹോദരിയുടെ അവിചാരിതമായ നിര്യാണം മൂലം ഇത്തവണ മാ. രാ. രാ. സാമൂതിരി പി.കെ. കേരളവർമ്മയ്ക്ക് പ്രസ്തുത ചടങ്ങിൽ സംബന്ധിക്കാൻ സാധിക്കാഞ്ഞതിനാൽ നീലേശ്വരം കോവിലകത്തെ തമ്പുരാനായ കെ.സി. കൃഷ്ണവർമ്മയാണ് പണക്കിഴി സമർപ്പിച്ചത്. 'അന്യം

→

→

during the absence of the professor of English, Rev. William Hastie the principal, took over the English literature class. He was explaining 'Excursion' a poem by William Wordsworth, the nature poet where the state of trance is referred to and of which the poet had a glimpse while contemplating the beauties of nature. But the students did not understand what he meant by trance. The principal then said, "Such an experience is the result of purity of mind and concentration on some particular object and it is rare indeed particularly in these days. I have seen only one person who has experienced that blessed state of mind and he is Ramakrishna Paramahamsa of Dakshineswar. You can understand if you go there and see for yourself''. It was thus that Naren first heard of his future master.

Naren devoted a little time to academic pursuits. Most of his time and energy went to meditation, to extra curricular studies, to debates and discussions. Despite this, the principal Rev. William Hastie said about him: "Narendranath is really a genius. I have never seen such talents and possibilities even in German Universities amongst philosophical students. He is bound to make his mark in life.''

(to be continued...)

നിൽക്കാതെ സംരക്ഷിക്കുന്നതിനു വേണ്ടി നീലേശ്വരം ദത്തിലൂടെയുള്ള സാമൂതിരി കോവിലകത്തിന്റെ തുടർച്ച നീലേശ്വരം കോവിലകത്തിന്റെ പ്രാതിനിധ്യ ത്തിലൂടെ ഈ ചടങ്ങിന് ചരിത്രപരമായ സൗന്ദര്യം പകർന്നു. പണക്കിഴി ഏറ്റുവാങ്ങിയത് വേദ പാണ്ഡിത്യം മനുഷ്യരൂപമാർന്ന പന്തൽ വൈദികൻ പി.ഡി. ദാമോദരൻ നമ്പൂതിരിയാണ്.



തുടർന്ന് അലങ്കരിച്ച രഥത്തിൽ തളി മഹാ ദേവന്റെ ദീപനാളവുമായി പ്രമുഖ വ്യക്തിത്വങ്ങളുടെ അകമ്പടിയോടെ സാമൂതിരി രാജാവ് ഘോഷ യാത്രയായി സാമൂതിരി ഹയർ സെക്കന്ററി സ്ക്കൂ ളിലെ ഗുരുവായൂരപ്പൻ ഹാളിൽ ഒരുക്കിയ പട്ടത്താന ശാലയിലേക്ക് പ്രവേശിക്കുന്നതോടെയാണ് രേവതി പട്ടത്താനത്തിന്റെ ഔദ്യോഗിക ഉദ്ഘാടനച്ചട ങ്ങുകൾ ആരംഭിച്ചത്.

ലക്ഷ്മി കൃഷ്ണയുടെ പ്രാർത്ഥനയോടെ ആരംഭിച്ച സമ്മേളനം സാമൂതിരി പി.കെ.കേരള വർമ്മയുടെ അദ്ധ്യക്ഷതയിൽ എം.എൽ.എ. തോട്ടത്തിൽ രവീന്ദ്രൻ ഉദ്ഘാടനം ചെയ്തു. ബഹു. കേരള ഗവണ്മെന്റ് പ്രിൻസിപ്പൽ സെകട്ടറി രാജു നാരായണസ്വാമി നടത്തിയ മുഖ്യപ്രഭാഷണമായിരുന്നു ചടങ്ങിലെ മുഖ്യആകർഷകത്വം. സ്തോത്ര മാലകളും കാവ്യശകലങ്ങളും സൂത്രേ മണിഗണ ങ്ങൾ പോലെ അനർഗ്ഗളം പ്രവഹിച്ച വാഗ്ധോരണി യായിരുന്നു രാജു നാരായണസ്വാമിയുടേത്. സംസ്കൃത വ്യാകരണ വിദുഷിയും വിഖ്യാതരായ പല സംസ്കൃത ഭാഷാ വിചക്ഷണരുടേയും സാഹിത്യ കാരന്മാരുടേയും ഗുരുഭൂതയായ കോട്ടക്കൽ മനോരമ തമ്പുരാട്ടിയുടെ അനുസ്മരണാർഥം രേവതി പട്ടത്താനസമിതി നൽകുന്ന മനോരമ തമ്പുരാട്ടി പുരസ്കാരം തൃപ്പൂണിത്തുറ സംസ്കൃത കോളേ ജിലെ ജ്യോതിഷവിഭാഗം അദ്ധ്യക്ഷൻ ഡോ. ഈശ്വരൻ ഏറ്റുവാങ്ങി. തുടർന്ന് കൈമുക്ക് ശ്രീധരൻ നമ്പൂതിരിയുടേയും ആമല്ലൂർ നാരായണൻ നമ്പൂ തിരിയുടേയും മറ്റു വൈദികരുടേയും നേതൃത്വത്തിൽ 'യജുർവേദ സംഹിത' അവതരിപ്പിക്കുകയുണ്ടായി.


താർക്കിക സദസ്സുകളുടെ പാരമ്പര്യ പ്രൗഢി യോടെ 'യാവദധികാരാധികരണം' എന്ന വിഷയ ത്തിൽ നടന്ന വാക്യാർത്ഥ സദസ്സിൽ കേന്ദ്ര സംസ്കൃത യൂണിവേഴ്സിറ്റിയിലെ പ്രൊഫ. ഡോ. ആർ. പ്രതിഭയും തൃപ്പൂണിത്തുറ സംസ്കൃത കോളേജ് അധ്യാപകൻ ഡോ. അജികുമാറും വാദങ്ങൾ ഉന്നയിച്ച് വേദി പ്രൗഢഗംഭീരമാക്കി.

ഉച്ചഭക്ഷണ ശേഷം കോഴിക്കോട് അക്ഷരശ്ലോക സമിതിയിലെ കലാപ്രവർത്തകരുടെ അക്ഷരശ്ലോക സദസ്സ് ആരംഭിച്ചു. തുടർന്ന് വിവിധ വിഷയങ്ങളിൽ ഡോ. പി.കെ. മാധവനും ഡോ. ഏ.ആർ. ശ്രീകൃഷ്ണനും നടത്തിയ പ്രഭാഷണങ്ങൾ ഒരേ സമയം വിജ്ഞാനദായകങ്ങളും ചിന്തോദ്ദീപ കങ്ങളും ആയിരുന്നു.

വൈകുന്നേരം നടന്ന സമാപന സമ്മേളനത്തിൽ നന്ദിത വർമ്മ, സുമേധ വർമ്മ എന്നിവർ പ്രാർത്ഥന ആലപിച്ചു. പട്ടത്താനസമതി ചെയർമാൻ പി.കെ. കൃഷ്ണനുണ്ണി രാജ സ്വാഗതം ആശംസിച്ചു. സാമുതിരി പി.കെ. കേരളവർമ്മ അധ്യക്ഷം വഹിച്ച സമാപന സമ്മേളനത്തിന്റെ ഉദ്ഘാടനം ഗുരുവായൂർ ദേവസ്വം ബോർഡ് ചെയർമാൻ വി.കെ. വിജയൻ നിർവ്വഹിച്ചു. എ.കെ.ബി. നായർ, കെ.പി. രാമചന്ദ്രൻ, ഡോ. സർവോത്തമൻ നെടുങ്ങാടി, എന്നിവർ അനുഗ്രഹ പ്രഭാഷണങ്ങൾ നടത്തി. പ്രസ്തുത ചടങ്ങിൽ മാനവേദ കവിയുടെ സ്മരണാർഥം രേവതി പട്ടത്താനസമിതി വർഷം തോറും നൽകാറുള്ള മികച്ച കാവ്യസമാഹാരത്തിനുള്ള 'കൃഷ്ണഗീതി' പുരസ്കാരം തന്റെ 'നഗരവൃക്ഷ ത്തിലെ കുയിൽ' എന്ന ഗ്രന്ഥത്തിന് കാവാലം ശശികുമാർ ഏറ്റുവാങ്ങി. മികച്ച കൃഷ്ണനാട്ട കലാകാരനുള്ള പുരസ്കാരം സുകുമാരന് നൽകി.

തിരുവണ്ണൂർ കോവിലകം കൈകൊട്ടിക്കളി സംഘം അവതരിപ്പിച്ച കൈകൊട്ടിക്കളിയും ഗുരുവായൂർ ക്ഷേത്ര കലാനിലയം അവതരിപ്പിച്ച കൃഷ്ണനാട്ടവും പട്ടത്താന രാവിൽ ആസ്വാദക ഹൃദയങ്ങളിൽ മാനവേദന്റെ മയിൽപ്പീലിത്തുണ്ടു ഴിഞ്ഞു.

*തയ്യാറാക്കിയത്:* **മാനവ് വർമ്മ പി.കെ.**
കോഴിക്കോട്



# ന മമഃ

**കെ.സി. രാമവർമ്മ രാജ**
വലിയരാജ, നീലേശ്വരം, മൊ. 9447027272

"The four things that have spoiled your life are: 'I', 'Mine', 'You' and 'Yourselves'. Forget them".

"ചത്തു പോം നേരം വസ്ത്രമതുപോലു-
മൊത്തിടാ കൊണ്ടുപോവാനൊരുത്തർക്കും"
-ജ്ഞാനപ്പാന

'ന മമഃ' എന്നാൽ എന്റേതല്ല എന്നാണ് അർത്ഥം. ജനകരാജാവിന്റെ രാജധാനിയിൽ ആദ്ധ്യാത്മിക ഉപദേഷ്ടാവായ യാജ്ഞവല്ക്യ മഹർഷി, രാജാവിനെ ഈ തത്ത്വം പഠിപ്പിച്ചത് എങ്ങനെയെന്ന് നോക്കാം. ഇത് വരുന്നത് ബ്രഹദാരണ്യകോപനിഷത്തിലാണ്. ഇത് നീണ്ടതും യജുർവേദത്തിൽ വരുന്നതുമായ ഒരു ഉപനിഷത്താണ്. എല്ലാ ഉപനിഷത്തുകളുടെയും സാരം ഇതിൽ കാണാം. ആകെ ആറ് അദ്ധ്യായങ്ങളുണ്ട്.. ഇവിടെ അഞ്ചാമത്തേത് മാത്രമേ പ്രതിപാദിക്കുന്നുള്ളൂ.

ബ്രഹ്മജ്ഞാനം, ഗായത്രി മന്ത്രം, കാലചക്രം എന്നിവയെപ്പറ്റിയാണ് ആദ്യം ഈ ഉപനിഷത്തിൽ വരുന്നത്. അതിനു ശേഷം ഈശാവാസ്യോപനിഷത്ത് തുടങ്ങി, ബ്രഹദാരണ്യകോപനിഷത്ത് വരെയുള്ള ആരണ്യകോപനിഷത്തുകളെ സമാഹരിച്ച് വിചിന്തനം ചെയ്ത് ഒരു തത്വത്തെപ്പറ്റി പ്രതിപാദിക്കുന്നു. ആ തത്ത്വമാണ് 'ഖംബ്രഹ്മ'. 'ഖം ബ്രഹ്മ' എന്നാൽ പരാകാശം തന്നെയാണ് ബ്രഹ്മം. അത് പൂർണ്ണമാണ്. ഉപാസകന്മാർക്ക് അതിനെക്കുറിച്ചുള്ള ജ്ഞാനം കൊടുക്കുന്നതിനും മാർഗ്ഗനിർദ്ദേശം കൊടുക്കുന്നതിനുമാണ് പണ്ടത്തെ ഋഷിവര്യന്മാർ 'ഹിരൺമയേന പാത്രേണ' തുടങ്ങിയ മന്ത്രങ്ങൾ ഉപദേശിച്ചിട്ടുള്ളത്.

'ഹിരൺമയേന, പാത്രേണ
സത്യസ്യാപിഹിതം, മുഖം
തത്ത്വം പൂഷന്നപാവൃണു
സത്യധർമ്മായ, ദൃഷ്ടയേ'
-(ഈശാവാസ്യോപനിഷത്-ശ്ലോ. 15)

സാരം:- സ്വർണ്ണമയമായ പാത്രത്താൽ സത്യത്തിന്റെ മുഖം മൂടപ്പെട്ടിരിക്കുന്നു. ശരിയായ ധർമ്മത്തെ പാലിക്കുന്ന എനിക്ക് സൂര്യനിലെ ബ്രഹ്മത്തെ കാണുന്നതിന് ഈ മൂടിയെ മാറ്റിത്തന്നാലും.

യാജ്ഞവാല്ക്യ മഹർഷി ആദിത്യനെ തപസ്സ് ചെയ്ത് പ്രത്യക്ഷപ്പെടുത്തി. ഭഗവാൻ ഹയഗ്രീവമൂർത്തിയായി പ്രത്യക്ഷപ്പെട്ട് യാജ്ഞവാൽക്യന് ശുക്ലയജുർവേദം ഉപദേശിച്ചുകൊടുത്തു.

യാജ്ഞവാല്ക്യ മഹർഷി, രാജാവിനെ മേൽപ്പറഞ്ഞ വിധത്തിലെല്ലാം പറഞ്ഞു ബോധിപ്പിച്ചിട്ട് പറഞ്ഞു: "അങ്ങ്, ഞാൻ രാജാവാണ്, ചക്രവർത്തിയാണ്, വിദ്വാനാണ്, ആഢ്യനാണ്, മഹാത്മാവാണ് എന്നിപ്രകാരമുള്ള അജ്ഞാനസംഭൂതമായ ബുദ്ധി വിട്ട് '*ഖംബ്രഹ്മ' എന്ന ഈ മന്ത്രത്തെ ഉപാസിക്കുക". ഇത് ഈശാവാസ്യാദി നൂറ്റിയെട്ട് ഉപനിഷത്തുകളിൽ നിന്നും സംഗ്രഹിച്ചിട്ടുള്ള രഹസ്യോപദേശമാണ്. ഇത് ഉപദേശിച്ചുകൊണ്ട്, യാജ്ഞവാല്ക്യൻ അതിന്റെ ഉപാസനാ വിധികളും പറഞ്ഞുകൊടുത്തു.

"ഖം ബ്രഹ്മ" എന്നതുകൊണ്ട് സച്ചിദാനന്ദ സ്വരൂപത്തെ കേവലാനന്ദ സ്വരൂപമായ ശിവപദത്തെ ലക്ഷീകരിക്കുന്നു. ഈ മന്ത്രം ഒരു തവണ ഉച്ചരിക്കുന്നതുകൊണ്ടു തന്നെ കോടി പാപങ്ങൾ ഉടൻ നശിക്കുന്നതാണ്. ഇത് ഒരു മഹാമന്ത്രമാണ്. സർവ്വ മന്ത്രങ്ങളുടെയും ഫലം ഇതിനുണ്ട്. അതുകൊണ്ട് മഹാരാജാവേ! അങ്ങ് 'പ്രജ്ഞാനം ബ്രഹ്മ' എന്ന മന്ത്രത്തെ എപ്പോഴും ഉപാസന ചെയ്തുകൊണ്ടിരിക്കുക".

ഇപ്രകാരം യാജ്ഞവാല്ക്യ മഹർഷിയാൽ ഉപദിഷ്ടനായ ജനകമഹാരാജാവ് മുനിയെ നമസ്കരി

** ഖം = ചിതാകാശത്തിൽ മറ്റൊരു വികാരവുമില്ലാതെ, ആനന്ദമാത്രമായ അവസ്ഥ.*

ച്ചുകൊണ്ട് പറഞ്ഞു: "അവിടുന്നാണ് എന്റെ പിതാവ്, അവിടുന്നാണ് എന്റെ ബന്ധു, അവിടുന്നാണ് എന്റെ ആനന്ദസന്ദായകനായ ഗുരു. ഞാൻ എന്നോടൊപ്പം എന്റെ രാജ്യവും സർവ്വസ്വവും അവിടുത്തേക്ക് തന്നെ സമർപ്പിക്കുന്നു."

യാജ്ഞവാല്ക്യ മഹർഷി ആ ദാനത്തെ സ്വീകരിച്ചുകൊണ്ട് വീണ്ടും പറഞ്ഞു: "അങ്ങ് ഏൽപ്പിച്ച ആ രാജ്യം അങ്ങേയ്ക്കുതന്നെ തിരിച്ചേൽപ്പിക്കുന്നു". അങ്ങ് എന്നിൽ നിന്ന് ആ രാജ്യം തിരിച്ച് വാങ്ങി എന്റേതല്ല (ന മമഃ) എന്ന ധാരണയോടും എന്നാൽ ഭരണത്തിന് നിയുക്തനാണ് താൻ എന്ന വിശ്വാസത്തോടുംകൂടി നിസ്സംഗനായി ഭരിക്കുക. അങ്ങനെ ഒരു കർമ്മയോഗിയായി ആത്മശ്രേയസ്സിന് വേണ്ടി ഭരിക്കുക''. ഇത്രയും പറഞ്ഞുകൊണ്ട് യാജ്ഞവാല്ക്യ മഹർഷി രാജാവിനെ അനുഗ്രഹിച്ച് തന്റെ ആശ്രമത്തിലേക്ക് മടങ്ങി. മഹർഷിയുടെ ഉപദേശങ്ങൾ കേട്ട്, രാജാവ് ഒരു കർമ്മയോഗിയായി ത്തന്നെ രാജ്യം ഭരിച്ചു. ഇത് ഭഗവദ്ഗീതയിൽ പറയുന്നതിപ്രകാരമാണ്:

'കർമ്മണേവഹി സംസിദ്ധി-
മാസ്ഥിതാഃ ജനകാദയഃ
ലോക സംഗ്രഹ മേവാപി
സംപശ്യൻ കർത്ത്രുമർഹസി'

-ഗീത (അ. 3, ശ്ലോ. 20)

സാരം:- ജനകൻ മുതലായ രാജാക്കന്മാർ നിഷ്കാമ കർമ്മം മൂലം മോക്ഷം നേടി. (അതുപോലെ ചെയ്യണമെന്നാണ് അർജ്ജുനനോട് ഭഗവാൻ പറഞ്ഞത്)

കാലചക്രം: കാലചക്രത്തെപ്പറ്റി മഹർഷി തന്റെ ഉപദേശത്തിൽ ജനക മഹാരാജാവിന് പറഞ്ഞുകൊടുത്തിട്ടുണ്ട് എന്ന് മുമ്പ് പറഞ്ഞുവല്ലോ. നാരായണീയത്തിലെ ആ ഭാഗം ഇപ്രകാരമാണ്.

'ദുർവ്വാരം ദ്വാദശാരം ത്രിശതപരിമിളത്-
ഷഷ്ടിപർവ്വാഭിവീതം
സംഭ്രാമ്യത് ക്രൂരവേഗം ക്ഷണമനു ജഗദാ-
ച്ഛിദ്യ സന്ധാവമാനം
ചക്രം തേ കാലരൂപം വ്യഥയതുനതുമാം
ത്വത്പദൈകാവലംബം
വിഷ്ണോ!, കാരുണ്യസിന്ധോ! പവനപുരപതേ
പാഹി സർവ്വാമയൗഘാത്'

-നാരായണീയം (ദശകം 98 - ശ്ലോകം 11)

സാരം:-തടുക്കാനാകാത്തതും പന്ത്രണ്ടഴികളോടു കൂടിയതും 360 മുനകളുള്ളതും വേഗത്തിൽ കറങ്ങുന്നതും ക്ഷണംപ്രതി ഭൂമിയെ വലിച്ചുകൊണ്ട് മുന്നോട്ട് പായുന്നതും കാലസ്വരൂപവുമായ അങ്ങയുടെ ചക്രം, അവിടുത്തെ പാദങ്ങൾ മാത്രം ശരണമായുള്ള എന്നെ ദുഃഖിപ്പിക്കരുതേ! എന്നെ എല്ലാ രോഗങ്ങളിൽ നിന്നും രക്ഷിക്കേണമേ! (എന്ന് ഭട്ടതിരിപ്പാട് പ്രാർത്ഥിച്ചത് തനിക്കുവേണ്ടിയിട്ടാണെങ്കിലും നമുക്കോരോരുത്തർക്കും വേണ്ടിയിട്ടുള്ളതാവാൻ കരുണാനിധിയായ ഭഗവാൻ തുണയ്ക്കട്ടെ).

ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ



## RRC- കൾച്ചറൽ ഫൗണ്ടേഷന്റെയും ശ്രീപാദം സ്കൂൾ ഓഫ് ആർട്സിന്റെയും ഉദ്ഘാടനം

അദ്ധ്യാപകനും മാവേലിക്കരയിലെ കലാ-സാംസ്ക്കാരിക-സാമൂഹ്യ-രാഷ്ട്രീയ രംഗങ്ങളിൽ സജീവ സാന്നിധ്യവുമായിരുന്ന പ്രൊഫ. ആർ.ആർ.സി. വർമ്മയുടെ സ്മരണാർത്ഥം മാവേലിക്കര കേന്ദ്രീകരിച്ച് അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളും സുഹൃത്തുക്കളും ചേർന്ന് രൂപം നൽകിയ ആർ.ആർ.സി. കൾച്ചറൽ ഫൗണ്ടേഷന്റെയും അതിന്റെ കീഴിൽ പ്രവർത്തനമാരംഭിക്കുന്ന ശ്രീപാദം സ്കൂൾ ഓഫ് ആർട്സിന്റെയും ഔപചാരികമായ ഉദ്ഘാടനം 2025 നവംബർ 02 ഞായറാഴ്ച വൈകിട്ട് 5.30 ന് മാവേലിക്കര എ.ആർ. സ്മാരകത്തിൽ വച്ച് നടന്നു. ബഹു. മാവേലിക്കര എം.എൽ.എ. അരുൺകുമാർ എം.എസ്. ആണ് ഉദ്ഘാടനം നിർവ്വഹിച്ചത്.



# ഞാൻ ശുക്രൻ

**വിജയകുമാർ വർമ്മ**
ചെന്നിത്തല മൊ. 8281244594



എന്നെ അറിയില്ലേ? ഞാനാണ് ശുക്രൻ. സായിപ്പന്മാർ എന്നെ വീനസ് എന്ന് വിളിക്കുന്നു. ഞാൻ ചൊവ്വയേക്കാൾ വലുതും ഭൂമിയേക്കാൾ ചെറുതുമാണ്. എനിക്ക് ഉപഗ്രഹമില്ല. 'ഭൂമിയുടെ ഇരട്ട' എന്ന് എന്നെ വിളിക്കുന്നു. വലുപ്പം, പിണ്ഡം എന്നിവയിലെ സാദൃശ്യം കൊണ്ടാണിത്. ബുധൻ കഴിഞ്ഞാൽ സൂര്യനോട് ഏറ്റവും അടുത്ത് നിൽക്കുന്നതും, ചന്ദ്രൻ കഴിഞ്ഞാൽ ഭൂമിയോട് ഏറ്റവും അടുത്ത് നിൽക്കുന്നതും ഞാനാണ്. എന്റെ സഞ്ചാരപഥം ബുധനും ഭൂമിക്കും ഇടയിലാണ്. എന്നെ പ്രഭാത നക്ഷത്രമെന്നും സായാഹ്ന നക്ഷത്രമെന്നും വിളിക്കുന്നു. പ്രഭാതത്തിൽ കിഴക്കും, സന്ധ്യാനേരത്ത് പടിഞ്ഞാറും എന്നെ കാണാം. എന്നിൽ സൂര്യനുദിക്കുന്നത് പടിഞ്ഞാറും അസ്തമിക്കുന്നത് കിഴക്കുമാണ്. എന്റെ സ്വയംഭ്രമണം പ്രദക്ഷിണമായതിനാലാണ് ഇങ്ങനെ സംഭവിക്കുന്നത്. എനിക്ക് സൂര്യനെ ഒരു പ്രാവശ്യം ചുറ്റാൻ 225 ഭൗമദിനങ്ങൾ മതി. എന്നാൽ സ്വയംഭ്രമണത്തിന് 243 ഭൗമദിനങ്ങൾ വേണം. എന്റെ ഒരു ദിവസത്തിന് ഒരു വർഷത്തേക്കാൾ ദൈർഘ്യമുണ്ട്. സൗരയൂഥത്തിലെ വലിയ പകലും രാത്രിയും എനിക്കാണ്. സൗരയൂഥത്തിലെ വലിയ ചൂടനും ഞാൻ തന്നെ. എന്റെ ഉപരിതല ഊഷ്മാവ് 460 ഡിഗ്രി സെൽഷ്യസ് വരെയാണ്. സൾഫ്യൂറിക് ആസിഡിന്റെ മേഘപടലങ്ങൾ എന്നെ പൊതിഞ്ഞിരിക്കുന്നു. എന്റെ അന്തരീക്ഷം വളരെ സാന്ദ്രതയേറിയതും പ്രധാന ഘടകം കാർബൺ ഡൈഓക്സൈഡുമാണ്. കാർബൺഡൈഓക്സൈഡിന്റെ വൻ സാന്നിദ്ധ്യം ഉളവാക്കുന്ന ഹരിതഗൃഹ പ്രഭാവം (Green House Effect) എന്നെ ഇത്രയും ചൂടനാക്കുന്നു. എന്റെ അന്തരീക്ഷ മർദ്ദം ഭൂമിയുടേതിനേക്കാൾ 90 മടങ്ങിലേറെയാണ്. സജീവമായ നിരവധി അഗ്നിപർവ്വതങ്ങൾ എന്നിലുണ്ട്. 'മാക്സ്‌വെൽ' ആണ് അതിൽ ഏറ്റവും വലുത്. 11 കി.മീ. ഉയരവും 870 കി.മീ. നീളവുമുണ്ടതിന്. എന്നിൽ വന്നിറങ്ങിയ ആദ്യ ബഹിരാകാശ വാഹനം ഭൂമിയിൽ നിന്നും സോവിയറ്റ് യൂണിയൻ അയച്ച 'വെനെറാ-7' ആണ്. 2004 ജൂൺ 8 നും 2012 ജൂൺ 6 നും സൂര്യനും ഞാനും ഭൂമിയും ഒരു നേർരേഖയിൽ വരികയുണ്ടായി. അന്ന് ഞാൻ സൂര്യന്റെ മുമ്പിൽകൂടി ഒരു കറുത്ത പൊട്ടുപോലെ കടന്നുപോയത് ഭൂമിയിൽ നിന്നും മനുഷ്യർ കണ്ടതാണ്. ഞാൻ ഭൂമിയിൽ നിന്നും ഇത്ര അകലെയല്ലായിരുന്നെങ്കിൽ അതൊരു സൂര്യഗ്രഹണം ആകുമായിരുന്നു. ഞങ്ങൾ അടുത്തതായി നേർരേഖയിൽ വരുന്നത് 2117 ഡിസംബർ 10-ാം തീയതിയാണ്. പ്രാചീന റോമാക്കാർക്ക് സൗന്ദര്യത്തിന്റെയും പ്രണയത്തിന്റെയും പ്രതീകം ഞാനാണ്. അറബി ഭാഷയിൽ എന്റെ പേരു പറഞ്ഞാൽ 'നന്ദി' എന്നാണർത്ഥം.

എന്റെ പിതാവ് ഭൃഗു മഹർഷിയും മാതാവ് കാവ്യമാതയുമാണ്. എന്റെ ധർമ്മപത്നി സുകീർത്തിയാണ്. ഞാൻ അസുര ഗുരുവാണ്. എന്റെ സ്വക്ഷേത്രം ഇടവം, തുലാം എന്നീ രാശികളാണ്. എന്റെ മൂലത്രികോണം തുലാം രാശിയാണ്. ഭരണി, പുരം, പൂരാടം എന്നീ നക്ഷത്രങ്ങളെ ഞാൻ ഭരിക്കുന്നു. എന്റെ ഉച്ചക്ഷേത്രം മീനവും നീചം കന്നിയുമാണ്. എന്നെയും എന്റെ മിത്രമായ ബുധനേയും ദേവഗുരു വ്യാഴം ശത്രുവായിക്കാണുന്നു. എന്നാൽ ഞങ്ങൾക്ക് അദ്ദേഹത്തോട് ശത്രുതയില്ല. എന്റെ മിത്രം ബുധന്റെ ക്ഷേത്രം ഞാൻ നീചക്ഷേത്രം ആക്കിയപ്പോൾ സമനായ വ്യാഴത്തിന്റെ ക്ഷേത്രമാണ് എന്റെ ഉച്ചക്ഷേ

കവിത

# ഇര

**ജ്യോതി വർമ്മ എൽ.ആർ.**
പന്തളം, മൊ. 8330054846



വിറയ്ക്കുന്ന വാലുകൾ
വിറപ്പിച്ചു മാർജ്ജാരൻ
കുതിപ്പേറും കാലിനാൽ
കാട്ടാളത്തെയ്യമാടി

കടക്കണ്ണ് മെയ്യാക്കി
ചടുല താളത്തിൽ
വാൽ പറിച്ചെറിഞ്ഞുരഗമോ
പ്രാണന്റെ ഉയിർപ്പൂറ്റി
പിടയ്ക്കുന്ന വാലിൽ
വട്ടംപിടിച്ചെത്തി മാർജ്ജാരൻ
പിടപ്പു തീർന്നുറപ്പിൽ
വിശപ്പാറ്റി മടക്കമായ്

ഇരുട്ടിൻ നഗ്നത
പുരട്ടിയൊരുടലുമായ്
വിയർപ്പു മാറ്റവെ ഉരഗം
കിതപ്പാറ്റി നിനച്ചുപോയ്
ഇരപിടുത്തത്തിൻ
മണ,ക്കുന്നു സത്യം
ഉറപ്പേറും മരണത്തിൻ
കറുത്ത മുഖങ്ങൾ. ●

ത്രമായി ഞാൻ തിരഞ്ഞെടുത്തത്. എനിക്ക് അദ്ദേഹത്തോട് വിരോധമില്ലെന്ന് ഇതിൽ നിന്നും വ്യക്തമല്ലേ. അദ്ദേഹത്തിന് ആത്മീയത കിട്ടിയപ്പോൾ എനിക്ക് ഭൗതികത കിട്ടിയതിലുള്ള വിരോധമായിരിക്കാം ശത്രുതയ്ക്കുള്ള കാരണം. ഞാൻ ശ്രേഷ്ഠത കുറഞ്ഞ ബ്രാഹ്മണൻ ആകുന്നു. ശുഭനും സൗമ്യനുമായ ബുധനും ഏവരും ഭയക്കുന്ന ശനിയുമാണ് എന്റെ മിത്രങ്ങൾ. അവരുടെ പിതാക്കന്മാരായ ചന്ദ്രനും സൂര്യനും എന്റെ ശത്രുക്കളാണ്. ആദിത്യനുമായി 29 ഡിഗ്രി അകന്നാൽ എനിക്ക് വക്രമാകും. വക്രത്തിൽ 18 ഡിഗ്രി മാത്രമേ ഞാൻ പുറകോട്ട് സഞ്ചരിക്കുകയുള്ളൂ. സാധാരണഗതിയിൽ എല്ലാ വർഷവും ഒരിക്കൽ ഞാൻ വക്രത്തിൽ സഞ്ചരിക്കും. അപൂർവ്വമായി 18 മാസത്തിൽ ഒരിക്കലും വക്രം വരാറുണ്ട്. ഞാനും സൂര്യനും അകന്ന് നിൽക്കുന്നത് വിവാഹ തടസ്സത്തിന് കാരണമാണ്. സൂര്യനുമായി 9 ഡിഗ്രി അടുത്താൽ എനിക്ക് മൗഢ്യം തുടങ്ങും. അപൂർവ്വമായി ഒരു വർഷത്തിൽ എനിക്ക് 2 മൗഢ്യം വരെ സംഭവിക്കാറുണ്ട്. മറ്റ് ഗ്രഹങ്ങളേക്കാളും ആദിത്യനുമായി കൂടുതൽ അടുത്തെങ്കിലേ എന്നെ മൗഢ്യം ബാധിക്കൂ, മൗഢ്യത്തിൽ പോലും പല നല്ല കാര്യങ്ങളും ചെയ്യാനുള്ള കഴിവ് എനിക്ക് മാത്രമേയുള്ളൂ. ഞാൻ മൗഢ്യത്തിൽ നിന്നാൽ കലകളെ പോഷിപ്പിക്കും. കേന്ദ്രാധിപത്യ ദോഷം എനിക്കും വ്യാഴത്തിനും ഉണ്ടെങ്കിലും, ദോഷം കുറവ് എനിക്കാണ്. ഗ്രഹയുദ്ധത്തിൽ എപ്പോഴും ജയം എനിക്കാണ്. ഞാൻ ഏത് ഭാവത്തിൽ നിന്നാലും ആ ഭാവത്തിനെ പുഷ്ടിപ്പെടുത്തും. പന്ത്രണ്ടിൽ എല്ലാ ഗ്രഹങ്ങളും ദോഷം ചെയ്യുമ്പോൾ ഞാൻ മാത്രം ശുഭഫലമാണ് നൽകുന്നത്. ഞാനും വ്യാഴവും പരസ്പരം നോക്കുന്നത് അതിമാനുഷയോഗമാണ്. പക്ഷെ സകല മുഹൂർത്തങ്ങൾക്കും ഈ സമയം നല്ലതല്ല. ഇടവം, തുലാം, മീനം രാശികളിൽ ഞാൻ കേന്ദ്രത്തിൽ നിന്നാൽ 'മാളവ്യം' എന്ന പഞ്ചമഹായോഗമാണ്. ഞാനും വ്യാഴവും ബുധനും രണ്ടിൽ ഒന്നിച്ച് നിന്നാൽ സരസ്വതി യോഗമുണ്ടാകുന്നു. ഏഴാം ഭാവകാരകൻ ഞാനാണ്. ഞാൻ കർക്കിടകം രാശിയിൽ ഒറ്റയ്ക്ക് നിൽക്കുന്നത് ദ്വിഭാര്യായോഗമാണ്. ഞാൻ സ്ത്രീ ഗ്രഹമാണ്. ഞാൻ ഋതുവിൽ വസന്തവും ദിക്കിൽ അഗ്നികോണും പഞ്ചേന്ദ്രിയത്തിൽ നാക്കും പഞ്ചഭൂതത്തിൽ ജലവും ഗുണത്തിൽ രജോഗുണവും വർണ്ണത്തിൽ വെളുപ്പും ലോഹത്തിൽ വെള്ളിയും രത്നത്തിൽ വജ്രവും രസത്തിൽ പുളിയും പുഷ്പത്തിൽ കൈതയും കൈനാറിയും സ്ഥാനത്തിൽ ശയനമുറിയും ദേവതകളിൽ മഹാലക്ഷ്മി, അന്നപൂർണ്ണേശ്വരി, യക്ഷി എന്നിവരെയും പ്രതിനിധീകരിക്കുന്നു. നല്ല കാലങ്ങൾക്ക് മനുഷ്യർ എന്റെ ദശയാണ് പറയുന്നത് (ശുക്രദശ). ●

# അടുത്തില - കോവിലകങ്ങളുടെ കേന്ദ്രം



**പി.കെ. മോഹനവർമ്മ**
പിലാത്തറ, മൊ. 9677295265

മാടായി കാവിനെ കുറിച്ച് അറിയാത്ത ക്ഷത്രിയർ കുറയും.

കണ്ണൂർ ജില്ലയിലെ പ്രസിദ്ധമായ ഈ ക്ഷേത്രം പഴയങ്ങാടി റെയിൽവേ സ്റ്റേഷനും (3 km) ദേശീയ പാത 66 ൽ പിലാത്തറ (6 km) യുടെയും ഇടയ്ക്കാണ് സ്ഥിതിചെയ്യുന്നത്.

മാടായിക്കാവിന്റെ വടക്ക് കിഴക്കുള്ള പ്രദേശമാണ് അടുത്തില. തെക്ക് പടിഞ്ഞാറ് മാടായിപ്പാറയും മാടായി കോട്ടയും.

ഏഴിമല ആസ്ഥാനമാക്കി രാജ്യം ഭരിച്ചിരുന്ന മൂഷിക രാജവംശം, 'കോലം' എന്ന പേരിൽ അറിയപ്പെടാൻ തുടങ്ങി. കോല സ്വരൂപത്തിന്റെ കുലപരദേവത ക്ഷേത്രം ആണ് മാടായിക്കാവ്.

കാവിന്റെയും കോട്ടയുടെയും സമീപത്തായി രാജകുടുംബാംഗങ്ങൾക്കായി അടുത്തിലയിൽ 18 നാലുകെട്ടോട് കൂടിയ കൂറ്റൻ കോവിലകം പണിതതും, ഇവിടെ 18 താവഴികൾ താമസിച്ചിരുന്നതായും കാണുന്നു.

അതായത് ഒരു അഞ്ചു പതിറ്റാണ്ടിനു മുമ്പ് രാജകുടുംബാംഗങ്ങളുടെ വിഹാരരംഗമായിരുന്നു, അധികാര കേന്ദ്രമായിരുന്നു അടുത്തില.

കാലക്രമേണ അടുത്തില കോവിലകത്തെ 16 താവഴികളും അന്യംനിന്നു പോവുകയും പള്ളി, ഉദയമംഗലം എന്നീ ശാഖകൾ മാത്രം ബാക്കിയാവുകയും ചെയ്തു.

ഇതിൽ ഉദയമംഗലം കോവിലകം നാലായി പിരിഞ്ഞു. ഇതിൽ മീത്തലെ (മുകളിലെ) കോവിലകം തിരുവിതാംകൂറിലേക്ക് കുടിയേറുകയും കൊട്ടാരക്കര, മറിയപ്പള്ളി, തിരുവല്ല (നെടുമ്പ്രം) എന്നിവിടങ്ങളിൽ അധിവസിക്കുകയും ചെയ്തു. കുഞ്ഞിക്കോവിലകം 1489-90 കാലത്ത് അന്യംനിന്നു പോയിരുന്നു.

പള്ളി കോവിലകവും രണ്ട് ശാഖകളായി അടുത്തിലയിൽ തന്നെ അധിവാസമുറപ്പിച്ചു 1) പള്ളിക്കോവിലകവും 2) പുതുപ്പള്ളി കോവിലകവും.

പിന്നീട് പള്ളിക്കോവിലകം 5 ശാഖകളായി പിരിഞ്ഞു.

1) ചിറക്കൽ 2) തേണംകോട് 3) അടുത്തില പടിഞ്ഞാറ് 4) ചെങ്ങൽ 5) കവിണിശ്ശേരി.

ഇതിലെ ചെങ്ങൽ കോവിലകത്തെ അംഗങ്ങൾ തിരുവിതാംകൂറിൽ മാവേലിക്കര, എണ്ണക്കാട്, പ്രായിക്കര, എന്നിവിടങ്ങളിലേക്ക് ചേക്കേറി. തിരുവിതാംകൂർ രാജവംശത്തിലേക്ക് ഈ ശാഖകളിൽ നിന്നും അനേകം ദത്തുകൾ നടന്നിട്ടുണ്ട്.

ചിറക്കൽ ശാഖ വളപട്ടണത്തിനടുത്ത് ചിറക്കലിലും കവിണിശ്ശേരി ശാഖ ചെറുകുന്നിനടുത്തും കൊട്ടാരങ്ങൾ കെട്ടി താമസമാക്കി.

1937 ലെ റവന്യൂ റീ സെറ്റിൽമെന്റ് രജിസ്റ്ററിൽ അടുത്തില ചെങ്ങൽ പ്രദേശത്ത് താഴെപ്പറയുന്ന 13 കോവിലകങ്ങൾ താമസിച്ചിരുന്നതായി രേഖയുണ്ട്.

1) പള്ളിക്കോവിലകം 2) തേണംകോട്ട് കോവിലകം 3) പാലങ്ങാട്ട് കോവിലകം 4) പടിഞ്ഞാറെ കോവിലകം 5) പുതുപ്പള്ളി കോവിലകം 6) പഴപ്പള്ളി കോവിലകം 7) ചെങ്ങൽ കോവിലകം 8) ഏകരത്ത് കോവിലകം 9) മീത്തലെ കോവിലകം 10) നടുവിലെ കോവിലകം 11) വടക്കേ കോവിലകം 12) അച്ഛമ്മ കോവിലകം 13) ഉദയമംഗലം കോവിലകം.

അടുത്തില പടിഞ്ഞാറേ കോവിലകം മാത്രമാണ് ഇന്ന് നിലനിൽക്കുന്നത്. പള്ളി, തേണംകോട് കോവിലകങ്ങളുടെ അസ്ഥിവാരങ്ങൾ കാണാനുണ്ട്.


പല കോവിലകങ്ങളുടെയും പേരിലുള്ള കുളങ്ങൾ ഇന്നുമുണ്ട്.

ഉദയമംഗലം കോവിലകം നികുതി അടയ്ക്കാത്ത കാരണത്താൽ 1950 ൽ ലേലം ചെയ്തു വിറ്റതായും

കവിത

# മുജ്ജജ്ജൻ

സതീഷ് കുമാർ ടി.എൻ.
ഇടപ്പള്ളി, മൊ. 9895031738



പൗത്രി വളർന്നു നടന്നു തുടങ്ങിതേ
എത്രയോ പിന്നാലെ ഓടേണ്ടു ഞാൻ
അത്രയ്ക്കെളുതല്ല ഓട്ടമിപ്രായത്തിൽ
എത്രയും ക്ലേശമീ സപ്തതി മേൽ
എന്നിരുന്നാലും ഞാൻ നിൻപിമ്പിലോടുമ്പോൾ
പൊന്നേ മറക്കുന്നു പ്രായം ഞാനും
നിന്നുടെ കൊഞ്ചുന്ന വാക്കുകൾ കേൾക്കവേ
എന്നിൽ നിറയുന്നു സന്തുഷ്ടിയും
ഓടി നീ വന്നെൻ മടിയിലിരുന്നിട്ടു
താടി പിടിച്ചു വലിച്ചുനീട്ടും
കൂടിയ വേദനയുണ്ടെന്നു ഭാവിച്ചാൽ
ചാടിയെണീറ്റു തടവിത്തരും
നിന്നുടെ നെറ്റിയിൽ ഭസ്മം ഞാൻ ചാർത്തുമ്പോൾ
കണ്ഠത്തിൽ ചാർത്തണമെന്നു ചൊല്ലും
അമ്പോറ്റി തന്നുടെ ചിത്രത്തിൻ മുന്നിൽ നീ
കുമ്പിട്ടു വീണു നമസ്ക്കരിക്കും
അമ്പിളിമാമന്റെ പാട്ടുകളെപ്പോഴും
ഇമ്പത്തിൽ കേൾക്കുവാൻ വാശി കാട്ടും
പാട്ടിന്റെ താളത്തിനൊത്തു ചടുലമാം
നാട്യച്ചുവടുകൾ വച്ചിടും നീ
ഇപ്പോൾ മതിയെന്ന് ചൊല്ലി ഞാൻ നിർത്തിയാൽ
അപ്പോളവൾക്കുണ്ടാം ദേഷ്യഭാവം
കുഞ്ഞിനു ദേഷ്യമധികരിച്ചെന്നാലോ
കുഞ്ഞരിപ്പല്ലിനാൽ ദംശിച്ചിടും
അമ്പിളിമാമനെ പാതിയായ് കണ്ടാലോ
കമ്പം ചൊല്ലിക്കൊണ്ടു മാറിലൊട്ടും
'മുജ്ജജ്ജനെ'ന്നവൾ കൊഞ്ചി വിളിക്കുമ്പോൾ
മുജ്ജന്മ സുകൃതമതെന്നു തോന്നും
ഇജ്ജന്മ സാഫല്യം കിട്ടിയ പോലെ ഞാൻ
ഉജ്ജീവനത്തിൻ വഴിയില്ലല്ലോ
ഒരു ദിനമാകിലും നീയടുത്തില്ലെങ്കിൽ
മരുവും ഞാനേറ്റം വ്യഥിതനായി!

---

→

ലേലത്തിൽ വാങ്ങിയ കല്ല് ഉപയോഗിച്ച് ഏഴോം എന്ന സ്ഥലത്ത് ഒരു കമ്മ്യൂണിറ്റി റിക്രിയേഷൻ ക്ലബ്ബ് കെട്ടിയതായും അറിയുന്നു. ഇപ്പോൾ ഈ ക്ലബ്ബ് എഴോം പഞ്ചായത്തിന്റെ കൈവശമാണ് ഉള്ളത്.

ഉദയമംഗലം പള്ളി കോവിലകങ്ങളുടെയും അവയുടെ അവാന്തര ശാഖകളുടെയും വിഭാഗീയത പ്രവർത്തനങ്ങളും ചേരിതിരിഞ്ഞ പോരാട്ടവും മൂലം കോലത്തിരി രാജവംശത്തിന്റെ ഭരണം ദുർബല മാവുകയും കോലത്ത് നാട്ടിൽ നാഥനില്ലാത്ത അവസ്ഥ സംജാതമാവുകയും ചെയ്തു. ഈ അവസ്ഥ മുതലെടുത്ത് കർണാടക ഭരണാധികാരികളായ ഇക്കേരി രാജാക്കന്മാർ, ഹൈദരാലി, ടിപ്പു സുൽത്താൻ, ഡച്ചുകാർ, ഫ്രഞ്ചുകാർ എന്നിവർ ഇവിടെ ആധിപത്യം സ്ഥാപിക്കാൻ ശ്രമിച്ചു. നിരന്ത രമായ ആക്രമണങ്ങൾ കാരണം നാടും നാട്ടാരും ഏറെ വിഷമത്തിലായി. പിന്നീട് ബ്രിട്ടീഷുകാർ എല്ലാം പിടിച്ചടക്കി ഭരണം തുടങ്ങി. രാജാക്കന്മാർ നിത്യ-നിദാന ചെലവുകൾക്ക് പോലും ഈസ്റ്റ് ഇന്ത്യ കമ്പനിയോട് യാചിച്ചുനിൽക്കേണ്ട നിലവന്നു. ജനങ്ങളോട് യാതൊരു ഉത്തരവാദിത്വവുമില്ലാത്ത ബ്രിട്ടീഷ് ഭരണം, മലബാറിന്റെ ഭൗതികവും വിദ്യാ ഭ്യാസപരവുമായ വികസനങ്ങളെ അവഗണിച്ചു. തിരുവിതാംകൂറിനെ അപേക്ഷിച്ച് വടക്കേ മലബാർ വികസനത്തിന് പിറകിലായ കാരണവും ഇതാ യിരുന്നു. *(തുടരും)*



# വിദ്യാസ്മത് പരദേവത

**രാജലക്ഷ്മി**

കൊടുങ്ങല്ലൂർ, മൊ. 94970 24549

കൊടുങ്ങല്ലൂർ കോവിലകത്തിന്റെ മുദ്രാവാക്യം ആണ് 'വിദ്യാസ്മത് പരദേവത' എന്നത്. കൊടുങ്ങല്ലൂർ കോവിലകത്തിന്റെ പരദേവതയാണല്ലൊ ലോകാംബികയായ അമ്മ. അമ്മ വിദ്യാസ്വരൂപിണിയാണ്. മഹാകാളിയാണ്. മഹാലക്ഷ്മിയും ആണ്. വിദ്യയ്ക്ക് തന്നെ ആയിരുന്നു കുടുംബത്തിൽ പ്രാധാന്യം കല്പിച്ചിരുന്നത്.

കവിസാർവ്വഭൗമൻ കൊടുങ്ങല്ലൂർ കൊച്ചുണ്ണി തമ്പുരാൻ കൊടുങ്ങല്ലൂരമ്മയെ കുറിച്ചെഴുതിയ പാനയിലെ വരികൾ ഇത് വ്യക്തമാക്കുന്നു:

'സമ്പത്തും മഹാഭക്തിയും മുക്തിയും

അൻപോടെ ഞങ്ങൾക്കേകേണമേ ദേവി'.

വിദ്യയാകുന്ന സമ്പത്തിനു വേണ്ടിയുള്ള പ്രാർത്ഥനയായിരുന്നു എന്നും, കോവിലകത്തെ ഓരോ അംഗങ്ങൾക്കും. അതിനാൽ തന്നെ നളന്ദ, തക്ഷശില പോലുള്ള ഒരു ഗുരുകുലസമ്പ്രദായം പണ്ടുകാലത്ത് ഇവിടെ ഉണ്ടായിരുന്നു. ഒരിടയ്ക്ക് ജോലിസമ്പാദനത്തിന് പ്രാധാന്യം വന്നപ്പോൾ ഗുരുകുലത്തെ കൈവിടേണ്ടി വന്നു. എന്നാൽ പുതിയ തലമുറ ഗുരുകുലസ്മരണയെ ഏറ്റെടുക്കുകയും കൊടുങ്ങല്ലൂർ കളരിയിലെ വിദ്വാൻമാരുടെ ഗ്രന്ഥങ്ങൾ ശേഖരിച്ച് വീണ്ടും അവ ഈ തലമുറയിലേക്ക് പകർന്നുതരികയും ചെയ്യുന്നുണ്ട്. അതിനായി ഇന്നത്തെ മോഡേൺ ടെക്നോളജി പ്രയോജനപ്പെടുത്താനും കഴിയുന്നു. അറിയാത്ത പല കൃതികളും കുടുംബ വാട്സ്ആപ്പ് ഗ്രൂപ്പായ കളരിയിലൂടെ പുതുതലമുറയിലേക്ക് പകർന്നുനൽകുന്നു. കൂടാതെ, കൊടുങ്ങല്ലൂർ കോവിലകം ഭരണക്കമ്മിറ്റി എല്ലാ വർഷവും ഈ പൂർവികരെ ഓർമ്മിക്കാനും ആദരിക്കാനുമായി ഗുരുസ്മരണയും നടത്തിവരുന്നുണ്ട്. വിദ്വാൻ ഇളയ തമ്പുരാൻ, ഭാഗവതർ കുഞ്ഞുണ്ണി തമ്പുരാൻ, പ്രൊഫ. മരുമകൻ രാജ, ഭട്ടൻ തമ്പുരാൻ എന്നിവരെക്കുറിച്ച് നടത്തിയ ഗുരുസ്മരണകൾ ചില ഉദാഹരങ്ങളായി പറയാം.

ഞാൻ കോവിലകത്തെ പഴയ ചരിത്രങ്ങൾ അമ്മയിലൂടെയാണ് മനസ്സിലാക്കിയത്. പൊതുവെ വായനാശീലമില്ലാത്ത ഞങ്ങളെ (ഞാനും എന്റെ സഹോദരങ്ങളും) അമ്മ 'അക്ഷരവൈരികൾ' എന്നാണ് വിളിച്ചിരുന്നത്. അമ്മയിൽ നിന്നും കേട്ട വിഷയങ്ങളും പിന്നീട് കളരിയിൽ നിന്നും മനസ്സിലാക്കിയതും എന്നെ കൊടുങ്ങല്ലൂർ കോവിലകമെന്ന പ്രസ്ഥാനത്തെക്കുറിച്ച് കൂടുതൽ അറിയാനും ചിന്തിക്കാനും ഇടയാക്കി. ഇത്രയും മഹത്തായ പാരമ്പര്യമുള്ള ഒരു കുടുംബത്തിലെ കണ്ണിയാകാൻ കഴിഞ്ഞതിൽ അഭിമാനം തോന്നുന്നു. ഒപ്പം അമ്മയുടെ അനുഗ്രഹമായും കരുതുന്നു.

കൊടുങ്ങല്ലൂർ കോവിലകമെന്ന് കേട്ടാൽ പഴയ തലമുറ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ഈറ്റില്ലമെന്നായിരിക്കാം അറിഞ്ഞിരുന്നത്. അങ്ങിനെ കമ്മ്യൂണിസത്തിന് വേരോട്ടമുണ്ടാകുവാൻ കാരണവും തുറന്ന ചിന്താഗതിയും വിദ്യാഭ്യാസത്തിനോടുള്ള താല്പര്യവും തന്നെയാണ്.

പഴയ ആചാരങ്ങൾ പുതു തലമുറക്ക് അനാചാരമായി മാറിയപ്പോൾ ആ തലമുറ മാറ്റത്തിനായി മുറവിളി കൂട്ടാൻ തുടങ്ങി. മാറ്റങ്ങൾ അംഗീകരിക്കാൻ കാരണവന്മാർ വിസമ്മതിച്ചപ്പോൾ അത് വിപ്ലവമായി മാറി. പലപ്പോഴും നന്മകൾ നടപ്പാക്കാൻ വിപ്ലവം അനിവാര്യമാകും. അത് കോവിലകത്തും സംഭവിച്ചു.

പഴയകാലത്ത് സ്ത്രീകൾക്ക് പ്രാഥമിക വിദ്യാഭ്യാസം മാത്രമേ നൽകിയിരുന്നുള്ളു. കുടുംബത്തിൽ പ്രൈവറ്റ് ട്യൂഷനിലൂടെ എഴുത്തും വായനയും പഠിപ്പിക്കുക. എന്നാൽ സംസ്കൃതം, ആയുർവേദം, കലകൾ ഇവ നന്നായി പ്രോത്സാഹിപ്പിച്ചിരുന്നു. അതു കൂടാതെ തൃപ്പൂണിത്തുറ, കൊടുങ്ങല്ലൂർ പോലുള്ള വലിയ കുടുംബങ്ങളിൽ 'പാലസ്

സ്ക്കൂൾ' എന്നൊരു സംവിധാനം ഉണ്ടായിരുന്നു. കുടുംബത്തിലെ എല്ലാ കുട്ടികൾക്കും ഏഴാം ക്ലാസ് വരെ പഠിക്കാൻ ഉള്ള അവസരം ഉണ്ടായിരുന്നു. അവിടെ ഇംഗ്ലീഷ് ഒരു വിഷയമായി പഠിപ്പിച്ചിരുന്നു. എട്ട്, ഒൻപത്, പത്ത് ക്ലാസ്സുകൾ പ്രൈവറ്റായി പഠിച്ച് പരീക്ഷ എഴുതുകയാണ് ചെയ്തിരുന്നത്. പത്താം ക്ലാസ്സ് പാസ്സായവർ പാലസ് സ്ക്കൂളിൽ ടീച്ചറായി ജോലി നോക്കിയിരുന്നു.

പിന്നീടു വന്ന തലമുറയിലെ പെൺകുട്ടികൾക്ക് ഏഴാം ക്ലാസ്സ് കഴിഞ്ഞാൽ ഗവണ്മെന്റ് സ്ക്കൂളിൽ ചേർന്ന് പഠിക്കാൻ അവസരം വേണമെന്ന് വാദിക്കാൻ തുടങ്ങി. അന്നത്തെ അമ്മാവന്മാർ അത് അനുവദിച്ചില്ല. അന്ന് കൗമാരക്കാരായ ആൺ/ പെൺ കുട്ടികളെല്ലാം ആധുനിക വിദ്യാഭ്യാസത്തിനായി സമരം ചെയ്തു. അതേ കാലഘട്ടത്തിലാണ് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനവും കോവിലകങ്ങളിൽ ശക്തിപ്പെട്ടു തുടങ്ങിയത്. ഒടുവിൽ അമ്മാവന്മാർക്ക് പുതിയ തലമുറയ്ക്ക് മുൻപിൽ കീഴടങ്ങേണ്ടി വന്നു.

പത്താം ക്ലാസ് പാസ്സായതിനു ശേഷം പല പെൺകുട്ടികളും ടൈപ്പും ഷോർട്ട്ഹാന്റും പഠിച്ചു. പതിനെട്ടു വയസ്സ് തികഞ്ഞപ്പോൾ പോർട്ട്ട്രസ്റ്റിൽ ജോലി നേടിയ ആദ്യത്തെ തമ്പുരാട്ടിയായിരുന്നു നളിനി തമ്പായി. അതിനു ശേഷം ഗംഗ തമ്പായിയും പോർട്ട്ട്രസ്റ്റിൽ ജോലിക്ക് കയറി. ഗവണ്മെന്റിന്റെ വിദ്യാഭ്യാസവകുപ്പിൽ ജോലി നേടി സാവിത്രി തമ്പുരാട്ടി. ഇത് പിന്നീടുള്ളവർക്ക് ഒരു പ്രോത്സാഹനമായി മാറി.

ആ കാലഘട്ടത്തിൽ ഹിന്ദി പ്രചാരസഭയുടെ നേതൃത്വത്തിൽ ഹിന്ദി പഠിക്കാനുള്ള അവസരം ലഭിച്ചു. ഇന്ദിര തമ്പുരാട്ടി, ഭദ്ര തമ്പുരാട്ടി എന്നിവർ ഹിന്ദി രാഷ്ട്രഭാഷ, വിശാരദ് എന്നീ കോഴ്സുകൾ പഠിച്ചു. ഇന്ദിര തമ്പുരാട്ടി സ്ക്കൂളിൽ ടീച്ചറായപ്പോൾ ഭദ്ര തമ്പുരാട്ടി വീട്ടിൽ അനേകം പേർക്ക് പ്രൈവറ്റായി ക്ലാസ്സ് എടുത്തിരുന്നു.

പിന്നീടുള്ളവർ കോളേജ് വിദ്യാഭ്യാസം കഴിഞ്ഞ് പലരും ടീച്ചർമാരായി. കൊടുങ്ങല്ലൂരെ രണ്ടു കോവിലകങ്ങളിൽ (പുത്തൻ കോവിലകം, ചിറക്കൽ കോവിലകം) നിന്നും ആദ്യമായി ഡോക്ടർ ആയത് ചിറക്കൽ കോവിലകത്തെ ഓമന തമ്പായിയാണ്.


സ്ത്രീകളുടെ വിദ്യാഭ്യാസത്തിനു വേണ്ടി പോരാടിയ കൊടുങ്ങല്ലൂർ കുഞ്ഞുക്കുട്ടി തമ്പുരാട്ടിയെ സ്മരിക്കാതിരിക്കാൻ കഴിയില്ല. സംസ്കൃതത്തിൽ വിദുഷി ആയിരുന്ന കുഞ്ഞുക്കുട്ടി തമ്പുരാട്ടി പണ്ഡിതരാജ കൊച്ചിക്കാവ് തമ്പുരാട്ടിയുടെ ശിഷ്യയാണ്. പിന്നീട് സാമ്പത്തികമായി ബുദ്ധിമുട്ടുള്ളവർക്ക് പഠിക്കാനായി ഒരു ട്യൂഷൻ സെന്റർ സ്ഥാപിച്ചു. അതു കൂടാതെ ഒരു പോളിടെക്നിക്, വിദ്യുത്പീഠമെന്ന സംസ്കൃത കോളേജ് ഇവയും തുടങ്ങി. എൻജിനീയറിങ് വിഷയങ്ങളിലടക്കം നടത്തിയിരുന്ന അംഗീകൃത ഡിപ്ലോമ കോഴ്സുകളിൽ പഠിക്കാൻ അടുത്ത പ്രദേശങ്ങളിൽ നിന്നും ധാരാളം പേർ എത്തിയിരുന്നു. കൊടുങ്ങല്ലൂർ കുഞ്ഞുക്കുട്ടൻ തമ്പുരാൻ മെമ്മോറിയൽ കോളേജ് സ്ഥാപിക്കുന്നതിനായി മുൻകൈ എടുത്തത് തമ്പുരാട്ടി തന്നെയാണ്. കറകളഞ്ഞ കമ്മ്യൂണിസ്റ്റും തികഞ്ഞ ദേവീ ഭക്തയുമായിരുന്നു. തമ്പുരാട്ടിയുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങളെ മാനിച്ച് കൊടുങ്ങല്ലൂർ ഗേൾസ് ഹയർസെക്കന്ററി സ്ക്കൂൾ കുഞ്ഞുക്കുട്ടി തമ്പുരാട്ടി മെമ്മോറിയൽ ആയിട്ടാണ് അറിയപ്പെടുന്നത്.

കൊടുങ്ങല്ലൂർ കോവിലകം എന്നും വിദ്യാ സമ്പാദനത്തിനു തന്നെയാണ് പ്രാധാന്യം നൽകിയിരിക്കുന്നത്. അതിന് കാരണക്കാർ കോവിലകത്തെ അന്നത്തെ പ്രതിഭാശാലികളായ തമ്പുരാക്കന്മാർ തന്നെയാണ്. ജാതിയോ മതമോ തീണ്ടായ്മയോ നോക്കാതെ വിദ്യ നൽകിയതിനുള്ള ഉത്തമ ഉദാഹരണമാണ് പണ്ഡിറ്റ് കറുപ്പൻ.

കുഞ്ഞുക്കുട്ടൻ തമ്പുരാൻ, കവി സാർവ്വഭൗമൻ ചെറിയ കൊച്ചുണ്ണി തമ്പുരാൻ, ഭാഗവതർ കുഞ്ഞുണ്ണി തമ്പുരാൻ ഇവർക്കെല്ലാം അനേകം ശിഷ്യ സമ്പത്തുണ്ടായിരുന്നു. ഭാഗവതർ കുഞ്ഞുണ്ണി തമ്പുരാൻ നാട്യശാസ്ത്രത്തിൽ പ്രഗത്ഭനായിരുന്നു. ആ കാലഘട്ടത്തിലെ കഥകളി, കൂടിയാട്ടം കലാകാരന്മാർ അദ്ദേഹത്തിന്റെ ശിഷ്യസമ്പത്തായിരുന്നു.

വൈദ്യം, തച്ചുശാസ്ത്രം, ജാലവിദ്യ, മാതംഗലീല, ആയുർവ്വേദം എന്നീ വിഷയങ്ങളും കൊടുങ്ങല്ലൂർ കളരിയിൽ അഭ്യസിപ്പിച്ചിരുന്നു. പല ദേശത്തു നിന്നും പണ്ഡിതർ ഉപരിപഠനത്തിനായി കൊടുങ്ങല്ലൂർ കോവിലകത്ത് താമസിച്ചിരുന്നു.


ഇന്നത്തെ തലമുറയിലും എല്ലാ രംഗത്തും പ്രഗത്ഭരായവർ ധാരാളം ഉണ്ട്. നവജാതശിശുക്കൾ മുതൽ വൃദ്ധരെ വരെ ചികിത്സിക്കാനുള്ള ഡോക്ടർമാരെ സംഭാവന ചെയ്ത കൊടുങ്ങല്ലൂർ കോവിലകത്തുള്ളവർ വിദ്യാദേവിയുടെ അനുഗ്രഹത്താൽ ഇന്നും സമ്പന്നരാണ്. ●



# കാലപുരുഷനെന്ന മഹാപുരുഷൻ

**ഇ.കെ. രാജവർമ്മ**
വെള്ളാരപ്പിള്ളി, മൊ. 9447327450

മഹാകാലമാണ് ജ്യോതിഷത്തിന്റെ അച്ചുതണ്ട്. അതിനെ പന്ത്രണ്ടു രാശികളിലും നിറയുന്ന ഒരു മഹാപുരുഷനായി കാലപുരുഷനെ വിഭാവനം ചെയ്തിരിക്കുന്നു. 'ബൃഹജ്ജാതകം' ഒന്നാമധ്യായത്തിൽ രാശികൾ കാലപുരുഷന്റെ അവയവങ്ങളാണെന്നു പറയുന്നു. 'കാലാഗ്നി....' എന്നാരംഭിക്കുന്ന ശ്ലോകത്തിൽ മേടം രാശി കാലപുരുഷന്റെ വരാംഗം (ശിരസ്സ്) എന്നു വ്യക്തമാക്കുന്നു. ഇടവം ആംഗനം (മുഖം), മിഥുനം കാലപുരുഷന്റെ ഉരസ്സ് (മുഖത്തിന് താഴെ കൈകളുടെയും ചുമലിന്റെയും ഇടയ്ക്കുള്ള സ്ഥലം), കർക്കിടകം ഹൃദയം, ചിങ്ങം ഉദരം (നാഭി വരെയുള്ള ഭാഗം), കന്നി വസ്ത്രം മുറുക്കുന്ന അരക്കെട്ട്, തുലാം വസ്തി (ലിംഗനാഭിയുടെ മദ്ധ്യം മുതൽ ലിംഗമൂലം വരെ), വൃശ്ചികം രഹസ്യഭാഗങ്ങളും (ലിംഗമൂലം തൊട്ട് ഗുദം വരെ), ധനു തുടകൾ, മകരം കാൽമുട്ട്, കുംഭം കണങ്കാൽ, മീനം പാദങ്ങൾ എന്നാണ് വിവരണം.




എന്നിരുന്നാലും ഒരു വ്യക്തിയുടെ ലഗ്നം നോക്കിയാണ് ആ വ്യക്തിയുടെ അവയവങ്ങളെക്കുറിച്ച് ചിന്തിക്കേണ്ടത്. ഉദാഹരണത്തിന് ചിങ്ങം രാശിയാണ് ഒരു വ്യക്തിയുടെ ലഗ്നം എന്നിരിക്കട്ടെ, അപ്പോൾ ആ വ്യക്തിയുടെ ഒന്നാം ഭാവം ശിരസ്സ് ആയും കന്നി മുഖമായും അങ്ങനെ തുടർന്നുള്ള ഓരോ രാശികളെ അതാത് അവയവമായും കണക്കാക്കി വേണം ചിന്തിക്കാൻ.

ജനന സമയത്ത് ഏതേതു രാശികളിലാണോ ശുഭന്മാരുടെയോ (ബുധൻ, വ്യാഴം, ശുക്രൻ, പൂർണ്ണചന്ദ്രൻ) അധിപന്റെയോ യോഗദൃഷ്ട്യാദികൾ ഉണ്ടാവുന്നത് അങ്ങനെയുള്ള രാശികൾക്ക് പറഞ്ഞിട്ടുള്ള അവയവങ്ങൾക്ക് പുഷ്ടിയും പാപന്മാരുടെ (ചൊവ്വ, സൂര്യൻ, ശനി, രാഹു, കേതു) യോഗദൃഷ്ടികളുള്ള രാശ്യവയവങ്ങൾക്ക് ബലക്കുറവും രോഗം മുതലായ അനിഷ്ടങ്ങളും ഉണ്ടാവുമെന്ന് പറയണം. ഇതിനെ കൂടുതൽ സൂക്ഷ്മമായി ഗണിക്കുന്നതിനായി ആ രാശിയിലുള്ള 9 നക്ഷത്രപാദങ്ങളിൽ ആ പാപഗ്രഹം നിൽക്കുന്നതിനെ ബന്ധപ്പെടുത്തി പറയേണ്ടി വരും.

ഉദാഹരണം: പന്ത്രണ്ടാം രാശിയായ മീനത്തിൽ പാപഗ്രഹം രാഹുവോ കേതുവോ ശനിയോ ഒക്കെ നിന്നാൽ ആ വ്യക്തിയുടെ പാദങ്ങൾക്ക് വ്രണമോ മറ്റ് രോഗങ്ങളോ ഉണ്ടെന്ന് മനസ്സിലാക്കാം. കാരണം കാലപുരുഷന്റെ കാലടികളാണല്ലോ മുകളിൽ വ്യക്തമാക്കിയ നിയമപ്രകാരം മീനം രാശി.

ഒരു വ്യാധിയെക്കുറിച്ച് ചിന്തിക്കുമ്പോൾ ജാതകന്റെ ജനന ലഗ്നത്തെ ശിരസ്സായും രണ്ടാം ഭാവത്തെ മുഖമായും ക്രമത്തിൽ സങ്കൽപ്പിച്ചുകൊണ്ടുള്ള അംഗവിന്യാസവും സംഗതമാണ്. അവിടവിടങ്ങളിലെ

കവിത

# അന്ത്യോദകം



ഗായത്രി വർമ്മ
മൊ. 8767703276

പതി, പരമേശ്വരൻ, മൺമറഞ്ഞു
കാല യവനികയിൽ പോയ്മറഞ്ഞു
അഗ്നിസാക്ഷിയായ് ദേഹം തിരിച്ചേകി
പഞ്ചഭൂതങ്ങളതേറ്റുവാങ്ങി.

മന്ത്രങ്ങളോടെ, ഓതിയ്ക്കോനോതി
ഭാര്യ മാറിനില്ക്കട്ടെ, നിഴലടിക്കരുത്
തീണ്ടാപ്പാടകലെ നില്ക്കണം സ്ത്രീകൾ
മകനുമനിയനും ചെയ്യട്ടെ കർമ്മങ്ങൾ

ഇന്നലെവരെയെന്നേപ്പോറ്റിയ,
ഞാൻ പോറ്റിയ,അ,ദ്ദേഹമന്യമായോ
ഓതിയ്ക്കോനോതി വീണ്ടും
"ദേഹിയ്ക്കു വൈതരണി കടക്കുവാൻ

ദാനങ്ങൾ നൽകേണം ഭക്തിയായി
കുടയും വടിയും ചെരിപ്പും പുതപ്പും
മെത്തയും പണവും സ്വർണ്ണവും
വൈതരണി ഭയാനകമാണല്ലോ"

"ദേഹിക്കുണ്ടോ തണുപ്പും ചൂടും
മുള്ളു-മുരട് മൂർഖൻ പാമ്പിനേ പേടിയും"
സംശയം ചോദിക്കാനാഞ്ഞ എന്നേ
ഒരു നോട്ടത്താലൊതുക്കിയോതിയ്ക്കോൻ.

"സാധനങ്ങളില്ലെങ്കിൽ പണമായ്
മതി, കാര്യം സാധിയ്ക്കാം ഞാൻ"
ഈറൻ കച്ചയിൽ വിറയ്ക്കും
മകനുമോതി മൗനമായത്.

ആർഷ സംസ്ക്കാരവും വിരൽചൂണ്ടി
ജാതിസംസ്ക്കാരം കണ്ണടച്ചു
'മാറ്റുവിൻ ചട്ടങ്ങളെ' എന്നോ
തിയ കാലം പോയി നിശബ്ദമായി.

ഓതിയ്ക്കോനോതി വീണ്ടും "പ്രേത
ലോകം പോകാതെ മുക്തി
നേടുവാനിതത്രെ ഏകമാർഗ്ഗം
ചൊല്ലുന്നു ഋഷികളും സ്മൃതികളും"

ഞാനോർത്തുപോയീയിതൊക്കെ
ചൊല്ലിയതും മനുഷ്യരല്ലേ?
എങ്കിലവരെങ്ങനെയറിഞ്ഞു
പ്രേതലോകവും വൈതരണിയും.


മിണ്ടാനുംവയ്യ മിണ്ടാതിരിക്കാനും
വയ്യെനിക്ക്,മരിച്ചതെൻ പതിയല്ലേ
"പതി,പരമേശ്വനാണ് നാരിമാർക്ക്"
ചൊല്ലുന്നു സമൂഹമിന്നും.

---

→

ശുഭപാപന്മാരുടെ യോഗവും ദൃഷ്ടിയുമനുസരിച്ച് ഫലം പറയുന്ന രീതിയും അനുവർത്തിച്ചുപോരുന്നുണ്ട്. ദൈവജ്ഞന്റെ ഗുരുത്വവും സൂക്ഷ്മഗ്രഹണ പാടവവും ഉന്നതമായ വിവേകശക്തിയും എന്തിലുമെന്ന പോലെ ഇക്കാര്യത്തിലും പ്രസക്തമാണ്.

ഇപ്രകാരം ഒരു വ്യക്തിയുടെ രോഗാവസ്ഥയെയും രോഗനിർണ്ണയത്തെയും കാലപുരുഷ ചിന്തനയിൽ കൂടി കണ്ടെത്താൻ സാധിക്കും. ഇത് ഇപ്പോൾ ആരോഗ്യ ജ്യോതിഷം (Medical Astrology) എന്ന ഒരു വലിയ വിഭാഗത്തിന് വഴിയൊരുക്കിയിട്ടുണ്ട്. കൂടുതൽ ഗവേഷണങ്ങൾ ഈ രംഗത്ത് നടത്തുന്നത് ആരോഗ്യ വിഷയങ്ങളിൽ മുതൽക്കൂട്ടാവും. ●



# മുഴക്കുന്ന് ശ്രീ മൃദംഗശൈലേശ്വരി ക്ഷേത്രം

രമേശ്ചന്ദ്ര വർമ്മ
സരോവരം, കോട്ടക്കൽ, മൊ. 9249337928

'മാതംഗാനനമബ്ജവാസരമണിം
ഗോവിന്ദമാദ്യം ഗുരും
വ്യാസം പാണിനി ഗർഗ്ഗനാരദ
കണാദാദ്യാൻ മുനീന്ദ്രാൻ ബുധാൻ
ദുർഗ്ഗാഞ്ചാപി മൃദംഗശൈലനിലയാം ശ്രീ
പോർക്കലീം ഇഷ്ടദാം
ഭക്ത്യാ നിത്യമുപാസ്മഹേ സപദിനഃ
കുർവന്ത്വമീ മംഗളം'

കളിഭ്രാന്തന്മാർക്ക് ആവേശം പകരുന്ന ഈ കഥകളി വന്ദനശ്ലോകം എത്ര തവണ വേണമെങ്കിലും കേട്ടിരിക്കാൻ സുഖമാണ്; തന്നെയുമല്ല; വളരെ ഊർജ്ജം പകരുന്ന ശ്ലോകവുമാണ്.

ചരിത്രവും ഐതിഹ്യവും കൊണ്ട് സമ്പന്നമാണ് ഈ ശ്ലോകത്തിന്നുറവിടമായ ശ്രീ മൃദംഗശൈലേശ്വരി ക്ഷേത്രവും പരിസരവും! സാക്ഷാൽ പരശുരാമൻ സ്ഥാപിച്ച നൂറ്റിയെട്ട് ദുർഗ്ഗാക്ഷേത്രങ്ങളിലൊന്നാണ് ശ്രീ മൃദംഗശൈലേശ്വരി ക്ഷേത്രം.

കണ്ണൂർ ടൗണിൽ നിന്നും ഏകദേശം നാല്പത്തിയേഴു കിലോമീറ്റർ യാത്ര ചെയ്താൽ ശ്രീ മൃദംഗശൈലേശ്വരി ക്ഷേത്രത്തിലെത്താം. മട്ടന്നൂർ, ഇരിട്ടി, പേരാവൂർ, കൂത്തുപറമ്പ് എന്നീ പട്ടണങ്ങളാൽ ചുറ്റപ്പെട്ടു കിടക്കുന്നു ഈ പുരളിമല പ്രദേശം. പലതരം വൃക്ഷങ്ങളാലും സസ്യലതാദികളാലും സമ്പന്നമാണ് പുരളിമല. പശ്ചിമഘട്ട മലനിരകളുടെ തുടർച്ച



യാണ് പുരളിമല. സമുദ്രനിരപ്പിൽ നിന്ന് 1800 അടി ഉയരത്തിൽ പുരളിമല സ്ഥിതിചെയ്യുന്നു.

ഹനുമാൻ മൃതസഞ്ജീവനിയുമായി പോയപ്പോൾ ഒരുതരി മണ്ണ് അടർന്നുവീണുണ്ടായതാണത്രെ പുരളിമല. ഈ പ്രദേശത്ത് വച്ചാണ് പഴശ്ശിരാജ കോട്ടയത്ത് തമ്പുരാന്റെ പ്രസിദ്ധമായ നാല് ആട്ടക്കഥകളായ കല്യാണ സൗഗന്ധികം, ബകവധം, നിവാതകവച കാലകേയ വധം, കിർമ്മീരവധം എന്നിവ രചിക്കപ്പെട്ടത്. കാവ്യഗുണം തികഞ്ഞതും ഗഹനഭാവമാർന്നതുമായ രചനകളാണ് കോട്ടയം കഥകൾ! രംഗാവിഷ്കാരത്തിന് വളരെയധികം സങ്കേതങ്ങൾ നൽകി, ശില്പചാരുതയോടെയാണ് ഈ ആട്ടക്കഥകൾ രചിക്കപ്പെട്ടിട്ടുള്ളത്.


വേഷവിധാനങ്ങൾ ചിട്ടപ്പെടുത്തുന്ന വേളയിൽ തമ്പുരാന് സ്ത്രീ വേഷം എങ്ങനെയാവണം എന്ന് ചിന്തയുണ്ടാവുകയും ആ സമയത്ത് ക്ഷേത്രക്കുളത്തിൽ നടുവിലായി ശ്രീപോർക്കലീ ദേവി, കഥകളിക്കനുയോജ്യമായ സ്ത്രീ വേഷത്തിൽ പ്രത്യക്ഷപ്പെട്ട് കാണിച്ചുകൊടുത്തു എന്ന് ഐതിഹ്യം! ഇന്ന് നാം കാണുന്ന സ്ത്രീ വേഷം ദേവി പ്രത്യക്ഷപ്പെട്ട് കാണിച്ചുകൊടുത്തതാണ്.

ബ്രിട്ടീഷുകാരുമായുള്ള പോരാട്ടത്തിന് പുറപ്പെടുംമുമ്പ് വീരപഴശ്ശി ശ്രീപോർക്കലീ ദേവിയുടെ അനുഗ്രഹം തേടിയിരുന്നു. പഴശ്ശിരാജാവ് ബ്രിട്ടീഷുകാരുമായുള്ള യുദ്ധങ്ങളിൽ പുരളിമലയിലെ കുറിച്യർ സമുദായക്കാരുടെ സഹായത്തോടെ പുരളിമലയിൽ ഒളിവിൽ താമസിച്ച് പോരാട്ടങ്ങളിലേർപ്പെട്ടു.

ശ്രീ മൃദംഗ ശൈലേശ്വരീ ക്ഷേത്രത്തിലെ വിഗ്രഹവുമായി ബന്ധപ്പെട്ട് രസകരമായ അനുഭവസാക്ഷ്യങ്ങൾ നിലനിൽക്കുന്നു. ക്ഷേത്ര വിഗ്രഹം പല തവണ മോഷ്ടിക്കപ്പെട്ടിട്ടുണ്ടെങ്കിലും മോഷ്ടാക്കൾക്ക് ദിശാബോധം നഷ്ടപ്പെടുകയും ദേഹാ

കവിത

# കണ്ണുകൾ



കെ. കൃഷ്ണകുമാർ
തൃശ്ശൂർ, മൊ. 9895139348

*— വൃദ്ധസദനത്തിലെ ഒരു രാത്രി*

ഇരവിലെപ്പൊഴോ ദീപമണഞ്ഞുപോ,-
യരികിലുണ്ടൊരു കൂട്ടം വയോധികർ
ഇരുളിലാണു ഞാൻ,ചുറ്റുമിരിക്കുന്നൂ
നര നിറഞ്ഞ തലകൾ, മനസ്സുകൾ...

പഴയ കാലത്തിളക്കത്തിലിപ്പോഴു-
മുഴറി നീങ്ങുന്ന മാനുഷജന്മങ്ങൾ,
ഗതവസന്തസ്മരണകൾ; മറ്റൊരു
ഗതിയുമില്ലാതലയുമാത്മാവുകൾ

അതിവിദൂരമാം ബാല്യം,വികൃതികൾ,
മതി വരാത്ത കൗമാരത്തിളപ്പുകൾ
പടവുകൾ കേറി നീങ്ങവേ ജീവിത-
മടരുകളായിളകിക്കൊഴിഞ്ഞുപോയ്
പടരുമഗ്നിയണഞ്ഞുപോയ്, ബാക്കിയു-
ണ്ടൊടുവിൽ രണ്ടു ജ്വലിക്കുന്ന കണ്ണുകൾ!! ●

---

→

സ്വാസ്ഥ്യം അനുഭവപ്പെടുകയും മൂലം വിഗ്രഹം ഉപേക്ഷിച്ച് കടന്നുകളയേണ്ടിവരികയും ചെയ്തു എന്ന് അനുഭവങ്ങൾ!

സംഗീതത്തിന്റെ ജീവൻ തുടിക്കുന്നതും കഥകളി പദങ്ങൾ മൂളുന്നതും കളരിയങ്കത്തിന്റെ ചടുലതാളങ്ങൾ ചുവടുവയ്ക്കുന്നതും കലകളുടെ കളാരവങ്ങളോതുന്നതും പടപ്പുറപ്പാടിന്റെ കഥകളോതുന്ന കാവും ഉൾപ്പെട്ട ഈ മൃദംഗ ശൈലേശ്വരീ ക്ഷേത്രാങ്കണം നേരിട്ടുകാണുമ്പോൾ എന്തെന്നില്ലാത്ത ഒരു അനുഭൂതി മനസ്സിൽ നിറയുന്നു! ആദിപരാശക്തിയുടെ നേരിട്ടുള്ള അനുഗ്രഹം നമ്മുടെ മനസ്സുകളിൽ നിറയുന്നു.

മഹാകാളി (പോർക്കലി), മഹാലക്ഷ്മി, സരസ്വതി ഐക്യരൂപേണയാണ് ഭഗവതിയെ ആരാധിച്ചുവരുന്നത്. വിജയദശമി നാളിൽ ഇവിടെ വിദ്യാരംഭം നടത്തുന്നത് വളരെ ഉത്തമമാണ് എന്ന് വിശ്വസിക്കപ്പെടുന്നു.

സ്വർലോകത്തുനിന്നും കലാസാഹിത്യ സ്വരൂപിണിയായ മഹാസരസ്വതി ഒരു മിഴാവിന്റെ രൂപത്തിൽ (മൃദംഗ രൂപത്തിൽ) വീണ സ്ഥലമാണത്രെ മൃദംഗ ശൈലനിലയമെന്നറിയപ്പെടുന്നത്.

ക്ഷേത്രത്തിന് പടിഞ്ഞാറു മാറി സ്ഥിതിചെയ്യുന്ന നീരുറവയാണ് കുമാരധാര! ഈ കുമാരധാരയിൽ പെട്ടുപോയാൽ രക്ഷപ്പെടുന്നയാൾ മഹാ പണ്ഡിതനായിത്തീരുമെന്നാണ് സങ്കല്പം.


കോട്ടയം രാജവംശത്തിൽ ഒരിക്കൽ മന്ദബുദ്ധിയായ ഒരു കുട്ടി ജനിക്കാനിടവന്നു. ഇത് എല്ലാവരേയും വേദനിപ്പിച്ചു. കോട്ടയം രാജാക്കന്മാരും സാമൂതിരിമാരും തമ്മിൽ നല്ല ബന്ധത്തിലായിരുന്നു. അവർ പരസ്പരം കാണുമ്പോൾ സംസ്കൃതത്തിലാണത്രേ ആശയവിനിമയം ചെയ്യാറുണ്ടായിരുന്നത്.

എന്നാൽ മന്ദബുദ്ധിയായ കുട്ടിയാവട്ടെ ഒരിക്കൽ ആശയവിനിമയത്തിനിടെ മയാ കിം കർത്തവ്യം? (എന്റെ കർത്തവ്യം എന്താണ്?) എന്ന് ചോദിക്കുന്നതിനു പകരം മയ കിം കർത്തവ്യം? എന്ന് ചോദിച്ചു. മറുവശത്ത് രാജാവാകട്ടെ, ദീർഘോച്ചാരണം കർത്തവ്യം എന്ന് പറയുകയും ചെയ്തു. ഇതിൽ മനം നൊന്ത് അമ്മത്തമ്പുരാട്ടി മന്ദബുദ്ധിയായ കുമാരനെ കുമാരധാരയിൽ കൊണ്ടിടാൻ കല്പിച്ചു. ഏറെ വിഷമത്തോടെയെങ്കിലും ഭൃത്യന്മാർ അനുസരിച്ചു.

കുമാരധാരയിൽ നിന്നും അർദ്ധപ്രാണനായി രക്ഷപ്പെട്ടുപോന്ന കുമാരനാവട്ടെ, പിൽക്കാലത്ത് കോട്ടയത്ത് തമ്പുരാനായി കെങ്കേമമായ നാല് ആട്ടക്കഥകൾ രചിച്ചു! ഇതാണ് ശ്രീ മൃദംഗ ശൈലേശ്വരി ദേവിയുടെ അനുഗ്രഹത്തിന്റെ ആഴവും പരപ്പും. ●

യാത്രകൾ – 25

# ഒഡിഷ – 1



**കെ. ഹരികൃഷ്ണ വർമ്മ**
ചേർത്തല, മൊ. 9447484099

കുറച്ചു കാലമായി ഞങ്ങളുടെ ഇഷ്ടങ്ങളും പ്രാധാന്യങ്ങളും നേരമ്പോക്കുകളും എല്ലാം ഞങ്ങളുടെ കൊച്ചുമകൻ കുഞ്ഞുണ്ണിയുടെ സൗകര്യവും സന്തോഷവും നോക്കി മാത്രം ആയിരിക്കുകയാണ്. പലപ്പോഴും യാത്രകൾ മോൾ അമ്മുവിനോടും മരുമകൻ മഹിയോടും ഒപ്പം ആയത് ഇക്കാരണം കൊണ്ടു കൂടിയാണ്. അവൻ കളിചിരികളും തമാശകളും തുടർച്ചയായ 'തള്ളു'കളും എനിക്കും മായയ്ക്കും ലഹരിയോളം എത്തുന്ന അവസ്ഥയാണ് പ്രദാനം ചെയ്യുന്നത്. അങ്ങനെ 2024-ലെ അവസാന യാത്രയും അവരോടൊപ്പം തന്നെ ആയി.

ഡിസംബർ 20 രാവിലെ 9 മണിയുടെ ഇൻഡിഗോ പിടിക്കുന്നതിനായി മകൻ അപ്പുവും മരുമകൾ വർഷയും കൂടി ഞങ്ങളെ തിരുവനന്തപുരം അന്തർദ്ദേശീയ വിമാനത്താവളത്തിൽ കൊണ്ടുവിട്ടു. പത്തു മണിക്ക് ഹൈദരാബാദിൽ ഞങ്ങളെക്കാത്ത് അമ്മുവും മഹിയും കുഞ്ഞുണ്ണിയും വിമാനത്താവളത്തിൽ ഉണ്ടായിരുന്നു.

ഡിസംബർ 22 രാവിലെ അഞ്ചു മണിയോടെ ഞങ്ങൾ ഹൈദരാബാദിൽ ഗച്ചിബോളിയിലെ അവരുടെ താമസസ്ഥലത്തു നിന്നും റോഡ് മാർഗ്ഗം ഒഡിഷയിലെ പുരിയിലേക്കുള്ള യാത്ര ആരംഭിച്ചു. മഹിയുടെ മഹീന്ദ്ര എസ്‌യുവി ആയിരുന്നു ഞങ്ങളുടെ വാഹനം. എടുത്തുപറയേണ്ട ഒരു പ്രധാന കാര്യം അവിടത്തെ നിരത്തുകളാണ്. രാജവീഥികൾക്കു സമാനമായ നിരത്തുകളിൽ ബംഗളുരുവിനെ അപേക്ഷിച്ച് തിരക്കും കുറവാണ്. ഒരു മണിക്കൂറിനുള്ളിൽ ഞങ്ങൾ നഗരാതിർത്തി പിന്നിട്ടു. പ്രഭാതഭക്ഷണം കരുതിയിരുന്നെങ്കിലും വഴിക്ക് ഒരു ചെറിയ ചായപ്പീടികയിൽ നിന്ന് ബോണ്ടയും ചായയും കൂടിച്ചേർത്ത് ഭക്ഷണം കുശാലാക്കി. ഞങ്ങളുടെ ആദ്യത്തെ ലക്ഷ്യം വിശാഖപട്ടണം ആയിരുന്നു. ആന്ധ്രാപ്രദേശിലെ ഒരു പ്രധാന തുറമുഖ പട്ടണമാണ് വിശാഖപട്ടണം. ഭാരതത്തിന്റെ കിഴക്കൻ തീരത്തുള്ള പ്രകൃതിദത്തമായ തുറമുഖം കൂടിയാണ് വിശാഖപട്ടണം. നാവികപ്പടയുടെ ആസ്ഥാനം എന്നതു കൂടാതെ ഒരു ആധുനിക കപ്പൽ നിർമ്മാണ ശാലയും പട്ടണത്തിൽ ഉണ്ട്. 1941-ൽ സിന്ധ്യാ സ്റ്റീൽ നാവിഗേഷൻ കമ്പനിയാണ് വിശാഖപട്ടണത്ത് കപ്പൽ നിർമ്മാണ ശാല ആരംഭിച്ചത്. 1952-ൽ ഭാരത സർക്കാർ ഈ കമ്പനി ഏറ്റെടുത്ത് ഹിന്ദുസ്ഥാൻ ഷിപ്പ്‌യാർഡ് എന്ന പൊതുമേഖലാ സ്ഥാപനം ആക്കി. വൈകിട്ട് ഏകദേശം 4.30 ഓടെ ഞങ്ങൾ വിശാഖപട്ടണത്തിലെ 'ഫൈവ് എലിമെന്റ്സ്' എന്ന ഹോട്ടലിൽ ചേക്കേറി. ഞങ്ങളുടെ ഭാണ്ഡങ്ങൾ അവിടെ നിക്ഷേപിച്ച് താമസിയാതെ ബീച്ചിലേക്ക് പുറപ്പെട്ടു. ബംഗാൾ ഉൾക്കടലിന്റെ മനോഹരമായ ഒരു ബീച്ചാണ് വിശാഖപട്ടണത്തുള്ളത്. ബീച്ചിനടുത്തു തന്നെ ഒരു അന്തർവാഹിനി മ്യൂസിയവും ഒരു വിമാന മ്യൂസിയവും ഉണ്ട്. രണ്ടിടത്തും നല്ല തിരക്കു തന്നെയാണ്. കടൽത്തീരം ജനനിബിഡമായിരുന്നു. ധാരാളം വഴിവാണിഭക്കാരും വാഹനങ്ങളും എല്ലാം കൂടി ഒരു ഉത്സവപ്രതീതി. കാലാവസ്ഥ പ്രതികൂലം ആയിരുന്നതിനാൽ അസ്തമയം കാണാൻ സാധിച്ചില്ല. ഏകദേശം 7.30 ഓടെ ഞങ്ങൾ ഹോട്ടലിലേക്കു മടങ്ങി. രാത്രി 8.30 ഓടെ അത്താഴത്തിനായി അടുത്തൊരു ഭക്ഷണശാലയിലേക്ക് പുറപ്പെട്ടു. ഭക്ഷണശാലയുടെ മുൻപിൽ കുഞ്ഞുണ്ണിയുടെ ഒരു സഹപാഠിയായ തനയ് എന്ന പയ്യനെ കണ്ടു. അവൻ അച്ഛനമ്മമാരോടൊപ്പം മറ്റൊരു സംഘത്തിൽ വൈശാഖിൽ നിന്ന് മറ്റൊരു സഞ്ചാരകേന്ദ്രത്തിലേക്കു പോകുന്ന വഴി ആയിരുന്നു. കുഞ്ഞുണ്ണിയും കൂട്ടുകാരനും തമ്മിൽ ഭയങ്കര സ്നേഹപ്രകടനങ്ങളായിരുന്നു കുറച്ചുസമയം. സംഭാഷണങ്ങൾ കഴിഞ്ഞ് എന്റെ അടുത്തു വന്ന് കുഞ്ഞുണ്ണി പറഞ്ഞു:

"മുത്തച്ഛൻ യാത്രാവിവരണം എഴുതുമ്പോൾ എന്റെ കൂട്ടുകാരനെ ഇവിടെ വച്ചു കണ്ടെന്നും അവൻ ഒരു തങ്കപ്പെട്ട മനുഷ്യൻ ആയിരുന്നു എന്നും കൂടി എഴുതണം". ഉടനെ ഞാൻ പൊട്ടിച്ചിരിച്ചുകൊണ്ട് അതു സമ്മതിച്ചു. കാരണം, ജനിച്ചപ്പോൾ മുതൽ ബംഗളൂരുവിൽ ജീവിച്ച ഈ പന്ത്രണ്ടുകാരൻ 'തങ്കപ്പെട്ട മനുഷ്യൻ' എന്നു പ്രയോഗിച്ചത് ഞങ്ങളെ അത്ഭുതപ്പെടുത്തി. കേരളത്തിൽ തന്നെ പഠിക്കുന്ന പല കുട്ടികൾക്കും മലയാളം മര്യാദയ്ക്കു പറയാൻ അറിയില്ല, അതിനർത്ഥം അവർക്കൊക്കെ ഇംഗ്ലീഷ് നന്നായി അറിയാം എന്നു ധരിക്കുകയേ അരുത്. കേരളത്തിലെ വിദ്യാഭ്യാസരംഗം അത്രയധികം കുത്തഴിഞ്ഞ അവസ്ഥയിലാണ്.

പിറ്റേന്നു രാവിലെ ഏഴു മണിയോടെ വഴിവക്കിലെ ഓരോ ചൂടു കാപ്പിയോടെ ഞങ്ങൾ വിശാഖപട്ടണത്തോടു തത്കാലം വിടപറഞ്ഞു. ഞങ്ങളുടെ അടുത്ത ലക്ഷ്യം ചിൽക്കാ തടാകം ആയിരുന്നു. വിശാഖപട്ടണത്തിൽ നിന്നും ഒഡിഷയിലേക്കുള്ള യാത്രയിൽ ദേശീയപാതയിൽ ഏകദേശം നാലു മണിക്കൂർ യാത്ര ചെയ്ത് ഗജം എന്ന സ്ഥലത്തെത്തി. വലത്തോട്ടു തിരിഞ്ഞ് ചെറിയ നിരത്തിലൂടെ മുന്നോട്ടു പോകുമ്പോൾ ചെറുവനങ്ങൾ ആരംഭിക്കുന്നു. ചെറുവനങ്ങളോടൊപ്പം വിശാലമായ നെൽവയലുകളും ഇടകലർന്ന പ്രദേശത്ത് വരമ്പുകൾ പോലുള്ള ഇടങ്ങളിൽ നിരനിരയായി ധാരാളം കരിമ്പനകളും കാണാം. പുരി, ഖുർദ, ഗൻജൻ ജില്ലകളിലായി 1,100 സ്ക്വ.കി.മി. വിസ്തൃതിയിൽ വ്യാപിച്ചുകിടക്കുന്ന ജലാശയം ഏഷ്യയിലെ ഏറ്റവും വലുതും ലോകത്തിലെ രണ്ടാമത്തേതും ആണ്. വർഷകാലത്ത് ഏറ്റവുമധികം ദേശാടന പക്ഷികൾ വന്നെത്തുന്ന ഇടമാണ് ചിൽക്ക. ഒഡിഷയിലെ ദയാനദി ബംഗാൾ ഉൾക്കടലിൽ പതിക്കുന്നത് ഈ ജലാശയത്തിലൂടെയാണ്. മഹാനദിയുടെ ഒരു ശാഖ ബംഗാൾ ഉൾക്കടലിൽ എത്തുന്നതും ചിൽക്കാ തടാകത്തിന്റെ വടക്കരികിലൂടെയാണ്. ലോകത്തിലെ ഏറ്റവും വലിയ ശുദ്ധജല തടാകങ്ങളിൽ ഒന്നായ ഇതിൽ സത്താപ്പട എന്ന പ്രദേശത്ത് ഡോൾഫിനുകളെയും കാണാം. യാത്ര തുടങ്ങുമ്പോൾ ചെറുവനങ്ങളുടെ ശൃംഖല ആണെങ്കിൽ അതിനുശേഷം ജലാശയങ്ങളുടെ തുടക്കമായി. വിശാലമായ നെൽപ്പാടങ്ങൾ, നീണ്ട വരമ്പുകളിൽ നിരനിരയായി പനകൾ, കൂട്ടം കൂട്ടമായി പശുക്കളും എരുമകളും എന്നിങ്ങനെ നയനാനന്ദകരമായ കാഴ്ചകൾ ആണ് ഉടനീളം. ജലാശയങ്ങളിൽ ധാരാളം മത്സ്യസമ്പത്തും ഉണ്ട്. യാത്രയിൽ ഉടനീളം വിവിധങ്ങളായ പക്ഷികളെ കാണാം. പെലിക്കൻ, ഫ്ളമിംഗോ, അരണ്ട തുടങ്ങിയ പക്ഷികളും ധാരാളം നാടൻ പക്ഷികളും ഉണ്ട്. പക്ഷി നിരീക്ഷകർക്കും ഗവേഷകർക്കും ഈ പ്രദേശം ഒരു അമൂല്യ ഖനി തന്നെയാണ്. നിരത്തരികിൽ ഇടവിട്ട് ചെറു കമ്പോളങ്ങൾ കാണാം. രണ്ടു മണിക്കൂറോളം യാത്ര ചെയ്ത് ഞങ്ങൾ ജനിഗുണ്ഡ എന്ന കടത്തുകടവിൽ എത്തി. അവിടെ നിന്ന് ജങ്കാറിൽ അക്കരെ സത്താപ്പട എത്തിയാലും തടാകത്തിന്റെ തുടർച്ചയാണ്. സത്താപ്പടയിൽ നിന്നു ഒരു മണിക്കൂർ യാത്ര ചെയ്ത് നാം പുരി ജഗന്നാഥ ക്ഷേത്രനഗരിയിൽ എത്തുന്നു. ഞങ്ങൾക്ക് പക്ഷെ, ജങ്കാർ സമയം വരെ കാത്തുനിൽക്കാൻ താൽപ്പര്യം ഇല്ലാതിരുന്നതിനാൽ തിരികെ യാത്ര ചെയ്ത് പ്രധാന പാതയിൽ എത്തുകയായിരുന്നു ചെയ്തത്. വൈകിട്ട് ഏകദേശം ആറു മണിയോടെ ഞങ്ങൾ പുരി എന്ന ക്ഷേത്രനഗരിയിൽ എത്തിച്ചേർന്നു. ഹോട്ടൽ 'ന്യൂ റോക്ക് ബേ'യിൽ ആയിരുന്നു ബുക്ക് ചെയ്തിരുന്നത്. ഹോട്ടലിൽ ചെക്ക് ഇൻ ചെയ്ത് ഓരോ ചായ കുടിച്ച് അവിടെത്തന്നെ വിശ്രമിച്ചു. ഒരുവിധം നല്ല തണുപ്പ് ആയിരുന്നു. അവിടത്തെ ഒരു ഏജന്റ് മുഖാന്തിരം രണ്ടു ദിവസത്തേക്ക് ഒരു ഇന്നോവ ഏർപ്പാടാക്കി.

പിറ്റേന്ന് രാവിലെ ആ ഏജന്റ് മുഖാന്തിരം തന്നെ ഒരു ഗൈഡിനെ തരപ്പെടുത്തി ഒൻപതു മണിയോടെ ജഗന്നാഥ ക്ഷേത്രത്തിലേക്ക് തിരിച്ചു. ക്ഷേത്രമതിലിനുള്ളിൽ കർശന നിയന്ത്രണങ്ങളാണ്. മൊബൈൽ ഫോൺ ഒന്നും അകത്തേക്ക് കടത്തുകയില്ല. ക്ഷേത്രത്തിൽ വലിയ തിരക്കും കോലാഹലങ്ങളും ആണ്. ഉള്ളിലേക്കു കടക്കാനുള്ള സൂത്രവഴികളിലൂടെ ഗൈഡ് ഞങ്ങളെ അനായാസം അവസാന നിരയിൽ എത്തിച്ചു.

ഒഡിഷയിലെ ഏറ്റവും വലുതും പ്രധാനപ്പെട്ടതുമായ ക്ഷേത്രമാണ് ജഗന്നാഥ ക്ഷേത്രം. അവന്തിയിലെ ഇന്ദ്രദ്യുംന മഹാരാജാവ് ആണ് ക്ഷേത്രം പണികഴിപ്പിച്ചത്. പന്ത്രണ്ടാം നൂറ്റാണ്ടിൽ ഗംഗാ രാജവംശത്തിലെ അനന്തവർമ്മൻ ചോഡഗംഗ ഈ ക്ഷേത്രം പുനർനിർമ്മിച്ചു. 215 അടി ഉയരത്തിൽ പൂർണ്ണമായും കരിങ്കല്ലിൽ നിർമ്മിച്ച ഈ ക്ഷേത്രത്തിന് ഒട്ടേറെ പ്രത്യേകതകൾ ഉണ്ട്. വൃത്താകൃതിയിൽ പിരമിഡിന്റെ ആകൃതിയിലുള്ള ഇതിന്റെ പുറം ഭിത്തികൾ മുഴുവൻ കൊത്തുപണികളും ശില്പ

ങ്ങളും കൊണ്ട് നിറഞ്ഞിരിക്കുന്നു. ഏറ്റവും മുകളിൽ ലോഹനിർമ്മിതമായ വലിയൊരു ചക്രം കുത്തനെ ഉറപ്പിച്ചിട്ടുണ്ട്. ഗോപുരത്തിന്റെ മുന്നിൽ ഇരുപത്തി അഞ്ച് അടി ഉയരത്തിൽ ഒരു സ്തൂപം കാണാം. സ്തൂപത്തിനു മുകളിൽ സൂര്യസാരഥിയായ അരുണ വിഗ്രഹം ഉണ്ട്. ശ്രീകൃഷ്ണൻ, ബലഭദ്രൻ, സുഭദ്ര എന്നിവരാണ് പ്രധാന പ്രതിഷ്ഠകൾ. ആര്യവേപ്പിന്റെ തടിയാണ് വിഗ്രഹനിർമ്മാണത്തിന് ഉപയോഗിക്കുന്നത്. ഇതിന് ഒരു ഐതിഹ്യം ഉണ്ട്. ത്രേതായുഗം വരെ ആര്യവേപ്പിന് മധുരം ആയിരുന്നു. അയോധ്യാധിപനായ ശ്രീരാമൻ വനവാസകാലത്ത് അതിബലവാനായ ബാലിയുടെ നേരേ അസ്ത്രം അയയ്ക്കുന്നത് ഒരു ആര്യവേപ്പിനു മറഞ്ഞ് നിന്നുകൊണ്ടായിരുന്നു. മരണവേദന അനുഭവിക്കുന്ന ബാലി ആ സമയം ആര്യവേപ്പിനെ ശപിച്ചതോടെയാണ് ആ വൃക്ഷത്തിന് കയ്പ്പ് ആയത്. ദുഃഖിതനായ ആര്യവേപ്പ് കരഞ്ഞുകൊണ്ട് ശ്രീരാമചന്ദ്രനോട് ചോദിച്ചു: "ഞാൻ എന്തു തെറ്റു ചെയ്തിട്ടാണ് ഈ ശാപം ഏറ്റുവാങ്ങേണ്ടി വന്നത്?"

"നിനക്ക് ഉചിതമായ സ്ഥാനം ഞാൻ നൽകുന്നതാണ്" എന്ന് ശ്രീരാമചന്ദ്രൻ ആര്യവേപ്പിനെ അനുഗ്രഹിച്ചു. അങ്ങനെയാണ് പുരി ജഗന്നാഥ വിഗ്രഹം ആര്യവേപ്പിൽ ആയത്.

ജഗന്നാഥ വിഗ്രഹം അപൂർണ്ണമാണ് എന്നതും രസകരമായ കാര്യം ആണ്. അതിനെപ്പറ്റിയും രാമായണ ഭാഗമായി ഒരു കഥ പ്രചാരത്തിൽ ഉണ്ട്. ശ്രീരാമചന്ദ്രൻ ഒളിഞ്ഞിരുന്ന് ബാലിയെ അമ്പെയ്തു വീഴ്ത്തിയപ്പോൾ ബാലി അദ്ദേഹത്തോട് ചോദിച്ചു: "അല്ലയോ മഹാരാജാവേ! അങ്ങയോട് ഒരു തെറ്റും ചെയ്യാത്ത, മുൻവിരോധങ്ങൾ ഒന്നും തന്നെ ഇല്ലാത്ത എന്നെ എന്തിനാണ് മറ്റൊരുവന്റെ വാക്കു കേട്ട് ഒളിയമ്പ് പ്രയോഗിച്ചത്?"

അപ്പോൾ ഭഗവാൻ പറഞ്ഞു: "നീ ചെയ്ത പ്രവൃത്തികളുടെ ഫലമാണ് നീ ഇപ്പോൾ അനുഭവിക്കുന്നത്. മറ്റു കാരണങ്ങൾ പിന്നീടു പറയാം". ബാലിക്ക് എന്നല്ല, ആർക്കും യുക്തിഭദ്രമായി തോന്നിയതല്ല ആ മറുപടി. ജീവൻ വെടിയുന്നതിനു മുൻപ് ബാലി ശ്രീരാമനെ ശപിച്ചു: "അംഗഭംഗം വന്നു ഭവിക്കട്ടെ" എന്ന്.

ഇന്ദ്രദ്യുംന മഹാരാജാവ് വിഗ്രഹം നിർമ്മിക്കാൻ തീരുമാനിച്ചപ്പോൾ, അത് മരംകൊണ്ട് മതി എന്നും അതിനുള്ള മരം സമുദ്രത്തിൽ നിന്നു ലഭിക്കുമെന്നും രാജഗുരു ഉപദേശിച്ചു. പല മരങ്ങളും ലഭിച്ചു എങ്കിലും വിഗ്രഹം ശരിയായില്ല. ആ സമയത്ത് വിശ്വകർമ്മാവ് ഒരു വൃദ്ധന്റെ രൂപത്തിൽ എത്തുകയും വിഗ്രഹ നിർമ്മാണം ഏറ്റെടുക്കുകയും ചെയ്തു. പക്ഷെ അദ്ദേഹം ഒരു നിബന്ധന വെച്ചു. അടച്ചിട്ട മുറിയിൽ നിർമ്മാണം നടക്കുമ്പോൾ ആരും അങ്ങോട്ടു വരികയോ നിർമ്മാണം കാണുകയോ ചെയ്യരുത് എന്നും കാണാൻ ശ്രമിച്ചാൽ അപ്പോൾത്തന്നെ താൻ തിരികെ പോകുമെന്നും ആയിരുന്നു നിബന്ധന. അങ്ങനെ വിഗ്രഹ നിർമ്മാണം ആരംഭിച്ചു. ഏറ്റെടുത്ത ആൾ വൃദ്ധൻ ആയതിനാൽ രാജപത്നിക്ക് വലിയ പരിഭ്രമം ആയി. അവർ എല്ലാ ദിവസവും അടച്ചിട്ട പണിപ്പുരയുടെ പുറത്തു വന്നുനിന്ന് അകത്ത് ശബ്ദങ്ങൾ ഉണ്ടോ എന്നു ശ്രദ്ധിക്കുക പതിവായി. കുറച്ചുദിവസം കഴിഞ്ഞ് ഒരു ദിവസം ശബ്ദം കേൾക്കാതായി. വിറളി പിടിച്ച് രാജപത്നി വാതിൽ മെല്ലെ തുറന്നപ്പോൾ അകത്തു ജോലി ചെയ്യുന്ന വൃദ്ധനെയാണു കണ്ടത്. പൂർത്തിയാകാത്ത വിഗ്രഹം ഉപേക്ഷിച്ച് വൃദ്ധൻ നടന്നു മറഞ്ഞു. എല്ലാം അറിയുന്ന രാജഗുരു ആ വിഗ്രഹം തന്നെ പ്രതിഷ്ഠിക്കാൻ ഉപദേശിച്ചു.


നിത്യേന പലവട്ടം സ്നാനം ചെയ്യുന്നതു മൂലം ഭഗവാനും വർഷത്തിൽ ഒരിക്കൽ പനി ബാധിക്കുകയും ക്ഷേത്രം കുറച്ചുദിവസം അടച്ചിടുകയും ചെയ്യുന്ന പതിവും ഇവിടെ ഉണ്ട്. ആഷാഢമാസത്തിൽ നടക്കുന്ന രഥോത്സവം വളരെ പ്രസിദ്ധമാണ്. രാജ്യത്തിന്റെ നാനാഭാഗങ്ങളിൽ നിന്നുമായി എട്ടു ലക്ഷത്തോളം ഭക്തന്മാർ ഇതിൽ പങ്കെടുക്കാറുണ്ട്.

രണ്ട് ആഷാഢങ്ങൾ വരുന്ന വർഷത്തിൽ പഴയ വിഗ്രഹം മാറ്റി പുതിയ വിഗ്രഹം പ്രതിഷ്ഠിക്കും. ഭഗവാന് എല്ലാ ദിവസവും ആറു നേരം സ്നാനവും അലങ്കാരങ്ങളും അമൃതേത്തും ഉണ്ട്. അൻപത്തി ആറു വിഭവങ്ങളാണ് ഓരോ അമൃതേത്തിനും തയ്യാറാക്കുന്നത്. വലിയ മൺകലങ്ങളിൽ ആണ് തിടപ്പള്ളിയിൽ വിഭവങ്ങൾ തയ്യാറാക്കുന്നത്. തിടപ്പള്ളിയിൽ എഴുപത്തി രണ്ട് അടുപ്പുകൾ ഉണ്ട്. പാചകത്തിനു വിറക് മാത്രമേ ഉപയോഗിക്കൂ. ഒരു തവണ ഉപയോഗിച്ച മൺകലം പിന്നീട് ഉപയോഗിക്കുകയുമില്ല.

ഈ ക്ഷേത്രത്തിന്റെ ഏറ്റവും വലിയ അത്ഭുതം, ഒരു സമയത്തും ക്ഷേത്രത്തിന്റെ നിഴൽ വീഴുന്നില്ല എന്നതാണ്. മറ്റൊന്ന്, ഗോപുരത്തിന്റെ ഏറ്റവും മുകളിൽ ഉള്ള പതാകകൾ ഒരു ദിശയിലേക്ക് പറക്കുമ്പോൾ മറ്റു കൊടികൾ വേറേ ദിശയിലേ

# കൊട്ടാര വിശേഷങ്ങൾ

## പന്തളം കൊട്ടാരം



ഈ വർഷത്തെ ശബരിമല മകരവിളക്ക് മഹോത്സവത്തിന് പന്തളത്തു നിന്നും ആരംഭിക്കുന്ന തിരുവാഭരണ ഘോഷയാത്രയ്ക്ക് നേതൃത്വം നൽകാനുള്ള പന്തളം രാജ പ്രതിനിധിയായി പുണർതംനാൾ നാരായണവർമ്മയെ നിയോഗിച്ചു. പന്തളം ശ്രാമ്പിക്കൽ കൊട്ടാരത്തിൽ പരേതയായ തിരുവോണംനാൾ അംബ തമ്പുരാട്ടിയുടെയും കോട്ടയം നട്ടാശ്ശേരി കാഞ്ഞിരക്കാട്ട് ഇല്ലത്ത് കെ. എൻ. നാരായണൻ നമ്പൂതിരിയുടെയും ദ്വിതീയ പുത്രനാണ്. കേരള സർക്കാർ സർവ്വീസിൽ അഡ്വക്കേറ്റ് ജനറൽസ് ഓഫീസിൽ അണ്ടർ സെക്രട്ടറിയായി വിരമിച്ചു. പന്തളം കൊട്ടാരം നിർവ്വാഹക സംഘം സെക്രട്ടറി, 'പാലസ് വെൽഫെയർ സൊസൈറ്റി'യുടെ സ്ഥാപകാംഗം. മുൻ ഖജാൻജി, വലിയകോയിക്കൽ ശ്രീധർമ്മശാസ്താ ക്ഷേത്ര ഉപദേശക സമിതിയിൽ കൊട്ടാരം പ്രതിനിധി എന്നീ നിലകളിൽ പ്രവർത്തിച്ചു. ശബരിമല അയ്യപ്പ സേവാ സമാജം സംസ്ഥാന അദ്ധ്യക്ഷനാണ്. നിലവിൽ ആലുവ തന്ത്രവിദ്യാപീഠം രക്ഷാധികാരിയായും പ്രവർത്തിച്ചുവരുന്നു. ക്ഷേത്ര ആചാര സംരക്ഷണ സമിതിയുടെയും തിരുവാഭരണപാത സംരക്ഷണ സമിതിയുടെയും സ്ഥാപകാംഗവും രക്ഷാധികാരിയും കൂടിയാണ്. ഭാര്യ: രാജലക്ഷ്മി വർമ്മ, വൈക്കം (റിട്ട. SBI). മക്കൾ: പ്രീതി വർമ്മ (USA), ശ്രീദേവി വർമ്മ (Procore). മരുമക്കൾ: അരുൺ രവി വർമ്മ, ശ്രീകാന്ത് നീലകണ്ഠൻ. കൊട്ടാരം നിർവ്വാഹക സംഘം പ്രസിഡന്റും മുൻ രാജപ്രതിനിധിയും ക്ഷത്രിയ ക്ഷേമസഭ തൃശൂർ സെക്രട്ടറിയുമായ മൂലംനാൾ ശങ്കർ വർമ്മ സഹോദരനാണ്.

## തിരുവല്ല പാലിയക്കര കൊട്ടാരം



തിരുവല്ല പാലിയക്കര കൊട്ടാരത്തിലെ മണ്ഡലമഹോൽസവവും കുടുംബസംഗമവും ഡിസംബർ 24, 25, 26, 27 എന്നീ തീയതികളിൽ വിപുലമായി ആഘോഷിച്ചു. നാലു ദിവസങ്ങളിലും പ്രത്യേക പൂജകൾ കുടുംബക്ഷേത്രമായ തേവാരപ്പുരയിൽ ഉണ്ടായിരുന്നു. കൂടാതെ നാരായണീയ പാരായണം, വിഷ്ണുസഹസ്രനാമ ജപം, ഭജന എന്നിവയും ഉണ്ടായിരുന്നു. ദിവസേന ഒന്നിച്ചുള്ള ഭക്ഷണത്തിൽ കുടുംബാംഗങ്ങളും ബന്ധുക്കളും പങ്കെടുത്തു. കുട്ടികളുടെയും മുതിർന്നവരുടെയും കലാകായിക പരിപാടികൾ, 80 വയസ്സ് പൂർത്തീകരിച്ച മുതിർന്നവരെ ആദരിക്കൽ തുടങ്ങി വിവിധങ്ങളായ പരിപാടികൾ അരങ്ങേറി. കന്നട, തമിഴ്, മലയാളം സിനിമകളിൽ ഡയറക്ടർ ഓഫ് ഫോട്ടോഗ്രഫിയായി പ്രവർത്തിച്ച പാലിയക്കര കൊട്ടാരം കുടുംബാംഗമായ സിദ്ധാർത്ഥ വർമ്മയെ ആദരിച്ചു.



## എണ്ണയ്ക്കാട്ട് കൊട്ടാരം

എണ്ണയ്ക്കാട്ട് കൊട്ടാരം കുടുംബയോഗ വാർഷികം, ശ്രീകൃഷ്ണ ക്ഷേത്ര തേവാരപ്പുര ചിറപ്പ്, വിദ്വൽസഭ എന്നിവ നടന്നു. അശ്വതി തിരുനാൾ ഗൗരി ലക്ഷ്മി ഭായി വീഡിയോ സന്ദേശം നൽകി ഉദ്ഘാടനം നിർവഹിച്ചു. തേവാരപ്പുര സംരക്ഷണ സമിതി സെക്രട്ടറിയും കേരള വെറ്ററിനറി സർവ്വകലാശാല മുൻ ഡീനുമായ പ്രൊഫ. ഡോ. ജി. ഗിരീഷ് വർമ്മ അധ്യക്ഷത വഹിച്ചു. കൊട്ടാരം വലിയ തമ്പുരാൻ ഇ. ഉദയവർമ്മ വിശിഷ്ടാതിഥിയായിരുന്നു. കൊട്ടാരത്തിലെ അംഗവും പ്രഗത്ഭ സംസ്കൃത പണ്ഡിതനും കവിയുമായിരുന്ന യശശ്ശരീരനായ അശ്വതി നാൾ രാമവർമ്മയെ അനുസ്മരിച്ചു. അദ്ദേഹത്തിന്റെ 'മുരളീനാദം' എന്ന ലഘുകാവ്യം

പരിചയപ്പെടുത്തിയ പത്രപ്രവർത്തകൻ ആത്മജവർമ്മ തമ്പുരാൻ മുഖ്യപ്രഭാഷണം നടത്തി. ആട്ടക്കഥാകൃത്തും ഗണിതശാസ്ത്രകാരനുമായ ഡോ. രാജശേഖരൻ വൈക്കം 'സംസ്കൃതം – മദ്ധ്യകാല ഗണിതം' എന്ന വിഷയത്തെ അധികരിച്ച് പ്രബന്ധാവതരണം നടത്തി. തുടർന്ന്, സ്വാതി പുരസ്കാര ജേതാവ് പി.ആർ. കുമാര കേരളവർമ്മ, മദ്ധ്യകാല കേരളീയ ഗണിതത്തിൽ പ്രശസ്തമായതും ലോകത്തിലെ ആദ്യ കാൽക്കുലസ് ഗ്രന്ഥമെന്നറിയപ്പെടുന്നതുമായ 'യുക്തിഭാഷ' എന്ന ജ്യേഷ്ഠദേവന്റെ കൃതി ആധുനിക വ്യാഖ്യാനസഹിതം വിവർത്തനം നിർവ്വഹിച്ച് ശ്രദ്ധേയനായ ഡോ. പി. രാജശേഖരൻ വൈക്കം, കോഴിക്കോട് സർവ്വകലാശാല സംസ്കൃതം ജനറൽ വിഭാഗത്തിൽ എം.എ. പരീക്ഷയിൽ മൂന്നാം റാങ്ക് നേടിയ ഹേമന്ത് എം. വർമ്മ, പത്രപ്രവർത്തനത്തിൽ 25 വർഷം പൂർത്തിയാക്കിയ ആത്മജവർമ്മ തമ്പുരാൻ എന്നിവരെ ആദരിച്ചു. സെമിനാറിൽ ഭാരതീയ ഗണിതത്തിന്റെ പ്രായോഗിക വശങ്ങളെ സോദാഹരണം വിവരിച്ചുകൊണ്ട് തൃശൂർ സി. അച്യുത മേനോൻ ഗവണ്മെന്റ് കോളജ് മാത്തമാറ്റിക്സ് ആൻഡ് ഡാറ്റാ സയൻസ് മേധാവിയായ ഡോ. ഉണ്ണികൃഷ്ണൻ തെക്കേപ്പാട്ടും കൊട്ടാരത്തിലെ താളിയോല ശേഖരത്തിലെ വിപുലമായ സംസ്കൃത ഭാഗങ്ങളുടെ ഗവേഷണ സാധ്യതകളെ മുന്നിൽ കണ്ടുകൊണ്ട് പി.ജി. സന്ധ്യയും പ്രബന്ധാവതരണം നടത്തി. മഹേഷ് രവി വർമ്മ, സുചിത്ര വർമ്മ തുടങ്ങിയവരും പ്രസംഗിച്ചു.




## മാവേലിക്കര വലിയ കൊട്ടാരം

പ്രശസ്ത സംഗീതാചാര്യൻ പ്രൊഫ. മാവേലിക്കര ആർ. പ്രഭാകര വർമ്മയുടെ സ്മരണാർത്ഥം അദ്ദേഹത്തിന്റെ കുടുംബമായ മാവേലിക്കര വലിയ കൊട്ടാരം നാലുകെട്ടിൽ വർഷങ്ങളായി പ്രവർത്തിച്ചുവരുന്ന സംഗീത വിദ്യാലയത്തിന്റെ പ്രവർത്തനം വിപുലീകരിക്കുന്ന ചടങ്ങിന്റെ ഉദ്ഘാടനം ഡിസംബർ 27 ന് വലിയ കൊട്ടാരം നാലുകെട്ടിൽ നടന്നു. വലിയ തമ്പുരാൻ ബ്രിഗേഡിയർ നന്ദകുമാര വർമ്മ, പ്രഭാകരവർമ്മയുടെ സഹോദരി സുമംഗല വർമ്മ, ക്ഷത്രിയ ക്ഷേമസഭ സംസ്ഥാന ജന. സെക്രട്ടറി വി.കെ. മധുകുമാർ വർമ്മ, പ്രസിദ്ധ വയലിനിസ്റ്റ് എസ്. ഈശ്വര വർമ്മ തുടങ്ങിയ പ്രമുഖ വ്യക്തികൾ ചേർന്ന് ദീപ പ്രോജ്ജ്വലനം നടത്തി. എസ്. ഈശ്വര വർമ്മ പ്രഭാകരവർമ്മയെ അനുസ്മരിച്ച് പ്രഭാഷണം നടത്തി. തുടർന്ന് നടന്ന സംഗീതാരാധനയിൽ സുലേഖ വർമ്മയുടെ വയലിൻ കച്ചേരിയും ഭുവന ശ്രീരാഗിന്റെ സംഗീത കച്ചേരിയും ആസ്വാദകർക്ക് കർണ്ണാനന്ദമേകി. പ്രഭാകര വർമ്മ അദ്ദേഹം ഉപയോഗിച്ചിരുന്ന തംബുരു തന്റെ കാലശേഷം ശിഷ്യനായ പൊൻകുന്നം രാമചന്ദ്രന് നൽകുവാൻ വിൽപ്പത്രത്തിലെഴുതി വച്ച പ്രകാരം അദ്ദേഹത്തിന് നൽകിയിരുന്നു. ആ തംബുരു പൊൻകുന്നം രാമചന്ദ്രന്റെ ഓർമ്മ നിലനിർത്താനായി ഈ സ്കൂളിലേക്ക് തന്നെ നൽകണമെന്ന് കുടുംബാംഗങ്ങൾ തീരുമാനിക്കുകയും ഉദ്ഘാടന ദിവസം തന്നെ സ്കൂൾ ഭാരവാഹികൾക്ക് കൈമാറുകയും ചെയ്തു. ഈ ചടങ്ങ് സദസ്യർക്ക് മറക്കാൻ പറ്റാത്ത ഒരു അനുഭവമായി മാറി. വിഭവസമൃദ്ധമായ സദ്യയോടെ ചടങ്ങുകൾക്ക് പരിസമാപ്തിയായി.

→

ക്കാണ് പറക്കുന്നത്. അവിടെയും നമ്മുടെ പെരുന്തച്ചൻ എത്തിയിരുന്നോ അതോ അവിടെ മറ്റൊരു പെരുന്തച്ചൻ ഉണ്ടായിരുന്നോ എന്നത് നിങ്ങളുടെ ഭാവനയ്ക്ക് വിടുന്നു. ഭഗവാന്റെ അടുത്ത് എത്തുന്ന ഭക്തരെ ഒരു പൂജാരി ചൂരൽകൊണ്ട് അടിക്കുന്ന ഒരു രീതിയും അവിടെ ഉണ്ട്. എല്ലാ ദിവസവും രാവിലെ നാലു മണിക്ക് ഒരു ക്ഷേത്ര ജീവനക്കാരൻ ഗോപുരത്തിന്റെ ഏറ്റവും മുകളിൽ ഒരു മാല ചാർത്തുന്ന ചടങ്ങ് ഉണ്ട്. ജോലിക്കാരൻ കാൽപ്പാദം ചവിട്ടാതെയാണു മുകളിൽ കയറുന്നത് എന്നതും ഒരു അത്ഭുത കാഴ്ചയാണ്. ഉപദൈവങ്ങളുടെ ഒരു ഘോഷയാത്ര തന്നെയാണ് ആ സമുച്ചയം പൂർണ്ണമായും. പുരി ജഗന്നാഥ ക്ഷേത്രം വർണ്ണനകൾക്കും അതീതമാണ്. രണ്ടു മണിക്കൂർ കൊണ്ട് ക്ഷേത്രദർശനം കഴിഞ്ഞെങ്കിലും ഞങ്ങൾ കുറേനേരം കൂടി അവിടെ ചുറ്റി നടന്നു. കുഞ്ഞുണ്ണിയുടെ തമാശകൾ ഉടനീളം ആസ്വദിച്ചുകൊണ്ട്... (തുടരും)


കാലത്തിനൊപ്പം
മാറ്റത്തിനൊപ്പം
മനോഹരമാക്കാം
സുവർണ്ണ നിമിഷങ്ങൾ
our services
wedding photography
wedding videography
Traditional photography
Birthday photos
Candid photos
and all events
Contact us :
RamVarma
WEDDING STUDIO
Call: 9388035580, 9447870789
Mail: varmasstudio123@gmail.com
നിങ്ങളുടെ ബഡ്ജറ്റിൽ വർക്കുകൾ ചെയ്തു കൊടുക്കുന്നു
ഫംഗസ് പിടിച്ച വീഡിയോ കാസറ്റുകൾ ക്ലീൻ ചെയ്ത് പെൻഡ്രൈവിൽ ആക്കികൊടുക്കുന്നു

# പൂർണ്ണായുസ്സ്... പൂർണ്ണത്രയീശാനുഗ്രഹം



**2025 നവംബർ 9**

കൊച്ചി രാജകുടുംബത്തിലെ വലിയമ്മ തമ്പുരാൻ

## ശ്രീമതി മൃണാളിനി തമ്പുരാൻ

നൂറാം പിറന്നാൾ തൃപ്പൂണിത്തുറ കളിക്കോട്ട പാലസിൽ സമംഗളം ആഘോഷിച്ചു.



സ്നേഹാദരങ്ങളോടെ

**കൊച്ചി രാജകുടുംബാംഗങ്ങൾ**

# ശതാഭിഷേക മംഗളാശംസകൾ

**2025 ജൂലൈ 7 (1200 മിഥുനം 23)**

**പഴയന്നൂർ വലവൂർ കിഴക്കേക്കര കോവിലകത്തെ മുതിർന്ന അംഗം**

## ശ്രീമതി ജയന്തി കൊച്ചനിയൻ

**(അഞ്ചേരി നടുവിൽ വടക്കൂട്ട് മഠം കുടുംബാംഗം പരേതനായ എൻ.വി. കൊച്ചനിയന്റെ പത്നി)**



സ്നേഹാദരങ്ങളോടെ

**ഡോ. ശർമ്മിഷ്ഠാ ആനന്ദ് (കൊച്ചുമകൾ)**

**വലവൂർ കിഴക്കേക്കര കോവിലകം കുടുംബാംഗങ്ങൾ**

# വിവാഹ മംഗളാശംസകൾ







തൃശ്ശൂർ തിരുത്തൂർ പുത്തൻ മഠത്തിൽ രവി വർമ്മയുടെയും, തൃപ്പൂണിത്തുറ കൊച്ചി രാജകുടുംബാംഗം (കോട്ടമുക്ക് പാലസ്) സുജാതയുടെയും മകൾ **കാർത്തികയും** തൃശ്ശൂർ പുഴക്കൽ മുതുവറയിൽ മൂത്തേടത്തു ഇല്ലത്തു (പെരുവനം) വാസുദേവൻ മൂസദിന്റെയും കോഴിക്കോട് മുണ്ടോട്ടില്ലത്തു ജയശ്രീയുടെയും മകൻ **വിനീതും** തമ്മിലുള്ള വിവാഹം നവംബർ 1–ാം തീയതി തൃശ്ശൂർ മാരാർ റോഡിലുള്ള തിരുവമ്പാടി കൺവെൻഷൻ സെന്ററിൽ (നന്ദനം) വെച്ച് സമംഗളം നടന്നു.











# ശതാഭിഷേക നിറവിൽ

## ചന്ദ്രിക പി.കെ.

(പടിഞ്ഞാറെ കോതമംഗലത്ത് മഠം തൃപ്പൂണിത്തുറ)
( W/o Late രാജ വർമ്മ തിരുമുൽപ്പാട്)



2025 ഡിസംബർ 25 ഇരിങ്ങാലക്കുട അവിട്ടത്തൂർ കൊട്ടാരത്തുമഠം ഗൃഹത്തിൽ സമുചിതമായി ആഘോഷിച്ചു.

ആശംസകളോടെ

**മക്കൾ, മരുമക്കൾ, പേരക്കുട്ടികൾ**

# വിവാഹ മംഗളാശംസകൾ

ഇടപ്പള്ളി ആൽത്തറ മഠത്തിൽ മായാ വർമ്മയുടെയും ആറൻമുള മങ്ങാട്ട് കൊട്ടാരത്തിൽ ഉദയ വർമ്മ (ശ്രീജിത്ത്, Patron - VAU) യുടെയും മകൻ **ഭരത് വർമ്മയും** തൃശൂർ ഒളരിക്കര ഗാന്ധി നഗർ 'നിതാര'ത്തിൽ സീന മേനോൻ – പ്രഭാകരൻ ദമ്പതികളുടെ മകൾ **റോഷ്നി മേനോനും** തമ്മിലുള്ള വിവാഹം 2025 നവംബർ 23 ന് തൃശൂർ തിരുവമ്പാടി കൺവെൻഷൻ സെന്ററിൽ (നന്ദനം) വെച്ച് സമംഗളം നടന്നു.




ക്ഷത്രിയ
ഒന്നാം
വനിതാ വിഭാഗം
സംസ്ഥാന സമ്മേളനം




ക്ഷത്രിയ ക്ഷേമസഭ
വനിതാ വിഭാഗം
ക്ഷേമസഭ
വിഭാഗം
ംബർ 13 ശനി
റ്റോറിയം ബ്രഹ്മസ്വം മഠം, തിരുവല്ല


ിനിധി സമ്മേളനം




വനിതാ വിഭാഗം
സാന്ത്വനം-സ്വാസ്ഥ്യം

# വിവാഹ മംഗളാശംസകൾ





ചേർത്തല കാട്ടുങ്കൽ കോവിലകത്ത് സരിതാ വർമ്മയുടെയും ആയിരനാഴി കോവിലകത്ത് എ.സി. മാധവരാജിന്റെയും മകൾ **വൈഷ്ണവി രാജും** മാവേലിക്കര കുന്നം, വഴിയുടെ പടീറ്റേതിൽ ഉണ്ണിക്കൃഷ്ണൻ നായർ– ജയശ്രീ ഉണ്ണിക്കൃഷ്ണൻ ദമ്പതികളുടെ മകൻ **അരുൺ കൃഷ്ണനും** തമ്മിലുള്ള വിവാഹം 2025 ഒക്ടോബർ 19 ന് ചേർത്തല ഹിൽടോപ് കൺവെൻഷൻ സെന്ററിൽ വച്ച് സമംഗളം നടന്നു.

തിരുവല്ല പാലിയക്കര കൊട്ടാരത്തിൽ

# ശ്രീമതി രുഗ്മിണി തമ്പുരാട്ടി

2025 ഡിസംബർ 1

ശതാഭിഷേക മംഗളാശംസകൾ









സ്നേഹാദരങ്ങളോടെ

മക്കൾ: പ്രദീപ് കുമാർ വർമ്മ
പ്രശാന്ത് കുമാർ വർമ്മ
പ്രേംജിത്ത് കുമാർ വർമ്മ




## അഭിനന്ദനങ്ങൾ

ഓസ്ട്രേലിയയിലെ യൂണിവേഴ്സിറ്റി ഓഫ് ക്വീൻസ്‌ലാൻഡിൽ നിന്ന് ക്യാൻസർ ബയോളജിയിൽ ഡോക്ടറേറ്റ് നേടിയ **ഭദ്ര വർമ്മ**. ഓസ്ട്രേലിയൻ ഗവണ്മെന്റ് റിസർച്ച് ട്രെയിനിങ് പ്രോഗ്രാമിന്റെ ഭാഗമായി നൽകുന്ന സ്കോളർഷിപ്പ് നേടിയാണ് ഗവേഷണം പൂർത്തിയാക്കിയത്. മാവേലിക്കര ശാരദാ മന്ദിരത്തിൽ അനിതവർമ്മയുടെയും കൊരട്ടി സ്രാമ്പിക്കൽ മഠത്തിൽ കേരളവർമ്മയുടെയും മകളും തിരുവനന്തപുരം പേരൂർക്കട കിഴക്കേ മഠത്തിൽ കെ. സേതുമാധവന്റെ ഭാര്യയും ആണ്. വർമ്മ കോർപ്പറേഷന്റെ C E O വിഷ്ണു വർമ്മ സഹോദരനാണ്.


കരുതലിൻ്റെ സാന്ത്വനസ്പർശം

Varma Care
Care Crafted With Legacy



വീടുകളിലെ മുതിർന്നവർക്കായി നിങ്ങൾ ആഗ്രഹിക്കുന്ന സമർപ്പിത പരിചരണം ഉറപ്പു വരുത്തുന്നു

EXCLUSIVE CARE FOR SENIOR CITIZENS

മികച്ച പരിചരണവുമായി നിങ്ങൾക്കൊപ്പം

For More Details: +91 790 776 5719

## സ്നേഹ സൗഹൃദങ്ങളുടെ
## അമ്പത്തിയാറ് വർഷങ്ങൾ

# 56-ാം വിവാഹ വാർഷികം



## എൻ.കെ. കൃഷ്ണൻ ഉണ്ണിത്തിരി
## എം. രാജലക്ഷ്മി

**ആശംസകളോടെ**

**മക്കൾ, മരുമക്കൾ, പേരമക്കൾ**

# കണ്ണീരോടെ വിട...

2026 ജനുവരി 1



പൂഞ്ഞാർ കാഞ്ഞിരമറ്റം കൊട്ടാരത്തിൽ

## അജയവർമ്മ രാജ (63)

(തിരുവനന്തപുരം ക്ഷത്രിയ ക്ഷേമസഭ മുൻ സെക്രട്ടറി)

ഭാര്യ: രസികാ വർമ്മ. മക്കൾ: അഖിൽ, ഗോകുൽ

**തിരുവനന്തപുരം ക്ഷത്രിയ ക്ഷേമസഭാംഗങ്ങൾ**



# കുന്നത്തൂർപാടി മുത്തപ്പന്റെ ആരൂഢസ്ഥാനം

**രാധാകൃഷ്ണൻ എസ്.കെ.**
ശ്രീകണ്ഠാപുരം, മൊ. 9496360647

വർഷത്തിൽ ഒരു മാസക്കാലം (ധനു 2 മുതൽ വൃശ്ചികം 2 വരെ) മാത്രം ഭക്തജനങ്ങൾക്ക് പ്രവേശനം അനുവദിക്കുന്ന കൊടുംകാടിനുള്ളിലെ ആരാധനാലയമാണ് കുന്നത്തൂർപാടി. ഉത്തര കേരളത്തിലെ കണ്ണൂർ ജില്ലയിലെ പയ്യാവൂർ ഗ്രാമ പഞ്ചായത്തിലാണ് ഈ ആരാധനാലയം. പേര് സൂചിപ്പിക്കും പോലെ കുന്നും മലയും കാടും ചേർന്ന പ്രദേശം. മലബാറിലെ ഹൈന്ദവരുടെ പ്രധാന ആരാധനാ മൂർത്തിയായ മുത്തപ്പന്റെ ആരൂഢസ്ഥാനമാണിവിടം.



നൂറ്റാണ്ടുകളായി ആയിരക്കണക്കിന് ഭക്തന്മാർ എത്തുന്ന ഇവിടെ സ്ഥിരമായ നിർമ്മിതികളോ നിത്യപൂജയോ ഇല്ല. ഗോത്ര സ്മൃതികളുടെ അടയാളപ്പെടുത്തലുകൾ ഇന്നും യാതൊരു മാറ്റവുമില്ലാതെ ഇവിടെ കാണാം. ഉത്സവകാലത്ത് പനയോലയും ഓടയും കൊണ്ട് ഉണ്ടാക്കുന്ന താൽക്കാലിക നിർമ്മിതികൾ മാത്രം. മുത്തപ്പൻ ഇരിക്കുന്ന പീഠം പോലും മണ്ണു കൊണ്ട് നിർമ്മിച്ചത്.

കള്ളും, ഉണക്കമത്സ്യം ചുട്ടതും, പുഴുങ്ങിയ കടല അല്ലെങ്കിൽ വൻപയർ, തേങ്ങാപ്പൂൾ എന്നിവയാണ് നിവേദ്യ വസ്തുക്കൾ.

**ഐതിഹ്യം**

പുരാതന കാലത്ത് കണ്ണൂർ ജില്ലയിലെ പയ്യാവൂരിനു സമീപമുള്ള എരുവേശ്ശി ഗ്രാമത്തിലെ അയ്യങ്കര ഇല്ലവുമായി ബന്ധപ്പെട്ടുള്ള വാമൊഴികളാണ് മുത്തപ്പന്റെ ഐതീഹ്യ കഥകളിൽ പൊതുവെ പ്രചരിക്കുന്നത്.

സന്താന ഭാഗ്യമില്ലാത്തതിനാൽ അതീവ ദുഃഖിതനായിരുന്നു ഇവിടുത്തെ നമ്പൂതിരിയും പത്നിയായ അന്തർജനവും. സന്താന സിദ്ധിക്കായി ഇവർ ഇരുവരും ശിവ ഭഗവാനു മുന്നിൽ എന്നും പ്രാർത്ഥിക്കുക പതിവായിരുന്നുവത്രേ.

ഒരുദിവസം അന്തർജനം (പാടിക്കുറ്റിയമ്മ) തിരുവൻചിറ എന്ന പുഴക്കടവിൽ കുളിക്കുവാൻ പോയതായിരുന്നു. പുഴയിൽ മുങ്ങി നിവർന്നപ്പോൾ ഒരു കുഞ്ഞിന്റെ കരച്ചിൽ കേട്ടു. നാലുപാടും നോക്കിയപ്പോൾ ഒരു കല്ലിന്റെ മുകളിൽ ഒരു കുഞ്ഞ് കിടക്കുന്നത് കണ്ടു. ആ കുഞ്ഞിനെ വാത്സല്യത്തോടെ വാരിയെടുക്കുകയും ഇല്ലത്തു കൊണ്ടു പോയി പരിചരിച്ചു വളർത്തുകയും ചെയ്തു. എന്നാൽ ബാല്യം മുതൽ തന്നെ ഇല്ലത്തെ രീതികൾക്കനുസരിച്ചുള്ള ജീവിതം ആയിരുന്നില്ല ആ കുഞ്ഞിന്റേത്.

മതിയാവോളം പാലും പഴവും നൽകി വളർത്തുവാനായിരുന്നു പാടിക്കുറ്റിയമ്മയുടെ ശ്രമം. ഈ കുട്ടിയാവട്ടെ അതൊന്നും കഴിക്കുവാൻ കൂട്ടാക്കാതെ കാട്ടിൽ വേട്ടയാടി മത്സ്യ മാംസാദികൾ കൊണ്ടുവ രാനും സ്വയം ആഹാരം പാചകം ചെയ്തു കഴിക്കുവാനുമാണ് ഇഷ്ടപ്പെട്ടത്. വർഷങ്ങൾ കഴിയവേ മകന്റെ ഇത്തരം പ്രവൃത്തികൾ ഇല്ലത്തിന്റെ സൽപ്പേരിനു കളങ്കമുണ്ടാക്കി. ദുഃഖിതനായ വളർത്തു പിതാവായ അയ്യങ്കര നായനാർ ഒരിക്കൽ പത്നിയായ പാടിക്കുറ്റിയമ്മയോട് “കണ്ടുകിട്ടിയ മകൻ നിമിത്തം ഈ ഇല്ലത്തു നിന്നുകൂടാനാവാത്ത അവസ്ഥയായല്ലോ” എന്നു പറഞ്ഞത് മകന്റെ കാതിലുമെത്തി. അതോടെ വീടു വിട്ടുപോകാൻ തീർച്ചയാക്കിയ ബാലൻ അമ്പും വില്ലുമെടുത്ത് തീക്കണ്ണുകളോടെ തന്റെ വിശ്വരൂപം മാതാപിതാക്കളെ കാണിച്ചു കൊടുത്തതായും മലനാട് ലക്ഷ്യമാക്കി നടന്നു

നീങ്ങിയതായും പറയുന്നുണ്ട്. കണ്ണിലെ ഭയാനക രൂപം മറ്റുള്ളവർ കാണാതിരിക്കാൻ അമ്മ ലോഹം കൊണ്ടുള്ള പൊയ്ക്കണ്ണു ധരിച്ചു യാത്ര ചെയ്യുവാനും അപേക്ഷിച്ചുവത്രേ.

മലനാട് തേടിയിറങ്ങിയ ആ ബാലൻ കുന്നും മലയും പനങ്കള്ളുമുള്ള കുന്നത്തൂരിൽ എത്തുകയും അവിടുത്തെ പ്രകൃതിഭംഗിയിൽ ആകൃഷ്ടനായി സ്ഥിരവാസത്തിനു ഈ പ്രദേശം തിരഞ്ഞെടുക്കുകയും ചെയ്തു എന്നും പറയപ്പെടുന്നു.

പിന്നീട് ഈ ബാലൻ വളർന്നു വലുതായപ്പോൾ വേട്ടയാടലും കള്ളിനോടുള്ള ആർത്തിയും കാരണം മോഷ്ടിച്ചു കുടിക്കുന്നതു ശീലമാക്കി. തന്റെ ചെത്തു പനയിൽനിന്നു പതിവായി കള്ള് മോഷണം പോകുന്നുണ്ടെന്നറിഞ്ഞ ചെത്തുകാരൻ ചന്തൻ അതു കണ്ടെത്തുവാൻ ശ്രമിക്കുന്നതിനിടയിൽ പനമരത്തിന്റെ മുകളിൽ ഒരു വൃദ്ധ രൂപത്തെ കണ്ടെത്തുകയും അയാളെ ശകാരിക്കുകയും ചെയ്തു. ഇതിൽ കുപിതനായ വൃദ്ധൻ ചെത്തുകാരനെ തന്റെ ദിവ്യരൂപം കാണിക്കുകയും ശപിച്ചു കൽപ്രതിമയാക്കി മറ്റുകയുമാണ് ഉണ്ടായത്.

നേരമേറെ കഴിഞ്ഞിട്ടും ചെത്തുവാൻ പോയ ഭർത്താവിനെ കാണാതെ ഏറെ വിഷമിച്ചു തിരക്കി വന്ന ചെത്തുകാരന്റെ പത്നി അടിയാത്തി പനമരത്തിന്റെ മുകളിലെ ദിവ്യ വൃദ്ധ രുപത്തെ ദർശിക്കുകയും എന്റെ മുത്തപ്പാ എന്ന് വിളിച്ചു കരഞ്ഞു രക്ഷിക്കാൻ ആവശ്യപ്പെടുകയും ചെയ്തു. അതുപ്രകാരം ശിലയായി മാറിയ ചെത്തുകാരനു ശാപമോക്ഷം നൽകിയെന്നുമാണ് കഥ. വൈഷ്ണവതാരമായ ആ ദിവ്യതേജസ് അന്നുമുതൽ മുത്തപ്പൻ എന്ന വിളിപ്പേരിൽ അറിയപ്പെടാൻ തുടങ്ങി. ഭർത്താവിന്റെ ശാപമോക്ഷത്തിനുള്ള പ്രായശ്ചിത്തമായി വർഷത്തിൽ ധനു 2 മുതൽ മകരം 2 വരെ ഈ വനത്തിനുള്ളിലെ ശിലാപ്രതിമയ്ക്കു മുന്നിൽ മുത്തപ്പൻ കെട്ടിയാടിക്കാമെന്നും കള്ള്, ഉണക്ക മീൻ, പുഴുക്ക് ഇത്യാദി ഇഷ്ടഭോജ്യ നിവേദ്യങ്ങൾ മുടക്കം വരുത്താതെ അർപ്പിച്ചു കൊള്ളാമെന്നും അടിയാത്തി സമ്മതിക്കുകയും ചെയ്തു. ഈ ചടങ്ങുകൾക്കു പിന്നീട് ഇന്നുവരെ ഒരു മുടക്കവും വന്നിട്ടില്ലെന്നാണ് പൂർവികർ പറയുന്നത്.

ഒരുകാലത്ത് കുന്നും മലയും ചേർന്ന ഈ പ്രദേശത്തിന്റെ കാവലാൾ ആയിരുന്നു മുത്തപ്പൻ. അതിനാലാണ് മുത്തപ്പന്റെ ആരൂഢ സ്ഥാനമായ കുന്നത്തൂർ എന്ന സ്ഥലം കുന്നത്തൂർപാടി എന്ന പേരിൽ അറിയപ്പെടാൻ കാരണമായതെന്നും പറയപ്പെടുന്നു.

തന്റെ സ്വൈര്യവിഹാരത്തിനും അവതാര ലക്ഷ്യ സാക്ഷാൽക്കാരത്തിനും ഭംഗം വന്നതിനാൽ കുന്നത്തൂർപാടിയിൽ സ്ഥിരമായി കുടിയിരിക്കാൻ സാധിക്കില്ലെന്നും, അടിയാത്തി അറിയിച്ച ദിവസങ്ങളിൽ തന്നെ വിളിച്ചുവരുത്തി ഇഷ്ട നിവേദ്യങ്ങൾ നേർന്നു പ്രീതിപ്പെടുത്തണമെന്നും കല്പിച്ച് അവിടെ നിന്നും യാത്രതിരിച്ചെന്നുമാണ് മുത്തപ്പചരിത പരാമർശം.

പോകുന്നതിന് മുമ്പ് മുത്തപ്പൻ കുന്നുമ്മലിടം എന്ന നാടുവാഴിക്ക് ക്ഷേത്രത്തിന്റെ ആധിപത്യം നൽകിയിരുന്നു. എന്നാൽ നാടുവാഴി മുത്തപ്പനെ ചതിച്ചു എന്നും അതിൽ കുപിതനായ മുത്തപ്പൻ ആ തറവാട് മുടിച്ചു എന്നും പറയപ്പെടുന്നു. അതിന് ശേഷം ഇപ്പഴത്തെ അവകാശിയായ എള്ള രിഞ്ഞിയിലെ കരക്കാട്ടിടം വാണവരെ മുത്തപ്പൻ ഭരണ സാരഥ്യം ഏൽപ്പിച്ചു എന്നും പറയുന്നു.

അന്നു മുതൽ ഇന്നുവരെ മുത്തപ്പൻ വാണവരേയും വാണവർ മുത്തപ്പനെയും ചതിച്ചില്ല.

'ചതിച്ചയാളെ വിശ്വസിക്കൂല വിശ്വസിച്ചയാളെ ചതിക്കൂല. നിന്നീടം ഇടിക്കൂല, ഇരുനിറമില്ല, രണ്ടവസ്ഥയില്ല മുത്തപ്പന്' എന്നാണ് മുത്തപ്പന്റെ വായ്ത്താരി.

ഇപ്പോഴത്തെ പാരമ്പര്യ ട്രസ്റ്റി കരക്കാട്ടിടം വാണവരായ എസ്.കെ. കുഞ്ഞിരാമൻ നയനാർ ആണ്.

വർഷത്തിൽ ഒരുമാസക്കാലം മാത്രമാണ് കുന്നത്തൂർപാടിയിൽ വിശ്വാസികൾക്കു പ്രവേശനമുള്ളത്. അതിനാൽ ഇവിടത്തെ ഉത്സവാഘോഷങ്ങൾക്കു മുൻപ് ഈ വനത്തിനുള്ളിലേക്കുള്ള വഴി തെളിച്ച് ആരൂഢ സ്ഥാനത്ത് താൽക്കാലിക മഠപ്പുര കെട്ടുന്ന ചടങ്ങുണ്ട്. 'പാടി വൃത്തിയാക്കൽ' എന്ന പേരിലാണിത് അറിയപ്പെടുന്നത്. അപൂർവമായി കാണുന്ന ഓലച്ചൂട്ടിന്റെ വെളിച്ചത്തിലാണ് കുന്നത്തൂർ പാടിയിലെ പല ചടങ്ങുകളും നടത്തപ്പെടുന്നത്.

വിളിച്ചാൽ വിളിപ്പുറത്താണ് ഹൈന്ദവ കുടുംബ ദൈവമായ മുത്തപ്പൻ. 'വരുന്നവരെ വഴി മുടക്കുക

# ചതുരംഗത്തിലെ രാജ്ഞി കളമൊഴിഞ്ഞു

സാമൂതിരി രാജവംശത്തിലെ കോഴിക്കോട് തിരുവണ്ണൂർ പുതിയ കോവിലകാംഗം സേതു വർമ്മ (85) ബെംഗളൂരുവിൽ അന്തരിച്ചു. ചതുരംഗക്കളത്തിൽ എതിരാളികളുടെ രാജാക്കന്മാരെ വെട്ടിവീഴ്ത്തി വെന്നിക്കൊടി പാറിച്ച സേതുവിനെ ചെസ് പ്രേമികൾ സ്നേഹത്തോടെ 'ക്വീൻ ഓഫ് ചെസ്' എന്നായിരുന്നു വിശേഷിപ്പിച്ചത്. 1974 മുതൽ 1980 വരെ തുടർച്ചയായി ഏഴു തവണ കേരള സ്റ്റേറ്റ് വനിതാ ചെസ് ചാമ്പ്യൻഷിപ്പിൽ വനിതാ കിരീടം നേടിയിട്ടുണ്ട്. ദേശീയ മത്സരങ്ങളിൽ കേരളത്തിനു വേണ്ടി ശ്രദ്ധേയമായ സാന്നിദ്ധ്യമായിരുന്നു. 1982 ൽ കോലാപ്പൂരിൽ നടന്ന മത്സരത്തിൽ 'ബെസ്റ്റ് അറ്റാക്കിംഗ് പ്ലെയർ' പുരസ്ക്കാരം നേടി. 1998 ൽ കോഴിക്കോട്ടു നടന്ന വേൾഡ് ജൂനിയർ ചാമ്പ്യൻഷിപ്പിൽ ആർബിറ്ററായും പ്രവർത്തിച്ചു. ദേശീയതലത്തിൽ ശ്രദ്ധേയരായിരുന്ന ഖാദിൽക്കർ സഹോദരിമാരും ദേശീയ ചാമ്പ്യൻ ഭാഗ്യശ്രീ സാഥേയും സേതുവിനു മുന്നിൽ മുട്ടുകുത്തി.



തിരുവല്ല നെടുമ്പ്രത്തു കൊട്ടാരത്തിലെ ബാലരാമ വർമ്മയുടെയും തിരുവണ്ണൂർ കോവിലകത്തെ ശ്രീദേവി വർമ്മയുടെയും മൂന്നാമത്തെ മകളായി 1940 ജൂൺ 7 നായിരുന്നു ജനനം. ഇപ്പോഴത്തെ സാമൂതിരി പി.കെ. കേരളവർമ്മ സഹോദരനാണ്. കാനറാ ബാങ്കിന്റെ മുൻ ഡിവിഷണൽ മാനേജരും തിരുവല്ല നെടുമ്പ്രത്തു കൊട്ടാരാംഗവുമായ പരേതനായ എൻ.കെ. വർമ്മയാണ് ഭർത്താവ്. അദ്ദേഹവുമായുള്ള വിവാഹമാണ് സേതുവിന്റെ ജീവിതത്തിൽ വഴിത്തിരിവായത്. മികച്ച ചെസ് കളിക്കാരനായിരുന്ന എൻ.കെ. വർമ്മ ചതുരംഗത്തിൽ ഭാര്യയുടെ താൽപ്പര്യങ്ങൾ തിരിച്ചറിഞ്ഞ് പ്രോത്സാഹിപ്പിച്ചു.

ഭർത്താവിന്റെ മരണശേഷം കാനറാ ബാങ്കിൽ ഉദ്യോഗസ്ഥയായി കോഴിക്കോട്, ബെംഗളൂരു ശാഖകളിൽ പ്രവർത്തിച്ചിരുന്നു. 30 വർഷത്തോളം കോഴിക്കോട്ട് ഫാഷൻ ബുട്ടീക് നടത്തി സ്വയം സംരംഭകയായും നിറഞ്ഞുനിന്നു. മക്കൾ: പ്രീതി രാജ (ബെംഗളൂരു), പ്രമോദ് വർമ്മ (ബെംഗളൂരു), പ്രബിൻ വർമ്മ (യു.എസ്.). മരുമക്കൾ: മോഹൻ രാജ (ബെംഗളൂരു), സിന്ധു (ബെംഗളൂരു), ഐശ്വര്യ (യു.എസ്.)

യുമില്ല. പോന്നവരുടെ വഴി തടയുകമില്ല.' അതുകൊണ്ടു തന്നെയാണ് എല്ലാ കുടുംബങ്ങളിലും മുത്തപ്പൻ പ്രിയങ്കരനായി മാറിയത്. മുത്തപ്പൻ കെട്ടിയാടുമ്പോൾ അനുബന്ധ കർമ്മങ്ങൾ ചെയ്യുന്ന ആളിനെ 'മടയൻ' എന്നാണ് വിളിക്കുന്നത്.

കുന്നത്തൂർ പാടിയിൽ കെട്ടിയാടുന്നത് മുത്തപ്പന്റെ വർദ്ധക്യാവസ്ഥയിലുള്ള തിരുവപ്പനയാണ്. ഉത്സവത്തിന്റെ ആദ്യ ദിനത്തിൽ മാത്രം ബാല്യം, കൗമാരം, യൗവനം, വാർദ്ധക്യം എന്നിങ്ങനെ 4 രൂപങ്ങളും കെട്ടിയാടും. ഉത്സവനാളുകളിൽ മാത്രം പ്രവേശനമുള്ള കുന്നത്തൂർപാടിയിൽ ഒരു മാസക്കാലം പതിനായിരങ്ങളാണ് രാപ്പകൽ ജാതി മതഭേദമന്യേ പ്രാർത്ഥനാനിരതമായ മനസ്സോടെ ഒഴുകിയെത്തുന്നത്. പാടിയിലെ ആഘോഷ ചടങ്ങുകൾ ജനുവരി 16 നു അവസാനിച്ചു കഴിഞ്ഞാൽ നീണ്ട ഒരു വർഷത്തെ കാത്തിരിപ്പിനു ശേഷമേ ഈ കൊടും വനത്തിലെ മുത്തപ്പ ആരൂഢ സന്നിധിയിൽ പ്രവേശനം സാധ്യമാകൂ. പൂർണ്ണമായും വനമേഖലയിലാണ് ഉത്തര കേരളത്തിൽ ഏറെ പ്രാധാന്യമുള്ള കുന്നത്തൂർപാടി സ്ഥിതി ചെയ്യുന്നത്.

താഴെ പൊടിക്കളം എന്ന ക്ഷേത്രവും ഉണ്ട്. അവിടെ 2 ശ്രീകോവിലോട് കൂടിയ നാലമ്പലമുള്ള ക്ഷേത്രം സ്ഥിതി ചെയ്യുന്നു. അതാണ് താഴെ പൊടിക്കളം. അവിടെ എല്ലാ സംക്രമത്തിനും 'വെള്ളാട്ടം' ഉണ്ടാകും. ഭക്തരുടെ പ്രാർത്ഥനയായി പല ദിവസങ്ങളിലും വെള്ളാട്ടം നടത്താറുണ്ട്. താഴെ പൊടിക്കളത്തെ പ്രധാന ദിനങ്ങൾ പുത്തരി ഉത്സവവും കളത്തിൽ തിറയും ആണ്. ●

# പ്രായോഗികതയുടെ പര്യായമായ സാമൂതിരി രാജ



**കുട്ടി അനിയൻ രാജ**
ചെർപ്പുളശ്ശേരി, പാലക്കാട്. മൊ. 9846429743

'നിമിത്ത മാത്രം ഭവ സവ്യസാചിൻ'

ഇത്രയും കാലമായി സാമൂതിരി സ്ഥാനം അലങ്കരിച്ച സാമൂതിരിമാരിൽ നിന്നും വളരെ വ്യത്യസ്തനായി ഇപ്പോൾ ആ സ്ഥാനം ഏറ്റെടുത്ത മഹാമഹിമശ്രീ പി.കെ. കേരള വർമ്മ നമുക്കെല്ലാം അഭിമാനാർഹനും ആദരണീയനുമായിക്കൊണ്ടാണ് തന്റെ പ്രവൃത്തിപഥത്തിലൂടെ മുന്നേറുന്നത്. തീപ്പെട്ട മഹാമഹിമശ്രീ കെ.സി. രാമചന്ദ്ര രാജയുടെ ശേഷമാണ് ഇദ്ദേഹത്തിന് ആ സ്ഥാനം ലഭിച്ചത്.

സാമൂതിരിയായി സ്ഥാനമേറ്റ് കോഴിക്കോട് തളി മഹാദേവ ക്ഷേത്രത്തിൽ ദർശനത്തിന് വന്ന സാമൂതിരിപ്പാടിനോട് ഒരു മാദ്ധ്യമപ്രതിനിധി അവിടെവെച്ച് തന്നോട് ചോദിച്ചകാര്യങ്ങൾക്കെല്ലാം ഉചിതമായ രീതിയിൽ തന്റെ പുതിയ പരിഷ്ക്കാരങ്ങളെക്കുറിച്ച് അദ്ദേഹം പറഞ്ഞ കാര്യങ്ങളിൽ നിന്നുതന്നെ അദ്ദേഹത്തിന്റെ മനഃസ്ഥിതിയുടെ മാഹാത്മ്യം വ്യക്തമാകുന്നുണ്ട്. ഇപ്പോൾ തന്റെ ഉടമസ്ഥതയിൽ വന്ന ക്ഷേത്രങ്ങളിലും വിദ്യാലയങ്ങളിലുമെല്ലാം പൊതുജനാഭിപ്രായം മാനിച്ചുകൊണ്ടുള്ള നടപടികൾ പ്രായോഗികമാക്കാൻ താൻ ശ്രമിക്കുമെന്നും അദ്ദേഹം പറഞ്ഞു.

കോഴിക്കോട്, സാമൂതിരിമാരുടെ ഭരണകാലത്ത് വ്യാവസായികമായി വളരെ അഭിവൃദ്ധിപ്പെട്ടിരുന്നു. കോഴിക്കോടിന്റെ സ്വന്തം നെയ്ത്തുരംഗത്ത് പേരുകേട്ട 'കാലിക്കോ' ലോകമെങ്ങും വളരെ ശ്രദ്ധ നേടിയിരുന്നു. ഈ കാലിക്കോയുടെ പേരുകേട്ട് വിദേശ രാജ്യങ്ങളിൽ നിന്നുപോലും ഭരണാധികാരികൾ പ്രതിനിധികളെ അയച്ച് ഈ നാടുമായി വ്യവസായ ബന്ധം സ്ഥാപിക്കാൻ അന്നുതന്നെ തുടങ്ങിയിരുന്നു. ഈ വ്യവസായിക ബന്ധം പിന്നീടെപ്പോഴോ നഷ്ടമായി. സാമൂതിരികുടുംബം ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധചെലുത്താൻ ശ്രമിക്കും. കൂടാതെ തന്റെ കയ്യിൽ വന്ന സ്ഥാപനങ്ങളിലെ വൈദ്യുതി ചെലവ് കുറക്കാൻ സോളാർ ബൽബുകൾ സ്ഥാപിച്ച് സൂര്യരശ്മികളെ ഉപയോഗപ്പെടുത്തിയുള്ള ശ്രമവും തുടരുന്നതാണ് എന്ന് അദ്ദേഹം തന്നെ വന്നുകണ്ട പത്രപ്രതിനിധികളോട് പറഞ്ഞു.

'അഹോം പത്നി വർദ്ധയ വർദ്ധയ' (ഞാനും ഭാര്യയും വർദ്ധിച്ചുവരട്ടെ) കുടുംബത്തിലെ മറ്റുള്ളവരെല്ലാം കുണ്ടാമണ്ടി എന്ന മുമ്പത്തെ രീതി മാറ്റി അദ്ദേഹം ജനിച്ചുവളർന്ന സാമുതിരികുടുംബത്തേയും തദ്വാരാ സമൂഹത്തേയും അഭിവൃദ്ധിപ്പെടുത്താനായി അദ്ദേഹം നിശ്ചയിച്ചുറച്ച് പുറപ്പെട്ട കാര്യം തന്നെ ഇതിന് ഒരുത്തമോദാഹരണമാണ്. തന്റെ ഭാര്യയേയും മക്കളേയും ഭരണകാര്യത്തിൽ നിന്ന് വിട്ടുനിർത്തി - സ്വകുടുംബത്തിലെ ഓരോ താവഴികളിലേയും (കോട്ടയ്ക്കൽ, മാങ്കാവ്, തിരുവണ്ണൂർ എന്നീ കോവിലകങ്ങളിലെ) അംഗങ്ങളെയെല്ലാം വിളിച്ചുകൂട്ടി തളി സാമൂതിരി കോളേജിലെ പുണ്യസങ്കേതമാർന്ന ശ്രീ ഗുരുവായൂരപ്പൻ ഹാളിൽ വെച്ച് ഇത്തരുണത്തിൽ ക്ഷേത്രങ്ങളുടെയും കലാലയങ്ങളുടെയും അഭിവൃദ്ധി ലക്ഷ്യമാക്കി 21 പേരടങ്ങുന്ന അംഗങ്ങളെ തിരഞ്ഞെടുത്ത് ഇക്കാര്യത്തിൽ അവരെല്ലാം പുലർത്തേണ്ട നീതിനിഷ്ഠയും വർത്തിക്കേണ്ട രീതിയും പറഞ്ഞുകൊടുത്തു. തുടർന്ന് സാമൂതിരി അമ്മാവന്റെ (ഞങ്ങൾക്കെല്ലാം കേരളേട്ടൻ) മകൻ തദവസരത്തിൽ രംഗത്ത് വന്ന് പറഞ്ഞകാര്യവും വളരെ ശ്രദ്ധേയമായി. താനോ തന്റെ സഹോദര സഹോദരിമാരോ ബഹുമാനപ്പെട്ട അഛന്റെ കാലത്ത് ഭരണകാര്യത്തിൽ ഒട്ടും ഇടപെടില്ലെന്നും ആ കർത്തവ്യം അഛന്റെ ആഗ്രഹപ്രകാരം നിങ്ങൾക്കെല്ലാം വിട്ടുതരുന്നു എന്ന് പറഞ്ഞതും വളരെ ഉൾപുളകം തരുന്നതു തന്നെയായി.

ഗുരുവായൂർ ക്ഷേത്രദർശനം ആദ്യമായി നടത്തിയ ഈ സാമൂതിരിപ്പാട് അമ്മാമൻ മഹാമഹിമശ്രീ കേരളേട്ടന്റെ രീതിയും ശ്രദ്ധേയമായി. പതിവുപോലെ പഴയ സാമൂതിരി കോവിലകത്തിന്റെ



# കാളിദാസൻ

**ധനഞ്ജയ വർമ്മ (ദേവനന്ദൻ)**
പിലാത്തറ, മൊ. 9400291320

ബ്രാഹ്മണകുലജാതനായ കാളിദാസൻ ഭോജരാജാവിന്റെ സദസ്സിലെ അംഗമായിരുന്നുവെന്ന് ഭോജരാജ ചരിത്രത്തിൽ പറയുന്നുണ്ട്. കാളിദാസന്റെ ചരിത്രം പരിശോധിക്കുമ്പോൾ അതിനെ പല രീതിയിൽ വ്യാഖ്യാനിച്ച് കാണപ്പെടുന്നുണ്ട്. അതിന്റെ ഒരേടിലേക്ക് കടക്കാം.

പണ്ട് ഒരു രാജ്യത്ത് ഒരു രാജാവുണ്ടായിരുന്നു. രാജാവിന് അതിസമർത്ഥയായ ഒരു മകളും ഉണ്ടായിരുന്നു. ആ മകളെ വെല്ലുവിളിച്ച് തോൽപ്പിക്കുകയോ സന്തോഷിപ്പിക്കുകയോ ചെയ്യാൻ കാരണമാകുന്ന ആൾക്ക്, മകളേയും രാജ്യത്തിന്റെ പകുതിയും നൽകുമെന്ന് രാജാവ് വിളംബരം ചെയ്തു. ഇതറിഞ്ഞ് പല രാജ്യങ്ങളിൽ നിന്നും കവികളും മഹാരഥന്മാരും വന്നുതുടങ്ങി. പക്ഷേ, എത്ര ശ്രമിച്ചിട്ടും ആ അറിവിന് മുന്നിൽ അവർക്കൊന്നും തന്നെ വിജയിക്കാനായില്ല. എല്ലാവരും പരാജയപ്പെട്ട് നിരാശരായി മടങ്ങി. ഇത് രാജകുമാരിയോട് വൈരാഗ്യം തോന്നാൻ കാരണമായി. ഇതിൽ നിന്ന് അവരുടെ ചിന്തയിൽ പുതിയൊരു ആശയം ഉടലെടുത്തു. "എങ്ങനെയെങ്കിലും ഒരു തിരുമണ്ടനെക്കൊണ്ട് ഇവളെ വിവാഹം കഴിപ്പിക്കണം". അങ്ങനെ പറഞ്ഞുകൊണ്ട് അവരെല്ലാം

→

---

→

സ്ഥാനത്ത് നിന്നും പുറപ്പെട്ട് ദർശന ഘോഷയാത്ര ആചാരപരമായിത്തന്നെ വാളും പരിചയുമേന്തിയ കൃഷ്ണനാട്ടം കലാകാരന്മാരും മുന്നിൽ കൊളുത്തിയ കുത്തുവിളക്കേന്തിയ ക്ഷേത്രത്തിലെ ജീവനക്കാരുമെല്ലാം കൂടി സാമൂതിരിയുടെ കൂടെ എഴുന്നള്ളിയത് വളരെ ശ്രദ്ധേയമായ ഒരു കാഴ്ച തന്നെയായിരുന്നു. യാതൊരുവിധ ആർഭാടങ്ങളുമില്ലാതെ (സാമൂതിരിമാർ കഴുത്തിലും കൈയിലും കാലിലും അണിയാറുള്ള ആഭരണങ്ങളില്ലാതെ) മുണ്ടും കസവുവേഷ്ടിയുമായിരുന്നു അദ്ദേഹത്തിന്റെ വേഷം. ഇതിൽ നിന്നുതന്നെ അവിടുത്തെ നിരർത്ഥകമായ ആർഭാടത്തോടുള്ള എതിരായ പ്രകടനമാണ് നാം കണ്ടത്. തുടർന്ന് ഗുരുവായൂരപ്പന്റെ തിരുമുമ്പിലെത്തിയ അദ്ദേഹം ഇരുപതു നിമിഷം പ്രാർത്ഥനാനിരതനായി നിന്നുകൊണ്ടുള്ള കാഴ്ചയും വളരെ ശ്രദ്ധേയമായിരുന്നു. കൂടെയുണ്ടായ പലരും പറഞ്ഞു കേട്ടതാണിത്.

ഇതൊന്നും ഞാൻ ചെയ്യുന്ന കാര്യമല്ലാ, താനൊരു നിമിത്തം മാത്രമാണെന്നാണ് അദ്ദേഹം മറ്റെല്ലാവരോടും പറയാറുള്ളത്. 'നിമിത്ത മാത്രം ഭവ സവ്യസാചിൻ' എന്ന ഭഗവദ് ഗീതയിലെ പാർത്ഥസാരഥിയായി വന്ന ശ്രീകൃഷ്ണഭഗവാൻ, അദ്ദേഹത്തിന്റെയുള്ളിൽ എപ്പോഴും വിളങ്ങിക്കൊണ്ടിരിക്കട്ടെ. ആ കുടുംബത്തിലെ 3 കോവിലകങ്ങളിലേയും അംഗങ്ങൾക്കും സമൂഹത്തിനും ഗുണകരമായി വരാൻ ആ പാർത്ഥസാരഥി ശ്രീകൃഷ്ണ ഭഗവാൻ എപ്പോഴും കൂടെയുണ്ടാകട്ടെ. ഇക്കാര്യം പ്രയോഗികമാക്കാൻ തന്റെ ആസ്ഥാനമായ കോഴിക്കോടു നഗരത്തിലും ഈ കൃഷ്ണനാട്ടം വിളയാടാൻ കൃഷ്ണനാട്ടകൃത്തായ മഹാമഹിമ ശ്രീ മാനവേദൻ രാജാവിന്റെ ഒരു സ്മാരകവും സാമൂതിരി ഭരണകാലത്തെ നന്മകളെ ഓർമ്മിച്ചുള്ള ഒരു സംരംഭവും ഇദ്ദേഹത്തിന്റെ കാലത്തു തന്നെ ഉണ്ടാകട്ടെ. കോഴിക്കോട്ടെ ഇപ്പോൾ തുടരെത്തുടരെയുള്ള അഗ്നിബാധ (പണ്ട് മാനാഞ്ചിറക്ക്) കളിലൂടെയുണ്ടായ അശുദ്ധി നീക്കിക്കളയാൻ കൃഷ്ണനാട്ടം ഉടനെ കോഴിക്കോട്ട് ഉണ്ടാവട്ടെ.

'ശുഭ മസ്തു ഹരേകൃഷ്ണ' ●

നടന്ന് നീങ്ങുമ്പോൾ വഴിയിൽ ഒരാട്ടിടയനെ കണ്ടു. അവൻ ഒരു മരത്തിൽ കയറി, ഇരുന്ന കമ്പ് മുറിക്കുകയായിരുന്നു. ഇതുകണ്ട് അവൻ ഒരു വിഡ്ഢിയാണെന്ന് അവർ മനസ്സിലാക്കി. കാരണം, ഇരിക്കുന്ന ശിഖരം മുറിക്കാൻ തുടങ്ങിയാൽ അത് അടർന്ന് വീഴുമ്പോൾ മുറിക്കുന്ന ആൾ ശിഖരത്തോടൊപ്പം താഴെ വീഴും. ആ അറിവ് അവനില്ലാത്തതുകൊണ്ട് അവനെ അവർ സാവധാനം താഴെയിറക്കി.

(കാളിദാസൻ, ദേവദർശനത്തിനായി ഒരിക്കൽ ശിവക്ഷേത്രത്തിൽ പോയി. അവിടെ സിദ്ധനായ ഒരു യോഗീശ്വരനുണ്ടായിരുന്നു. അദ്ദേഹത്തിന്റെ സംഭാഷണത്തിൽ എന്തോ അപശബ്ദമുണ്ടെന്ന് തോന്നിയ കാളിദാസൻ ആ യോഗീശ്വരനെ പരിഹസിച്ചു. ഇതിൽ പതറിയ സിദ്ധൻ കാളിദാസനെ ശപിച്ചു: "പഠിച്ചതെല്ലാം മറന്ന് നീ മൂഢനും മന്ദബുദ്ധിയുമായിത്തീരട്ടെ". ഈ ശാപവചനത്തിൽ തീവ്ര വേദന അനുഭവിച്ച കാളിദാസൻ, ശാപമോക്ഷത്തിനായി യാചിച്ചു. യാചന സിദ്ധൻ കൈക്കൊണ്ടു. "നിനക്ക് ഇനി ഒരുകാലത്ത് ഭദ്രകാളീ പ്രസാദം ലഭിക്കും. ബുദ്ധിമാന്ദ്യം മാറി പൂർവ്വാധികം ബുദ്ധിമാനും വിദ്വാനുമായിത്തീരുകയും ചെയ്യും". സിദ്ധൻ അനുഗ്രഹിച്ചു. മന്ദബുദ്ധിയായ സമയത്താണ് ആട്ടിടയനായിത്തീരേണ്ടിവന്നത്.)

അതിനുശേഷം ആ ആട്ടിടയനേയും കൊണ്ട് അവർ കൊട്ടാരത്തിലേക്ക് നടന്നു. "ഹാ..." കൊട്ടാരം കണ്ട് അവൻ അമ്പരന്നു. ജീവിതത്തിൽ ഇന്നുവരെ കണ്ടിട്ടില്ലാത്ത അത്ഭുത ദൃശ്യങ്ങൾ! എന്താണ് വേണ്ടതെന്നറിയാതെ അവൻ കുഴങ്ങി. അവർ ആട്ടിടയനെ കൊട്ടാരത്തിനകത്ത് കടത്തി. അപ്പോൾ ഒരുപാട് മഹാരഥന്മാരുടെ ചിത്രങ്ങൾ ചുവരിൽ ഉണ്ടായിരുന്നു. അതെല്ലാം അവൻ ശ്രദ്ധിച്ച് നോക്കി, പിന്നെ ഓരോ ചിത്രത്തിലും പ്രത്യേകം പ്രത്യേകം നോക്കി. ശൂർപ്പണഖ, ഖരൻ, കുംഭകർണ്ണൻ, വിഭീഷണൻ തുടങ്ങിയവരുടെ ചിത്രങ്ങൾ, എല്ലാം കണ്ടു. ഒടുവിൽ പത്ത് തലയും ഇരുപത് കൈകളുമുള്ള രാവണനേയും കണ്ടു. രാവണനെ അവന് വളരെ ഇഷ്ടമായി. ഈ സമയത്ത് രാജകുമാരി അവിടെ ഇരിക്കുന്നുണ്ടായിരുന്നു. ആട്ടിടയനെ കണ്ട് രാജകുമാരിക്ക് ചിരി വന്നു. ആട്ടിടയൻ ചോദിച്ചു "ഇതോ രാഭണൻ?!" ഇതുകേട്ട് പണ്ഡിതയായ രാജകുമാരി, അവൻ പറഞ്ഞതിലെ പിഴവ് കണ്ടുപിടിച്ച് കുടുകുടെ ചിരിച്ചുപോയി. രാവണൻ എന്നു വേണ്ട സ്ഥലത്ത് രാഭണൻ എന്നാണല്ലോ പറഞ്ഞത്! സഭയിലുണ്ടായിരുന്ന മഹാകവികൾ ഇതിന്റെ പേരിൽ തർക്കം പറയാൻ തുടങ്ങി. ശരി മനസ്സിലാക്കിക്കൊടുക്കാൻ വേണ്ടിയാണ് തർക്കം നടന്നത്.

"കുംഭകർണ്ണ ഭകാരോസ്തി ഭകാരോസ്തി
വിഭീഷണ,
രാക്ഷസാനാം കുലശ്രേഷ്ഠോ, രാവണോ
നൈവ രാഭണോ"

എന്ന് ചൊല്ലി, അത് ശരിയാണെന്ന് സമർത്ഥിച്ചു. അങ്ങനെ രാജകുമാരിയെ വിവാഹം കഴിപ്പിക്കുവാൻ നിർബന്ധിച്ചു. അതിന് വഴങ്ങി ആട്ടിടയന് രാജകുമാരിയെ വിവാഹം കഴിപ്പിച്ച് കൊടുക്കേണ്ടി വന്നു; പകുതി രാജ്യവും.

അങ്ങനെ അവൻ കൊട്ടാരത്തിൽ താമസം തുടങ്ങി. രാജകുമാരി ആട്ടിടയന് അറിവുകൾ പകർന്ന് നൽകാൻ ശ്രമിച്ചു. പക്ഷേ, കൊട്ടാരത്തിലെ ജീവിതം ആട്ടിടയന് തീരെ ഇഷ്ടമായില്ല. രാത്രി ഉറങ്ങാതെ, ആടിനെ തെളിക്കുന്ന ശബ്ദമുണ്ടാക്കിക്കൊണ്ടിരിക്കും. തീരെ ബുദ്ധിവളർച്ചയില്ലാത്ത ആട്ടിടയന്റെ കളി സഹിക്കാനാവാതെ വന്നപ്പോൾ രാജകുമാരി അവനെ കൊട്ടാരത്തിൽ നിന്ന് പുറത്താക്കി. പിന്നീട് ആടുകളെക്കുറിച്ചുള്ള ചിന്തകളും കൊണ്ട് അലഞ്ഞുതിരിഞ്ഞ് നേരം സന്ധ്യയാവാറായി. അപ്പോൾ ഒരു വൃദ്ധയെ കണ്ടു. പെട്ടെന്ന് തന്നെ, ദാസന് ബുദ്ധി കുറവാണെന്ന് ആ വൃദ്ധ മനസ്സിലാക്കി. അവരുടെ ഉപദേശമനുസരിച്ച് ബുദ്ധിവളർച്ചയുണ്ടാകാനായി ദാസൻ തൊട്ടടുത്ത കാളീക്ഷേത്രത്തിലെത്തി. തൽസമയം ദേവി പുറത്ത് പോയിരുന്നതിനാൽ അവൻ അകത്ത് കയറി വാതിലടച്ചു.

നേരം ഇരുട്ടിയപ്പോൾ കാളി വന്നു. 'ങേ, അകത്ത് നിന്ന് ഒരു ആൾപെരുമാറ്റം!' കാളിക്ക് അത്ഭുതമായി. "അകത്താരാ" എന്ന് കാളി ചോദിച്ചു. അപ്പോൾ, "പുറത്താരാ" എന്ന മറുചോദ്യം വന്നു. ഏതായാലും അതിനുള്ള മറുപടി കൊടുത്തുകളയാമെന്ന് കാളിക്ക് തോന്നി. അങ്ങനെ, "പുറത്ത് കാളി" എന്ന് പറഞ്ഞു. "അകത്താരാ" എന്ന് വീണ്ടും കാളി. അപ്പോൾ "ദാസൻ" എന്ന് മറുപടി കിട്ടി. മറ്റുള്ളവരുടെ ആടുകളെ സംരക്ഷിക്കുന്ന ജോലിയാണ് ആട്ടിടയന്.

അതുകൊണ്ട്, ദാസൻ എന്നു പറഞ്ഞു. പുറത്താരാ, കാളി. അകത്താരാ, ദാസൻ. ദാസന്റെ ബുദ്ധിശൂന്യത തിരിച്ചറിഞ്ഞ ദേവി ''നിന്റെ ആ നാവ് ഒന്ന് പുറത്തേക്ക് നീട്ടൂ" എന്നു പറഞ്ഞു. ദാസൻ തന്റെ നാവ് പുറത്തേക്ക് നീട്ടിക്കൊടുത്തു. ആ നാവിൽ സ്വർണ്ണത്തൂലിക കൊണ്ട് അറിവിന്റെ ആദ്യാക്ഷരങ്ങൾ ഐശ്വര്യങ്ങൾ പകർന്ന് നൽകി കാളി അവനെ പുറത്തേക്ക് വിട്ടു. വിദ്യാരംഭം ദേവിയിൽ നിന്ന് ലഭിച്ചതിനാലാണ് കാളിദാസന്റെ കാര്യങ്ങൾക്ക് ഇത്രയും മഹത്വം കൈവന്നത് എന്നാണ് വിശ്വാസം.

കാളീദേവിയാൽ അനുഗൃഹീതനായ കാളിദാസൻ തിരിച്ച് കൊട്ടാരത്തിലെത്തിയപ്പോൾ രാജകുമാരി ''അസ്തികശ്ചിത് വാഗർത്ഥ'' (പ്രത്യക്ഷമായ ജ്ഞാനം അങ്ങയ്ക്ക് കൈവന്നിട്ടുണ്ടോ) എന്നന്വേഷിച്ചു.

ആട്ടിടയന് ബുദ്ധി വന്നതായി രാജകുമാരി മനസ്സിലാക്കി. അങ്ങനെ രാജകുമാരി ഒരുപാട് അറിവുകൾ അവന് പകർന്ന് നൽകി. പണ്ഡിതയായ രാജകുമാരിയോടുള്ള ബഹുമാനം കാളിദാസന്റെ മൂന്ന് കൃതികളുടെ ആരംഭത്തിൽ നമുക്ക് ദർശിക്കാം. കുമാരസംഭവം, മേഘദൂതം, രഘുവംശം തുടങ്ങിയവയാണ് അവ. മറ്റ് കൃതികൾ അഭിജ്ഞാന ശാകുന്തളം, വിക്രമോർവ്വശീയം, മാളവികാഗ്നിമിത്രം, ഋതുസംഹാരം.

"ഇനി മംഗല്യത്തിന് മുഹൂർത്തം നിശ്ചയിക്കാം. അതിനുള്ള നേരം ഇപ്പോൾ സമാഗതമായി കഴിഞ്ഞിരിക്കുന്നു" എന്ന് രാജകുമാരി പറഞ്ഞപ്പോൾ ''എനിക്ക് അറിവുകൾ പകർന്ന് തന്ന എന്റെ ഗുരുവായ രാജകുമാരിയെ പരിണയിക്കാൻ ഈ ശിഷ്യന് കഴിയില്ല. മനസ്സ് അതിന് അനുവദിക്കില്ല" എന്നു പറഞ്ഞ് ദാസൻ അവിടുന്നിറങ്ങി.

പിന്നീട് വേറൊരിടത്ത് എത്തി. ഒരു കുട്ടിയെ കണ്ടു. ഇഷ്ടപ്പെട്ടു. മംഗല്യത്തിന് കഴിയാത്ത ആ വേദനയുടെ പ്രതിദ്ധ്വനിയാണ് 'മേഘസന്ദേശം'. മേഘംവഴി അവൾക്ക് അയയ്ക്കുന്ന സന്ദേശമാണ് കാവ്യത്തിന്റെ പൊരുൾ എന്ന് വ്യക്തമാക്കുന്നുണ്ട്.

മേഘസന്ദേശത്തിന് മറ്റൊരു കഥ കൂടി പറയപ്പെടുന്നുണ്ട്. കൃത്യവിലോപത്തിന് ശിക്ഷിക്കപ്പെട്ട് അളകാപുരിയിൽ നിന്ന് വിന്ധ്യാപർവ്വത പ്രദേശത്തെ രാമഗിരിയിലേക്ക് നാടുകടത്തപ്പെട്ട പുതുമണവാളനായ ഒരു യക്ഷനാണ് ഈ കാവ്യത്തിലെ നായകൻ. ആഷാഢമാസത്തിലെ ഒരു ദിനത്തിൽ യക്ഷൻ, താഴ്വരയിൽ കൊമ്പുകുത്തിക്കളിക്കുന്ന ഗജത്തെപ്പോലെ ഒരു മേഘത്തെ കണ്ടെത്തി. "കശ്ചിത് കാന്താ വിരഹ ഗുരുണാം" (ഒരിക്കൽ പ്രിയവിരഹം കൊണ്ട്) എന്ന് തുടങ്ങുന്നു മേഘദൂതം. "അസ്ത്യുത്തരസ്യാം" (ഉത്തരദിക്കിൽ ഉണ്ട്) എന്ന് തുടങ്ങുന്നു കുമാരസംഭവം, "വാഗർത്ഥാവിവസംഭൃക്തൗ" (വാക്കും അർത്ഥവും എന്നപോലെ) എന്ന് തുടങ്ങുന്നു രഘുവംശം.

വിരഹദുഃഖത്തിൽ സ്വബോധം തന്നെ നഷ്ടപ്പെട്ട യക്ഷൻ, ആ മേഘംവഴി തന്റെ പത്നിക്ക് ഒരു സന്ദേശം അയക്കുന്നു. വിന്ധ്യാപർവ്വതത്തിൽ നിന്ന് അളകാപുരി വരെ പോകാനുള്ള വഴിയും അയാൾ നിർദ്ദേശിച്ച് കൊടുക്കുന്നു. മാർഗ്ഗവർണ്ണനയിലെ പ്രകൃതിചിത്രങ്ങളിൽ, വിരഹിയായ കാമുകന്റെ മാറി മാറി വരുന്ന മനോഭാവങ്ങൾ തെളിയുന്നു. മലകൾ അയാൾക്ക് ഭൂമിയുടെ സ്തനങ്ങളും ജലസമൃദ്ധമായ നദികൾ വിലാസവതികളായ യുവകാമിനികളും വേനലിൽ വരണ്ട നദികൾ വിരഹികളായ നായികമാരുമായി തോന്നിച്ചു. 'മേഘസന്ദേശം' എന്ന കാവ്യം ഈ പ്രപഞ്ചത്തിൽ വിരഹദുഃഖം അനുഭവിക്കുന്ന സകലരുടേയും സന്ദേശമാണ്.

കാളിദാസനെക്കുറിച്ചുള്ള ലഘുവിവരണം ഇവിടെ അവസാനിക്കുന്നു. ●



## അഭിനന്ദനങ്ങൾ

കേരള ബാർ കൗൺസിലിൽ അഭിഭാഷകനായി എൻറോൾ ചെയ്ത **അഡ്വ. സുരേഷ് വർമ്മ**. കൊച്ചിയിൽ ഹൈക്കോടതി അങ്കണത്തിൽ ജനുവരി പതിനൊന്നാം തീയതി നടന്ന ചടങ്ങിൽ സിക്കിം ചീഫ് ജസ്റ്റീസ് മുഹമ്മദ് മുഷ്ത്താഖിൽ നിന്ന് സർട്ടിഫിക്കേറ്റ് ഓഫ് എൻറോൾമെന്റ് സ്വീകരിച്ചു. ഇപ്പോൾ എറണാകുളം പെരുമ്പാവൂർ കോടതിയിൽ പ്രാക്ടീസ് ചെയ്തു വരുന്നു. ക്ഷത്രിയ ക്ഷേമസഭ കുറ്റിലഞ്ഞി യൂണിറ്റിന്റെ പ്രസിഡന്റ് കൂടിയാണ്.

# പൂഞ്ഞാർ കാഞ്ഞിരമറ്റം പാലസിൽ നടന്ന വെള്ളാട്ടമഹോത്സവം – ഒരു റിപ്പോർട്ട്

വടക്കൻ മലബാർ പ്രദേശങ്ങളായ കണ്ണൂർ, കാസറഗോഡ് ജില്ലകളിലെ വിവിധ ഭാഗങ്ങളിൽ പൂജിച്ചാരാധിച്ചുവരുന്ന ദൈവസങ്കല്പമാണ് മുത്തപ്പൻ. പറശ്ശിനിക്കടവ് മുത്തപ്പനെക്കുറിച്ചാണ് ഇവിടെയുള്ളവർ കൂടുതൽ കേട്ടിട്ടുള്ളതെങ്കിലും ആലക്കോട് കൊട്ടാരംകടവ് മടപ്പുരപോലുള്ള നിരവധി ദിക്കുകളിലും വെള്ളാട്ടം പതിവായി നടക്കാറുണ്ട്. പൂഞ്ഞാർ പ്രദേശത്ത് ആദ്യമായാണ് വെള്ളാട്ടം നടക്കുന്നത്. ആലക്കോട് കൊട്ടാരം ശ്രീ മുത്തപ്പൻ മടപ്പുരയിലെ സംഘമാണ് ഇത് പൂഞ്ഞാറ്റിൽ നടത്തുവാനായി ചുമതലപ്പെടുത്തിയിരുന്നത്. കോലധാരി പത്മശ്രീ നാരായണൻ പെരുവണ്ണാനാണ് മുത്തപ്പൻ കെട്ടിയത്. മടയൻ സുമിത്രനാണ് മുഖ്യകാർമ്മികത്വം നടത്തിയത്. എല്ലാവരും കൂടി 12 പേർ ഒക്ടോബർ 11–ാം തീയതി രാത്രി പൂഞ്ഞാറ്റിലെത്തി. രാവിലെ കുളിയും ക്ഷേത്രദർശനവും നടത്തി 9.30 ഓടെ കാഞ്ഞിരമറ്റത്തെത്തി, വഴികാട്ടിയായി അവരോടൊപ്പം ഈയുള്ളവനും. അവരുടെ പ്രഭാത ഭക്ഷണത്തിനു ശേഷം 10.30 ന് ചടങ്ങുകൾ ആരംഭിച്ചു. താൽക്കാലിക മടപ്പുരയിൽ വിളക്കു കൊളുത്തി നേദ്യം കൊടുത്ത് മടയൻ പൂജാദികർമ്മങ്ങൾ തുടങ്ങി.



**1. ചടങ്ങു വിവരണം**

ആദ്യം വെള്ളാട്ടത്തെക്കുറിച്ചുള്ള ഒരു ലഘു വിവരണം നടത്തി.

**2. മലകീയ്ക്കൽ (ആവാഹനം)**

പെരുവണ്ണാൻ വെള്ള മുണ്ടിനുമേൽ ചുവന്ന മുണ്ടുടുത്ത് വന്ദിച്ച്, കുന്നത്തുമലയിൽ നിന്ന് മുത്തപ്പനെ ആവാഹിച്ച് ആദ്യം നെറ്റിയിൽ കെട്ടുന്ന പട്ടയിലേയ്ക്ക് കൊണ്ടുവന്നു. അത് നെറ്റിയിലണിഞ്ഞു. പിന്നീട് അതൂരി കിരീടത്തിന്റെ അടുത്തു വച്ച് കിരീടത്തിലേക്ക് ആവാഹിച്ചു. പിന്നീട് വേഷഭൂഷാദികൾ അണിയാൻ തുടങ്ങി. ആ സമയം എല്ലാവർക്കും പ്രസാദ ഊട്ട് നൽകി. വേവിച്ചകടല, അവൽ, നാളികേരം ഇവ ചേർത്ത പ്രസാദവും നൽകി.

**3. മുത്തപ്പൻ പുറപ്പാട്**

കൃത്യം 1.30 ന് മുത്തപ്പൻ പുറപ്പാട് തുടങ്ങി. തോറ്റം പാടിയ ശേഷം ചെണ്ടമേളത്തിന്റെ അകമ്പടിയോടെ മുത്തപ്പന്റെ ചടുലനൃത്തം തുടങ്ങി. അതീവ താളബോധത്തോടെ നയനാനന്ദകരമായ ഗംഭീര നൃത്തം. 3.30 വരെ ഇത് തുടർന്നു. പ്രസാദ വിതരണം വീണ്ടുമുണ്ടായി.

**4. ദർശനം**

നാലു മണിയ്ക്ക് മുത്തപ്പനെ നേരിട്ട് ദർശിച്ച്, സംശയ നിവാരണത്തിനുള്ള അവസരം നൽകി. വന്ന എല്ലാ ഭക്തജനങ്ങൾക്കും മുത്തപ്പനുമായി കൂടിക്കാഴ്ച നടത്താനുള്ള അവസരം നൽകി. ദക്ഷിണ സമർപ്പണവും നടത്തി. പുറമേ നിന്നു വന്ന എല്ലാവർക്കും ദർശനം നൽകിയ ശേഷം കൊട്ടാരത്തിലെ പൂജാമുറിയിൽ വച്ച് കുടുംബാംഗങ്ങൾക്കും ബന്ധുക്കൾക്കും നേരിട്ട് ദർശിച്ച് അനുഗ്രഹം നേടാനുള്ള അവസരം നൽകി.

**5. മലകയറ്റൽ (ഉദ്ധ്വസനം)**

രാത്രി 7.30 ന് ചടങ്ങുകളുടെ അവസാന ഭാഗമായ കിരീടമഴിച്ച്, നേരത്തേ ആവാഹിച്ച് കൊണ്ടുവന്ന മുത്തപ്പനെ നന്ദി പറഞ്ഞ് ഉദ്ധ്വസിച്ച് തിരിച്ച് കുന്നത്തു മലയിലേക്ക് അയയ്ക്കുന്ന ചടങ്ങ് നടന്നു. അതോടെ വെള്ളാട്ടത്തിന്റെ ചടങ്ങുകൾ പൂർത്തിയായി.

പങ്കുകൊണ്ട എല്ലാവർക്കും വളരെ സന്തോഷവും സംതൃപ്തിയും ലഭിച്ച ഒരു ചടങ്ങ് തന്നെയായിരുന്നു. ശിവഭഗവാനുമായി നേരിട്ട് കണ്ട് സംസാരിക്കുവാനും അനുഗ്രഹം നേടാനുമുള്ള ഒരവസരം ലഭിച്ചു എന്നേ പറയാനാവൂ. പൂഞ്ഞാറ്റിൽ ഇങ്ങനെയൊരു ചടങ്ങ് നടന്നു എന്നുള്ളത് നാട്ടാർക്കെല്ലാം



# സൈക്കോളജിയും ഞാനും

**ജയശ്രീ സുന്ദർ**
കോഴിക്കോട്, മൊ. 9961215672

**അ**തിരാവിലെ എഴുന്നേറ്റ് കടുപ്പമുള്ള, ചൂടുള്ള ഒരു കപ്പ് കാപ്പിയുടെ ബലത്തിൽ പഠിച്ച ശേഷം നാല്പത് മിനിട്ട് നീലിച്ചിറയ്ക്ക് ചുറ്റും ആഞ്ഞു വലിഞ്ഞു നടന്ന് ആരോഗ്യവും സംരക്ഷിക്കണം എന്ന കടുത്ത തീരുമാനം രാത്രി എടുത്തെങ്കിലും ഉറങ്ങിയത് രണ്ടു മണി കഴിഞ്ഞായതുകൊണ്ട് എല്ലാം നല്ലോണം ചീറ്റിപ്പോയി. രാവിലെ ഉണർന്നത് ഏഴര കഴിഞ്ഞാണെങ്കിലും കണ്ണുകൾക്കും ശരീരത്തിനും ഒട്ടും ഉണർവ് തോന്നിയില്ല. പക്ഷെ രാവിലെ പുട്ടും കടലയും ആണെന്നോർത്തപ്പോൾ, കേരളത്തിൽ ജനിച്ച് രാവിലെയും ഉച്ചയ്ക്കും രാത്രിയും കസർത്തുകൾ ആവശ്യമുള്ള ഭക്ഷണം കഴിച്ചു ശീലമുള്ള ഒരു മലയാളി ആയതിന്റെയും ദേഷ്യത്തിൽ പിടഞ്ഞെഴുന്നേറ്റു. കടലപ്പണിക്കൊപ്പം കാപ്പിക്കപ്പും എടുത്ത് പുറത്തേക്ക് നോക്കി. ഉദിച്ചു പൊങ്ങുന്ന സൂര്യകിരണങ്ങളുടെ സ്വർണ്ണരേഖകൾ നെഞ്ചിലേറ്റുന്ന മരക്കൊമ്പുകളെ നോക്കി ചൂടുള്ള കാപ്പി കുടിക്കുമ്പോൾ നടത്തംപോയ വിഷമം ഇനി വൈകുന്നേരം നടക്കാം എന്നൊരു ഉറപ്പിലൂടെ കോംപ്രമൈസ് ആക്കി.

സത്യം പറഞ്ഞാൽ എന്റെ തലച്ചോർ ഒരു അവിയൽ പരുവത്തിൽ വേവുകയാണ്. ഇളവനും വെള്ളരിയും ചേനയും കായയും മുരിങ്ങയ്ക്കയും പടവലവും ക്യാരറ്റും പയറും കൂടെ പച്ചമാങ്ങയും ഇട്ടു പാകത്തിന് വേവിച്ചതിൽ നല്ല അരപ്പും ചേർത്ത് ഉണ്ടാക്കിയാൽ നല്ല അവിയൽ ആവും. എന്നാൽ വേവുന്ന ചെമ്പിൽ നോക്കിയാൽ ഏതാണ് കഷണങ്ങൾ എന്താണ് അതിന്റെ സ്വാദ് ഒന്നും ആദ്യമായി കഴിക്കുന്ന ഒരാൾക്ക് പറയാൻ പറ്റില്ല. ഓരോന്നായി കഴിക്കുമ്പോൾ മാത്രം മനസ്സിലാവുന്ന ഒരാളുടെ സ്ഥിതിയാണ് എന്റേത്. പല വിഷയങ്ങൾ ഒരുമിച്ച് വേവുന്നു. ഓരോ വിഷയത്തിന്റെയും ചോദ്യപ്പേപ്പറിലെ ഓരോ ചോദ്യങ്ങളും വായിക്കുമ്പോൾ മാത്രമാണ് ചേനയേത് വെള്ളരിയേത് എന്ന് മനസ്സിലാകൂ. പിന്നെ അത് കഴിക്കണോ കളയണോ എന്നത് ഓരോരുത്തരുടെ കാഴ്ചപ്പാടും.

2023 സെപ്റ്റംബറിൽ ആപ്ലിക്കേഷൻ ഫോം പൂരിപ്പിച്ചു IGNOU യിലേക്ക് അയച്ചപ്പോൾ പഠിക്കുക പാസ്സാകുക എന്നേ ഉദ്ദേശമുണ്ടായുള്ളു. പഠിക്കലും പരീക്ഷ എഴുതലും പാസ്സാവലും ഒരു ത്രില്ലായി എടുക്കാറുണ്ടെങ്കിലും പരീക്ഷ അടുക്കുമ്പോൾ ഒരു ടെൻഷൻ ഉണ്ടാവാറുണ്ട്. അല്ലെങ്കിലും tension ഒരു ചെറിയ അളവിൽ നമുക്ക് വേണ്ടതാണ്. Brain പ്രവർത്തിക്കുന്നു എന്നതിന്റെ തെളിവാണത്. പക്ഷെ ഇത് പരീക്ഷ എഴുതിയാൽ മാത്രം കടക്കുന്ന കടമ്പ അല്ലെന്നും, അതുക്കും മേലെ കുറെ ഉണ്ടെന്നും മനസ്സിലായപ്പോൾ ഊരിപ്പോരാൻ പറ്റാത്ത കുടുക്കിൽ ആയിക്കഴിഞ്ഞു. ഇനി എന്തായാലും എന്റെ പാതി ഞാൻ നൽകും. യൂണിവേഴ്സിറ്റിയുടെ പാതിയും കിട്ടിയാൽ രക്ഷപ്പെടും. യൂണിവേഴ്സിറ്റിയുടെ പാതി എന്ന് പറഞ്ഞാൽ സമയത്തിന് കാര്യങ്ങൾ നടത്തുക, നല്ല ചോദ്യങ്ങൾ തരുക (ഞാൻ പഠിച്ചത് ), viva എളുപ്പമാക്കുക, result തരുക എന്നൊക്കെയാണ്. ഒരു പരിധിക്കപ്പുറം ടെൻഷൻ കൂടിയാൽ ഒട്ടും മടിക്കരുത് എന്നെ കാണാനോ വിളിക്കാനോ. അതിനല്ലേ ഞാൻ ഇങ്ങിനെ വേവുന്നത്! ●

---

→

അഭിമാനിക്കാനുതകുന്നതാണ്. ഇതിവിടെ അവതരിപ്പിക്കാനെത്തിയ പത്മശ്രീ നാരായണൻ പെരുവണ്ണാനും സംഘത്തിനുമുള്ള നന്ദിയും സ്നേഹവും അർപ്പിക്കുന്നു. ഇത് നടത്തുവാൻ സന്മനസ്സ് കാണിച്ച ആലക്കോട് ഹൗസിലെ ശൈലജാ വർമ്മയോടും മറ്റ് കുടുംബാംഗങ്ങളോടുമുള്ള സ്നേഹാദരങ്ങൾ അറിയിക്കട്ടെ.

ഈശ്വരോ രക്ഷതു.

(*തയ്യാറാക്കിയത്*: **വി.കെ. മധുകുമാർ വർമ്മ**)



# മോയാർ വാലിയിലെ തെമ്മാടി

**ശ്രീകാന്ത് വർമ്മ**
മാവേലിക്കര, മൊ. 9447485946

*(കെന്നത്ത് ആൻഡേഴ്സൻ രചിച്ച 'Call of the Man Eaters' എന്ന പുസ്തകത്തിലെ 'The Black Rogue of the Moyar' എന്ന കഥയുടെ സ്വതന്ത്ര പരിഭാഷ.)*

ഞാനിവിടെ വിവരിക്കുവാൻ പോകുന്നത് വളരെ കൊലപാതകങ്ങൾ നടത്തി തെമ്മാടിയെന്ന് മുദ്രകുത്തപ്പെട്ട ഒരാനയുടെ കഥയാണ്. ഇവനെക്കുറിച്ചുള്ള വാർത്തകൾ പലതും ഞാൻ കേട്ടിരുന്നെങ്കിലും ഈ ആനയെ കാണുംവരെ ഞാനതൊക്കെ വിശ്വസിച്ചിരുന്നില്ല. ഞാനീ കഥയിൽ വിവരിക്കുവാൻ പോകുന്ന സംഭവങ്ങൾ നടന്നത് മൈസൂർ സംസ്ഥാനത്തെയും മദ്രാസ് സംസ്ഥാനത്തെയും വനാന്തരങ്ങളിലാണ്. മോയാർ നദിയുടെ വടക്കു തീരങ്ങളും കോയമ്പത്തൂർ ജില്ലയുടെ വടക്കേയറ്റത്തെ വനപ്രദേശങ്ങളും നീലഗിരി ജില്ലയിലെ ചില പ്രദേശങ്ങളും അവന്റെ വിഹാരകേന്ദ്രങ്ങളായിരുന്നു. രണ്ട് വലിയ വന്യജീവി സങ്കേതങ്ങൾ സ്ഥിതിചെയ്യുന്ന സ്ഥലമാണവിടം; മൈസൂർ സംസ്ഥാനത്തെ ബന്ദിപ്പൂരും മദ്രാസ് സംസ്ഥാനത്തെ മുതുമലയും ആനകളെ ഈ വന്യജീവി സങ്കേതങ്ങൾക്കുള്ളിൽ വച്ച് വേട്ടയാടാൻ പാടില്ല എന്ന നിയമവും നിലവിലുണ്ടായിരുന്നു. അതിനാൽ കോയമ്പത്തൂർ ജില്ലയിൽ പ്രവേശിച്ചാൽ മാത്രമേ അവനെ വെടിവെയ്ക്കാൻ സാധിക്കുമായിരുന്നുള്ളൂ.



ഈ ആന തെമ്മാടിയായി മാറാൻ കാരണമായി രണ്ടു സംഭവങ്ങളാണ് പറഞ്ഞുകേട്ടിരുന്നത്. ആദ്യത്തേത്, തെപ്പേക്കാട് ഗ്രാമത്തിലെ ഗ്രാമീണർ ഒരാനയുടെ ചിന്നംവിളി തുടർച്ചയായി മുഴങ്ങുന്നത് രണ്ടുമൂന്നു രാത്രികളിൽ കേൾക്കുകയുണ്ടായി. അടുത്ത ദിവസം രണ്ട് വലിയ ആനകൾ തമ്മിൽ ഏറ്റുമുട്ടുന്നത് ഗ്രാമീണരിൽ പലരും കണ്ടതാണ്. അതിലൊന്ന് അല്പം കറുപ്പുനിറം കൂടിയതാണ് എന്നാൽ മറ്റേയാനയെക്കാൾ അല്പം ചെറുതുമായിരുന്നു. അവന്റെ ദേഹത്ത് പലയിടത്തു നിന്നും രക്തം ധാരാളമായി വാർന്ന് വരുന്നുണ്ടായിരുന്നു. ഒരുപക്ഷെ ആ ഏറ്റുമുട്ടലിൽ പരാജയപ്പെട്ടവനായിരിക്കാം തെമ്മാടി. മറ്റൊരു സംഭവം ഒരൊറ്റയാൻ വന്ന് രാത്രികാലങ്ങളിൽ ഗ്രാമത്തിന് ചുറ്റുമുള്ള കൃഷിയിടങ്ങൾ നശിപ്പിക്കുമായിരുന്നു. അംഗീകൃത നായാട്ടു ലൈസൻസ് കയ്യിലുള്ളവർ പോലും സർക്കാരിന്റെ ഉത്തരവിന് വിധേയമല്ലാതെ ആനകളെ വെടിവെയ്ക്കാൻ പാടില്ലെന്ന നിയമത്തിന് വിരുദ്ധമായി ഗ്രാമവാസികളിലൊരാൾ തന്റെ കൈവശമുണ്ടായിരുന്ന പഴഞ്ചൻ തോക്കുകൊണ്ട്, ഒരു രാത്രി അവൻ കൃഷിയിടത്തിൽ പ്രവേശിച്ചപ്പോൾ നിറയൊഴിച്ചു. അന്ന് വെടിയേറ്റ ആനയാണ് തെമ്മാടിയായി മാറിയതെന്നായിരുന്നു മറ്റൊരഭിപ്രായം. ആനയ്ക്ക് വെടിയേറ്റിരുന്നു എന്നത് ഉറപ്പാണ്. ധാരാളം രക്തം കൃഷിയിടത്തിൽ വാർന്നു കിടന്നത് ഗ്രാമവാസികൾ കണ്ടതാണ്. അവരിൽ പലരും അവനെ കണ്ടിട്ടുമുണ്ട്. അവന്റെ മസ്തകത്തിൽ നിന്നും താഴേയ്ക്ക് അല്പം വളർന്നുകിടക്കുന്ന രോമങ്ങൾ അവനെ തിരിച്ചറിയുന്നതിനൊരടയാളമായിരുന്നു. വെടിയേറ്റ ശേഷം അവനെ കുറേ നാളത്തേക്ക് ആ പ്രദേശത്ത് കാണുകയുണ്ടായില്ല. മുറിവ് മാരകമായി വനത്തിനുള്ളിൽ വച്ച് അവൻ ചരിഞ്ഞിരിക്കാമെന്നാണ് പലരും ധരിച്ചത്.

മൂന്നു മാസങ്ങൾക്ക് ശേഷം കന്നുകാലികളെ മേച്ചുകൊണ്ട് വനത്തിൽ നിന്നിരുന്ന ഒരാൾ ആനയാൽ കൊല്ലപ്പെട്ടു. എണ്ണക്കറുപ്പുള്ള ഒരാനയാണ് അത് ചെയ്തതെന്നാണ് പലരും പറഞ്ഞത്. അതിനുശേഷം ആ പ്രദേശങ്ങളിൽ ചെറുതും വലുതുമായ ആക്രമണങ്ങൾ നടന്നു. ഡിംബത്തു നിന്നും തലൈമാലയിലേക്ക് പോയ ഒരു കാളവണ്ടി അവൻ തകർത്തു തരിപ്പണമാക്കി. അതിലുണ്ടായിരുന്ന രണ്ടു യാത്രക്കാർ ജീവനും കൊണ്ട് ഓടിയൊളിക്കുകയായിരുന്നു. എന്നാൽ വണ്ടിക്കാരനെയും വണ്ടി വലിച്ചിരുന്ന കാളകളിൽ ഒന്നിനെയും അവൻ കാലപുരിക്കയച്ചു. ആക്രമണത്തിൽ നുകം ഒടിഞ്ഞതിനാൽ മറ്റേ കാള ഓടി രക്ഷപ്പെടുകയായിരുന്നു. ആക്രമണത്തിൽ നിന്നും രക്ഷപ്പെട്ട് ഡിംബത്ത് തിരിച്ചെത്തിയവരാണ് വിവരം എല്ലാവരോടും പറഞ്ഞത്. കറുത്ത് കരിക്കട്ട പോലെയുള്ള ഒരാനയാണ് ആക്രമണകാരിയെന്നാണ് അവർ പറഞ്ഞത്. മാത്രമല്ല അവന്റെ ഇടത്തേക്കൊമ്പ് വലതു കൊമ്പിനെക്കാൾ അല്പം ചെറുതും ഉള്ളിലേക്ക് വളഞ്ഞുമാണിരിക്കുന്നത്. ഏതാണ്ട് ഒൻപതടിക്കടുത്ത് ഉയരമുള്ള അവന്റെ മസ്തകത്തിൽ നിന്നും വളർന്ന രോമങ്ങൾ താഴേക്ക് ഇറങ്ങിക്കിടക്കുന്നു. അവനെക്കുറിച്ച് ആധികാരികമായി പറയാൻ സാധിക്കുന്ന പ്രത്യേകതകൾ ഇതൊക്കെയാണ്.

സംഭവങ്ങൾ ഈ അവസ്ഥയിലായപ്പോൾ കോയമ്പത്തൂർ ജില്ലാ കളക്ടർ വനംവകുപ്പിലെ ഉദ്യോഗസ്ഥരോട് ഈ ആനയെക്കുറിച്ച് അന്വേഷിക്കുകയും, ഇവനെ തെമ്മാടി ഗണത്തിൽ പെടുത്തി, അംഗീകൃത നായാട്ട് ലൈസൻസ് ഉള്ളവർക്ക് ആനയെ വെടിവെയ്ക്കാമെന്ന് പ്രഖ്യാപിക്കുവാൻ സാധിക്കുമോയെന്ന് ആരായുകയും ചെയ്തു. എന്നാൽ വനംവകുപ്പ് ഇവനെക്കുറിച്ച് ഒരഭിപ്രായം നൽകുന്നതിന് മുന്നേ ഇവൻ അടുത്ത ആക്രമണം നടത്തി. ഒരു സൈക്കിൾ യാത്രക്കാരനാണ് ഇത്തവണ ആക്രമിക്കപ്പെട്ടത്. തലൈവാടിയിൽ നിന്നും മുടിയന്നൂരിലേക്ക് പോവുകയായിരുന്നു അയാൾ. ആന കൊലവിളിയുമായി വരുന്നതു കണ്ട് സൈക്കിൾ ഉപേക്ഷിച്ച് അയാൾ ഓടിയൊളിച്ചു. സൈക്കിൾ നാമാവശേഷമാക്കിയതിനു ശേഷമാണ് അവൻ പിൻവാങ്ങിയത്. ആ സമയമത്രയും അയാൾ ഒരു കുറ്റിക്കാട്ടിൽ ഒളിച്ചിരിക്കുകയായിരുന്നു. ആന പിൻവാങ്ങിയെന്ന് ഉറപ്പായപ്പോൾ മാത്രമാണ് അയാൾ പുറത്തിറങ്ങി തലൈവടിയിലേക്ക് തന്നെ മടങ്ങിയത്. ആ മനുഷ്യനും മുമ്പ് കാളവണ്ടിയിൽ നിന്നും രക്ഷപ്പെട്ട രണ്ടു പേർ പറഞ്ഞ ലക്ഷണങ്ങൾ തന്നെയാണ് പറഞ്ഞത്. ഈ സംഭവം കൂടിയായതോടെ അംഗീകൃത നായാട്ട് ലൈസൻസ് ഉള്ള ആർക്കു വേണമെങ്കിലും ഈ ആനയെ വെടിവെയ്ക്കാമെന്ന് കോയമ്പത്തൂർ ജില്ലാ കളക്ടർ ഉത്തരവിട്ടു.

തന്നെ വകവരുത്തുവാനുള്ള നടപടികൾ എന്നറിഞ്ഞതിനാലാണോ എന്തോ? അവൻ ആ പ്രദേശത്തുനിന്നു തന്നെ അപ്രത്യക്ഷനായിക്കളഞ്ഞു. ഏതാണ്ട് മൂന്നു മാസക്കാലം അവനെക്കുറിച്ച് ആർക്കും യാതൊരു വിവരവുമില്ലായിരുന്നു. മുതുമലയിൽ വച്ച് വനത്തിൽ നിന്നും തേൻ ശേഖരിച്ചുകൊണ്ടിരുന്ന ഒരു കറുമ്പ ജാതിക്കാരനെ ഈ മൂന്നു മാസക്കാലത്തിനുള്ളിൽ അവൻ വധിച്ചു. എന്നാൽ ആ സംഭവത്തിന് വലിയ ജനശ്രദ്ധ ലഭിച്ചില്ല. ഈ മൂന്നു മാസക്കാലം ബന്ദിപ്പൂർ, ഗൂഡല്ലൂർ, തെപ്പേക്കാട്, സേഗൂർ ഭാഗങ്ങളിൽ ഇവന്റെ സാന്നിധ്യമുണ്ടായിരുന്നു. എന്നാൽ കോയമ്പത്തൂർ ജില്ലാ കളക്ടറുടെ ഉത്തരവിന് ആ ഭാഗങ്ങളിൽ സാധുതയില്ലാത്തതിനാൽ അവിടെ വച്ച് അവനെ വകവരുത്തുക അസാധ്യമായിരുന്നു. ആ കാലയളവിൽ വഴിയിൽ കൂടി കടന്നുപോകുന്ന കാറുകളെ ആക്രമിക്കാൻ ശ്രമിക്കുന്നതും അവന്റെ പ്രധാന വിനോദമായിരുന്നു.

സേഗൂരിൽ എനിക്ക് ഒരു സുഹൃത്തുണ്ട്. ഒരു ഇംഗ്ലീഷുകാരനാണദ്ദേഹം. പേര് മിസ്റ്റർ കൊള്ളറ്റ്. ഒരിക്കൽ അദ്ദേഹവും ഇവന്റെ ആക്രമണത്തിന് ഇരയാവേണ്ടതായിരുന്നു. ഒരു സായാഹ്നത്തിൽ അദ്ദേഹം തന്റെ ഷോർട്ട് ഗണ്ണുമായി വനത്തിൽ ചുറ്റാനിറങ്ങി. കൊള്ളറ്റ് ഓമനിച്ചു വളർത്തുന്ന അഞ്ച് നായ്ക്കളും ഒപ്പമുണ്ടായിരുന്നു. അത്താഴത്തിന് കറിവയ്ക്കാൻ മയിലിനെയോ കുളക്കോഴിയെയോ മുയലിനെയോ ലഭിക്കുമെന്ന ഉദ്ദേശത്തിലാണ് അദ്ദേഹം നടക്കാനിറങ്ങിയത്. മോയാറിന്റെ കൈവഴിയായ സേഗൂർ നദിക്കരയിൽ അല്പനേരം അദ്ദേഹം വിശ്രമിക്കാനിരുന്നു. ആ സമയത്താണ് ആ തെമ്മാടി വെള്ളം കുടിക്കാൻ അവിടേക്കെത്തിയത്. കർണ്ണകഠോരമായി ചിന്നംവിളിച്ചുകൊണ്ട് അവൻ കൊള്ളറ്റിനെ ആക്രമിക്കാൻ പാഞ്ഞടുത്തു. കൊള്ളറ്റിനെന്തു ചെയ്യാൻ കഴിയും, ഒരു ഷോർട്ട് ഗണ്ണാണ് കയ്യിലുള്ളത്. ഒരാനയ്ക്കെതിരെ അതുകൊണ്ട് എന്ത് പ്രയോജനം? ഓടുകയല്ലാതെ മറ്റ് മാർഗ്ഗമില്ല. സ്ഥായിയായി വലതുകാലിന് അല്പം മുടന്തുള്ളയാളാണ് കൊള്ളറ്റ്. അതിനാൽ വളരെ വേഗം വൃക്ഷങ്ങളിൽ കയറിപ്പറ്റുക

അസാധ്യം. അദ്ദേഹം ആകാവുന്നത്ര വേഗത്തിൽ ഓടി. ഒരു വലിയ വൃക്ഷത്തിന്റെ ചുവട്ടിൽ ഒളിച്ചു. എന്നാൽ കൊള്ളറ്റിന്റെ ഒപ്പമുണ്ടായിരുന്ന അഞ്ചു നായ്ക്കൾ ആനയെ നേരിടാൻ തന്നെ തീരുമാനിച്ചു. ആനയ്ക്ക് എത്തിപ്പിടിക്കുവാനാകാത്ത ദൂരം കാത്ത് കുരച്ചുകൊണ്ട് അവർ അവനു ചുറ്റും നടന്നു. ഈ സമയംകൊണ്ട് കൊള്ളറ്റ് വേഗം നടന്ന് അദ്ദേഹത്തിന്റെ ബംഗ്ലാവിൽ മടങ്ങിയെത്തി. അല്പനേരം കഴിഞ്ഞ് മടുപ്പു തോന്നിയ തെമ്മാടി പിൻവാങ്ങിയതോടെ നായ്ക്കളും ബംഗ്ലാവിൽ മടങ്ങിയെത്തി. അങ്ങനെ നായ്ക്കളുടെ അവസരോചിതമായ ഇടപെടലാണ് അന്ന് എന്റെ സുഹൃത്തിന്റെ ജീവൻ രക്ഷിച്ചത്.

മൂന്നു മാസക്കാലം കഴിഞ്ഞതോടെ തെമ്മാടി കോയമ്പത്തൂർ ജില്ലയിലേക്ക് തന്നെ മടങ്ങി. അവന്റെ തിരിച്ചുവരവ് അറിയിക്കാനെന്നോണം ജീർഗള്ളി ഗ്രാമത്തിലെ ഒരു മനുഷ്യനെ അവൻ വധിക്കുകയും ചെയ്തു. ഈ സംഭവം കഴിഞ്ഞയുടനെയാണ് ഒരു അമേരിക്കൻ സുഹൃത്ത് ബാംഗ്ലൂരിൽ എന്നെ സന്ദർശിക്കാനെത്തിയത്. അദ്ദേഹത്തിന് കാട്ടുപോത്തുകളുടെ കുറേ നല്ല ചിത്രങ്ങളും വീഡിയോകളും എടുക്കണം, അതിന് ഞാൻകൂടി അദ്ദേഹത്തെ അനുഗമിക്കണം. അതായിരുന്നു ആ സുഹൃത്തിന്റെ ആവശ്യം. ആഫ്രിക്കയിലെയും ഇന്ത്യയിലെയും പല വന്യജീവി സങ്കേതങ്ങളും കറങ്ങിയാണ് മൂപ്പരുടെ വരവ്. വന്യജീവികളുടെ ചിത്രങ്ങളുടെയും വീഡിയോകളുടെയും നല്ലൊരു ശേഖരവും കയ്യിലുണ്ട്. ഏതായാലും ഞാൻ അയാളോടൊപ്പം ചെല്ലാമെന്ന് സമ്മതിച്ചു. അടുത്ത ദിവസം രാവിലെ മൂന്നു ദിവസത്തെ യാത്ര പ്ലാൻ ചെയ്ത് ഞങ്ങൾ ബാംഗ്ലൂരിൽ നിന്ന് പുറപ്പെട്ടു.

കാട്ടുപോത്തുകളുടെ ചിത്രമെടുക്കാൻ കോയമ്പത്തൂർ ജില്ലയിലെ വനമേഖലയാണ് ഭേദം എന്നെനിക്ക് അറിവായിരുന്നതിനാൽ അങ്ങോട്ടേക്കായിരുന്നു ഞങ്ങളുടെ യാത്ര. കോയമ്പത്തൂർ ഭാഗത്തെ വനങ്ങൾ മൈസൂർ ഭാഗത്തെപ്പോലെ വൃക്ഷങ്ങൾ ഇടതിങ്ങി വളർന്നു നിൽക്കുന്നവയല്ല. മാത്രമല്ല കാട്ടുപോത്തുകൾ എണ്ണത്തിൽ അധികമുള്ളതും കോയമ്പത്തൂർ വനാന്തരങ്ങളിലാണ്. പോകുന്ന വഴിയിൽ എന്റെയൊരു പഴയ സുഹൃത്തും നായാട്ടു സഹായിയുമായ രാച്ചനെക്കൂടി ഞങ്ങൾ ഒപ്പം ചേർത്തു. ഡിംബത്ത് നിന്നും ഞങ്ങളുടെ യാത്ര പടിഞ്ഞാറ് ഭാഗത്തുള്ള ഹോണർഹട്ടി എന്ന ഗ്രാമത്തിലേക്കായിരുന്നു. കാട്ടുപോത്തുകൾ ആ ഭാഗത്ത് വളരെയധികമുണ്ടെന്ന് എനിക്കറിയാം. ഇടയ്ക്ക് ഞങ്ങൾ സഞ്ചരിച്ചിരുന്ന കാറിന്റെ ടയർ പഞ്ചറായെങ്കിലും നാലു മണിയോടെ ഞങ്ങൾ ലക്ഷ്യസ്ഥാനത്തെത്തിച്ചേർന്നു. ഫോട്ടോയെടുക്കാൻ വെളിച്ചക്കുറവുള്ളതിനാൽ അന്നു രാത്രി ഗ്രാമത്തിനു സമീപമുള്ള ഏതെങ്കിലും വൃക്ഷച്ചുവട്ടിൽ തങ്ങി, അടുത്ത ദിവസം രാവിലെ ഷൂട്ടിങ് പരിപാടികൾ ആരംഭിക്കാമെന്ന് ഞാനെന്റെ സുഹൃത്തിനോട് പറഞ്ഞു. ആ ഗ്രാമവാസികളുടെയിടയിൽ ഞാനാരെന്ന് അറിയാവുന്നവരും ഉണ്ടായിരുന്നു. അക്കൂട്ടത്തിലൊരാൾ രാച്ചനോടൊപ്പം ഞങ്ങളെ സഹായിക്കുവാൻ സ്വയം സന്നദ്ധതയറിയിച്ചു. അടുത്ത ദിവസം അതിരാവിലെ തന്നെ കാട്ടുപോത്തുകളെ തിരഞ്ഞ് പോകണമെന്ന് ഞാൻ പറഞ്ഞു, കാരണം ഉച്ച നേരത്ത് ചൂടു കാരണം അവ എവിടെയെങ്കിലും വിശ്രമിക്കാറാണ് പതിവ്. ഞങ്ങളുടെ പുതിയ സഹായി അതിരാവിലെ തന്നെ എത്തിച്ചേർന്നുകൊള്ളാമെന്നേറ്റു.

അടുത്ത ദിവസത്തെ ഞങ്ങളുടെ പ്ലാൻ പൂർത്തിയായപ്പോൾ സ്വാഭാവികമായും ഞങ്ങൾ മറ്റു വിഷയങ്ങൾ ചർച്ച ചെയ്യാനാരംഭിച്ചു. ആ ഗ്രാമത്തിലെ ആർക്കും ആ തെമ്മാടി ആനയുടെ ഉപദ്രവമുണ്ടായിട്ടില്ലെങ്കിലും അവന്റെ കുപ്രസിദ്ധി എല്ലായിടവും എത്തിയിരുന്നു. അല്പനേരം കഴിഞ്ഞ് ഞങ്ങൾ പിരിഞ്ഞു. പിറ്റേന്ന് നേരം പ്രഭാതമായപ്പോൾ തന്നെ ഞങ്ങളുടെ പുതിയ സുഹൃത്ത് എത്തിച്ചേർന്നു. അയാളും രാച്ചനും കൂടി തലേന്ന് രാത്രി കാട്ടുപോത്തുകൾ സഞ്ചരിച്ച വഴികൾ തേടിപ്പോയി. ഈ പ്രദേശത്ത് കാട്ടുപോത്തുകൾ ധാരാളം ഉണ്ടെന്ന് അയാൾ ഉറപ്പു നൽകിയിരുന്നു. എന്റെ അമേരിക്കൻ സുഹൃത്തിന് നായാട്ടു ലൈസൻസ് ഉണ്ടായിരുന്നില്ല. ഞാനാകട്ടെ ഒരു നായാട്ട് ട്രിപ്പ് ഉദ്ദേശിച്ചല്ല വന്നിട്ടുള്ളതും. അവർ തിരിച്ചെത്തുന്നതുവരെ വനത്തിൽ നിന്നു വരുന്ന വിവിധങ്ങളായ ശബ്ദങ്ങൾ ആസ്വദിച്ച് കൊച്ചുവർത്തമാനങ്ങളും പറഞ്ഞ് ഞങ്ങൾ ക്യാമ്പിൽത്തന്നെ കഴിഞ്ഞുകൂടി. ഏതാണ്ട് പത്തുമണിയോടെ ഞങ്ങളുടെ സഹായികൾ തിരികെയെത്തി. ധാരാളം കാട്ടുപോത്തുകളുടെ കാൽപ്പാടുകൾ കണ്ടെത്തിയായിരുന്നു അവരുടെ വരവ്. എന്നാൽ അതാകട്ടെ രണ്ടു മൈൽ അകലെയായിരുന്നു. നായാട്ട് ഉദ്ദേശമില്ലാത്ത യാത്രയായതിനാൽ റൈഫിൾ ക്യാമ്പിൽത്തന്നെ വെച്ചിട്ടാണ് ഞങ്ങൾ പോയത്. രണ്ടു മൈൽ സഞ്ചരിക്കുന്നതിനു മുൻപ് തന്നെ കാട്ടുപോത്തിൻ കൂട്ടത്തെ സമീപിക്കുന്ന

കവിത

# തുഷാരബിന്ദു



**ശ്രീദേവി.പി.സി.**
കുറ്റിലഞ്ഞി, മൊ: 9497793788

കുളിരാർന്ന നിശയിലാപുല്ലിൻമടിത്തട്ടിൻ
സംരക്ഷണത്താൽ ഭയമേതുമില്ലാതെ
സൂര്യോദയത്തിനെകാംക്ഷിച്ചുകാംക്ഷിച്ചു
യാമങ്ങളോരോന്നും തള്ളി നീക്കീടിലും
തൂമഞ്ഞുതുള്ളിയാ പുൽക്കൊടിത്തുമ്പിൽനി-
ന്നൂർന്നങ്ങു പോരുവാൻ തെല്ലുമടിക്കവെ
ബാലാർക്കരശ്മികൾ മെല്ലെത്തഴുകവെ
ലജ്ജയാൽമാരിവിൽതീർത്തിതരക്ഷണം
മാതാവുനൽകിയപ്രേരണയുൾക്കൊണ്ടു
ധാത്രിയാമമ്മയെ പൂജിച്ചു വന്ദിക്കാൻ
നീട്ടിയകൈകൾതൻ വാത്സല്യമേൽക്കുവാൻ
മെല്ലെപ്പുറപ്പെട്ടു, യാത്രാമൊഴിയുമായ് ●

---

→

തിന്റെ അടയാളങ്ങൾ ഞങ്ങൾ കണ്ടെത്തി.

അടയാളങ്ങൾ പിൻതുടർന്ന് ഞങ്ങൾ മുന്നോട്ട് പോയി. ഒരു ചെറു അരുവിയുടെ തീരത്താണ് എത്തിച്ചേർന്നത്. കാട്ടുപോത്തുകൾക്ക് ഘ്രാണശേഷി വളരെ കൂടുതലാണ്. അതിനാൽ അവയെ സമീപിക്കുന്നതിനു മുൻപ് കാറ്റിന്റെ ഗതി തിട്ടപ്പെടുത്തേണ്ടതാണ്. ഭാഗ്യത്തിന് കാറ്റ് ഞങ്ങളുടെ എതിർ ദിശയിലായിരുന്നു. അതിനാൽ ഞങ്ങളുടെ ഗന്ധം അവയ്ക്ക് ലഭിക്കാനിടയില്ല. ഞങ്ങളെ സഹായിക്കുവാൻ സന്നദ്ധനായ മനുഷ്യനാണ് വഴികാട്ടിയായി മുന്നിൽ നടന്നിരുന്നത്. ഞാൻ ഏറ്റവും പിന്നിലായാണ് നടന്നിരുന്നത്. ഞങ്ങളുടെ സഹായികളുടെ കഴിവിൽ ഉത്തമ വിശ്വാസമുണ്ടായിരുന്നതിനാൽ ഞാനൽപ്പം അശ്രദ്ധമായാണ് നടന്നിരുന്നത്. എന്ത് കാരണത്താലെന്ന് അറിയില്ല. തിരിഞ്ഞു നോക്കിയ രാച്ചനാണ് അത് കണ്ടത്. “സാർ, ആന വരുന്നു”. അയാൾ എന്നോട് വിളിച്ചുപറഞ്ഞു. ഭീതിയോടെ തിരിഞ്ഞു നോക്കുമ്പോഴാണ് ഞാനും ആനയെ കണ്ടത്. അവനപ്പോഴെങ്കിലും അവന്റെ വരവിൽ സംശയമോ ഭയമോ ഒന്നും കാണാത്തതിനാൽ അവൻ ആകാവുന്നത്ര വേഗത്തിൽ ഞങ്ങളെ ലക്ഷ്യമാക്കിത്തന്നെയാണ് വന്നുകൊണ്ടിരുന്നതെന്ന് ഉറപ്പായിരുന്നു.

(തുടരും...)

Poem

# The Unknown Artist

**Sumitha Varma**
Thrissur. Mob. 9495882239



I was awakened at the depth of my sleep
Someone was singing so loud at the peak of night
It was neither a rap nor a melody, that I used to enjoy Just a hymn in a high note
The music tempted me to find the artist
My search went in vain as
He had eloped after a sumptuous meal
He oozed enough blood from my bare hand
And left me with itching the rest of the night
I spent the night in awe
Thinking how to invade the unknown artist ●



# ഇടുക്കി ഡാം ഉല്ലാസയാത്ര

**രാജീവ് വർമ്മ**
തിരുവനന്തപുരം, മൊ. 9497181135

ഈ ക്രിസ്തുമസ് ദിനത്തിൽ ഞങ്ങൾ കുടുംബസമേതം ഇടുക്കി ഡാമിലേക്ക് ഒരു ഉല്ലാസയാത്ര പോയി. ഈ യാത്രയെക്കുറിച്ചുള്ള കുറച്ചു വിവരണങ്ങൾ ആണ് ഇതിലുള്ളത്. പിന്നെ കുറച്ചു ചിത്രങ്ങളും.

രാവിലെ 4 മണിയോട് കൂടി ഞങ്ങൾ സ്വന്തം വാഹനത്തിൽ കേരളത്തിന്റെ തലസ്ഥാന നഗരിയിൽ നിന്നു യാത്ര തുടങ്ങി. എം.സി. റോഡിൽ വാളകത്തു നിന്നും ശബരിമല ബൈപാസ് റോഡിൽ കൂടി ഈരാറ്റുപേട്ട, കാഞ്ഞിരപ്പള്ളി, മുട്ടം വഴി ആണ് ഞങ്ങൾ പോയത്.

ഈരാറ്റുപേട്ട കഴിഞ്ഞാൽ പിന്നെ യാത്ര വളരെയധികം ആസ്വദിക്കാൻ പറ്റുന്നതാണ്. പ്രത്യേകിച്ച് വാഹനം ഓടിക്കാൻ ഹരമുള്ളവർക്ക്. 12 hair pin വളവുകൾ ഉള്ള ഏകദേശം 40 കിലോമീറ്റർ ഉള്ള മുഴുവൻ കയറ്റത്തോട് കൂടിയ നല്ല സുഖമുള്ള വഴി. അക്ഷരാർത്ഥത്തിൽ ഒരു കാനന പാത. ഈ വഴിയുള്ള ഡ്രൈവിംഗ് ശരിക്കും ഹരം കൊള്ളിച്ചു. ഈ വഴിയിൽ ആന ഇറങ്ങാൻ സാധ്യത ഉണ്ട് എന്ന് വനം വകുപ്പ് മുന്നറിയിപ്പ് ബോർഡ് വച്ചിരിക്കുന്നു. കുറച്ചു സ്ഥലത്ത് നേരത്തെ ആന ഇറങ്ങിയതിന്റെ ബാക്കി പത്രങ്ങൾ ഞങ്ങൾ കണ്ടു. പോകുന്ന വഴിയാണ് ഇടുക്കി റിസെർവോയറിന്റെ ഭാഗമായ കക്കയം ഡാം. ഇതിന്റെ മുകളിൽ കൂടി ആണ് ഇടുക്കി ഡാമിലേക്ക് പോകുന്നത്.

11 മണിയോടെ ഞങ്ങൾ ഇടുക്കി ഡാമിൽ എത്തി. വെക്കേഷൻ ആയതിനാൽ ഡാം സന്ദർശകർക്കു



തുറന്നു കൊടുത്തിരുന്നു. ഓൺലൈനിൽ വേണം ടിക്കറ്റ് എടുക്കാൻ. ഞങ്ങൾ ഇലക്ട്രിക് കാർ എടുത്താണ് ഡാമിന്റെ മുകളിൽ പോയത്. നടന്നു പോകാനും പറ്റും. ചെറുതോണി, ഇടുക്കി ഡാമുകൾ ബന്ധിപ്പിച്ചു റോഡ് മാർഗം ആണ് ഈ കാർ സഫാരി ഉള്ളത്. ഗേറ്റിൽ എൻട്രി ടിക്കറ്റ് കാണിച്ചു ഞങ്ങൾ യാത്ര തുടങ്ങി ഡാം കാണാൻ.

**ഇടുക്കി ഡാമിനെ കുറിച്ചൊരല്പം...**

ഏകദേശം 52 വർഷത്തോളം പഴക്കം ഉണ്ട് ഇടുക്കി ഡാമിന്. കേരളത്തിലെ ഏറ്റവും വലിയ ജല വൈദ്യുത പദ്ധതി. ഇടുക്കി, ചെറുതോണി എന്നീ 2 അണക്കെട്ടുകൾ ചേർന്നതാണ് ഇടുക്കി ജല വൈദ്യുത പദ്ധതി. രണ്ടു മലകൾക്ക് (കുറവൻ, കുറത്തി മലകൾ) ഇടയിൽ ആണ് അർദ്ധ വൃത്താകൃതിയിൽ ഉള്ള ഈ ഡാം (ഏഷ്യയിലെ തന്നെ ഏറ്റവും വലിയ ആർച് ഡാം) പണിതിരിക്കുന്നത്. 1963-ൽ ഡാമിന്റെ നിർമ്മാണം തുടങ്ങി. പണികൾ കഴിഞ്ഞത് 1975 ലും ഇവിടെ നിന്നും പവർ ഉൽപ്പാദനം തുടങ്ങിയത് 1976 ലും ആയിരുന്നു. 554 അടി ആണ് ഡാമിന്റെ ഉയരം. വലിയ ഡാം ആണെങ്കിലും ഇടുക്കി ഡാമിന് ഷട്ടറുകൾ ഇല്ല. ഇതിന്റെ ഷട്ടർ ചെറുതോണി ഡാമിൽ ആണുള്ളത്. അതുകൊണ്ടുതന്നെ ഡാം തുറക്കുമ്പോൾ ഷട്ടർ ഉയർത്തുന്നത് ചെറുതോണി ഡാമിൽ ആണ്. ഇവിടെ നിന്നാണ് മൂലമറ്റം പവർ സ്റ്റേഷനിലേക്ക് വെള്ളം കൊണ്ടുപോകുന്നത്. ഇടുക്കി ഡാമിന്റെ മുകളിൽ നിന്നു താഴേക്കു നോക്കിയാൽ തല കറങ്ങുന്ന പോലെ തോന്നും. അത്രയും ഉയരമാണ് ഡാമിന്. ശരിക്കും ഒരു എഞ്ചിനീയറിംഗ് വിസ്മയം അല്ലെങ്കിൽ എഞ്ചിനീയറിംഗ് വിപ്ലവം എന്ന് തന്നെ ഇടുക്കി ഡാമിനെ പറ്റി പറയാം. ഈ ഡാമിന്റെ ജല സംഭരണിയിൽ കൂടി വനംവകുപ്പ് ഏകദേശം അര മണിക്കൂർ ഉള്ള ബോട്ട് സഫാരി നടത്തുന്നുണ്ട്. ഞങ്ങൾ അതും ആസ്വദിച്ചു. പ്രത്യേക രസം ഉള്ള

ഒരു നല്ല യാത്രയാണ് ഇത്. ഇവിടെയുള്ള രണ്ടു ഡാമുകളും ബന്ധിപ്പിച്ചാണ് സഫാരി. ഡാമുകളുടെ ദൃശ്യഭംഗി ശരിക്കും മനസ്സിലാകുന്ന നിമിഷം ഇതാണ്. കുറവൻ മലയുടെ നടുക്ക് ഒരു വലിയ ഗുഹ ഉണ്ട്. അവിടെ വൈശാലി സിനിമയുടെ കുറച്ചു ഭാഗങ്ങൾ ചിത്രീകരിച്ചിട്ടുണ്ട് എന്ന് ബോട്ട് ഡ്രൈവർ പറഞ്ഞു. അതുകൊണ്ടു തന്നെ ഈ ഗുഹയെ വൈശാലി ഗുഹ എന്ന് ഞങ്ങൾ വിളിച്ചു. വൈശാലിയിലെ ഋശ്യശൃംഗൻ താമസിച്ചത് ഈ ഗുഹയിലാണ്. ഈ സിനിമയിൽ ഋശ്യശൃംഗൻ കാമ പരവശനായി വൈശാലിയിൽ അനുരാക്തനാകുന്ന കുറെയേറെ രംഗങ്ങളും ഇവിടെ ചിത്രീകരിച്ചതാണ്.

ഡാം കണ്ട ശേഷം ഞങ്ങൾ ഉച്ചഭക്ഷണവും കഴിച്ച്, 15 കിലോമീറ്റർ ദൂരെയുള്ള കാൽവരി മൗണ്ട് വ്യൂ പോയിന്റ് കാണാൻ പോയി. ഇവിടത്തെ ഒരു വലിയ കുന്നിന് മുകളിൽ നിന്ന് നോക്കിയാൽ ഇടുക്കിയിലെ ജലസംഭരണി കാണാം. ഈ കുന്നിലേക്ക് വാഹനത്തിൽ ഉള്ള യാത്ര തന്നെ വളരെ ഭയാനകമാണ്. വീതി കുറഞ്ഞ കുത്തനെ ഉള്ള ശരിക്കും ഒരു offroad യാത്ര. പക്ഷെ മുകളിൽ ചെന്നാൽ വളരെ മനോഹരമായ കാഴ്ച. കണ്ണെത്താ ദൂരത്തോളം ഇടുക്കി ജല പദ്ധതിയുടെ വെള്ളം കാണാം. വെള്ളത്തിൽ ഇടയ്ക്കിടക്ക് ചെറുതും വലുതുമായ ദ്വീപുകൾ. ഇവിടെ ആന, കരടി, മാൻ തുടങ്ങിയ വന്യമൃഗങ്ങൾ ഉണ്ട് എന്ന് പറയുന്നു. വെള്ളത്തിൽ സൂര്യരശ്മികൾ പതിക്കുമ്പോൾ വെള്ളം തിളങ്ങുന്ന കാഴ്ച വളരെ ഭംഗിയുള്ളതാണ്. വൈകുന്നേരം ഇവിടം കൂടുതൽ ആസ്വാദ്യകരമാണ്. ഇടുക്കി ഡാം കാണാൻ വരുന്നവർ ഒഴിവാക്കാൻ പാടില്ലാത്ത ഒരു സ്ഥലം. അത്രയ്ക്ക് മനോഹരമാണ് ഇവിടം.

ഏകദേശം 5 മണിയോട് കൂടി അവിടെ നിന്നും മടങ്ങി. വരുന്ന വഴിയിൽ ഞങ്ങളെ എല്ലാവരെയും ഭീതിയിൽ നിറുത്തിയ ഒരു സംഭവം കൂടി പറയാം. ഏകദേശം സന്ധ്യ ആയപ്പോളേക്കും ഞങ്ങളുടെ വണ്ടി പകുതിയോളം കാനനപാത താണ്ടിക്കഴിഞ്ഞിരുന്നു. പെട്ടന്ന് വാഹനത്തിൽനിന്നും "കീ..." എന്ന ഒരു ശബ്ദം കേട്ടു. ചെറിയ രീതിയിൽ ആയതുകൊണ്ട് ഞങ്ങൾ ആദ്യം അത്ര കാര്യമായി എടുത്തില്ല. പന്നീടങ്ങോട്ട് ആ ശബ്ദം കൂടിക്കൂടി വന്നു. വണ്ടിയുടെ ആക്സിലേറ്റർ കൂട്ടുന്നതിനനുസരിച്ച് ശബ്ദം കൂടുകയും, കുറയ്ക്കുമ്പോൾ ശബ്ദം കുറയുകയും ചെയ്യുമായിരുന്നു. അപ്പോൾ ഞങ്ങക്ക് പേടി തോന്നിത്തുടങ്ങി. ഏകദേശം രാത്രി ആകാറായി. വഴിയിൽ തീരെ വാഹനങ്ങൾ കുറവും. ഞങ്ങൾ നടുവഴിയിൽ വണ്ടി നിറുത്തി. ഞാൻ വണ്ടിയിൽ നിന്നിറങ്ങി അങ്ങോട്ടും ഇങ്ങോട്ടും നോക്കി. എന്തു ചെയ്യും എന്നറിയില്ല. ആരെയും കണ്ടില്ല. ഭാഗ്യം പോലെ, അല്പം കഴിഞ്ഞപ്പോൾ അതുവഴി ഒരു KSRTC ബസ് വന്നു. ഞങ്ങളെ കണ്ടപ്പോൾ ഡ്രൈവർ വണ്ടി നിറുത്തി വിവരം ചോദിച്ചു. ആന ഇറങ്ങുന്ന സ്ഥലം ആണ്, ഇവിടെ വണ്ടി നിറുത്തി ഇറങ്ങുന്നത് അപകടമാണെന്ന് അദ്ദേഹം പറഞ്ഞു. ഞാൻ അദ്ദേഹത്തോട് കാര്യം പറഞ്ഞു. ഒരു ചെറു പുഞ്ചിരിയോടെ അദ്ദേഹം മറുപടി പറഞ്ഞു, "പേടിക്കണ്ട... അത് ചീവീടുകൾ കൂട്ടത്തോടെ കരയുന്ന ശബ്ദം ആണ്. നിങ്ങൾ വേഗം യാത്ര തുടർന്നോളൂ". ഞങ്ങൾ ആശ്വാസത്തോടെ അദ്ദേഹത്തിനു നന്ദി പറഞ്ഞ് യാത്ര തുടർന്നു. ചീവീടുകളുടെ കൂട്ടത്തോടെയുള്ള ശബ്ദം ഇങ്ങനെയാണെന്ന് ഞങ്ങൾ അപ്പോളാണ് മനസ്സിലാക്കിയത്.

എല്ലാം കണ്ടു രാത്രി 11 മണിയോടെ വീട്ടിൽ തിരിച്ചെത്തി. ശരിക്കും നല്ല കാഴ്ചകൾ നിറഞ്ഞ ഒരു ഉല്ലാസയാത്ര. കുറെ നല്ല ഓർമ്മകൾ നൽകിയുള്ള ഈ യത്രയെക്കുറിച്ച് കുറച്ചുമാത്രമേ പറഞ്ഞിട്ടുള്ളൂ. നേരിട്ട് പോയി ആസ്വദിക്കാൻ ഇനിയും കുറെ കാഴ്ചകൾ ഉണ്ട്. ●

## മാന്യവായനക്കാരുടെ പ്രത്യേക ശ്രദ്ധയ്ക്ക്

'ക്ഷാത്രസ്പന്ദനം' ത്രൈമാസിക കുടിശ്ശികയും 2026 ലെ വരിസംഖ്യയും (200 രൂപ) എത്രയും വേഗം അടച്ചുതീർക്കാൻ എല്ലാ ബന്ധുക്കളും സഹകരിക്കണമെന്ന് താൽപര്യപ്പെടുന്നു. തുക ക്ഷത്രിയക്ഷേമസഭയുടെ പേരിൽ ക്രോസ്സ് ചെയ്ത ചെക്കായോ താഴെക്കൊടുത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടിലേക്ക് **Google Pay/ Bank transfer** ആയോ അയയ്ക്കാവുന്നതാണ്.

**Kshathriya Kshema Sabha, A/c. No. 40052010052603, IFSC: CNRB0014005**

**CANARA BANK, Fort, Thiruvananthapuram**

കഥ

# പ്രകാശവും പ്രസാദവും

ഹൈമവതി വർമ്മ
ചേർത്തല



വിശ്വൈകനാഥന്റെ ഭഗവൽ ചൈതന്യത്തിൽ നിന്നും ഉദിച്ച രണ്ടു ഭാവങ്ങളാണ് പ്രകാശവും പ്രസാദവും.

സകല ജീവജാലങ്ങൾക്കും പ്രകൃതിക്കും ജഗന്നിയന്താവിന്റെ കനിവിന്റേയും അനുഗ്രഹത്തിന്റേയും തേൻതുള്ളികൾ.

അനന്തമായ നീലാകാശത്തിലെ നക്ഷത്രങ്ങൾ പോലെ അടങ്ങാത്ത തിരമാലകൾ അലതല്ലുന്ന സാഗരത്തിന്റെ തിളക്കം പോലെ ആ തേജസ്സ് ഒഴുകിക്കൊണ്ടേയിരിക്കുന്നു.

സർവ്വേശ്വരന്റെ ഹൃദയത്തിൽ നിന്നും ഉതിരുന്ന പ്രകാശം ഊഷ്മളവും ഉന്മാദവും പ്രസന്നതയുമാണ്.

എന്നാൽ, അവിടുത്തെ മനസ്സിൽ നിന്നും ഉതിരുന്ന പ്രസാദം കുളിർമ്മയും നിഷ്കാമവും സൗമ്യവുമാണ്.

ഭൂഗോളത്തിന്റെ ഭ്രമണപഥത്തിലെ ഉഷസ്സും സന്ധ്യയും ആണ് പ്രകാശവും പ്രസാദവും.

അമേരിക്കയിൽ ജനിച്ചുവളർന്ന പിങ്കിയും മദ്ധ്യകേരളത്തിലെ വെള്ളക്കെട്ടുകൾ നിറഞ്ഞ കുഗ്രാമത്തിലെ നന്ദുവും ഈ കഥയിലെ പ്രകാശവും പ്രസാദവുമാണ്.

വടക്കെ കോവിലകത്തെ തമ്പുരാന്റെ കൊച്ചുമകളാണ് പിങ്കി. കാര്യസ്ഥൻ രാവുണ്ണിയുടെ പേരക്കുട്ടിയാണ് നന്ദു.

ഈ കഥയുടെ മൂല്യം വർഷങ്ങൾക്കു മുമ്പാണ്.

എങ്കിലും നാടകരംഗങ്ങളുടെ തുടക്കവും അഭിനേതാക്കളുടെ രംഗപ്രവേശവും എല്ലാം വർത്തമാന കാലത്തായതുകൊണ്ട് ഇവിടെ നിന്നുതന്നെ തുടങ്ങാം.

“ണിം. ണിം. ണിം...”

കോവിലകത്തെ ലാൻഡ് ഫോൺ ശബ്ദിച്ചു.

ആ നാട്ടിൻപുറത്തു പോലും ലാൻഡ് ഫോണുകൾ കൈവിരലിൽ എണ്ണാവുന്നതേയുള്ളൂ. എല്ലാവർക്കും മൊബൈൽ ആണല്ലോ.

ലാൻഡ് ഫോണിന്റെ മുഴക്കം മതിലിനു പുറത്ത് ഗേറ്റുവരെ കേൾക്കാം. എന്നാലും അമ്മയ്ക്ക കേൾക്കാൻ പറ്റുന്നില്ല. കേൾവി പിന്നോട്ടായിട്ട് വർഷങ്ങളായി.

മക്കളും പേരക്കുട്ടികളും പറഞ്ഞാലും മുത്തശ്ശി അനുസരിക്കില്ല.

“എന്റെ ചെവിയിൽ കുന്ത്രാണ്ടമൊന്നും വലിച്ചു വയ്ക്കണ്ട” എന്ന വാശിയാണ്.

തുള്ളിമരുന്ന് ചെറിയതോതിൽ ഉപയോഗിക്കും അതുകൊണ്ട് അമ്മയ്ക്ക് ഇപ്പോഴും കാഴ്ചയുണ്ട്.

പത്രം വായനയും ടി.വി. കാണലും ഒക്കെ ഇഷ്ടവുമാണ്.

ഫോൺ അമ്മയുടെ കിടപ്പുമുറിയോട് ചേർന്നാണ്. എങ്കിലും അവർ കേൾക്കാത്തതുകൊണ്ട് ഹാളിന്റെ എതിർവശത്തെ കിടപ്പുമുറിയിൽ നിന്ന് വൈഷ്ണവി ഇറങ്ങിവന്നു.

സമയം രാവിലെ അഞ്ചുമണി ആയിട്ടേയുള്ളൂ. ആരാവാണോ ഈ സമയത്ത്?

വൈഷ്ണവി ഫോൺ റിസീവർ എടുത്തു.

“ഹലോ! ആരാണ്?” ചോദ്യം.

“ഗുഡ്മോർണിംഗ്. വാവ ചെറിയമ്മയല്ലേ? ഞാൻ പിങ്കി. അമേരിക്കയിൽ നിന്നാണ്.”

മറുവശത്തുനിന്നും മണികിലുക്കം കേട്ടതുപോലെ.

“ഹായ്, പിങ്കിമോൾ... ഞാൻ വാവ ചെറിയമ്മയാണ്.” ഒരു നിമിഷം അവൾ സ്തംഭിച്ചുനിന്നു.

പിങ്കിയുടെ ശബ്ദം തുടർന്നു:

“We are coming to see you and spend days with you for one month. Myself, husband Edward and son Anirudh. I will send details later.”

പിങ്കിമോൾ ഫുൾസ്റ്റോപ്പ് ഇട്ടതുപോലെ നിർത്തി ഫോൺ കട്ട് ചെയ്തു.

ഫോൺ താഴെ വച്ചുകൊണ്ട് വൈഷ്ണവി ഓർത്തു. അഞ്ചുവർഷം മുമ്പാണ് പിങ്കി അവസാന

മായി വിളിച്ചത്. വിഷ്ണു ഓപ്പയുടെ മരണം അറിയിക്കാൻ. ഇന്നും ഓർക്കുന്നു.

“Daddy passed away. Heart failure, a peaceful death.” ഇത്രമാത്രം.

വൈഷ്ണവിയുടെ ചിന്തകൾ കാറ്റുപോലെ പിന്നോട്ട് വീശി.

ജനനവും ബാല്യകാലവും യൗവ്വനവും എല്ലാം കരിയിലകൾ പോലെ ആ കാറ്റിൽ ആടിയുലഞ്ഞു.

വടക്കെ കോവിലകത്തെ അപ്പൻ തമ്പുരാന്റെയും കുഞ്ഞിക്കുട്ടി തമ്പുരാട്ടിയുടെയും രണ്ട് മക്കളാണ് വിഷ്ണുവും വൈഷ്ണവിയും. വിഷ്ണുവിന് ആറു വയസ്സ് ആയപ്പോഴാണ് വൈഷ്ണവിയുടെ ജനനം. അവന്റെ അത്ഭുതമായിരുന്നു കുഞ്ഞനിയത്തി.

“വാവേ, ഓപ്പ എടുക്കട്ടെ” എന്നുപറഞ്ഞ് അവൻ അവളെ വാരിയെടുക്കും. കുളിപ്പിക്കും. ചന്ദനക്കുറി തൊടീക്കും. കൂടെ കോവിലകത്തെ കാര്യസ്ഥൻ രാവുണ്ണിയുടെ മകൻ രാവൂട്ടനും ഉണ്ടാവും. രാവൂട്ടനും കുഞ്ഞനിയത്തിയായിരുന്നു വൈഷ്ണവി.

അങ്ങനെ ദിവസങ്ങൾ കടന്നുപോയി.

വൈഷ്ണവിക്ക് ഒരു വയസ്സ് തികയുന്ന ദിവസം പൂജയും സദ്യയും ഒക്കെ കഴിഞ്ഞു.

വിഷ്ണുവിനെയും വാവയെയും അടുത്തുവിളിച്ച് തമ്പുരാൻ മടിയിൽ നിന്ന് ഒരു പണക്കിഴി എടുത്ത് മകന്റെ കൈവെള്ളയിൽ വച്ചു.

“ഇത് നിങ്ങൾക്ക് അച്ഛന്റെ സമ്മാനം. വാവയ്ക്ക് താങ്ങായി നീ എപ്പോഴും വേണം.”

തമ്പുരാൻ വാത്സല്യപൂർവ്വം കുഞ്ഞുങ്ങളെ വാരി മടിയിൽ ഇരുത്തി മൂർദ്ധാവിൽ ചുംബിച്ചു.

അകത്തളത്തിന്റെ പൂമുഖത്തേക്കുള്ള വാതിലിൽ ചാരി കുഞ്ഞിക്കുട്ടി നിന്നു. അത്ഭുതവും വിഷാദവും നിറഞ്ഞ മനസ്സോടെ.

തമ്പുരാൻ അവരുടെ നേർക്ക് തിരിഞ്ഞ് പറഞ്ഞു.

“ഞാനും രാവുണ്ണിയും ഒരു തീർത്ഥാടനത്തിന് പോവുകയാണ്. ഒരിക്കലും മടക്കമില്ലാത്ത ഒരു യാത്ര. എനിക്ക് പിറന്ന രണ്ട് കുഞ്ഞുങ്ങൾ. കുഞ്ഞിക്കുട്ടിക്ക് എന്റെ സമ്മാനം. ഇതുമാത്രം”. തമ്പുരാനും രാവുണ്ണിയും ബാഗുകളുമെടുത്ത് നടന്ന് മറഞ്ഞു.

വിദ്യുത്പ്രവാഹം പോലെയുള്ള അദ്ദേഹത്തിന്റെ നോട്ടത്തിൽ കുഞ്ഞിക്കുട്ടിയുടെ മിഴികളിൽ ബാഷ്പകണങ്ങൾ നനവ് വരുത്തി.

ആരാണ് അദ്ദേഹം?

സംസ്കൃത വിദ്വാനും വാഗ്മിയും വേദ പണ്ഡിതനും സർവ്വോപരി കുടുംബത്തിന്റെ നെറുകയിലെ വൈഡൂര്യം പോലെ ശോഭിച്ച പരദേവതയായ വേട്ടയ്ക്കൊരുമകന്റെ പരമ ഭക്തൻ.

ലൗകിക സുഖങ്ങളും ബന്ധനങ്ങളും ഉപേക്ഷിച്ച് നിർവ്വാണപദത്തിലേക്ക് അദ്ദേഹത്തിന് പോയേ പറ്റൂ. അതാണ് വിധാതാവിന്റെ നിർണ്ണയം.

കുഞ്ഞുങ്ങളെ മാറിലേക്ക് ചേർത്ത് തമ്പുരാട്ടി സ്വയം സമാധാനിച്ചു. വർഷങ്ങൾ ഒന്നൊന്നായി കൊഴിഞ്ഞുപോയി. വിഷ്ണുവിന്റെ വിദ്യാഭ്യാസം കഴിഞ്ഞു. കെമിക്കൽ എഞ്ചിനീയറായി മൈസൂരിൽ ജോലിയായി. തുടർന്ന് അമേരിക്കയിലേക്ക്. ഉപരി പഠനം, ജോലി, അവസാനം സഹപ്രവർത്തകയായ എലിസബത്തുമായുള്ള വിവാഹം, പ്രിയയുടെ ജനനം, പ്രസവത്തോടെ എലിസബത്തിന്റെ മരണം.

വൈഷ്ണവിയുടെ ഓർമ്മകളുടെ സ്വിച്ച് ഓഫായി. കുറച്ചുനേരത്തേക്ക് മനസ്സിൽ ഒന്നും തെളിയുന്നില്ല. അവസാനം ഓർത്തു.

പിങ്ക് നിറത്തിലുള്ള ഫ്ളാനലിൽ പൊതിഞ്ഞ ഒരു കുഞ്ഞു മാലാഖയുമായി ഓപ്പ വന്നു. കുഞ്ഞിനെ അമ്മയുടെ മടിയിൽ കിടത്തി.

അമ്മയുടെ കൈകൾ അമർത്തി നെഞ്ചിനോട് ചേർത്ത് ഓപ്പ പൊട്ടിക്കരഞ്ഞു.

അത്ഭുതത്തോടെ വൈഷ്ണവി നോക്കിനിന്നു.

വിഷ്ണു വിളിച്ചു: “വാവ, ഇവിടെ വന്നിരിക്കൂ.”

അവൾ സാവധാനം ഓപ്പയുടെ അരികിൽ വന്നിരുന്നു.

“ഒന്നും മനപ്പൂർവ്വമായിരുന്നില്ല. സംഭവിച്ചുപോയതാണ്. അമ്മയും അച്ഛനും വേർപിരിഞ്ഞപ്പോൾ ഒറ്റപ്പെട്ടുപോയ ലിസിയുടെ (എലിസബത്ത്) മാനസികാവസ്ഥ എന്നെ വേദനിപ്പിച്ചു. സൗഹൃദ ബന്ധത്തിൽ നിന്ന് അത് അനുകമ്പയോ പ്രണയമോ എന്തൊക്കെയോ ആയി മാറി എന്നു പറയാം. വളരെ പാവപ്പെട്ട കുടുംബത്തിൽ നിന്ന് വന്ന നിരാലംബരായ പെൺകുട്ടിയായിരുന്നു അവൾ.

“ലിസിയെ എന്റെ ജീവിതത്തിലേക്ക് ക്ഷണിച്ചത് തെറ്റാണോ അമ്മേ?”

“വാവ പറയൂ. ഓപ്പ ചെയ്തത് തെറ്റാണോ?”

വൈഷ്ണവിയുടെ തോളിൽ കൈവച്ച് വിഷ്ണുവിന്റെ ചോദ്യം.

അവൾ പൊട്ടിക്കരഞ്ഞു.

കുഞ്ഞിന്റെ ശിരസ്സിൽ തലോടി.

വെളുത്തു തുടുത്ത കവിളുകൾ, കറുത്ത് ചുരുണ്ട തലമുടി. മുത്തച്ഛന്റെ അതേ ഛായയിലുള്ള ഉയർന്ന നാസികയും വൃത്താകാരമായ മുഖകമലവും.

അടുത്ത അഞ്ചുവർഷം പിങ്കി കോവിലകത്താ യിരുന്നു വളർന്നത്. അമേരിക്കയിലേക്ക് മടങ്ങിയ വിഷ്ണു തിരിച്ചുവരുമ്പോൾ കണ്ടത് കിങ്ങിണിയും പാദസ്വരങ്ങളും ഇട്ട് ഓടിക്കളിക്കുന്ന മകളെയാണ്; കൂട്ടുകാരിയായി നന്ദുവും.

വിഷ്ണുവിന്റെ തോഴനും രാവുണ്ണിയുടെ മകനുമായ രാവൂട്ടന്റെ മകളാണ് നന്ദു. ക്ഷേത്രത്തിലെ കഴകക്കാരന്റെ മകളുമായി രാവൂട്ടന്റെ വിവാഹം കഴിഞ്ഞതും നന്ദു പിറന്നതുമൊക്കെ അറിയിച്ചത് വാവയാണ്.

രാവൂട്ടനെ മനസ്സാ വരിച്ചിരുന്നവളുടെ നിരാശയും തകർന്ന സ്വപ്നങ്ങളും വിഷ്ണു തിരിച്ചറിഞ്ഞു.

വൈഷ്ണവി പിന്നെ വിവാഹം കഴിച്ചില്ല. ജീവിതം മുഴുവനും അവിവാഹിതയായി കഴിഞ്ഞു.

ഓപ്പയുടെ മകൾ പിങ്കിയെയും തനിക്ക് പിറക്കാത്ത മകൾ നന്ദുവിനെയും രണ്ട് ഒക്കത്തുവച്ച് അവൾ വളർത്തി.

പിങ്കിയുടെ അഞ്ചാം പിറന്നാളിന് ഓപ്പ അമേരിക്കയിൽ നിന്ന് എത്തി.

കോവിലകം ഒരു ഉത്സവപ്പറമ്പായി മാറി.

പൂജയും സദ്യയും ബർത്ത്ഡേ പാർട്ടിയുമൊക്കെയായി രണ്ടുദിവസത്തെ ആഘോഷങ്ങൾ.

ഓപ്പ മടങ്ങിയത് പിങ്കിയേയും കൊണ്ടാണ്.

അന്നത്തെ വേർപാടിന്റെ വേദന ഇന്നും വൈഷ്ണവി മറന്നിട്ടില്ല. തന്റെ മാറോട് ചേർത്ത് കെട്ടിപ്പിടിച്ചുനിന്ന കുഞ്ഞിനെ ഓപ്പ വാത്സല്യപൂർവ്വം അടർത്തി എടുത്തുകൊണ്ടു പോയി.

കഴിഞ്ഞകാലത്തിന്റെ ഓർമ്മകളുടെ പുസ്തകം അടച്ചുവച്ചിട്ട് വൈഷ്ണവി എഴുന്നേറ്റു.

ഏതാണ്ട് മൂന്നര പതിറ്റാണ്ടുകൾക്കു ശേഷമാണ് അമേരിക്കയിൽ നിന്ന് വിളി വന്നത്.

നാലു വർഷം മുമ്പ് ഓപ്പ മരിച്ച വിവരം അറിയിക്കാൻ, അത്രമാത്രം.

ഇപ്പോൾ ഇതാ വീണ്ടും ബന്ധങ്ങൾ ഉണരുന്നു. വൈഷ്ണവി അമ്മയുടെ മുറിയിലേക്ക് നടന്നു. പേരക്കുട്ടിയുടെ അപ്രതീക്ഷിതമായ വരവ് മുത്തശ്ശിക്ക് അത്ഭുതമാകും.

*   *   *   *

കഥ വർത്തമാന ഘട്ടത്തിലേക്ക് കടക്കുകയാണ്. ഡിസംബർ മാസത്തിലെ മഞ്ഞു കോരിയിടുന്ന കുളിരുള്ള ഒരു വെളുപ്പാൻകാലത്ത് അവർ എത്തി.

പിങ്കിയും എഡ്വേർഡും അനിരുദ്ധനും. എയർപോർട്ടിൽ പോയി രാവൂട്ടൻ അവരെ കൂട്ടിക്കൊണ്ടു വന്നു. അദ്ദേഹത്തെ കണ്ടതും പിങ്കി ഓടിവന്നു. വെളുത്ത നരച്ച താടിയിലും നെറ്റിയിലെ ചന്ദനക്കുറിയിലും തലോടി.

സ്നേഹത്തോടെ പറഞ്ഞു: "Uncle. you look the same.ഡാഡി പോയി. I miss him a lot."

രാവൂട്ടൻ അവളുടെ ശിരസ്സിൽ കൈവച്ച് വാത്സല്യപൂർവ്വം ചുംബിച്ചു.

"എന്റെ വിഷ്ണുവിന്റെ മോൾ. നന്ദയെപ്പോലെ തന്നെ എനിക്ക് കുഞ്ഞും."

പിങ്കി തുടർന്നു.

"ഇത് എഡ്വേർഡ്. My husband and ഇത് അനിരുദ്ധ് എന്റെ മകൻ."

രണ്ടുപേരും മുന്നോട്ട് വന്നു.

എഡ്വേർഡ് ഷേക്ഹാൻഡ് ചെയ്തു. അനിരുദ്ധന്റെ നേരെ തിരിഞ്ഞ് രാവൂട്ടൻ കൈനീട്ടി. ആ കൈകൾ മാറ്റിയിട്ട് അവൻ അദ്ദേഹത്തെ കെട്ടിപ്പിടിച്ചു.

"നമസ്തേ, രാവൂ മാമ". നല്ല ശുദ്ധ മലയാളം.

അത്ഭുതപ്പെട്ട് നിന്ന രാവൂട്ടനോട് പിങ്കി പറഞ്ഞു:

"അനി നന്നായിട്ട് മലയാളം പറയും. എന്നെ അമ്മ എന്നാണ് വിളിക്കുന്നത്."

കാറിൽ പോകുമ്പോൾ പിങ്കി ചോദിച്ചു.

"നന്ദുവിന്റെ വർത്തമാനങ്ങൾ എന്തൊക്കെയാണ്?

"അവളുടെ വിവാഹം കഴിഞ്ഞു. സുരേന്ദ്രൻ വിദേശത്താണ്. ഒരു മകളുണ്ട്. അമ്മു. ചെന്നൈയിൽ കലാക്ഷേത്രത്തിലാണ് പഠിക്കുന്നത്. പാട്ടിലും ഡാൻസിലും ഒക്കെയാണ് വാസന."

"രാവൂട്ടന്റെ ചരക്കുകട ഇപ്പോഴും ഉണ്ടോ?" പിങ്കിയുടെ അടുത്ത ചോദ്യം.

"ഉണ്ട്. നന്ദയാണ് അത് നടത്തുന്നത്. ഇപ്പോൾ അതൊരു സൂപ്പർ മാർക്കറ്റ് ആണ്."

കാർ കോവിലകത്ത് എത്തി. മുറ്റത്ത് ചെറിയ ആൾക്കൂട്ടം. അമേരിക്കക്കാർ വരുന്നുണ്ട് എന്നറിഞ്ഞ് ചുറ്റുവട്ടം കൂടിയിരിക്കുകയാണ്.

ഹൃദസ്പർശിയായ രംഗം. പരസ്പരം പരിചയപ്പെടുത്തൽ. ചോക്ളേറ്റ് വിതരണം.

പൂമുഖത്ത് കസേരയിലിരുന്ന മുത്തശ്ശിയുടെ മടിയിൽ തലവച്ച് അനി. തോളിൽ കൈപിടിച്ച് എഡ്വേർഡും പിങ്കിയും.

എല്ലാവരുടെയും മൊബൈൽ തിളക്കം. ഫോട്ടോകൾ മാറിമാറി പതിഞ്ഞു.

അടുത്ത ഒരു മാസം. മുപ്പത് ദിവസങ്ങൾ മൂന്ന് നിമിഷങ്ങൾ പോലെ ഉദിച്ച് അസ്തമിച്ചു.

ക്രിസ്തുമസ് അവധിയായതുകൊണ്ട് മദ്രാസിൽ നിന്ന് അമ്മുവും എത്തി. തിരുവാതിര നക്ഷത്രം ഉദിച്ചു. കൈകൊട്ടിക്കളിയും ഊഞ്ഞാലാട്ടവും തിരുവാതിര നോയ്മ്പും നിറഞ്ഞ ദിവസങ്ങൾ.

കോവിലകത്തെ പൂമുഖത്ത് എട്ടങ്ങാടി നേദ്യം. കസവു നേര്യതും മുല്ലമൊട്ടു മാലയും അണിഞ്ഞ് അമ്മു ആവണിപ്പലകയിൽ ഇരുന്നു. നിലവിളക്ക് കൊളുത്തി. മുത്തശ്ശി പറഞ്ഞുകൊടുത്ത മന്ത്രങ്ങൾ ഉരുവിട്ടു.

ബോബ് ചെയ്ത മുടിയും കറുത്ത കണ്ണടയും ജീൻസും ടോപ്പും ധരിച്ച് കഴുത്തിൽ തൂക്കിയിട്ട ക്യാമറയുമായി പിങ്കി നടന്നു. ചിത്രങ്ങൾ പകർത്തി.

കൊച്ചുകൊച്ചു തമാശകൾ പറഞ്ഞ്, കുസൃതി കളിയാടുന്ന കണ്ണുകളോടെ, പ്രസന്നമായ പൊട്ടിച്ചിരികളോടെ. അവിടെ കൂടിനിന്നവരിൽ ആരോ മന്ത്രിച്ചു:

Sound of Music ലെ മറിയയെപ്പോലെയുണ്ട് നമ്മുടെ പിങ്കി.

തിരുവാതിര ദിവസം കാഴ്ചകളൊക്കെ മാറി. വില കൂടിയ കസവ് സെറ്റുമുണ്ടുടുത്ത് മുടിയിൽ മുല്ലപ്പൂമാല ചൂടി, പാലയ്ക്കാ മാലയും അണിഞ്ഞ് പിങ്കി നാടൻ പെണ്ണായി മാറി.

നെറ്റിയിലെ ചന്ദനക്കുറിയും കുങ്കുമപ്പൊട്ടും കണ്ണിലെ കറുത്ത കൺമഷിയും കൈവെള്ളയിലെ മൈലാഞ്ചിയും അവളുടെ അഴക് പത്തരമാറ്റ് കൂട്ടി.

ഒപ്പം നന്ദുവും. വളരെ ലളിതമായ വേഷത്തിലും അവൾ സുന്ദരിയായ നാട്ടിൻപുറത്തുകാരി ആയിരുന്നു. ബന്ധുക്കളും ചുറ്റുമുള്ള കളിക്കൂട്ടുകാരും ഒപ്പം കൂടി.

ആവണിപ്പൊന്നൂഞ്ഞാലാടി, സ്വാദിഷ്ടമായ തിരുവാതിരപ്പുഴുക്കും പഴം നുറുക്കും കൂവ കുറുക്കിയതുമൊക്കെ ആസ്വദിച്ച് കഴിച്ചു. മൂന്നുംകൂട്ടി മുറുക്കി ചുണ്ട് ചുമപ്പിച്ച് രണ്ടുപേരും തിരുവാതിരകളിയിൽ ഒപ്പം കൂടി.

ആതിര പാലൊളിപ്പൂനിലാവിൽ, പാതിരാപ്പൂ ചൂടലോടെ ഉത്സവസമാനമായ ആ ദിവസം കടന്നുപോയി. സരളമധുരവും സംഗീതസാന്ദ്രവുമായ ഹേമന്ത രാവിൽ പ്രകൃതി പുഞ്ചിരിച്ചു.

എഡ്വേർഡും അനിയും വേഷ്ടിമുണ്ട് ഉടുത്തു. കസവുള്ള പട്ടിന്റെ കുർത്ത ഇട്ടു. നെറ്റിയിൽ പ്രസാദവും മുത്തശ്ശി കൊടുത്ത പവിഴമാലയും അണിഞ്ഞു.

രണ്ടുപേരും ഉത്സാഹത്തോടെ ആഘോഷങ്ങളെല്ലാം ക്യാമറയുടെ വെള്ളിവെളിച്ചത്തിൽ പകർത്തി.

തുടക്കം മുതൽ അവസാനംവരെ അവധിക്കാലത്തിന്റെ മഹോത്സവമായിരുന്നു.

വൈഷ്ണവി എല്ലാത്തിനും മൂകസാക്ഷിയായി നിന്നു. ഡയറിയിൽ കുറിച്ചിട്ടു.

അമേരിക്കയിൽ വളർന്ന പിങ്കി മുത്തച്ഛനെപ്പോലെ സന്നത് എടുത്ത് വക്കീലായി. ഡെമോക്രാറ്റിക് പാർട്ടിയിലെ പ്രധാന വക്താവായി. കോവിലകത്തിന്റെ പാരമ്പര്യമാണ്. അതി കൂർമ്മ ബുദ്ധിയും സത്യസന്ധതയും ഊർജ്ജവും ഉൾക്കൊണ്ട ഉയർച്ച.

പ്രസരിപ്പോടെ, പ്രസന്നമായ പുഞ്ചിരിയോടെ പൊതുസമ്മേളനങ്ങളിൽ ആളുകളെ അഭിസംബോധന ചെയ്തു.

അമേരിക്കയിലെ താളമായി, തരംഗമായി മാറിയ പിങ്കിയെ ടെലിവിഷനിലൂടെ കണ്ട് അഭിമാനിക്കുകയാണ്.

നന്ദു നേരെ മറിച്ചും. കോവിലകത്തെ കാര്യസ്ഥന്റെ തുച്ഛമായ വരുമാനം കൊണ്ട് പഠിച്ചു; പത്താം ക്ലാസ്സു വരെ. പഠിത്തം നിർത്തി. രാവുട്ടന് പ്രായം കൂടി, ഓരോ അസുഖങ്ങൾ. അമ്മയില്ലാത്ത ഏകാന്തത. നന്ദുവിന് കടയുടെ ചുമതല ഏൽക്കേണ്ടി വന്നു. അവിശ്വസനീയമായിരുന്നു നന്ദുവിന്റെ ഉയർച്ച.

വിശ്വാസത്തിന്റെയും വിവേകത്തിന്റെയും കതിരുകളണിഞ്ഞ പെരുമാറ്റം കൊണ്ട് ജോലിക്കാരെയും കസ്റ്റമേഴ്സിനെയും അവൾ ഹൃദയത്തോട് ചേർത്തു.

കോവിലകത്തെ കാര്യസ്ഥനായ അച്ഛന്റെ കർശനമായ കൃത്യമായ പണമിടപാടുകൾ അവൾ മനഃപാഠമാക്കിയിരുന്നു.

രാവുട്ടന്റെ നേർവഴിക്കുള്ള മേൽനോട്ടത്തോടെ അവൾ ഓരോ ചുവടുകൾ മുന്നോട്ട് വച്ചു.

എപ്പോഴും ലാളിത്യവും വെടിപ്പും ഉള്ള വൃത്തിയായ വേഷം. സൗമ്യവും സാന്ദ്രവുമായ സംസാരം.

മഹാകവി വയലാറിന്റെ വരികൾ പോലെ.

"തൃക്കാക്കരപ്പൂ പോരാഞ്ഞോ,
തിരുനക്കരപ്പൂ പോരാഞ്ഞോ,
തിരുമാന്ധാംകുന്നിലെത്തിയ തെക്കൻകാറ്റു"

പോലെ അവൾ കുളിർതെന്നലായി വീശി.

വൈഷ്ണവി ഡയറി അടച്ചുവച്ചു. അവധിക്കാലത്തിന്റെ ഒരു ഇടവേളയിൽ കുട്ടികൾ ഒരു തെന്നിന്ത്യൻ ടൂർ നടത്തി. ചെന്നൈ, ധനുഷ്ക്കോടി, വേളാങ്കണ്ണി, മൈസൂർ വൃന്ദാവൻ ഗാർഡൻസ് തുടങ്ങി.

കാറിൽ ആയിരുന്നു യാത്ര. എഡ്വേർഡും അനിയും മാറിമാറി വണ്ടി ഓടിച്ചു. പിങ്കിയും നന്ദുവും അമ്മുവും പിൻസീറ്റിലിരുന്ന് അമ്മമാരുടെ പഴംകഥകളും തമാശകളും അമ്മുവിന്റെ പൊട്ടിച്ചിരികളുമായി യാത്ര തുടർന്നു.

ഇടയ്ക്ക് നന്ദു പറഞ്ഞു: "ഞാൻ ആദ്യമായിട്ടാണ് നാട് വിടുന്നത്. അമ്മുവിനെ പഠിക്കാൻ ചെന്നൈയിൽ ചേർത്തപ്പോഴും പോകണമെന്ന് കരുതി. അതും നടന്നില്ല."

"ആന്റിയെപ്പോലെ സ്മാർട്ട് ആവണം അമ്മ" അമ്മു ഇടയിൽ കയറി പറഞ്ഞു.

"അതിന് പിങ്കി അമേരിക്കയിലല്ലേ. നമുക്ക് സ്വപ്നംകൂടി കാണാൻ വയ്യാത്ത ഉയരത്തിൽ. ഞാൻ വെറും നാട്ടിൻപുറത്തുകാരി."

എഡ്വേർഡും അനിയും കാർ നിർത്തി. വഴിയരികിലെ പെട്ടിക്കടയിൽ ചായ കുടിക്കാൻ. ഒപ്പം അമ്മുവും.

പിങ്കി ഒരു നിമിഷം നന്ദുവിന്റെ കൈപിടിച്ച് ഇരുന്നു. പിന്നെ നന്ദുവിന്റെ താടിപിടിച്ച് ഉയർത്തി. നനവുള്ള അവളുടെ കണ്ണുകളിലേക്ക് നോക്കി പറഞ്ഞു:

"അമേരിക്കയിൽ അച്ഛനൊപ്പം വളർന്ന ഞാൻ പഠിച്ചു. വക്കീലായി. അവിടുത്തെ സൊസൈറ്റിയിൽ അലിഞ്ഞുചേർന്നു. സമ്പത്തിന്റെയും ആർഭാടത്തിന്റെയും സ്വാദറിഞ്ഞു. സ്വതന്ത്രമായി, ധൈര്യമായി ജീവിച്ചു. എഡ്വേർഡും അനിയും മാത്രം എനിക്ക് സ്വന്തമായി. ബാക്കിയെല്ലാം നാടകത്തിലെ വിദൂഷക വേഷം പോലെ അഭിനയ വേഷങ്ങളായി. പക്ഷേ നീ അങ്ങിനെയല്ല. കുഗ്രാമത്തിൽ ജനിച്ചുവളർന്നു. സാമ്പത്തിക പരാധീനതയിൽ പഠിച്ചു. നാട്ടിൻപുറത്തെ അപരിഷ്കൃതമായ ആക്ഷേപ പീഡനങ്ങളുടെ പരദൂഷണങ്ങളിലൂടെയുള്ള ചുറ്റുപാടിൽ ജീവിച്ചു. എങ്കിലും നീ ചുമതലകൾ ഏറ്റു.

പതിനെട്ടാം വയസ്സിൽ രാവൂട്ടന്റെ കട ഏറ്റെടുത്തു. പടിപടിയായി വളർന്ന് അതിപ്പോൾ ഒരു സൂപ്പർ മാർക്കറ്റായി. വിവാഹം കഴിച്ച് ഒരു ചെറിയ കുടുംബമായി.

വാര്യത്തെ അച്ഛനും കോവിലകത്തെ വാവ ചിറ്റമ്മയ്ക്കുമൊക്കെ കൈത്താങ്ങായി നീയുണ്ട്.

ജീവിതമാകുന്ന സരസ്സിലെ തെളിനീരും ചെളിയും നിറഞ്ഞ പൊയ്കയിലെ താമരപ്പൂവാണ് നീ. ഞാൻ വെറും ആമ്പൽ പൂവ് മാത്രം."

കൈവിരലുകൾ ചേർത്തുപിടിച്ച് നിശ്ശബ്ദമായി മൂകമായി അവർ യാത്ര തുടർന്നു.

ഒരു മാസത്തെ അവധിക്കാലം കഴിഞ്ഞു.

അവസാനം പിങ്കി അമേരിക്കയിലേക്ക് മടങ്ങുകയാണ്. തലേദിവസം കോവിലകത്ത് എല്ലാവരും ഒത്തുകൂടി. കടുകുമാങ്ങാക്കറിയുടെ എരിവും പാൽപ്പായസത്തിന്റെ മധുരവും അയവിറക്കി എല്ലാവരും ഊണ് കഴിച്ചു.

മൂന്ന് മണിയോടെ പൂമുഖത്ത് ഒരു ചെറിയ സമ്മേളനം, നാട്ടുകാരുടെ യാത്രയയപ്പ്.

രണ്ടുമൂന്ന് പ്രസംഗങ്ങൾ കഴിഞ്ഞു. പെട്ടെന്ന് എഡ്വേർഡ് എഴുന്നേറ്റ് സദസ്സിന് നേരെ കൈകൂപ്പി നിന്നു പറഞ്ഞു, ഇംഗ്ലീഷിലാണ്:

"I am immensely grateful to you..."

പിങ്കി പരിഭാഷപ്പെടുത്തി.

"എല്ലാവർക്കും ഹൃദയംഗമമായ നന്ദി. ഞാൻ ഈ ഗ്രാമത്തിന്റെ നവോദ്ധാനത്തിനു വേണ്ടി ചെറിയ ഒരു സംഭാവന തരുന്നു."

പിങ്കി ഉൾപ്പെടെ എല്ലാവർക്കും അത്ഭുതം.

അദ്ദേഹം പോക്കറ്റിൽ നിന്ന് എടുത്ത് രാവൂട്ടന്റെ കൈയ്യിൽ ഒരു ചെക്ക് കൊടുത്തു.

ചെക്ക് ഉയർത്തിക്കാണിച്ച് രാവൂട്ടൻ പറഞ്ഞു:

"50 ലക്ഷം രൂപയുടെ ചെക്കാണ്."

സദസ്സിൽ നിന്നും ആവേശത്തിന്റെ കൈയടി ഉയർന്നു.

ഒരു നിമിഷം. എഡ്വേർഡ് തുടർന്നു.

"One more thing I want..."

പിങ്കി പരിഭാഷപ്പെടുത്തി തുടർന്നു:

"എന്റെ മകൻ അനിക്കുവേണ്ടി നന്ദുവിന്റെ മകൾ അമ്മുവിനെ ഞാൻ കൊണ്ടുപോയ്ക്കോട്ടെ?"

"നിങ്ങളുടെ എല്ലാവരുടെയും സമ്മതത്തോടെ"

വീണ്ടും ആഘോഷത്തിന്റെയും ആഹ്ലാദത്തിന്റെയും കൈയ്യടികൾ.

ഇവിടെ പ്രകാശവും പ്രസാദവും ഒത്തുചേരുകയാണ്. സർവ്വേശ്വരന്റെ അജ്ഞാത ഹസ്തങ്ങൾ വിധി നടപ്പാക്കുകയാണ്.

ദേവീപ്രസാദം നെറ്റിയിൽ തൊട്ട്, ധ്യാനനിരതനായി, ഹൃദയത്തിൽ നിന്നും ഉയർന്ന തീനാളം പോലെ ഏഴ് നെയ്ത്തിരികൾ കത്തിച്ച നിലവിളക്കുമായി വൈഷ്ണവി വന്നു.

മുത്തശ്ശിയുടെ കണ്ണുകൾ നിറഞ്ഞൊഴുകി. രണ്ടു കുഞ്ഞുങ്ങളെയും മാറോട് ചേർത്തു. പ്രാർത്ഥനയോടെ അനുഗ്രഹത്തോടെ എല്ലാവരും എഴുന്നേറ്റു നിന്നു. ●

പുസ്തകജാലകം



# ഗീതയിലെ ജാതി വിചാരം

ബഹുമാന്യ സുഹൃത്ത് ശ്രീ ഹരിസേനവർമ്മ ഭഗവദ്ഗീതയെപ്പറ്റി ഒരു പുസ്തകം എഴുതുന്നു എന്നു കേട്ടപ്പോൾ വാസ്തവത്തിൽ അത്ഭുതമാണ് തോന്നിയത്. നൂറുകണക്കിന് ഗീതാ വിചാരങ്ങളും വ്യാഖ്യാനങ്ങളും ശ്രീശങ്കരനും ബാലഗംഗാധര തിലകും മഹാത്മാഗാന്ധിയും ഉൾപ്പെടെയുള്ളവരുടെ ഉള്ളപ്പോൾ എന്തിനാണ് ഇങ്ങനെ പുതിയൊരു പുസ്തകം എന്ന് കരുതി. എന്നാൽ വായിച്ചുതുടങ്ങിയപ്പോൾ ആണ് യഥാർത്ഥത്തിൽ വർമ്മാജി ഗീതയെപ്പറ്റി അടുത്തകാലത്തായി വന്നിട്ടുള്ള ബഹുവിധ വിമർശനങ്ങൾക്കും കുറ്റംപറച്ചിലുകൾക്കും സാമൂഹ്യ മാധ്യമ ക്യാമ്പെയിനുകൾക്കും മറുപടി ആയാണ് ഇത് ഉദ്ദേശിച്ചിരിക്കുന്നത് എന്ന് മനസ്സിലായത്. ഇതിൽ പരാമർശിച്ചിട്ടുള്ള കുറ്റംപറച്ചിലുകൾ എല്ലാം ഞാൻ വായിച്ചിട്ടില്ലെങ്കിലും അവയിൽ പലതും കർണാകർണികയാ എന്നിലും എത്തിയിട്ടുണ്ട്. ചിലതെല്ലാം ഗൗരവബുദ്ധിയോടെ ചെയ്തിട്ടുള്ളവയാണെങ്കിലും മറ്റുപലതും വെറുതേ കുറ്റം പറയാനായി എഴുതിയവയാണ്. എങ്കിലും അത് വായിക്കുന്നവർക്ക് തെറ്റായ ധാരണകൾ ഉണ്ടാകാമല്ലോ. അതുകൊണ്ട് ഈ പുസ്തകം കാലോചിതമായിത്തോന്നി. മാത്രമല്ല ഭഗവദ്ഗീതയിലെ വർണ്ണ സങ്കൽപ്പത്തെപ്പറ്റി എനിക്കും മുൻപ് പലപ്പോഴും തോന്നിയിട്ടുള്ള ചില സംശയങ്ങളെപ്പറ്റിയും പുതിയൊരു വ്യാഖ്യാനം ഈ ഗ്രന്ഥത്തിലൂടെ എനിക്ക് കിട്ടി. അങ്ങനെ നോക്കുമ്പോൾ വളരെ വളരെ സദുദ്ദേശപരവും കാലികവുമാണ് ഈ കൃതി.

എന്തൊക്കെയാണ് ഗീതയെപ്പറ്റി പറയപ്പെടുന്ന, എഴുതപ്പെടുന്ന, കുറ്റങ്ങളും കുറവുകളും? ഒന്ന്, ഗീത അത്രയൊന്നും പ്രധാനമായ ഒരു കൃതിയല്ല എന്നുള്ളതാണ്. അതിൽ മൗലികമായ ചിന്തകളോ തത്ത്വങ്ങളോ ഇല്ല. സാംഖ്യവും മീമാംസയും മറ്റും അതിനും മുൻപേ ഉണ്ട്. രണ്ട്, ഗീതയെ ഭാരതീയ മതാചാര്യന്മാർ ഗൗരവമായി പരിഗണിച്ചിട്ടില്ല. ഇംഗ്ലീഷിൽ ഭാഷാന്തരം വന്നതിനും അത് സായിപ്പന്മാർ




**ഗീതയിലെ ജാതി വിചാരം**
**എം. ഹരിസേന വർമ്മ**
**പ്രസാധകർ: ഡി.സി. ബുക്സ്**
**പേജ്: 416**
**വില: 499**

കൊണ്ടാടിയതിനും ശേഷമാണ് അതിന് ഇത്രയൊക്കെ പ്രാധാന്യം വന്നത് എന്നാണ് ഒരു ആക്ഷേപം. പിന്നെ ഒരു ആരോപണം യഥാർത്ഥത്തിൽ ഗീത എഴുതപ്പെട്ടത് ബുദ്ധ–ജൈന മതങ്ങളുടെ പ്രചാരം തടയുന്നതിനായിട്ടാണ് എന്നാണ്. ജാത്യാടിസ്ഥിതമായ ബ്രാഹ്മണമതത്തെ സ്ഥാപിക്കുന്നതിനായിട്ടാണ്. അതുകൊണ്ടാണല്ലോ അതിൽ 'ചാതുർവണ്യം മയാ സൃഷ്ടം' എന്ന് ശ്രീഭഗവാൻ തെളിച്ചു പറഞ്ഞിരിക്കുന്നത്. 'ഗീത ബുദ്ധനെ എറിയാനായി എടുത്ത കല്ല്' ആണ് എന്ന് പോലും പ്രസംഗിച്ചു ഒരു പ്രൊഫസ്സർ. അങ്ങനെ പോകുന്നു ആ വാദങ്ങൾ.

ആദ്യമേ പറയട്ടെ, ഗീത മാത്രമല്ല മഹാഭാരതം മുഴുവനും തന്നെ മഹർഷി വേദവ്യാസൻ ഗണപതിക്ക് പറഞ്ഞുകൊടുത്ത് എഴുതിച്ചതാണെന്നും അതെല്ലാം അക്ഷരംപ്രതി ശരിയാണെന്നും വാശിപിടിക്കുന്ന ഒരു സനാതനിയല്ല ഹരിസേന വർമ്മ. മറിച്ച് ക്രിസ്തുവിനു മുൻപ് അഞ്ചോ ആറോ നൂറ്റാണ്ടിൽ ജീവിച്ചിരുന്ന, സംസ്കൃത ഭാഷയുടെ വ്യാകരണം ചിട്ടപ്പെടുത്തിയ, പാണിനി എന്ന മഹാപണ്ഡിതന്റെ കാലത്ത് ഭാരതം, മഹാഭാരതം എന്നിങ്ങനെ രണ്ടു വ്യത്യസ്ത ഗ്രന്ഥങ്ങൾ ഉണ്ടായിരുന്നു എന്നും ആ ഒറിജിനൽ ഭാരതത്തിൽ

പലരും പലതും ചേർത്ത് വിപുലീകരിച്ചാണ് ഇപ്പോഴത്തെ മഹാഭാരതം സൃഷ്ടിച്ചതെന്നും അദ്ദേഹം യുക്തിസഹമായി ചിന്തിക്കുന്നു (പേജ് 26). ഈ വേളയിലാണ് മറ്റൊരു ഗ്രന്ഥമായി ഗീതാകാരൻ രചിച്ച ഭഗവദ്ഗീതയും മഹാഭാരതത്തിൽ ഇഴുകിച്ചേർക്കപ്പെട്ടത് എന്ന് അദ്ദേഹം കരുതുന്നു. വൈദിക പാരമ്പര്യത്തിൽ നിന്ന് വ്യത്യസ്തമായാണ് 'ഭാഗവതപ്രസ്ഥാനം' ഉടലെടുത്തത്. യാദവ, അന്ധക, വൃഷ്ണി, സാത്വത ആദിയായ നിരവധി ഗോത്ര ജനതകൾ ഭാഗവത പ്രസ്ഥാനത്തിന്റെ മുൻപന്തിയിൽ ഉണ്ടായിരുന്നു. വിഖ്യാത ചരിത്ര കാരന്മാരായ സുരേന്ദ്രനാഥ് ദാസ് ഗുപ്തയും ആർ.ജി. ഭണ്ഡാർക്കറും ആർ.പി. ചന്ദയും മറ്റും ഭാഗവതന്മാരുടെ ആരാധനാപദ്ധതി നിശ്ചയമായും അവൈദികമായ വേരുകളിൽ നിന്നാണ് എന്ന് അഭിപ്രായപ്പെടുന്നു (പേജ് 276). ശ്രീകൃഷ്ണനാണ് ഈശ്വരൻ എന്ന അർത്ഥത്തിൽ ആദ്യമായി 'ഭഗവാൻ' എന്ന പേരിൽ അറിയപ്പെട്ടത്. അദ്ദേഹത്തിന്റെ പേരിലാണ് 'ഭാഗവതപ്രസ്ഥാനം' ഉടലെടുത്തത് (പേജ് 275). ബി.സി.ഇ. രണ്ടാം നൂറ്റാണ്ടിൽ ഉണ്ടാക്കിയ ഹീലിയോഡോറസിന്റെ ബേസ് നഗർ സ്തംഭത്തിൽ അദ്ദേഹം തന്നെക്കുറിച്ച് 'ദേവദേവനായ വാസുദേവന്റെ' ഭക്തനായ ഒരു 'ഭാഗവതനാണ്' എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് പല ചരിത്രകാരന്മാരും അംഗീകരിക്കുന്നു (പേജ് 277). ഭക്തിപ്രസ്ഥാനത്തിന്റെ മുന്നോടിയായിരുന്നു 'ഭാഗവതപ്രസ്ഥാനം'. അതിനുള്ളിലാണ് ഗീത രചിക്കപ്പെട്ടത്. അത് വിശാല മാനവ ദർശനത്തിന്റെ നിദർശനമായിരുന്നു. പ്രസിദ്ധിയും പ്രചാരവും മാത്രമല്ല, ഒരു ദിവ്യകൃതിയെന്ന സ്ഥാനവും ഗീത നേടി. അതുകൊണ്ടുതന്നെ പിന്നീടുണ്ടായ പല കൃതികളിലും ഗീതയുടെ സ്വാധീനം കാണാം (പേജ് 281). 'ഈശ്വരനോടുള്ള ആത്മാർത്ഥമായ ഭക്തി മോക്ഷത്തിലേക്കു നയിക്കും, ജാതി-വർണ്ണ-ലിംഗ വ്യത്യാസങ്ങളോ മുൻപ് ചെയ്ത കർമ്മങ്ങളുടെ ഭാരമോ ഒന്നും ഇവിടെ ഇതിന് ബാധകമല്ല' എന്ന സന്ദേശം ഗീതയാണ് നൽകുന്നത് എന്ന് സമീപകാല പാശ്ചാത്യ ചരിത്ര പണ്ഡിതയായ മലിനർ അഭിപ്രായപ്പെടുന്നു (പേജ് 283). ഭക്തിപ്രസ്ഥാനത്തിലെ ആചാര്യന്മാർ ഗീതയെ അവഗണിച്ചിരുന്നു എന്ന് ചിലർ നടത്തുന്ന ആക്ഷേപവും അസ്ഥാനത്താണ്. ഭക്തിമാർഗ്ഗം ഒരു പ്രത്യേക ആധ്യാത്മിക പാതയായി ഗീതയിലൂടെയാണ് ആദ്യമായി ആവിഷ്കരിക്കപ്പെടുന്നത്, എന്ന് ലക്ഷ്മണമൂർത്തി, ധീരേന്ദ്രലാൽ ഡേ തുടങ്ങിയ ചരിത്രകാരന്മാർ ഉറപ്പിക്കുന്നു. രാമാനുജൻ, മധ്വൻ, നിംബാർകൻ, വല്ലഭൻ ആദിയായ ഭക്തിപ്രസ്ഥാനത്തിന്റെ താത്ത്വിക ആചാര്യന്മാരെല്ലാം ശ്രീശങ്കരന്റെ കാല്പാടുകൾ പിന്തുടർന്ന് ഗീതയുടെ വ്യാഖ്യാനങ്ങൾ രചിക്കുകയും അതിനെ സ്വന്തം ആശയഗതിക്ക് മാർഗ്ഗദർശകമാക്കുകയും ചെയ്തു (പേജ് 284). ഇങ്ങനെ നോക്കിയാൽ ഭാരതീയ തത്ത്വചിന്തയിൽ പ്രമുഖമായ ഒരു സ്ഥാനം പ്രസ്ഥാനത്രയത്തിൽ ഒന്നായ ഭഗവദ്ഗീത വഹിക്കുന്നു എന്ന് വ്യക്തമാണല്ലോ.

ഗീതയിലെ കർമ്മകാണ്ഡം വേദങ്ങളിൽ പ്രതിപാദിക്കുന്ന യാഗ മാഹാത്മ്യം ആണെന്ന് ചില വിമർശകരെങ്കിലും തെറ്റിദ്ധരിച്ചിട്ടുണ്ട്. അതങ്ങനെയല്ല. നേരെ മറിച്ച്, വിവിധ ചട്ടങ്ങളാലും നിഷ്ഠകളാലും നിബന്ധിതമായ, പലപ്പോഴും മൃഗബലി തുടങ്ങിയ അനാചാരങ്ങളാൽ അനുപൂരിതമായ വേദങ്ങളിലെ യാഗങ്ങളേക്കാൾ എത്രയോ ലളിതവും സുഗമവുമാണ് ഗീത ഉപദേശിക്കുന്ന നാമജപം. കൂറ്റൻ യാഗങ്ങളെ ഗീതയിൽ ഒരിടത്തും സമർത്ഥിക്കുന്നില്ല. ഒൻപതാം അധ്യായത്തിലെ 'പത്രം പുഷ്പം ഫലം തോയം...' എന്ന് തുടങ്ങുന്ന ശ്ലോകം വർമ്മാജി വിശദമായി വിവരിച്ചിരിക്കുന്നു. ഒരില, ഒരു പൂവ്, ഒരു കായ്, ഒരു തുള്ളി വെള്ളം ഇങ്ങനെ പ്രകൃതിയിൽ നിന്ന് ഏതു നിർധനനും കാട്ടുജാതിക്കാരനും കിട്ടാവുന്ന വസ്തുക്കൾ ഈശ്വരന് പ്രതീകാത്മകമായി സമർപ്പിക്കുന്ന വ്യക്തി, ആരായാലും, ഏതു ജാതി മതവിഭാഗത്തിൽ പെട്ട ആളായാലും ആത്മാർത്ഥതയുള്ള ആ ഭക്തന്റെ (ഭക്തയുടെ) ഉപഹാരം, ഒരു പുരോഹിതന്റെ സഹായവുമില്ലാതെ നേരിട്ട് നൽകുന്ന ഉപഹാരം, ഞാൻ തൃപ്തിയോടെ സ്വീകരിച്ച് അനുഗ്രഹിക്കും എന്നാണ് ഭഗവാൻ ഇവിടെ പറയുന്നത്. മന്ത്രമോ സംസ്കൃതമോ വർണ്ണശ്രേഷ്ഠതയോ ഒന്നും ഈശ്വരനിലെത്താൻ വേണ്ടെന്ന് ഈ ശ്ലോകത്തിൽ നിന്ന് വ്യക്തമല്ലേ? പൂജയ്ക്ക് ആദ്യമായി മതപരമായ അംഗീകാരം ലഭിച്ചത് ഗീതയിലൂടെയാണെന്ന് 'ഹിന്ദു ഗീത' എന്ന പഠനഗ്രന്ഥം എഴുതിയ അരവിന്ദ് ശർമ്മ പറയുന്നു (പേജ് 44). പോരെങ്കിൽ ഗീതയിൽ പല ഭാഗത്തും

നിശിതമായി 'വേദവാദരതന്മാരെ' പരിഹസിക്കുന്നുണ്ട്. വർമ്മാജി അവയിൽ പലതും ഉദ്ധരിച്ചു വിശദീകരിക്കുന്നുണ്ട് (പേജ് 38). 'ആധ്യാത്മികമായി നോക്കിയാൽ അവർ തികച്ചും അന്ധന്മാരാണ്' എന്നാണ് ഭഗവാൻ പറയുന്നത്. അതുപോലെ ഭൗതിക സുഖങ്ങൾ ആഗ്രഹിച്ചുകൊണ്ട് സ്വർഗ്ഗം കിട്ടാനായി ഒട്ടനവധി മതപരമായ ക്രിയകളിൽ മുഴുകുന്നവരെ അദ്ദേഹം പഴിക്കുന്നു. ഇത് ജാതി ബ്രാഹ്മണരെയല്ലാതെ ആരെയാണ്? ഈ ഗ്രന്ഥത്തിന്റെ നല്ലൊരു ഭാഗം ജാതിബ്രാഹ്മണരെ കുറ്റപ്പെടുത്താനായിട്ട് ഗീതയിലുള്ള ശ്ലോകങ്ങൾ ഉദ്ധരിച്ചുകൊണ്ട് സ്ഥാപിക്കാനാണ് വർമ്മാജി ശ്രമിക്കുന്നത്. പിന്നെങ്ങനെ ജാതിവ്യവസ്ഥ ശക്തിപ്പെടുത്താനായി ബ്രാഹ്മണർ നിർമ്മിച്ചതാണ് ഗീത എന്ന് വാദിക്കും?

ഇനി ജാതിയുടെ കാര്യത്തിലേക്കു വരാം. ഒരുപക്ഷെ ഗീതയിൽ ഏറ്റവും കൂടുതൽ പരാമർശിക്കപ്പെടുന്ന ഒരു ശ്ലോകമാകാം 'ചാതുർവർണ്യം മയാസൃഷ്ടം...' എന്ന് തുടങ്ങുന്നത്. 'ഗുണകർമ്മവിഭാഗശഃ' എന്നാണല്ലോ അതിന്റെ ബാക്കി. ആദ്യമേ തന്നെ വർണ്ണം. ഇത് പലരും ധരിക്കുന്നതുപോലെ മനുഷ്യരുടെ നിറം അടിസ്ഥാനമാക്കി അല്ല. ആചാര്യ നരേന്ദ്രഭൂഷൺ പറയുന്നതുപോലെ, ഈ ഗ്രന്ഥത്തിന്റെ അവതാരികയിൽ പ്രൊഫ. ഡോ. പി.വി. വിശ്വനാഥൻ നമ്പൂതിരി പറഞ്ഞിട്ടുള്ളതുപോലെ, 'വൃഞ് വരണേ' എന്ന ധാതുവിൽ നിന്നും നിഷ്പന്നമായ വർണ്ണം എന്ന പദം സ്വയം വരിക്കുവാനുള്ള, സ്വീകരിക്കുവാനുള്ള അവകാശമാണ് നൽകുന്നത്. ജന്മം മാത്രമല്ല അതിനു കാരണം. അവിടെയാണ് ഗുണകർമ്മ സ്വഭാവങ്ങൾ വിവരിക്കുന്നത്. ഈ വ്യാഖ്യാനത്തിലൂടെ 'ചാതുർവർണ്യം മയാ സൃഷ്ടം' എന്നു ഭഗവാൻ പറയുന്നതിന്റെ പൊരുൾ ശ്രീ വർമ്മ സമർത്ഥിക്കുന്നു. വർണ്ണം ഗീതയിൽ വ്യക്തിസിദ്ധമാണ്, വ്യക്തി ജന്മത്താൽ സിദ്ധമാകുന്നതാണ്, വ്യക്തിയുടെ പൂർവ്വജന്മാർജ്ജിത സംസ്കാരങ്ങളാൽ സൃഷ്ടിക്കപ്പെടുന്ന സ്വഭാവത്താൽ ലഭിക്കുന്നതാണ്, കുടുംബ കുല ജാതി ജന്മങ്ങളാലല്ല. ഒരേ അച്ഛനമ്മമാരുടെ കുട്ടികൾ തന്നെ വ്യത്യസ്ത സ്വഭാവങ്ങളും താത്പര്യങ്ങളും ഉള്ളവരായി കാണപ്പെടുന്നുണ്ടല്ലോ. സ്വന്തം വർണ്ണസ്വഭാവത്തെ തിരിച്ചറിയാത്തതുകൊണ്ടോ തിരിച്ചറിഞ്ഞ് അതിനുചിതമായ കർമ്മപഥങ്ങൾ സ്വീകരിക്കാൻ വ്യക്തി ശ്രമിക്കാത്തതുകൊണ്ടോ വ്യക്തിയെ കുടുംബമോ സമൂഹമോ അതിന് അനുവദിക്കാത്തതുകൊണ്ടോ മറ്റൊരു വർണ്ണത്തിന് യോജിച്ച കർമ്മങ്ങൾ ആ വ്യക്തി സ്വന്തം ജീവിതമാർഗ്ഗം ആക്കിയെന്നിരിക്കും. അത് നന്നായി നിർവ്വഹിക്കാൻ കഴിഞ്ഞാൽ പോലും തനിക്കുവേണ്ടി പ്രപഞ്ച രൂപരേഖയിൽ തയ്യാറാക്കിയിരിക്കുന്ന ആധ്യാത്മിക വികാസത്തിന്റെ വഴിയിൽനിന്ന് മാറിപ്പോകുന്നതുകൊണ്ട് ട്രാഫിക്കില്ലാത്ത നല്ല റോഡാണെങ്കിലും നന്നായി ഓടിക്കാൻ സാധിച്ചാലും അത് ശരിയായ ലക്ഷ്യത്തിൽ കൊണ്ടെത്തിക്കുകയില്ല. അവനവന്റെ ഉൾവിളിയാണ് പ്രധാനം. ഗീതയിൽ പാർത്ഥൻ പറയുന്ന പ്രശ്നം ഇതാണ്. യുദ്ധം ത്യജിച്ച് സന്യസിക്കലാണ് ഭേദം എന്നാണ് അർജ്ജുനൻ ചിന്തിച്ചുപോകുന്നത്. അത് സ്വധർമ്മമല്ല, അകർമ്മണ്യതയാണ്. അധർമ്മത്തിനെതിരായ സംഘർഷത്തിനിടയിൽ ഇത്തരം ചില അതീവ ദുഃഖകരമായ സന്ദർഭങ്ങൾ ഉണ്ടായേക്കാമെങ്കിലും അകർമ്മണ്യത അതിനൊന്നും ഒരു പരിഹാരമല്ല. ഇതാണ് ഗീതയിൽ ശ്രീകൃഷ്ണൻ പരിഹരിക്കാൻ ശ്രമിക്കുന്ന പ്രശ്നം.

ജന്മം കൊണ്ടല്ല, മറിച്ച് പൂർവ്വജന്മാർജ്ജിത കർമ്മങ്ങൾ കൊണ്ട് കിട്ടിയ സ്വഭാവവിശേഷങ്ങൾ കൊണ്ട് സ്വയം തിരഞ്ഞെടുക്കുന്നതാണ് വർണ്ണം എന്നാണ് ഗീത ഉദ്ദേശിക്കുന്നത്. എങ്കിലും കാലക്രമത്താൽ അതിൽ നിന്ന് മാറി ജന്മംകൊണ്ട് മാത്രം ജാതി തീരുമാനിക്കുന്ന അവസ്ഥ വന്നുചേർന്നിരുന്നു എന്ന് കാണാം. എങ്കിലും ആദ്യകാലത്ത് അത് കർശനമായിരുന്നില്ല. ജാബാല സത്യകാമൻ, ഐതരേയൻ, ദ്രോണർ, ജനകൻ, മുതലായ പുരാണപുരുഷരുടെ കാര്യത്തിൽ ഇത് വ്യക്തമാണ്. എന്നാൽ ക്രമേണ 'ജാതിബ്രാഹ്മണർ' ജാതി മാഹാത്മ്യം ഉയർത്തിപ്പിടിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ അനാരോഗ്യകരമായ കർശനമായ ജാതിവ്യത്യാസവും വിവേചനവും നടപ്പിലാക്കുകയും ചെയ്തു. 'ഇത്തരമൊരു സാഹചര്യത്തിൽ രചിക്കപ്പെട്ട ഭഗവദ്ഗീത ഈ വ്യവസ്ഥിതി തൂത്തെറിയാൻ ആവശ്യപ്പെട്ടില്ല. പകരം വർണ്ണത്തിന് ഒരു നവ്യ വ്യാഖ്യാനം കൊടുക്കുകയാണ് ഗീത ചെയ്തത്. ജന്മാടിസ്ഥാനത്തിൽ നിർണ്ണയിക്കുന്നതിനു പകരം

വ്യക്തി സ്വയം മനസ്സിലാക്കി തനിക്കിണങ്ങിയ കർമ്മപദ്ധതി സ്വീകരിക്കണം എന്നാണ് ഗീതയിലെ ആശയം.' (പേജ് 89).

ഇതൊക്കെ കേൾക്കാൻ സുഖമുണ്ടെങ്കിലും പ്രയോഗത്തിൽ ഇങ്ങനെയൊന്നുമല്ല കാര്യങ്ങൾ നടന്നിരുന്നത് എന്നതിന് എത്രയോ ഉദാഹരണ കഥകൾ പുരാണങ്ങളിലുണ്ട്. 'പ്രാചീന ഭാരതത്തിലെ വ്യവസ്ഥിതിയുടെ പ്രത്യേകത എന്തായിരുന്നു എന്ന് വച്ചാൽ അതിനു കിട്ടിയ മതപരമായ ശക്തമായ പിന്തുണ മാത്രമല്ല, ആ വ്യവസ്ഥിതിയിൽ നിന്ന് ഗുണം കിട്ടിയിരുന്ന ശക്തരായ ഒരു വലിയ സംഖ്യ ജനങ്ങളുമല്ല (ബ്രാഹ്മണ-ക്ഷത്രിയർ) അവർ, പുരോഹിതവർഗ്ഗം, ഒരു self contained, സ്വയം ഉൾകൊള്ളുന്ന ഒരു വ്യതിരിക്ത വിഭാഗമായി മാറി എന്നതാണ്. വാമൊഴിയായി മാത്രം പഠിച്ചും പഠിപ്പിച്ചും പിതാവ് പുത്രനും ഗുരു ശിഷ്യനും കൈമാറിയിരുന്നതിനാൽ ദേശ - സമൂഹ വ്യത്യാസം കൊണ്ട് പാഠഭേദങ്ങളുണ്ടാകുകയും അതിൽക്കൂടി ശാഖകൾ ഉണ്ടാകുകയും ചെയ്തു...' അങ്ങനെ അവർ ഒരു വ്യതിരിക്ത വിഭാഗമായി മാറി. (പേജ് 89)... എന്നാൽ സമൂഹങ്ങളൊക്കെയും വിവാഹങ്ങൾ സ്വവർണ്ണത്തിനുള്ളിൽത്തന്നെ നടത്തുന്ന സ്വജാതി സമൂഹങ്ങളായി മാറിയത് അനേകം നൂറ്റാണ്ടുകൾ കഴിഞ്ഞ് സി.ഇ. ആദ്യ ശതകത്തിനു ശേഷം മാത്രമാണ്. അപ്പോഴേക്കും ഇതു വർണ്ണമേലങ്കി പൂണ്ട പൂർണ്ണ ജാതിവ്യവസ്ഥയായിക്കഴിഞ്ഞിരുന്നു (പേജ് 90).

വർണ്ണവ്യവസ്ഥയുടെ തുടക്കത്തെപ്പറ്റിയും അടിത്തറയെപ്പറ്റിയും വർമ്മാജി വിവരിക്കുന്ന വ്യാഖ്യാനം യുക്തിപരമായി തോന്നുമെങ്കിലും ഇന്നത്തെ സാമൂഹിക രാഷ്ട്രീയ സാമ്പത്തിക വ്യവസ്ഥയുമായി യോജിക്കാത്ത ഈ സമ്പ്രദായം ഇനി പാടേ തുടച്ചു മാറ്റാതെ നിവൃത്തിയില്ലെന്നത് വ്യക്തമാണ്. അതിനായി ശ്രമിക്കുമ്പോഴും ശ്രീഭഗവാനാൽ അംഗീകരിക്കപ്പെട്ട ഒന്നാണ് ജാതി വ്യവസ്ഥ എന്ന സംശയം തോന്നുന്നവർക്കുള്ള മറുപടിയാണ് ശ്രീ വർമ്മ മുന്നോട്ടുവയ്ക്കുന്നത്. ഗീതയിൽ ഭഗവാൻ സൂചിപ്പിച്ച വർണ്ണവ്യവസ്ഥ ജന്മത്തിന്റെ മാത്രം അടിസ്ഥാനത്തിൽ ജനങ്ങളെ വേർതിരിക്കുന്ന ഒന്നല്ല, മറിച്ച് സ്വന്തം സ്വഭാവഗുണങ്ങളുടെ അടിസ്ഥാനത്തിൽ തനിക്കു യോജിച്ച തൊഴിലുകൾ സ്വയം തിരഞ്ഞെടുക്കാനുള്ള അനുമതിയാണ് എന്ന വ്യാഖ്യാനമാണ് വർമ്മാജി നല്കുന്നത്. അതേ സമയം തന്നെ ഇതിന്റെ അടിസ്ഥാനത്തിൽ ഗീതയെ തള്ളിപ്പറയേണ്ട കാര്യവുമില്ല. ഇന്ത്യയിൽ നിലനിന്നിരുന്ന ദുഷിച്ച ജാതിവ്യവസ്ഥ നിലനിർത്താനായിട്ടാണ് ഗീത സൃഷ്ടിക്കപ്പെട്ടത് എന്ന ആരോപണം സത്യത്തിൽ നിന്ന് എത്രയോ ദൂരെയാണ്. അതിനേക്കാൾ എത്രയോ വലിയ സേവനമാണ് സമത്വത്തിലൂന്നിയ ഭക്തിമാർഗ്ഗവും ജനങ്ങളെ കർമ്മനിരതരാക്കുന്ന കർമ്മമാർഗ്ഗവും തെളിയിച്ചു വച്ചത്. കർമ്മങ്ങൾ ബന്ധനം സൃഷ്ടിക്കുന്നതാണെങ്കിലും ആ ബന്ധനം കൂടാതെയാക്കുവാൻ കർമ്മഫലങ്ങളിൽ കാംക്ഷ, അതായത് സംഗം, ഉണ്ടാകരുത് എന്ന് ഗീത നിഷ്കർഷിക്കുന്നു. അതാണ് നിഷ്ക്കാമകർമ്മം. നിഷ്ക്കാമം എന്ന് വച്ചാൽ ഫലം പ്രതീക്ഷിക്കരുത് എന്നല്ല, ഫലത്തിൽ സംഗം (atttachment) പാടില്ല, എന്നാണ്. പരീക്ഷ എഴുതുന്നത് തീർച്ചയായും ജയിക്കാനാണ്. പക്ഷെ ജയിച്ചില്ലെങ്കിൽ ആത്മഹത്യ ചെയ്യുന്നതിന് പകരം, ഞാൻ എന്നാൽ ആവുന്നതുപോലെ ശ്രമിച്ചോ എന്ന് സ്വയം ചോദിക്കാനും വീണ്ടും വീണ്ടും പരിശ്രമിക്കാനുമാണ് കർമ്മയോഗം ആവശ്യപ്പെടുന്നത്. ഈ സമീപനം ജീവിതത്തിൽ എല്ലാ മേഖലകളിലും പ്രസക്തമാണ്. ഇത് മോക്ഷം കിട്ടാൻ വേണ്ടിയല്ല ജീവിതത്തിൽ വിജയം പ്രാപിക്കാനും സഹായിക്കും. ഈശ്വരവിശ്വാസികൾ അല്ലാത്തവർ പോലും ഈ സമീപനം ജീവിതത്തിൽ വിജയകരമായി പരീക്ഷിക്കുന്നത് നമുക്ക് കാണാൻ കഴിയും. അവരെ കർമ്മയോഗികൾ എന്നുതന്നെ വിളിക്കാം. അങ്ങനെ നോക്കുമ്പോൾ ഈശ്വരവിശ്വാസമില്ലാത്തവർക്കും പൂർവ്വജന്മത്തിൽ വിശ്വസിക്കാത്തവർക്കും ഗീതയിലെ കർമ്മയോഗം പരീക്ഷിക്കാം. ഇപ്പോൾ യോഗയ്ക്കും ധ്യാനത്തിനും പലവിധ ആൾക്കാർ കൂടുന്നതു പോലെ ഗീത ഉപദേശിക്കുന്ന കർമ്മമാർഗ്ഗത്തിനും വ്യത്യസ്ത വിഭാഗങ്ങളിൽ പെട്ട ജനങ്ങൾ അനുയായികളാവട്ടെ എന്ന് പ്രതീക്ഷിക്കാം. അതിലേക്ക് സഹായിക്കുന്നതാണ് വർമ്മാജിയുടെ ഈ പുസ്തകം. അത് അങ്ങനെയാകട്ടെ എന്ന് ആശിക്കുന്നു.

**ഡോ. ആർ.വി.ജി. മേനോൻ**

# അഭിനന്ദനങ്ങൾ




കൊച്ചി രാജകുടുംബാംഗം **കേണൽ മഹേഷ് വർമ്മ** ഭാരത കരസേനയുടെ വിശിഷ്ട സേവാ മെഡലിന് അർഹനായി. ജനുവരി 10 ന് ന്യൂഡൽഹിയിലെ മനെക് ഷാ സെന്ററിൽ നടന്ന വെസ്റ്റേൺ കമ്മാൻഡ് Investiture Ceremony യിൽ മെഡൽ ഏറ്റുവാങ്ങി. തൃപ്പൂണിത്തുറ ചന്ദ്രവിലാസം പാലസിലെ ശോഭന തമ്പുരാന്റെയും കൊട്ടാരം മംഗളമഠത്തിൽ പരേതനായ ആനന്ദ് വർമ്മയുടെയും മകനാണ്. വിങ് കമാന്റർ (റിട്ട.) മീനാക്ഷി കുമാരിയാണ് ഭാര്യ. ശതാബ്ദി ആഘോഷിച്ച തൃപ്പൂണിത്തുറ കോവിലകത്തെ വലിയമ്മ തമ്പുരാൻ മൃണാളിനി തമ്പുരാന്റെ സഹോദരി പത്മം തമ്പുരാന്റെ ദൗഹിത്രനാണ്.



**ഡോ. മാളവിക വർമ്മ** ഇന്ത്യൻ ജിയോടെക് ജേണലിൽ 2024 ഡിസംബറിൽ പ്രസിദ്ധീകരിച്ച 'റെസ്പോൺസ് അനാലിസിസ് ഓഫ് റോക്ക് മാസ്സ് ആൻഡ് സപ്പോർട്ട് അണ്ടർ ഡൈനാമിക് ലോഡിംഗ്' എന്ന പ്രബന്ധം 2024-2025 വർഷത്തിൽ ഇന്ത്യൻ ജിയോടെക്നിക്കൽ സൊസൈറ്റി പ്രസിദ്ധീകരിച്ച റോക്ക് മെക്കാനിക്സിനെക്കുറിച്ചുള്ള ഏറ്റവും മികച്ച പ്രബന്ധമായി തിരഞ്ഞെടുക്കപ്പെട്ടു. പഞ്ചാബിലെ ജലന്ധറിൽ നടന്ന ചടങ്ങിൽ ഇന്ത്യൻ ജിയോടെക്നിക്കൽ സൊസൈറ്റി പ്രസിഡന്റിൽ നിന്ന് അവാർഡ് ഏറ്റുവാങ്ങി. ബാംഗ്ലൂരിലെ അറ്റ്കിൻസ് റിയാലിസിൽ സീനിയർ എഞ്ചിനീയറായി ജോലി ചെയ്യുകയാണ് മാളവിക. തിരുവനന്തപുരം ക്ഷത്രിയ ക്ഷേമസഭയിലെ സജീവാംഗങ്ങളായ വർമ്മ കെ. രഘുവിന്റെയും ബീനയുടെയും മകളാണ്. സംരംഭകനും ഇൻഫോലിറ്റ്സ് സോഫ്റ്റ്‌വെയർ സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡിന്റെ ഡയറക്ടറുമായ അർജ്ജുൻ എസ്. വർമ്മയാണ് ഭർത്താവ്. പുത്രൻ അർവിക് വർമ്മ.



അമൃത വിശ്വവിദ്യാപീഠം കോയമ്പത്തൂർ ക്യാമ്പസ്സിൽ നിന്നും Structural Engineering-ൽ Ph.D നേടിയ **ഡോ. ഡി. അഖിൽ വർമ്മ**. ഇപ്പോൾ ഓസ്ട്രേലിയിലെ പെർത്തിൽ ജോലി ചെയ്യുന്നു. തിരുവനന്തപുരം ക്ഷത്രിയ സഭ സജീവാംഗങ്ങളായ ദേവദാസ് വർമ്മയുടെയും (ചുള്ളിത്തറ കോവിലകം, വൈക്കം) രമണി വർമ്മയുടെയും (മേനാംവിള കോവിലകം, ചെന്നിത്തല) മകനാണ്. തിരുവല്ല അഴിയിടത്തുചിറ പുതിയ മഠത്തിൽ ഗായത്രി വർമ്മയാണ് ഭാര്യ.



ഇന്ത്യൻ നേവിയിൽ സബ് ലഫ്റ്റനന്റ് റാങ്കിൽ നിയമനം ലഭിച്ചു ചുമതലയേറ്റ **കൃപാ വർമ്മ**. വെള്ളാരപ്പിള്ളി പടിഞ്ഞാറെ കോയിക്കൽ മഠത്തിൽ അനിൽ (ചേർത്തല) - പോളക്കാട്ട് മഠത്തിൽ സതി ദമ്പതികളുടെ പുത്രിയാണ്. 2022 ൽ കോയമ്പത്തൂർ അമൃത സ്കൂൾ ഓഫ് എഞ്ചിനീയറിങ്ങിൽ നിന്ന് ഒന്നാം റാങ്കോടു കൂടി സിവിൽ എഞ്ചിനീയറിങ്ങിൽ ബി.ടെക് നേടിയിരുന്നു.

# അഭിനന്ദനങ്ങൾ



സംസ്ഥാന സി.ബി.എസ്.ഇ. കലോത്സവത്തിൽ ഭരതനാട്യം (കാറ്റഗറി 4) മത്സരത്തിൽ സ്വന്തമായി ചിട്ടപ്പെടുത്തിയ ഈണത്തിൽ പാടിയ വർണ്ണത്തിന് (പാട്ട്) നൃത്തച്ചുവടു വച്ച് **മീനാക്ഷി എസ്. വർമ്മ** ഒന്നാം സമ്മാനം കരസ്ഥമാക്കി. അദ്രിജ പണിക്കർ എഴുതിയ പാട്ടിന് മീനാക്ഷി സ്വയം ഈണം നൽകി പാടി റെക്കോർഡ് ചെയ്താണ് നൃത്തത്തിനൊപ്പം അവതരിപ്പിച്ചത്. കൂടാതെ ശാസ്ത്രീയ സംഗീതത്തിൽ രണ്ടാം സ്ഥാനവും ഗ്രൂപ്പ് ഇനമായ തിരുവാതിരകളിക്ക് ഒന്നാം സ്ഥാനവും ലഭിച്ചു. എറണാകുളം ഗിരിനഗർ ഭവൻസ് വിദ്യാമന്ദിർ 11-ാം ക്ലാസ് വിദ്യാർത്ഥിനിയാണ്. ക്ഷത്രിയ ക്ഷേമസഭ എറണാകുളം യൂണിറ്റ് സെക്രട്ടറി എറണാകുളം സൗത്ത് 'ശ്രീതിലകി'ൽ സതീഷ് വർമ്മയുടെയും (വയലിനിസ്റ്റ്) പൂഞ്ഞാർ കൊട്ടാരത്തിലെ ദീപ വർമ്മയുടെയും (സോഫ്റ്റ്‌വെയർ എഞ്ചിനീയർ) മകളാണ്.

പത്തനംതിട്ട ജില്ലാ സ്കൂൾ കലോത്സവത്തിൽ കേരളനടനത്തിന് ഒന്നാം സമ്മാനം നേടിയ **കാഞ്ചന കെ. വർമ്മ**. 2024 ലെ സംസ്ഥാന സ്കൂൾ കലോത്സവത്തിലും സമ്മാനാർഹയായിരുന്നു, കേരള കലാമണ്ഡലത്തിന്റെ ഗുരുഗോപിനാഥ് പുരസ്കാര ജേതാവ് കൂടിയാണ്. കഴിഞ്ഞ ഒരു ദശാബ്ദക്കാലത്തിലേറെയായി വനജ മനോഹറിന്റെ ശിക്ഷണത്തിൽ നൃത്തം അഭ്യസിക്കുന്ന കാഞ്ചന പന്തളം 'സാകേത'ത്തിൽ (നാലുകെട്ട് കൊട്ടാരം) കേരളവർമ്മ – സീതാലക്ഷ്മി (പള്ളത്ത് കൊട്ടാരം) ദമ്പതികളുടെ പുത്രിയാണ്.





കോഴിക്കോട് ഗവ. മെഡിക്കൽ കോളേജിൽ നടന്ന കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല സ്റ്റേറ്റ് ലെവൽ ഇന്റർ സോൺ കലോത്സവത്തിൽ താളവാദ്യ (പൗരസ്ത്യം) ത്തിൽ ഒന്നാം സ്ഥാനം നേടിയ **സൗരവ് പി. വർമ്മ** (ഗവ. ആയുർവ്വേദ കോളേജ്, തിരുവനന്തപുരം). പന്തളം വടക്കേടം പാലസിൽ പ്രമോദ് വർമ്മയുടേയും ശ്രീലേഖാ വർമ്മയുടേയും മകനാണ്.



കോട്ടയം പാലായിൽ വെച്ചു നടന്ന 2025 സംസ്ഥാന തല CBSE കലോത്സവത്തിൽ കർണാടക സംഗീതത്തിന് (Classical music Carnatic) A ഗ്രേഡ് കരസ്ഥമാക്കിയ **വേദിക രാജ**. സാമൂതിരി പുതിയ കോവിലകത്തെ ശ്രീജിത്ത്‌രാജയുടെയും തിരുവല്ല പാലിയക്കര പടിഞ്ഞാറെ കൊട്ടാരത്തിലെ ശ്രീജയ വർമ്മയുടെയും മകളാണ് ഈ എട്ടാം ക്ലാസുകാരി. വർഷ വർമ്മ സഹോദരിയാണ്.



തിരുവനന്തപുരം ജില്ലാ ഹയർ സെക്കന്ററി സ്കൂൾ കലോത്സവത്തിൽ വയലിനിൽ (പൗരസ്ത്യം) ഒന്നാം സ്ഥാനം കരസ്ഥമാക്കിയ **വൈഷ്ണവി ആർ. വർമ്മ**. ചെന്നിത്തല വടയത്ത് കോയിക്കൽ രഘു വർമ്മയുടെയും സ്വാതിതിരുനാൾ സംഗീത കോളേജ് പ്രൊഫസർ ഡോ. വൃന്ദാ വർമ്മയുടെയും മകളാണ്. തിരുവനന്തപുരം കോട്ടൺ ഹിൽ ഹയർ സെക്കന്ററി സ്കൂൾ പ്ലസ് വൺ വിദ്യാർത്ഥിനിയാണ്. പ്രസിദ്ധ വയലിനിസ്റ്റും സ്വാതിതിരുനാൾ സംഗീത കോളേജ് മുൻ പ്രൊഫസറുമായ എസ്. ഈശ്വര വർമ്മയുടെ ദൗഹിത്രിയാണ്.

## യൂണിറ്റ് ഭാരവാഹികൾ - ശ്രീകണ്ഠാപുരം



**എസ്.കെ. രാധാകൃഷ്ണൻ**
പ്രസിഡന്റ്, 9496360647



**സി. വാസുദേവൻ**
സെക്രട്ടറി



**എസ്.ടി. പത്മകുമാർ**
ട്രഷറർ

## വനിതാ യൂണിറ്റ് ഭാരവാഹികൾ - ശ്രീകണ്ഠാപുരം



**ശ്രീജ എസ്.കെ.**
പ്രസിഡന്റ്



**ജയശ്രീ സി.ടി.**
സെക്രട്ടറി



**ഉഷാകുമാരി ടി.ഇ.**
ട്രഷറർ



തിരുവല്ല ക്ഷത്രിയ ക്ഷേമ സഭയുടെ 1994 ൽ പണി കഴിപ്പിച്ച സഭാമന്ദിരത്തിന്റെ അറ്റകുറ്റപണികൾ നടത്തി ഏതാണ്ട് 70 പേർക്ക് ഇരുന്ന് മീറ്റിംഗ് കൂടുവാൻ സാധിക്കുന്ന തരത്തിൽ പുനരുദ്ധരിച്ചു. വിശാലമായ ഹാളിൽ ടൈൽസ് പാകി പെയിന്റിംഗും നടത്തി മനോഹരമാക്കിയിട്ടുണ്ട്. സഭാംഗങ്ങളുടെ അകമഴിഞ്ഞ സാമ്പത്തിക സഹായം കൊണ്ടാണ് പൂർത്തീകരിക്കാൻ സാധിച്ചത്. ഏതാണ്ട് 4 ലക്ഷം രൂപ ചിലവായി.

## വനിതാ യൂണിറ്റ് ഭാരവാഹികൾ - ഇരിട്ടി



**കെ.ഇ. കമല കുമാരി**
പ്രസിഡന്റ്, 9497803013



**എൻ. വത്സല**
സെക്രട്ടറി, 9496969631



**വി.ടി. സുജാത**
ട്രഷറർ, 9745192045

## വനിതാ യൂണിറ്റ് ഭാരവാഹികൾ - നീലേശ്വരം



**ഭാഗ്യപ്രഭ റ്റി.സി.**
പ്രസിഡന്റ്



**മനോരമ റ്റി.സി.**
സെക്രട്ടറി



**ഭാഗീരഥി തമ്പുരാട്ടി വി.സി.**
ട്രഷറർ

## വനിതാ യൂണിറ്റ് ഭാരവാഹികൾ - കരിവെള്ളൂർ



**എൻ.പി. കാമാക്ഷി വർമ്മ**
പ്രസിഡന്റ്



**ഡോ. എം.എം. കവിത വർമ്മ**
സെക്രട്ടറി



**കെ.പി. ശ്രീജ**
ട്രഷറർ, 7902218485

# യൂണിറ്റ് വാർത്തകൾ - വിശേഷങ്ങൾ

## തിരുവനന്തപുരം

തിരുവനന്തപുരം ക്ഷത്രിയ ക്ഷേമസഭയുടെ ഭരണസമിതി യോഗം എല്ലാ മാസങ്ങളിലും സുന്ദരവിലാസം ഓഫീസിൽ വെച്ച് നടന്നുവരുന്നു. വിവിധ പരിപാടികളെക്കുറിച്ചും പ്രവർത്തനങ്ങളെക്കുറിച്ചും ചർച്ച ചെയ്ത് തീരുമാനമെടുത്തു.

വർഷങ്ങളായി നടത്തിവരാറുള്ള നവരാത്രി ആഘോഷം ഈ വർഷവും സുന്ദരവിലാസം ഓഫീസിൽ വെച്ച് നടത്തി. 3 ദിവസം രാവിലെയും വൈകിട്ടും പൂജയും ദീപാരാധനയും നടത്തി. വനിതാവിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ഭജനയും രാജേശ്വരി വർമ്മ, ഉഷ ഉദയൻ എന്നിവരുടെ പ്രഭാഷണങ്ങളും നടന്നു. തികച്ചും ഭക്തിസാന്ദ്രമായ ദിവസങ്ങളിൽ സഭാ മെമ്പർമാർ പങ്കെടുത്തു. നിവേദ്യസമർപ്പണവും പൂജയെടുപ്പും ഉണ്ടായിരുന്നു. എല്ലാ വർഷത്തെയും പോലെ ഈ വർഷവും നവരാത്രി ആഘോഷങ്ങൾ സഭയുടെ ഭരണസമിതി അംഗം അജയകുമാർ വർമ്മ തന്റെ മാതാവ് കൊച്ചമ്മിണി തമ്പുരാന്റെ സ്മരണാർത്ഥം സ്പോൺസർ ചെയ്തു.

ഒക്ടോബർ 26 ന് വയലാർ രാമവർമ്മയുടെ അനുസ്മരണദിനമായി രംഗവിലാസം ഹാളിൽ വെച്ചു നടന്നു. പ്രസിഡന്റ് കിഷോർ കുമാർ വർമ്മയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ പ്രശസ്ത ഗായകനും ആകാശവാണി മുൻ അസി. ഡയറക്ടറുമായ ജി. ശ്രീറാം ആയിരുന്നു മുഖ്യാതിഥിയും അനുസ്മരണ പ്രാസംഗികനും. വയലാർ ഗാനങ്ങളുടെ രചനാഭംഗിയും ഓരോ ഗാനത്തിന്റെ ആകർഷണീയതയും അദ്ദേഹം തന്റെ പ്രസംഗത്തിൽ അനുസ്മരിച്ചു. ചില ഗാനങ്ങൾ അദ്ദേഹം സദസ്സിനു വേണ്ടി ആലപിച്ചു. നിവേദിത വർമ്മയുടെ ഈശ്വര പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ സെക്രട്ടറി ജയചന്ദ്ര വർമ്മ സ്വാഗതവും ജോയിന്റ് സെക്രട്ടറി കൃഷ്ണകുമാരി കൃതജ്ഞതയും പ്രകാശിപ്പിച്ചു.



തുടർന്ന് വയലാർ ഗാനങ്ങൾ കോർത്തിണക്കിയ 'സന്ധ്യമയങ്ങും നേരം' എന്ന പരിപാടിയിൽ സഭയിലെ 14 ഗായകർ പങ്കെടുത്തു. സഭയിലെ മുതിർന്ന അംഗവും മുൻ പ്രസിഡന്റുമായ കെ.എൽ. ശ്രീകൃഷ്ണദാസ് രചനയും സംവിധാനവും നിർവ്വഹിച്ച വയലാറിനെക്കുറിച്ചുള്ള ഒരു ഹ്രസ്വചിത്രം പ്രദർശിപ്പിച്ചു.

ഒക്ടോബർ 29, 30 ന് നടന്ന ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിലെ അൽപ്പശി ഉത്സവത്തോടനുബന്ധിച്ച് നടന്ന പള്ളിവേട്ടയിലും ആറാട്ടിലും സഭാ മെമ്പർമാർമാരോടൊപ്പം കോട്ടയം സഭാ പ്രസിഡന്റ് ആത്മജ വർമ്മ തമ്പുരാനും അകമ്പടി സേവയിൽ പങ്കെടുത്തു. സഭയുടെ ഭരണസമിതിയംഗവും ശ്രീപദ്മനാഭസ്വാമി ക്ഷേത്ര ട്രസ്റ്റ് അഡ്മിനിസ്ട്രേറ്റർ ആർ. രാജരാജ വർമ്മ സഭയ്ക്ക് വേണ്ട സഹായസഹകരണങ്ങൾ നൽകിയതിൽ ഭരണസമിതി യോഗത്തിൽ അദ്ദേഹത്തെ നന്ദിപൂർവ്വം ആശംസിച്ചു.

നവംബർ 9-ാം തീയതി രംഗവിലാസം ഹാളിൽ വെച്ച് തിരുവനന്തപുരം ക്ഷത്രിയ ക്ഷേമസഭ വനിതാവിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ സ്തനാർബ്ബുദ നിർണ്ണയ ക്യാമ്പ് നടന്നു. രാവിലെ 9.30 ന് വനിതാവിഭാഗം പ്രസിഡന്റ് രാജേശ്വരി വർമ്മയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ മുഖ്യാതിഥി ഗോകുലം മെഡിക്കൽ കോളേജ് പ്രൊഫസർ ഡോ. റെജി പോൾ രോഗ നിർണ്ണയത്തെക്കുറിച്ച് ക്ലാസ്സ് നടത്തി. സ്തനാർബ്ബുദം സ്ത്രീകളിൽ മാത്രമല്ല പുരുഷന്മാരിലും കണ്ടുവരുന്നതായി ഡോക്ടർ ഓർമ്മിപ്പിച്ചു. നിർണ്ണയിക്കപ്പെട്ടു കഴിഞ്ഞാൽ അതിനുവേണ്ട ചികിത്സ നിലവിലുണ്ടെന്നും അറിയിച്ചു. വനിതാവിഭാഗം സെക്രട്ടറി ഉഷ ഉദയവർമ്മ സ്വാഗതം

ആശംസിച്ച ചടങ്ങിൽ സഭ പ്രസിഡന്റ് കിഷോർ കുമാർ വർമ്മ ആശംസ അറിയിച്ചു. സദസ്സിലെ വിവിധ ചോദ്യങ്ങൾക്ക് ഡോ. റെജി പോൾ ഉത്തരം നൽകുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. തുടർന്ന് 'സ്നേഹിത' എന്ന സംഘടനയുടെ നേതൃത്വത്തിൽ മെമ്പർമാരിൽ സ്തനാർബ്ബുദ പരിശോധന നടത്തി. അൻപതോളം അംഗങ്ങൾ പരിശോധനയിൽ പങ്കാളികളായി. സഭാംഗം ഡോ. ആരതി വർമ്മ ഉൾപ്പെടെ നിരവധി ഡോക്ടർമാർ ക്യാമ്പിൽ പരിശോധനയ്ക്ക് നേതൃത്വം നൽകി. വനിതാ വിഭാഗം വൈസ് പ്രസിഡന്റ് ബീന രഘുവർമ്മ കൃതജ്ഞത പ്രകാശിപ്പിച്ചു.

## കുറ്റിലഞ്ഞി

ഒക്ടോബർ 5-ാം തീയതി നടന്ന ആയുർവ്വേദ മെഡിക്കൽ ക്യാമ്പിന്റെ വിജയം കുറ്റിലഞ്ഞി യൂണിറ്റിന്റെ സാമൂഹിക പ്രതിബദ്ധതയ്ക്ക് ഒരു പൊൻതൂവൽ കൂടി ചാർത്തി. അതുപോലെ കുറ്റിലഞ്ഞിയിലെ പൊതുജനമധ്യത്തിൽ സഭ തന്റേതായ വ്യക്തിമുദ്ര പതിപ്പിക്കുകയും ചെയ്തു.

എല്ലാ മാസവും രണ്ടാം ഞായറാഴ്ച നടക്കുന്ന കുടുംബ സംഗമം പൂർവ്വാധികം ശക്തിയോടെ നടന്നുവരുന്നു. സഭയുടെ പേരിൽ നടത്തുന്ന ചിട്ടി നറുക്കെടുപ്പ്, ഓണ ഫണ്ട് സമാഹരണം എന്നിവ വളരെ അടുക്കും ചിട്ടയുമായി നടന്നുവരുന്നു. കുടുംബ സംഗമങ്ങളിൽ കൂടിവരുന്ന കുടുംബാംഗങ്ങളുടെ പങ്ക് ഇതിനു തെളിവാണ്. യൂണിറ്റിന്റെ വനിതാവിഭാഗം അവതരിപ്പിക്കുന്ന ലളിതാസഹസ്രനാമ പാരായണം യൂണിറ്റ് കുടുംബ സംഗമത്തിന് മാറ്റുകൂട്ടുന്നുണ്ട്.

സമുദായ അംഗങ്ങളുടെ നേതൃത്വത്തിലുള്ള ട്രസ്റ്റിന്റെ കീഴിലുള്ള ചക്കനക്കാവ് ഭഗവതി ക്ഷേത്രത്തിലെ മുടിയേറ്റ് മഹോത്സവത്തിൽ ക്ഷത്രിയ ക്ഷേമസഭ കുറ്റിലഞ്ഞിയുടെ പ്രമുഖ പങ്കാളിത്തം ഉണ്ടായിരുന്നു. സഭയുടെ സെക്രട്ടറിയുടെയും മറ്റ് അംഗങ്ങളുടെയും നേതൃത്വത്തിൽ നടത്തിയ മുടിയേറ്റ് മഹോത്സവം വൻ ജനപങ്കാളിത്തത്തോടെ സമാപിച്ചു. വനിതാ അംഗങ്ങളുടെ നേതൃത്വത്തിൽ നടന്ന തിരുവാതിരകളിയും നാരായണീയ പാരായണവും ചടങ്ങുകൾക്ക് മാറ്റുകൂട്ടി.

ഇത്തവണത്തെ തിരുവാതിര പതിവുപോലെ കുടുംബാംഗങ്ങളുടെ സംഗമത്തോടെ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. സഭയുടെ നേതൃത്വത്തിൽ നടത്താറുള്ള തിരുവൈരാണിക്കുളം ക്ഷേത്രദർശനവും ജനുവരിയിലെ പ്രധാന പരിപാടികളിൽ ഒന്നാണ്.

ഏകദേശം 30 ഓളം അംഗങ്ങൾ പങ്കെടുക്കുന്ന തഞ്ചാവൂർ, കാഞ്ചീപുരം തീർത്ഥയാത്രയോടെ സഭയുടെ ഈ വർഷത്തെ പരിപാടികൾക്ക് സമാപനം കുറിച്ചു. ക്ഷത്രിയ ക്ഷേമസഭയുടെ വാർഷിക കലണ്ടർ ഇത്തവണയും പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചു.

റിയാക്ടിന്റെ വിദ്യാഭ്യാസ സഹായം കുറ്റിലഞ്ഞിയിലെ വിധവയായ ഒരു സ്ത്രീയുടെ കുട്ടികൾക്ക് പഠനസഹായത്തിന് വേണ്ടി ചെയ്തു കൊടുക്കുവാൻ സാധിച്ചു എന്നത് സഭയ്ക്ക് നാടിനോടും നാട്ടുകാരോടും സമൂഹത്തോടും ഉള്ള പ്രതിബദ്ധത തെളിയിക്കുന്ന വസ്തുതയാണ്.

ജനുവരി മാസം രണ്ടു മുതൽ 10 വരെ മെമ്പർഷിപ്പ് വാരമായി നടത്തുവാനും അതിലൂടെ കൂടുതൽ കുടുംബങ്ങളെ സഭയിലേക്ക് ചേർക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. നിലവിലുള്ള 50 വരിക്കാരിൽ നിന്ന് അഞ്ചുപേരെയെങ്കിലും പുതുതായി 'ക്ഷാത്രസ്പന്ദന' വരിക്കാരായി ചേർക്കണമെന്നാണ് ആഗ്രഹിക്കുന്നത്. ഓരോ ലക്കവും ഒന്നിനൊന്ന് നന്നാക്കുന്ന 'ക്ഷാത്രസ്പന്ദനം' എഡിറ്റോറിയൽ ബോർഡിന് സഭയുടെ പ്രത്യേക നന്ദിയും അഭിനന്ദനങ്ങളും അറിയിക്കുന്നു.



*കുറ്റിലഞ്ഞി ക്ഷത്രിയ ക്ഷേമസഭയുടെ 2026 കലണ്ടർ രക്ഷാധികാരി വി.ആർ. വർമ്മ മുതിർന്ന അംഗം ലളിതാംബിക വർമ്മയ്ക്ക് കൈമാറി പ്രകാശനം ചെയ്തു.*

## കരപ്പുറം

കരപ്പുറം ക്ഷത്രിയ ക്ഷേമസഭയുടെ മൂന്ന് നിർവ്വാഹക സമിതി യോഗങ്ങൾ ഈ കാലയളവിൽ നടന്നു. ഒക്ടോബർ 1 ന് 1201 ലെ നവരാത്രി സംഗീതാരാധന ഭക്തിനിർഭരമായ അന്തരീക്ഷത്തിൽ നടന്നു. കനകലക്ഷ്മി വർമ്മ, വിജയലക്ഷ്മി വർമ്മ, മംഗളാ വർമ്മ, അനിതാ ശങ്കരൻ, ശൈലജാ വർമ്മ എന്നിവർ ചേർന്ന് ഭദ്രദീപം കൊളുത്തി. തുടർന്ന് നീരജാ വർമ്മയുടെ 'മഹിഷാസുരമർദ്ദിനി' നൃത്താവിഷ്ക്കാരം അതിമനോഹരവും പ്രൗഢവും ആയിരുന്നു. അതിനുശേഷം ലളിതാസഹസ്രനാമവും മഹിഷാസുരമർദ്ദിനി സ്തോത്രവും ആലപിച്ചു. പിന്നീട് നടന്ന വനിതാവേദിയുടെ കോൽക്കളി മനോഹരമായിരുന്നു. തുടർന്ന് എല്ലാവരും ചേർന്ന് ഭജൻസ് ആരംഭിച്ചു. ഭക്തിസാന്ദ്രമായ ഭജൻസിനു ശേഷം സായാഹ്ന ഭക്ഷണം ആയിരുന്നു. കാട്ടുങ്കൽ കോവിലകത്തെ എം.ആർ. വേണുഗോപാൽ വർമ്മയാണ് നവരാത്രി സംഗീതാരാധന സമർപ്പിച്ചത്. അനശ്വര കവിയായ വയലാർ രാമവർമ്മയുടെ അൻപതാം ചരമവാർഷികം കരപ്പുറം ക്ഷത്രിയ ക്ഷേമസഭയുടെ ആഭിമുഖ്യത്തിൽ ആചരിച്ചു. 2025 ഒക്ടോബർ 25



ന് രാവിലെ 11 മണിക്ക് സഭാംഗങ്ങൾ വയലാർ സ്മൃതി മണ്ഡപമായ 'ചന്ദ്രകളഭ'ത്തിൽ എത്തി; വയലാറിന്റെ പത്നി ഭാരതി തമ്പുരാട്ടിയുടെയും പുത്രൻ വയലാർ ശരത്ചന്ദ്ര വർമ്മയുടെയും ഒപ്പം പുഷ്പാർച്ചന നടത്തി പ്രാർത്ഥിച്ചു. ഈ ചടങ്ങിൽ ഇരുപത്തിരണ്ട് സഭാംഗങ്ങൾ പങ്കെടുത്തു.

ഒക്ടോബർ 26 വൈകിട്ട് 4 മണി മുതൽ സഭയുടെ നേതൃത്വത്തിൽ സഭാമന്ദിരത്തിൽ വെച്ച് 'ഇന്ദ്ര

## പന്തളം

വാർഷിക പൊതുയോഗത്തിനു ശേഷം രണ്ട് ഭരണസമിതി യോഗങ്ങൾ ചേരുകയുണ്ടായിട്ടുണ്ട്. പന്തളം പൊന്മേൽ കൊട്ടാരത്തിൽ മംഗല തമ്പുരാട്ടിയുടെ നിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി. വാർഷിക പൊതുയോഗം വിലയിരുത്തലിനു ശേഷം പന്തളം ശാഖയ്ക്ക് സ്വന്തമായി ഓഫീസ് കെട്ടിടം ഉണ്ടാക്കുന്നതിലേക്ക് '200 രൂപ ഓഫീസ് ചലഞ്ച്' എന്ന ആശയം വനിതാ വിഭാഗം പ്രസിഡന്റ് സീതാലക്ഷ്മി വർമ്മ മുന്നോട്ടുവച്ചു.

2026 വർഷത്തെ വരിസംഖ്യ, 'ക്ഷാത്രസ്പന്ദനം' തുക സമാഹരണം എന്നിവ പൂർത്തിയായി. സഭയുടെ ട്രഷറർ ഹരികൃഷ്ണ വർമ്മയോടൊപ്പം ജ്യോതി വർമ്മ, രാജീവ് വർമ്മ, സീതാലക്ഷ്മി വർമ്മ, സന്ധ്യ വർമ്മ എന്നിവർ വരിസംഖ്യാ സമാഹരണത്തിൽ പങ്കെടുത്തു. സഭയിലേക്ക് പുതിയ അംഗങ്ങളെ ചേർക്കുവാനും 'ക്ഷാത്രസ്പന്ദനം' വരിക്കാരെ കൂട്ടുവാനും കഴിഞ്ഞു.

ക്ഷത്രിയ ക്ഷേമസഭാംഗമായ പ്രമോദ് വർമ്മയുടെ ഭവനത്തിന്റെ പാലുകാച്ചൽ ചടങ്ങിന് അംഗങ്ങൾ സംബന്ധിച്ചു. ഗൃഹപ്രവേശനത്തോടനുബന്ധിച്ച് പ്രമോദ് വർമ്മ - ശ്രീലേഖാ ദമ്പതിമാർ റിയാക്ടിലേക്ക് 10,000 രൂപ സംഭാവനയായി നൽകി. കോട്ടയം പ്രസ് ക്ലബ്ബിൽ നടന്ന ക്ഷത്രിയ ക്ഷേമസഭ സംസ്ഥാന കമ്മറ്റി യോഗത്തിൽ വച്ച് യൂണിറ്റ് പ്രസിഡന്റ് തുക കൈമാറി.

യൂണിറ്റ് പ്രസിദ്ധീകരിച്ച കലണ്ടറിന്റേയും ഡയറിയുടേയും വിതരണോദ്ഘാടനം കൈപ്പുഴ ചിന്മയ പാലസിൽ നടന്നു. ആദ്യ കലണ്ടറും ഡയറിയും ചിന്മയ പാലസിൽ കേരളവർമ്മ (അനിയൻ ചേട്ടൻ) ഏറ്റുവാങ്ങി. സെക്രട്ടറി ജ്യോതി വർമ്മ, ചന്ദ്രിക തമ്പുരാട്ടി, സന്ധ്യ വർമ്മ, രാജ രാജ വർമ്മ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

ഡിസംബർ 13 തിരുവല്ലയിൽ നടന്ന വനിതാ വിഭാഗം ഒന്നാം സംസ്ഥാന പ്രതിനിധി സമ്മേളനത്തിൽ പന്തളത്തു നിന്ന് 9 വനിതാ അംഗങ്ങൾ പങ്കെടുത്തു. ജനുവരി 2 ന് നടക്കുന്ന എട്ടങ്ങാടി, തിരുവാതിര ആഘോഷങ്ങൾ ഫെബ്രുവരിയിൽ നടക്കുന്ന ദക്ഷിണമേഖലാ സമ്മേളനം എന്നീ വിഷയങ്ങൾ ചർച്ച ചെയ്ത് തീരുമാനമെടുത്തു.

ധനുസ്സ്' എന്ന പേരിൽ വിശ്വകവിയുടെ സ്മരണാർത്ഥം വിവിധ പരിപാടികൾ അവതരിപ്പിച്ചു. ദീപശ്രീ വർമ്മയുടെ ഈശ്വരപ്രാർത്ഥനയ്ക്കു ശേഷം വയലാറിന്റെ പത്നി ഭാരതി തമ്പുരാട്ടിയും പുത്രൻ വയലാർ ശരത്ചന്ദ്ര വർമ്മയും ചേർന്ന് വയലാറിന്റെ ചിത്രത്തിനു മുൻപിൽ ഭദ്രദീപം കൊളുത്തി.

ഉൽഘാടന പ്രസംഗത്തിൽ ശരത്ചന്ദ്ര വർമ്മ, 'വയലാർ കവിതകളിലെ ആദ്ധ്യാത്മിക ദർശനം' എന്ന വിഷയത്തിൽ അതിബൃഹത്തായ ഒരു പ്രഭാഷണം നടത്തി. ഉപരിപ്ലവമായ അർത്ഥതലങ്ങളിലൂടെ വയലാർ കവിതകളെ സമീപിക്കുന്ന അപക്വ ആസ്വാദകർക്ക് നല്ലൊരു മറുപടിയായിരുന്നു ഒരു മണിക്കൂറിൽ അധികം നീണ്ട ഉദ്ഘാടന പ്രസംഗം. അതിനുശേഷം ഡോ. ദേവീ മനോജ് വർമ്മ 'വയലാറിന്റെ കാവ്യലോകം' എന്ന വിഷയത്തിൽ അതിമനോഹരമായ പ്രബന്ധം അവതരിപ്പിച്ചു.

പിന്നീട് വയലാറുമായുള്ള ഗതകാല സ്മരണകൾ ധനേഷ് വർമ്മ, രാജീവ് വർമ്മ, ആചാര്യശ്രീ ദിനേഷ് വർമ്മ, ഹരികൃഷ്ണ വർമ്മ തുടങ്ങിയവർ പങ്കുവെച്ചു. വയലാർ ഗാനങ്ങൾ ആലപിച്ച് രവി വർമ്മ രാജാ, സുമിത് വർമ്മ, പ്രദീപ് കെ. വർമ്മ, മനോജ് വർമ്മ, അനൂപ് വർമ്മ എന്നിവർ ചേർന്ന് സംഗീതലഹരി അവതരിപ്പിച്ചു. അതിനുശേഷം വനിതാവേദി വയലാർ ഗാനങ്ങൾ മാത്രം ഉൾപ്പെടുത്തി ഒരു ഗീതാഞ്ജലി സമർപ്പിച്ചു.

'വയലാർ കവിതകൾ' എന്ന വിഷയത്തിൽ രവി വർമ്മ രാജാ പ്രഭാഷണം നടത്തി. ശൈലജാ ധനേഷ് വർമ്മ, മായാ ഹരികൃഷ്ണ വർമ്മ, രജനി വർമ്മ, ജയശ്രീ വർമ്മ തുടങ്ങിയവരുടെ കവിതകളും രാജശേഖരൻ, അനൂപ് വർമ്മ തുടങ്ങിയവരുടെ ഗാനങ്ങളും എല്ലാംകൊണ്ട് 'ഇന്ദ്രധനുസ്സ്' വളരെ ഭംഗിയായി ആചരിച്ചു. വയലാർ കുടുംബാംഗങ്ങളുടെ വകയായ സായാഹ്ന ഭക്ഷണവും നല്ല നിലവാരം പുലർത്തി. രാത്രി 9.30 ഓടെ പരിപാടികൾ സമാപിച്ചു.

രാഘവപ്പറമ്പിൽ കോവിലകത്ത് അനിതാ ശങ്കരൻ 2,000 രൂപയും ചിറ്റേഴത്ത് കോവിലകത്ത് വിനോദ് കുമാർ വർമ്മ 5,000 രൂപയും ഈ കാലയളവിൽ റിയാക്ടിലേക്ക് സംഭാവന നൽകി. അടുത്തൂൺ വർദ്ധനവും കുടിശ്ശികയും ലഭിച്ചതിൽ ഭാരതി തമ്പുരാട്ടി 10,000 രൂപ ക്ഷത്രിയ ക്ഷേമസഭയിലേക്ക് സംഭാവന നൽകിയതും ഈ കാലഘട്ടത്തിൽ ആണ്. 2026 ലേക്കുള്ള കലണ്ടർ കരപ്പുറം ക്ഷത്രിയ സഭയുടെ പേരിൽ അംഗങ്ങൾക്കെല്ലാം ഡിസംബർ മാസത്തിൽ വിതരണം ചെയ്തു.

വേട്ടയ്ക്കൊരു മകൻ ക്ഷേത്രത്തിൽ നവംബർ ആദ്യവാരത്തിൽ മൂന്നു ദിവസം നീണ്ടുനിന്ന പരിഹാര ക്രിയകളിൽ സഭാംഗങ്ങൾ പൂർണ്ണമായും പങ്കെടുത്തു.

## കരിവെള്ളൂർ

യൂണിറ്റ് ഭരണസമിതി യോഗം 7-12-2025 ന് ഞായറാഴ്ച വൈകുന്നേരം 3 മണിക്ക് യൂണിറ്റ് പ്രസിഡന്റ് പി.എം. സുബ്രഹ്മണ്യന്റെ ഓണക്കുന്നിലുള്ള വസതിയിൽ വെച്ച് നടന്നു. യോഗത്തിൽ സി.കെ. രാഘവൻ സ്വാഗതം പറഞ്ഞു. യൂണിറ്റ് പ്രസിഡന്റ് അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി ടി.എം. ശ്രീകുമാർ റിപ്പോർട്ട് അവതരിപ്പിച്ച് സംസാരിച്ചു. ട്രഷറർ എൻ.കെ.കെ. ഉണിത്തിരി വരവ്-ചെലവ് കണക്ക് അവതരിപ്പിച്ചു. തുടർന്ന് നടന്ന ചർച്ചയിൽ ഇ.എം. കൃഷ്ണകുമാർ, കെ. ശ്രീധര വർമ്മ, എൻ.പി. ബാലകൃഷ്ണൻ, കെ. ചന്ദ്രകാന്തൻ എന്നിവർ സംസാരിച്ചു. റിപ്പോർട്ട്, വരവ്-ചെലവ് കണക്ക് എന്നിവ അംഗീകരിച്ചു. തുടർന്ന് വനിതാവിഭാഗത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് യൂണിറ്റ് വനിതാവിഭാഗം സെക്രട്ടറി ഡോ. എം.എം. കവിത വർമ്മ വിശദീകരിച്ചു. 13-12-2025 ന് തിരുവല്ലയിൽ വച്ച് നടക്കുന്ന സംസ്ഥാന വനിതാ സമ്മേളനത്തിൽ യൂണിറ്റ് വനിതാവിഭാഗം ട്രഷറർ കെ.പി. ശ്രീജ, ഭരണസമിതി അംഗം സാവിത്രി പരമേശ്വരൻ എന്നിവർ പങ്കെടുക്കുന്നതാണെന്ന് സെക്രട്ടറി യോഗത്തിൽ അറിയിച്ചു. 16-11-2025 ന് കോട്ടയത്ത് വെച്ചു നടന്ന സംസ്ഥാന കമ്മിറ്റി യോഗത്തിൽ കരിവെള്ളൂർ യൂണിറ്റിനെ പ്രതിനിധീകരിച്ച് യൂണിറ്റ് ട്രഷറർ എൻ.കെ.കെ. ഉണിത്തിരി പങ്കെടുക്കുകയുണ്ടായി. യോഗത്തിൽ വെച്ച് യൂണിറ്റിന്റെ 2026 വർഷത്തെ 'ക്ഷാത്രസ്പന്ദനം' ത്രൈമാസികയുടെ വരിസംഖ്യ 10,600 രൂപ സംസ്ഥാന ട്രഷറർ സൂര്യകുമാർ വർമ്മയെ ഏൽപ്പിച്ചു. കൂടാതെ യൂണിറ്റ് പ്രസിഡന്റ് പി.എം. സുബ്രഹ്മണ്യന്റെ റിയാക്ടിലേക്കുള്ള സംഭാവനയായ 10,000 രൂപയുടെ ചെക്കും കൈമാറുകയുണ്ടായി. യോഗത്തിൽ എൻ.പി. കുഞ്ഞിനാരായണൻ നന്ദി പറഞ്ഞു. 5 മണിക്ക് യോഗം അവസാനിച്ചു.

## ഇടപ്പള്ളി

ഇടപ്പള്ളി യൂണിറ്റ് ക്ഷത്രിയ ക്ഷേമസഭയുടെ ഭരണസമിതി യോഗം എല്ലാ മാസവും കൂടുകയും മിനിട്സും വരവ്-ചെലവ് കണക്കും വായിച്ച് യോഗം പാസ്സാക്കുകയും ചെയ്തു. ഈ കാലയളവിൽ നമ്മെ വിട്ടുപിരിഞ്ഞ സീനിയർ അംഗം മാളക്കമഠത്തിൽ ഇന്ദിര വർമ്മ (ഉദയവർമ്മയുടെ സഹധർമ്മിണി) ഇളങ്ങല്ലൂർ സ്വരൂപം പാലസിലെ വലിയരാജ അഡ്വ. ശങ്കര രാജ എന്നിവരുടെ ദേഹവിയോഗത്തിൽ അവരുടെ ഗൃഹങ്ങളിലെത്തി അനുശോചനം രേഖപ്പെടുത്തുകയും ചെയ്തു. ഇടപ്പള്ളിയിൽ ഈയിടെയായി വന്നു താമസമാക്കിയ ക്ഷത്രിയ കുടുംബാംഗങ്ങളെ ഈ സമിതിയുടെ അംഗങ്ങളായി ചേർക്കുന്നതിനായി പുതുക്കിയ ഒരു ലിസ്റ്റും തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. 'ക്ഷാത്രസ്പന്ദന'ത്തിന്റെ വരിസംഖ്യ പുതുക്കി അടയ്ക്കാനും അംഗങ്ങളെ ഓർമ്മപ്പെടുത്തി. ഒക്ടോബർ 27 ന് വിജയദശമി നാളിൽ ക്ലാസ്സിക്കൽ ഡാൻസ് പഠിപ്പിക്കാൻ ആരംഭിച്ചു. തുടർന്ന് തിരുവാതിര ക്ലാസ്സും തുടങ്ങി. പ്രസന്നകുമാരി സി.കെ. 'ദേവീ മാഹാത്മ്യം' ക്ലാസ്സും തുടങ്ങി. എല്ലാ മുപ്പെട്ട വ്യാഴാഴ്ചയും നാരായണീയ പാരായണം സമ്പൂർണ്ണം നടത്തുന്നു. കൂടാതെ ഡിസംബർ 1 ന് ഗുരുവായൂർ ഏകാദശി നാളിൽ ഗീതാപാരായണവും 4 ന് കാർത്തിക വിളക്കും വിശേഷാൽ നിറമാലയും ദീപാരാധനയും ഉണ്ടായിരുന്നു. ഡിസംബർ 14 ന് നാരായണീയ ദിനം സമുചിതമായി കൊണ്ടാടി. ഡിസംബർ 17 ന് അവിൽക്കിഴി സമർപ്പണം, ഭാഗവതം തിരഞ്ഞെടുത്ത അദ്ധ്യായം പാരായണം എന്നിവ ഉണ്ടായി. ഡിസംബർ 27 ന് മണ്ഡലകാല 41 ന് വിശേഷാൽ നിറമാല വിളക്കും പൂജയും ഉണ്ടായി. ജനുവരി 2 ന് തിരുവാതിരയ്ക്ക് എട്ടങ്ങാടിയും ഉറക്കമൊഴിപ്പും ഗംഭീരമായി കൊണ്ടാടി.

## തിരുവല്ല

റിപ്പോർട്ട് കാലയളവിൽ 3 കമ്മിറ്റി മീറ്റിംഗുകൾ കൂടിയിട്ടുണ്ട്. സഭയുടെ 2024-25 വർഷത്തെ വാർഷിക പൊതുയോഗം 26-1-2026 ൽ പുനരുദ്ധരിച്ച സഭാ മന്ദിരത്തിൽ വെച്ച് കൂടുവാൻ തീരുമാനിച്ചു. ക്യാഷ് അവാർഡ്, വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്, റിയാക്ടിനുള്ള ധനസഹായം, കാര്യസ്ഥൻ അവാർഡ്, അനുമോദനം എന്നിവ പൊതുയോഗത്തിൽ വെച്ച് നൽകുവാൻ തീരുമാനിച്ചു.

ഓമല്ലൂരിൽ താമസിക്കുന്ന സുകുമാരി തമ്പുരാട്ടിക്ക് അടിയന്തിര ചികിത്സയ്ക്കുള്ള ധനസഹായമായി 20,000 രൂപ സഭയുടെ കാരുണ്യ ഫണ്ടിൽ നിന്നും നൽകിയിരുന്നു എന്നാൽ പിന്നീട് അവർക്ക് പണം ലഭ്യമായതു കൊണ്ട് ഈ തുക മുഴവനും സസന്തോഷം കാരുണ്യാ ഫണ്ടിലേക്ക് തിരിച്ചു തന്നു. ഇതൊരു നല്ല മാതൃകയായി കണക്കാക്കാവുന്നതാണ്. കാരുണ്യാ ഫണ്ടിൽ നിന്നും മാസം തോറും 1,000 രൂ വീതം നൽകൊണ്ടിരിക്കുന്ന 12 കുടുംബാംഗങ്ങൾക്ക് ഓണസ്സമ്മാനമായി 500 രൂ കൂടി അനുവദിച്ച് ആ മാസം 1,500 രൂപ വീതമാണ് നൽകിയത്. കൂടാതെ തിരുവല്ലയിലെ പൊടിയാടിയിലുള്ള ബാലാശ്രമത്തിലെ കുട്ടികൾക്ക് ഓണം പ്രമാണിച്ച് 1 ദിവസത്തെ ഭക്ഷണത്തിനു വേണ്ടി 5,000 രൂപ നൽകി.

സഭയുടെ മന്ദിരത്തിന്റെ പുനരുദ്ധാരണ പ്രവർത്തനം ഒട്ടുമുക്കാലും പൂർത്തീകരിച്ചു. ഇതിനു വേണ്ടി സാമ്പത്തിക സഹായവും സഹകരണ സഹായവും നൽകിയ എല്ലാ സമുദായ അംഗങ്ങളേയും അനുമോദിക്കുന്നു.



മുൻവർഷങ്ങളിലെ പോലതന്നെ 2026 ലെ കലണ്ടർ പുറത്തിറക്കി അംഗങ്ങൾക്കിടയിൽ വിതരണം ചെയ്തുവരുന്നു. 80 വയസ്സ് പൂർത്തിയായ സഭാ പ്രസിഡന്റ് പി.ആർ. വർമ്മയെ 8-12-2025 ൽ കൂടിയ കമ്മിറ്റി മീറ്റിംഗിൽ വെച്ച് അനുമോദിച്ചു.

സഭാംഗങ്ങളുടെ സെൻസസ്സ് പൂർത്തീകരണം പൊതുയോഗത്തിനു മുമ്പായി നടത്തുവാൻ തീരുമാനിച്ചു. സഭയിലെ മുറികളുടെ കേസ് നടന്നു വന്നതിനാൽ ഒഴിപ്പിക്കാൻ കാലതാമസം നേരിട്ടു. ഇപ്പോൾ അവ ഒഴിപ്പിച്ച് വാടകയ്ക്ക് നൽകിയിട്ടുണ്ട്. ഒഴിഞ്ഞുകിടന്ന ഒരു മുറി ഉൾപ്പെടെ ഇപ്പോൾ നാലു മുറികൾ വാടകയ്ക്കു നൽകിയിട്ടുണ്ട്.

## വെള്ളാരപ്പിള്ളി

നവരാത്രിക്കാലത്ത് എല്ലാ ദിവസവും വൈകിട്ട് ഭജന നടത്തി. മഹാനവമി ദിനത്തിൽ വിശേഷാൽ പരിപാടിയായി ശ്രീരംഗം സ്ക്കൂൾ ഓഫ് ഡാൻസിന്റെ നൃത്തനൃത്ത്യങ്ങൾ ഉണ്ടായിരുന്നു. തിരുവാതിര എല്ലാ വർഷത്തെയും പോലെ ഭംഗിയായി ആഘോഷിക്കാൻ തീരുമാനിച്ചു.

## ശ്രീകണ്ഠാപുരം

ക്ഷത്രിയ ക്ഷേമസഭ ശ്രീകണ്ഠാപുരം യൂണിറ്റിന്റെ വാർഷിക ജനറൽ ബോഡി യോഗം 2025 നവംബർ 9 ന് നടന്നു. സംസ്ഥാന ജോയിന്റ് സെക്രട്ടറി മോഹനവർമ്മ ഉദ്ഘാടനം ചെയ്തു. എസ്.കെ.



രാധാകൃഷ്ണൻ സ്വാഗതം പറഞ്ഞ ചടങ്ങിൽ കെ.പി. കേശവൻ അധ്യക്ഷത വഹിച്ചു. സി. വാസുദേവൻ നന്ദി അർപ്പിച്ചു. വ്യക്തിഗത നേട്ടങ്ങൾ കൈവരിച്ച കെ.പി. സുനിൽകുമാർ, അപർണ്ണ പ്രദീപ്, വിജയലക്ഷ്മി മുരളീധരൻ, സി.ടി. ജയശ്രീ എന്നിവരെ മെമെന്റോ നൽകി ആദരിച്ചു. മുതിർന്ന അംഗങ്ങളായ എസ്.കെ. കുഞ്ഞിരാമൻ നായനാർ, വി.ടി. ഗോവിന്ദൻ നായനാർ, എസ്.കെ. സാവിത്രി അക്കനമ്മ, വി. സുലോചന ടീച്ചർ, കെ.പി. പത്മാവതി അക്കനമ്മ, എസ്.കെ. സരസ്വതി അക്കനമ്മ എന്നിവരെ പൊന്നാടയണിയിച്ച് ആദരിച്ചു. പുതിയ ഭാരവാഹികൾ:

പ്രസിഡന്റ് - എസ്.കെ. രാധാകൃഷ്ണൻ, സെക്രട്ടറി - സി. വാസുദേവൻ, ട്രഷറർ - എസ്.ടി. പത്മകുമാർ

**വനിതാ സമ്മേളനം**

ക്ഷത്രിയ ക്ഷേമസഭ ശ്രീകണ്ഠാപുരം യൂണിറ്റിന്റെ വനിതാ സമ്മേളനം സംസ്ഥാന വനിതാ വിഭാഗം പ്രസിഡന്റ് ഡോ. സുജാത വർമ്മ ഉദ്ഘാടനം ചെയ്തു. സംസ്ഥാന സെക്രട്ടറി രാധിക വർമ്മ മുഖ്യപ്രഭാഷണം നടത്തി. വൈസ് പ്രസിഡന്റ് കോമളവല്ലി വർമ്മ ആശംസകളർപ്പിച്ച് സംസാരിച്ചു. യൂണിറ്റ് സെക്രട്ടറി സി. വാസുദേവൻ സ്വാഗതം ആശംസിച്ച ചടങ്ങിൽ എസ്.കെ. രാധാകൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു. സി.ടി. ജയശ്രീ നന്ദി പ്രകാശിപ്പിച്ചു. പുതിയ ഭാരവാഹികൾ:

രക്ഷാധികാരി: വി.ഇ. രുഗ്മിണി, പ്രസിഡന്റ്: എസ്.കെ. ശ്രീജ, സെക്രട്ടറി: സി.ടി. ജയശ്രീ, ട്രഷറർ: ടി.ഇ. ഉഷാകുമാരി.

തിരുവല്ലയിൽ നടന്ന സംസ്ഥാന വനിതാ സമ്മേളനത്തിൽ യൂണിറ്റിനെ പ്രതിനിധീകരിച്ച് ജയശ്രീ സി.ടി. പങ്കെടുത്തു. പ്രസ്തുത ചടങ്ങിൽ ശ്രീകണ്ഠാപുരം യൂണിറ്റിലെ വി.ഇ. രുഗ്മിണി ഉപന്യാസരചനാ മത്സരത്തിൽ ക്യാഷ് പ്രൈസും മെമെന്റോയും കരസ്ഥമാക്കി. പരസ്പര സഹായനിധി (പി.എസ്.എൻ.) 2025 നവംബർ മാസം തുടങ്ങി.

## കോട്ടയം

ക്ഷത്രിയ ക്ഷേമസഭ സംസ്ഥാന കമ്മിറ്റി യോഗം കോട്ടയം യൂണിറ്റിന്റെ നേതൃത്വത്തിൽ പ്രസ് ക്ലബ് ഹാളിൽ നടത്തി. മുൻകൂട്ടി എത്തിയ അംഗങ്ങൾക്ക് താമസ സൗകര്യവും കമ്മിറ്റിയുടെ ദിവസം പ്രഭാത – ഉച്ചഭക്ഷണവും ക്രമീകരിച്ചിരുന്നു. കോട്ടയം യൂണിറ്റിന്റെ എക്സിക്യൂട്ടീവ് യോഗം രണ്ട് തവണ ചേർന്നു. അനൂപ് വർമ്മ, പ്രസാദ് വർമ്മ എന്നിവരുടെ വസതിയിലാണ് യോഗങ്ങൾ ചേർന്നത്.

കുമാരനല്ലൂരിൽ ചേർന്ന കമ്മിറ്റി യോഗത്തിൽ, എം.ആർ.എഫ്. സീനിയർ പ്രൊഡക്ഷൻ മാനേജറായി സ്ഥാനക്കയറ്റം ലഭിച്ച അനൂപ് വർമ്മയെ ആദരിച്ചു. കടനാട് പ്രസാദ് വർമ്മയുടെ വസതിയിൽ ചേർന്ന കമ്മിറ്റി യോഗത്തിൽ സംസ്ഥാന ജനറൽ സെക്രട്ടറി വി.കെ. മധുകുമാർ വർമ്മ പങ്കെടുത്തു.



കുമാരനല്ലൂർ ദേവീ ക്ഷേത്രത്തിൽ വനിതാ വിഭാഗത്തിന് തിരുവാതിര അവതരിപ്പിക്കുന്നതിന് അനുമതിക്കായി കത്ത് നൽകാൻ തീരുമാനിച്ചു. പന്തളത്ത് നടക്കുന്ന മേഖല സമ്മേളനത്തിൽ പരമാവധി അംഗങ്ങളെ പങ്കെടുപ്പിക്കണമെന്ന് സംസ്ഥാന സെക്രട്ടറി മധുകുമാർ വർമ്മ നിർദ്ദേശിച്ചു. യുവതീ-യുവാക്കൾക്കായി പ്രീ - മാര്യേജ് ക്ലാസ് നടത്തുന്നതിനു യൂണിറ്റുകൾ തയ്യാറാകണമെന്നും അദ്ദേഹം പറഞ്ഞു. യൂണിറ്റ് പ്രസിഡന്റ് ആത്മജ വർമ്മ തമ്പുരാൻ യോഗങ്ങളിൽ അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി ടി.എം. രാംജി വർമ്മ റിപ്പോർട്ട് അവതരിപ്പിച്ചു.

**ആത്മജ വർമ്മ തിരുനക്കര ക്ഷേത്രം സമിതി അംഗം**

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള പ്രമുഖ ക്ഷേത്രമായ തിരുനക്കര മഹാദേവ ക്ഷേത്രത്തിന്റെ ഉപദേശക സമിതിയിലേക്ക് നടന്ന തിരഞ്ഞെടുപ്പിൽ കോട്ടയം യൂണിറ്റ് പ്രസിഡന്റ് ആത്മജ വർമ്മ തമ്പുരാൻ തിരഞ്ഞെടുക്കപ്പെട്ടു. 2025 മുതൽ 2027 വരെയാണ് 13 അംഗ ഭരണ സമിതിയുടെ കാലാവധി. അസി. ദേവസ്വം കമ്മിഷണർ പി.ആർ. മീര, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ജി. ഹരികുമാർ എന്നിവർ വരണാധികാരികളായിരുന്നു. ഇത്തവണത്തെ ഉത്സവം 2026 മാർച്ച് 15 ന് കൊടിയേറി 24 ന് ആറാട്ടോടെ സമാപിക്കും. പള്ളിവേട്ട ദിനമായ 23 നാണ് തിരുനക്കര പൂരം.

**മള്ളിയൂർ ഭാഗവത ഹംസ ജയന്തി**

മള്ളിയൂർ അഖില ഭാരത ശ്രീമദ് ഭാഗവതാമൃത സത്രവും മള്ളിയൂർ ഭാഗവത ഹംസ ജയന്തിയും ജനുവരി 21 മുതൽ ഫെബ്രുവരി 2 വരെ നടക്കും. 22 നു വൈകിട്ട് 5 ന് ആത്മജ വർമ്മ തമ്പുരാന്റെ പ്രഭാഷണം ഉണ്ടായിരിക്കും. വിഷയം: 'ശക്തനേ ധർമ്മ രക്ഷ സാധ്യമാകു'.

## തൃശ്ശൂർ

തൃശ്ശൂർ സഭയുടെ സെപ്തംബർ 21 ന് നടന്ന ഓണാഘോഷത്തിനു ശേഷം 5-10-2025 ന് തൃശ്ശൂർ വരന്തരപ്പിള്ളി വിനോദ് വിഹാറിൽ വെച്ച് നടന്ന ഭരണസമിതി യോഗത്തിൽ (12/2024-25) വെച്ച് വരന്തരപ്പിള്ളി സ്വദേശി ഡയാലിസിസ്സിന് വിധേയനായിരിക്കുന്ന സതീഷ് വി.എസിന് റിയാക്ടിന്റെ ചികിത്സാ



ധനസഹായം 10,000 രൂപയുടെ ചെക്ക് സഭാദ്ധ്യക്ഷൻ ഡോ. പി.സി. സുധീരൻ കൈമാറി. തദവസരത്തിൽ സെക്രട്ടറി ശങ്കർ വർമ്മ, ട്രഷറർ പി.സി. ദിലീപ് വർമ്മ, മഹേശ്വരൻ മാസ്റ്റർ, രേണുക രാജ, അംബികാ വർമ്മ, പ്രിയാ വർമ്മ എന്നിവർ സന്നിഹിതരായിരുന്നു. യോഗത്തിൽ 11-10-2025 ൽ തൃശ്ശൂർ നന്ദിപുലത്ത് നടക്കുന്ന സാമന്തസഭ സമ്മേളനത്തിൽ സഭാംഗങ്ങളുടെയും കുട്ടികളുടെയും കലാപരിപാടികൾ നടത്താനും തീരുമാനിച്ചു.

സാമന്ത സമാജത്തിന്റെ ശ്രുതിലയം പരിപാടികളിൽ തൃശ്ശൂർ ക്ഷത്രിയ ക്ഷേമസഭ പ്രത്യേക ക്ഷണം സ്വീകരിച്ചുകൊണ്ട് പങ്കെടുത്തു. വേദി - തൃശ്ശൂർ ജില്ലയിലെ നന്ദിപുലം ഗ്രാമത്തിലെ ശ്രീഭദ്ര ആഡിറ്റോറിയം. ഉദ്ഘാടന സമ്മേളനത്തിൽ തൃശ്ശൂർ സഭാ പ്രസിഡന്റ് ഡോ. പി.സി. സുധീരൻ ആശംസയർപ്പിച്ചു. കൂടാതെ സഭ ജനറൽ സെക്രട്ടറി മധുകുമാർ വർമ്മയും ആശംസയർപ്പിച്ചു.

വൈഷ്ണവി വർമ്മ, പ്രിയാ വർമ്മ, വിദ്യാ കശ്യപ് വർമ്മ, ശ്രീജാ വർമ്മ, ശ്രീരഞ്ജിനി (ദേവി) തുടങ്ങിയവർ കലാപരിപാടികളിൽ പങ്കെടുത്തു.



നീലേശ്വരം അള്ളട സ്വരൂപം ഇളയതമ്പുരാട്ടി കിണാവൂർ കോവിലകത്ത് ഭാഗീരഥി തമ്പുരാട്ടിയുടെ 80-ാം പിറന്നാൾ കിണാവൂർ കോവിലകത്തു വെച്ച് ആഘോഷിച്ചു. ക്ഷത്രിയ ക്ഷേമസഭ കുടുംബാംഗങ്ങൾ, ബന്ധുക്കൾ എന്നിവർ പങ്കെടുത്തു.

# യൂണിറ്റ് വാർത്തകൾ (വനിതാവിഭാഗം)

## തിരുവനന്തപുരം

തിരുവനന്തപുരം ക്ഷത്രിയ ക്ഷേമസഭ വനിതാ വിഭാഗം എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംഗ് സുന്ദര വിലാസം കൊട്ടാരത്തിൽ വെച്ച് 2-11-2025 ഉച്ചയ്ക്ക് 3 മണിക്ക് നടന്നു. മീറ്റിംഗിൽ മൺമറഞ്ഞുപോയ ബന്ധുജനങ്ങൾക്ക് മൗനപ്രാർത്ഥനയിലൂടെ ആദരാഞ്ജലികൾ അർപ്പിച്ചു. അതിനുശേഷം 31-10-2025 ൽ നവതി ആഘോഷിച്ച ഭാനുമതി തമ്പുരാട്ടിക്ക് പിറന്നാൾ ആശംസകൾ നേർന്നു. പിന്നീട്, വൈലോപ്പള്ളി നഗറിൽ ചിത്രപ്രദർശനം നടത്തിയ നിവേദിത വർമ്മയെ അനുമോദിച്ചു. കൂടാതെ, മുഖ്യമന്ത്രിയുടെ കയ്യിൽ നിന്നും വിശിഷ്ട സേവനത്തിനുള്ള പോലീസ് മെഡൽ നേടിയ അനിൽ വർമ്മയെ അനുമോദിച്ചു. ഈ വർഷത്തെ അവസാനത്തെ MDS നടന്നു.

9-11-2025 ന് തിരുവനന്തപുരം യൂണിറ്റ് KKS ന്റെ നേതൃത്വത്തിൽ KKS വനിതാവിഭാഗം രംഗവിലാസം പാലസിൽ വെച്ച് Breast Cancer Awareness Camp നടത്തി. പ്രസിഡന്റ് രാജേശ്വരി വർമ്മയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന് സെക്രട്ടറി ഉഷാ ഉദയവർമ്മ സ്വാഗതം ആശംസിച്ചു. മുഖ്യാതിഥി ഡോ. റെജി ജോസ് വിളക്കുകൊളുത്തി പരിപാടി ഉദ്ഘാടനം ചെയ്തു. ഡോ. ചന്ദ്രകുമാരി, ഡോ.



പ്രസന്നകുമാരി, ഡോ. ആതിരാവർമ്മ എന്നിവരും പരിപാടിയിൽ പങ്കെടുത്തു. തിരുവനന്തപുരം KKS യൂണിറ്റ് പ്രസിഡന്റ് കിഷോർ വർമ്മ, ഡോ. ബിന്ദുവർമ്മ എന്നിവർ ആശംസകൾ നേർന്നു. വനിതാ വിഭാഗം വൈസ് പ്രസിഡന്റ് ബിന്ദു രഘു വർമ്മ കൃതജ്ഞത രേഖപ്പെടുത്തി. ധനുമാസത്തിൽ തിരുവാതിര ഗംഭീരമായി ആഘോഷിക്കുവാൻ വനിതാവിഭാഗം തീരുമാനമെടുത്തു.

ഡിസംബർ 13 (13-12-2025) ന് തിരുവല്ലയിൽ വെച്ച് നടന്ന KKS വനിതാ വിഭാഗം 1-ാം സംസ്ഥാന പ്രതിനിധി സമ്മേളനത്തിന് തിരുവനന്തപുരം യൂണിറ്റിൽ നിന്ന് 11 പേർ പങ്കെടുത്തു. സമ്മേളനം നല്ല വിജയമായിരുന്നു. കൂടാതെ കൂട്ടായ്മയുടെ വിജയം കൂടിയായിരുന്നു. എല്ലാപേർക്കും അത് വളരെ സന്തോഷകരമായ ഒരു സുദിനമായി മാറിയെന്ന് പറയാതെവയ്യ.

## കരിവെള്ളൂർ

ക്ഷത്രിയ ക്ഷേമസഭ കരിവെള്ളൂർ യൂണിറ്റ് വനിതാ സംഗമം 8-11-2025 ശനിയാഴ്ച ഉച്ചയ്ക്ക് 2.30 മണി മുതൽ യൂണിറ്റ് വനിതാ വിഭാഗം സെക്രട്ടറി ഡോ. കവിത വർമ്മയുടെ വസതിയിൽ വച്ച് നടന്നു. സെക്രട്ടറി സ്വാഗതം പറഞ്ഞു. യൂണിറ്റ് വനിതാ വിഭാഗം പ്രസിഡന്റ് എൻ.പി. ഉഷാ വർമ്മയുടെ അഭാവത്തിൽ വൈസ് പ്രസിഡന്റ് എൻ.പി. കാമാക്ഷി വർമ്മ അദ്ധ്യക്ഷത വഹിച്ചു. തുടർന്ന് സംസ്ഥാന വനിതാവിഭാഗം പ്രസിഡന്റ് ഡോ. സുജാത രാമചന്ദ്രൻ വെള്ളാരപ്പള്ളി, നിലവിളക്ക് കൊളുത്തി ഉദ്ഘാടനം ചെയ്തു. ഉദ്ഘാടന പ്രസംഗ



ത്തിൽ വനിതാ വിഭാഗം പ്രസിഡന്റ് യൂണിറ്റുകളിലെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനെക്കുറിച്ചും സ്വയംതൊഴിൽ സംരംഭങ്ങൾ യൂണിറ്റുകൾ തുടങ്ങേണ്ട ആവശ്യകതയെക്കുറിച്ചും വിശദമായി സംസാരിച്ചു. വനിതാവിഭാഗം സംസ്ഥാന സെക്രട്ടറി രാധികാ

വർമ്മ തിരുവല്ല, സ്ത്രീ ശാക്തീകരണം,നമ്മുടെ പൈതൃകവും മൂല്യങ്ങളും ആചാരങ്ങളും സംരക്ഷിക്കുക നമ്മുടെ കുട്ടികളെ പഠിപ്പിച്ച് നേർവഴിക്ക് നയിക്കുക എന്നീ വിഷയങ്ങളെക്കുറിച്ച് വിശദമായി സംസാരിച്ചു. സംസ്ഥാന വനിതാ വിഭാഗം വൈസ് പ്രസിഡന്റ് കോമളം കൃഷ്ണ വർമ്മ ചാലക്കുടി, യൂണിറ്റുകളിലെ പ്രവർത്തനം കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോകുക, നമ്മുടെ കുട്ടികളെ മൊബൈൽ ഉപയോഗത്തിൽ നിന്നും പരമാവധി പിന്തിരിപ്പിക്കുക തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് വിശദമായി സംസാരിച്ചു. യോഗത്തിൽ പിലാത്തറ യൂണിറ്റ് വനിതാവിഭാഗം പ്രസിഡന്റ് വി.ടി. സോമേശ്വരി, സംസ്ഥാന വൈസ് പ്രസിഡന്റും യൂണിറ്റ് സെക്രട്ടറിയുമായ ടി.എം. ശ്രീകുമാർ, യൂണിറ്റ് ട്രഷറർ എൻ.കെ. കൃഷ്ണൻ ഉണ്ണിത്തിരി എന്നിവർ അനുമോദന പ്രസംഗം നടത്തി. യോഗത്തിൽ 30 ഓളം വനിതാ അംഗങ്ങൾ പങ്കെടുത്തു. തുടർന്ന് 2025-27 വർഷത്തേക്കുള്ള താഴെപ്പറയുന്ന പുതിയ വനിതാ വിഭാഗം ഭാരവാഹികളെ തെരഞ്ഞെടുത്തു.

എൻ.പി. കാമാക്ഷി വർമ്മ (പ്രസിഡന്റ്), പത്മ ദാമോദരൻ (വൈസ് പ്രസിഡന്റ്), ഡോ. എം.എം. കവിത (സെക്രട്ടറി), ടി.എം. ഉഷാകുമാരി (ജോ. സെക്രട്ടറി), കെ.പി. ശ്രീജ (ട്രഷറർ), വി.എം. ഇന്ദിര ടീച്ചർ അടുത്തില, എൻ.പി. ഉഷ ശ്രീധര വർമ്മ, വിമല കുഞ്ഞി നാരായണൻ, പി. സാവിത്രി പരമേശ്വരൻ, എൻ.കെ. യശോദ (കമ്മിറ്റി അംഗങ്ങൾ).

യൂണിറ്റ് വനിതാ വിഭാഗം ട്രഷറർ കെ.പി. ശ്രീജ നന്ദി പ്രകാശിപ്പിച്ചു. ചായ സൽക്കാരത്തിനുശേഷം അഞ്ചുമണിക്ക് യോഗം അവസാനിച്ചു.

തിരുവല്ലയിൽ വച്ച് ഡിസംബർ 13 ന് നടന്ന ക്ഷത്രിയ ക്ഷേമസഭ വനിതാവിഭാഗം സംസ്ഥാന സമ്മേളനത്തിൽ കരിവെള്ളൂർ യൂണിറ്റിനെ പ്രതിനിധീകരിച്ച് വനിതാവിഭാഗം ട്രഷറർ കെ.പി. ശ്രീജയും ഭരണസമിതി അംഗമായ പി. സാവിത്രി പരമേശ്വരനും പങ്കെടുത്തു.

## വൈക്കം

വൈക്കം വനിതാവിഭാഗം ഇത്തവണത്തെ നവരാത്രി ആഘോഷം വളരെ ഗംഭീരമായി നടത്തി. 12 ദിവസമാണ് നവരാത്രി ആഘോഷിച്ചത്. ഓരോ ദിവസവും ഓരോ കോവിലകങ്ങളിൽ വച്ച്; അങ്ങനെ 12 ഗൃഹങ്ങളിൽ വച്ച് 10-12 പേർ കൂടിച്ചേർന്ന്



ലളിതാസഹസ്രനാമം ജപിച്ചു. ദേവിക്ക് നിവേദ്യവും ഉണ്ടായിരുന്നു. KKS ന്റെ ഓൺലൈൻ നവരാത്രി ആഘോഷത്തിലും 3 പേർ പങ്കെടുത്തു.

ഒക്ടോബർ 20 ന് വടക്കുംകൂർ മൂകാംബിക ക്ഷേത്ര ഹാളിൽ വച്ച് വനിതാവിഭാഗം ദീപാവലി ആഘോഷവും നടത്തുകയുണ്ടായി. കുട്ടികളുടെ ഇടയിൽ ഈശ്വര ചിന്ത വളർത്തുന്നതിനു വേണ്ടി കുട്ടികളെ എല്ലാവരെയും ഉൾപ്പെടുത്തി ഭജനയും ഉണ്ടായി. എല്ലാ കുട്ടികൾക്കും ദീപാവലിയുടെ ഐതീഹ്യകഥ പറഞ്ഞുകൊടുത്തു. ഭജനയ്ക്ക് ശേഷം മധുര വിതരണവും ഉണ്ടായിരുന്നു.

10-11-25 ൽ സഭയുടെ ഓഫീസിൽ വച്ച് വനിതാ വിഭാഗത്തിന്റെ ഒരു കമ്മിറ്റി മീറ്റിംഗ് കൂടുകയുണ്ടായി. 7 പേർ പങ്കെടുത്തു. വനിതാവിഭാഗം സ്ഥിരമായി മുപ്പെട്ട വെള്ളിയാഴ്ചയിൽ നടത്തുന്ന ഭജന, ലളിതാ സഹസ്രനാമ പാരായണം, നാരായണീയ പഠനം, തിരുവാതിര ക്ലാസ്സ് എന്നിവ മുടക്കം കൂടാതെ നടന്നുവരുന്നു.

13-12-25 ന് തിരുവല്ലയിൽ വച്ച് നടന്ന വനിതാ വിഭാഗത്തിന്റെ ഒന്നാം സംസ്ഥാന പ്രതിനിധി സമ്മേളനത്തിൽ വൈക്കത്തുനിന്നും 9 പേർ പങ്കെടുത്തു. വളരെ നല്ല ഒരു മീറ്റിംഗ് ആയിരുന്നു. മീറ്റിംഗിനു വേണ്ടിയുള്ള എല്ലാ ക്രമീകരണങ്ങളും തിരുവല്ല യൂണിറ്റ് വനിതാവിഭാഗം ഭംഗിയായി ചെയ്തു. അതിന്റെ പിന്നിൽ പ്രവർത്തിച്ച തിരുവല്ല യൂണിറ്റിലെ എല്ലാ അംഗങ്ങൾക്കും അഭിനന്ദനങ്ങൾ അറിയിക്കുന്നു.

## കോട്ടയം

കോട്ടയം വനിതാവിഭാഗത്തിന്റെ കഴിഞ്ഞ മുന്ന് മാസത്തെ പ്രവർത്തനങ്ങൾ.

**നവരാത്രി ആഘോഷം**

28.09.25 ൽ ചേർന്ന ഭരണ സമിതി യോഗത്തിൽ തീരുമാനിച്ചതുപോലെ മഹാനവമിയും വിജയദശ



മിയും ആഘോഷിച്ചു. സരസ്വതി സ്തുതികളും കീർത്തനങ്ങളും പാടി ഗ്രൂപ്പിൽ പോസ്റ്റ് ചെയ്തു. ഒരു സരസ്വതി സ്തുതി നൃത്തരൂപത്തിൽ വീഡിയോ ചെയ്തു ശ്രീപ്രഭ വർമ്മ എന്ന കൊച്ചു മിടുക്കി ഗ്രൂപ്പിൽ ഇട്ടു. നവരാത്രി ആചാരങ്ങളെപ്പറ്റിയും നവദുർഗ്ഗ സങ്കല്പത്തിലൂടെ ഒരു സ്ത്രീയുടെ ജീവിതഗതിയിലെ ഒൻപതു ഭാവങ്ങളെപ്പറ്റിയും ഉള്ള ഒരു വീഡിയോ ഗ്രൂപ്പിൽ പങ്കുവച്ചു. കൂടാതെ അവര വരുടെ വീട്ടിലെ ആഘോഷങ്ങളുടെ ഫോട്ടോയും വീഡിയോയും പങ്കുവെച്ചു.

**വയലാർ ദിനം**

അനശ്വര കവി വയലാർ രാമവർമ്മയുടെ അൻപതാം ചരമദിനം അദ്ദേഹത്തിന്റെ പ്രസിദ്ധമായ ഗാനങ്ങൾ ആലപിച്ചും അദ്ദേഹത്തെപ്പറ്റി മറ്റു പ്രഗത്ഭമതികളെ ഉദ്ധരിച്ചും അദ്ദേഹത്തിന്റെ സാഹിത്യ സംഭാവനകൾ അവലോകനം ചെയ്തും മലയാള ചലച്ചിത്ര ശാഖയ്ക്ക് അദ്ദേഹം നൽകിയ സമാനതകൾ ഇല്ലാത്ത സംഭാവനകൾ അനുസ്മരിച്ചും അദ്ദേഹത്തിന് പ്രണാമം അർപ്പിച്ചു.

**തിരുവാതിര**

കുമാരനെല്ലൂർ ദേവി ക്ഷേത്രത്തിലെ തൃക്കാർത്തിക ഉത്സവത്തോട്നുബന്ധിച്ച്, 1-12-25 ന് യൂണിറ്റിലെ കഴിവുറ്റ പത്തു വനിതകൾ ചേർന്ന് ദേവീ സന്നിധിയിൽ തിരുവാതിര അവതരിപ്പിച്ചു (ചിത്രം). ദേവിയുടെ അനുഗ്രഹം കൊണ്ട് പരിപാടി ഭംഗിയാവുകയും കാണികളുടെ പ്രശംസ പിടിച്ചുപറ്റുകയും ചെയ്തു. കോട്ടയം ക്ഷത്രിയ ക്ഷേമസഭ നൽകിയ നിസ്സീമമായ സഹകരണം ഇത്തരുണത്തിൽ നന്ദിപൂർവ്വം സ്മരിക്കുന്നു.

**സംസ്ഥാന വനിത സമ്മേളനം**

13-12-25 ലെ പ്രൗഢഗംഭീരമായ വനിതാ പ്രതിനിധി സമ്മേളനത്തിൽ കോട്ടയത്തുനിന്നും പത്തു പേർ പങ്കെടുത്തു. സമ്മേളനത്തിന്റെ പ്രവർത്തന ഫണ്ടിലേക്ക് മുപ്പത്തി ഒൻപതു പേർ സംഭാവന തന്നു. അത് ഞങ്ങളുടെ കൂട്ടായ്മയിൽ ഒരു പൊൻ തൂവൽ ആയി കാണുന്നു. സമ്മേളന നഗരിയിൽ ഞങ്ങളുടെ ഒരു സ്റ്റാളും ഉണ്ടായിരുന്നു. അതിൽ നിന്ന് കിട്ടിയ ലാഭം ഞങ്ങളുടെ ഫണ്ടിലേക്ക് ചേർത്തു.

കോട്ടയം വനിതാവിഭാഗത്തിന്റെ രണ്ട് ചിട്ടി ഉണ്ടായിരുന്നത് ഡിസംബർ കൊണ്ട് തീർന്നു. അതിൽ നിന്ന് കിട്ടിയ കമ്മീഷൻ തുകയും ഞങ്ങളുടെ വരുമാന സ്രോതസ്സ് ആണ്. അങ്ങനെ കോട്ടയം വനിതാ യൂണിറ്റ് ഐകമത്യത്തോടെ സജീവമായി പ്രവർത്തിക്കുന്നു.

## ഇടപ്പള്ളി

ഡിസംബർ 1-ന് ഗീതാദിനത്തിൽ ഭഗവദ്ഗീതക്ക് ഇന്നത്തെ ജീവിത സാഹചര്യത്തിൽ ഉള്ള പ്രാധാന്യം മനസ്സിലാക്കിക്കൊണ്ട് പാർത്ഥസാരഥി ക്ഷേത്രഹാളിൽ ഭഗവദ്ഗീത പാരായണം നടത്തി. അതുപോലെ ഡിസംബർ 14 ന് നാരായണീയ ദിനത്തിൽ നാരായണീയ പാരായണവും നടത്തി. കുചേല ദിനമായ ഡിസംബർ 15 ന് പാർഥസാരഥി ക്ഷേത്രത്തിലേക്ക് ആവശ്യമായ അവൽ കിഴികൾ KKS വനിതാ വിഭാഗത്തിലെ വനിതകൾ ഒത്തുചേർന്ന് തയ്യാറാക്കി. ഡിസംബർ 20 മുതൽ എല്ലാ ശനിയാഴ്ചകളിലും യൂണിറ്റ് ഭരണസമിതിയിലെ മുതിർന്ന അംഗം പ്രസന്ന വർമ്മയുടെ നേതൃത്വത്തിൽ പാർത്ഥസാരഥി ക്ഷേത്രഹാളിൽ ദേവീമാഹാത്മ്യം ക്ലാസ് ആരംഭിച്ചു. കൂടാതെ ഡിസംബർ 13-നു നടന്ന സംസ്ഥാന വനിതാ പ്രതിനിധി സമ്മേളനത്തിൽ രാജേശ്വരി പ്രമോദ് പങ്കെടുത്തു.

## കുറ്റിലഞ്ഞി

കുറ്റിലഞ്ഞി യൂണിറ്റിൽ എല്ലാ മാസവും സുഹൃദ് സംഗമത്തിൽ വനിതാ വിഭാഗത്തിന്റെ നേതൃത്വത്തിൽ ലളിതാസഹസ്രനാമപാരായണം തുടരുന്നുണ്ട്. യൂണിറ്റ് വനിതാ അംഗം പ്രീതാ കൃഷ്ണകുമാർ നാമജപത്തിന്റേയും പ്രാർത്ഥനയുടെയും പ്രാധാന്യം കുട്ടികൾക്ക് വിവരിച്ചുകൊടുക്കുകയും ശ്ലോകങ്ങൾ കുട്ടികളെ പഠിപ്പിക്കുന്നതിന് ആരംഭം കുറിക്കുകയും ചെയ്തു.

വനിതാ വിഭാഗത്തിന്റെ ഒരു ഭജന ട്രൂപ്പ് രൂപീകരിച്ച് അതിന്റെ നേതൃത്വം ധന്യാ വർമ്മയ്ക്ക് നൽകി.



ഈ വർഷവും നാലു വനിതാ അംഗങ്ങളുടെ നേതൃത്വത്തിൽ ഓണ ഫണ്ട് collection തുടരുന്നു. ചെറിയ രീതിയിലുള്ള ഒരു സംരംഭമായ എള്ളുതിരി ഉണ്ടാക്കിക്കൊടുത്തു തുടങ്ങിയിട്ടുണ്ട്.

13-12-2025 ന് തിരുവല്ലയിൽ നടത്തിയ വനിതാ വിഭാഗം സംസ്ഥാന പ്രതിനിധി സമ്മേളനത്തിന് യൂണിറ്റിലെ 5 വനിതാ അംഗങ്ങൾ പങ്കെടുത്തു. കുറ്റിലഞ്ഞി ചക്കനക്കാവ് ഭഗവതി ക്ഷേത്രത്തിൽ ശ്രീമദ് ദേവീഭാഗവത നവാഹയജ്ഞത്തോടനുബന്ധിച്ച് നാരായണീയ ദിനത്തിൽ നാരായണിയ പാരായണം നടത്തി, കൂടാതെ യജ്ഞവേദിയിൽ യൂണിറ്റിലെ വനിതാ അംഗങ്ങളുടെ തിരുവാതിര കളിയും നല്ല രീതിയിൽ അവതരിപ്പിച്ചു (ചിത്രം).

കുറ്റിലഞ്ഞി ചക്കനക്കാവ് ഭഗവതി ക്ഷേത്രത്തിൽ മുടിയേറ്റു ദിവസമായ 23-12-2025 ന് രാവിലെ 6.00 മണി മുതൽ യൂണിറ്റ് വനിതാ വിഭാഗത്തിന്റെ സാന്ദ്രാനന്ദ നാരായണീയ സമിതിയുടെ സമ്പൂർണ്ണ നാരായണീയ പാരായണവും നടത്തുന്നതാണ്.

## കരപ്പുറം

കരപ്പുറത്തെ ക്ഷത്രിയ വനിതകളുടെ ഒരു സ്നേഹ കൂട്ടായ്മയാണ് വനിതാവേദി. ഏകദേശം പതിനഞ്ചു വർഷത്തെ പ്രവർത്തന പാരമ്പര്യമുണ്ട് കരപ്പുറത്തെ ഈ കൂട്ടായ്മക്ക്.

ഒക്ടോബർ ഒന്നിന് കരപ്പുറം സഭാമന്ദിരത്തിൽ വൈകീട്ട് 5.30 മുതൽ നവരാത്രി ആഘോഷം കരപ്പുറം ക്ഷത്രിയ സഭയും കരപ്പുറം വനിതാ വേദിയും സഹകരിച്ച് അതിവിപുലമായി നടത്തി. സഭയുടെ പ്രസിഡന്റ് ഹരികൃഷ്ണ വർമ്മയും വനിതാവേദിയുടെ പ്രസിഡന്റ് രജനി വർമ്മയും ചേർന്ന് സന്ധ്യാദീപം തെളിയിച്ചു. ലളിതാസഹസ്ര നാമജപം, മഹിഷാസുരമർദ്ദിനി സ്തോത്രജപം, നീരജാവർമ്മയുടെ ശാസ്ത്രീയ നൃത്തം, ഭജൻസ് എന്നിവ നടന്നു. ഒക്ടോബർ 20 വൈകീട്ട് 3 മണി മുതൽ സഭാമന്ദിരത്തിൽ വച്ച് പ്രസിഡന്റ് രജനി വർമ്മയുടെ അധ്യക്ഷതയിൽ വനിതാവേദിയുടെ വാർഷിക പൊതുയോഗം നടന്നു. പൊതുയോഗത്തിൽ സഭയുടെ പ്രസിഡന്റ് ഹരികൃഷ്ണവർമ്മ, സെക്രട്ടറി അനൂപ് വർമ്മ എന്നിവർ വിശിഷ്ടാതിഥികളായി. ദീപാവലി ദിനമായതിനാൽ പൊതുയോഗത്തിന് ശേഷം എല്ലാവരും ഒന്നിച്ച് നാമജപവും നടത്തി.

ഒക്ടോബർ 25 ന് വയലാർ സ്മൃതി മണ്ഡപത്തിൽ കരപ്പുറം സഭാംഗങ്ങൾ പുഷ്പാർച്ചന നടത്തി വയലാർ രാമവർമ്മയുടെ അൻപതാം ചരമവാർഷിക ദിനാചരണത്തിന് തുടക്കം കുറിച്ചു. ഒക്ടോബർ 26-ന് വൈകിട്ട് 4 മണി മുതൽ സഭാമന്ദിരത്തിൽ വച്ച്



വയലാർ അനുസ്മരണ സമ്മേളനം നടന്നു. വയലാറിന്റെ സഹധർമ്മിണി ഭാരതിത്തമ്പുരാട്ടിയും മകൻ ശരത്ചന്ദ്രവർമ്മയും ചേർന്ന് ഭദ്രദീപ പ്രോജ്ജ്വലനം നടത്തി.

ദീപശ്രീ വർമ്മയുടെ ഈശ്വര പ്രാർത്ഥനയ്ക്കു ശേഷം പ്രസിഡന്റ് ഹരികൃഷ്ണ വർമ്മയുടെ അദ്ധ്യക്ഷതയിൽ അനുസ്മരണം ആരംഭിച്ചു. 'വയലാറിന്റെ കാവ്യലോകം' എന്ന വിഷയവുമായി ബന്ധപ്പെട്ട് ഡോ. ദേവി മനോജ് പ്രബന്ധാവതരണം നടത്തി. 'വയലാറിന്റെ കാവ്യഭാവന' എന്ന വിഷയവുമായി

ബന്ധപ്പെട്ട് പ്രൊഫ. രവിവർമ്മ രാജ സംസാരിച്ചു. വയലാറിന്റെ കവിതകൾ, സിനിമാഗാനങ്ങൾ എന്നിവയുടെ ആലാപനവും നടന്നു. നവംബർ 16-ന് സഭാമന്ദിരത്തിൽ വച്ച് വനിതാവേദിയുടെ പുതിയ ഘട്ടം ചിട്ടിയുടെ ആദ്യ തവണ കുറിയും വനിതാ വേദിയുടെ പൊതുയോഗവും നടന്നു. പതിനഞ്ചംഗങ്ങൾ പങ്കെടുത്ത യോഗത്തിൽ നവംബർ 13-ന് തിരുവല്ലയിൽ നടക്കുന്ന സംസ്ഥാന പ്രതിനിധി സമ്മേളനത്തിന്റെ അറിയിപ്പുകൾ അംഗങ്ങളുമായി പങ്കുവയ്ക്കുകയും ഏഴുപേർ സമ്മേളനത്തിൽ പങ്കെടുക്കാം എന്ന് തീരുമാനിക്കുകയും ചെയ്തു. പ്രസിഡന്റ് രജനി വർമ്മയുടെ നേതൃത്വത്തിൽ നവംബർ 13-ന് രാവിലെ 6 മണിക്ക് ഏഴു പേരടങ്ങുന്ന സംഘം തിരുവല്ലയിലേക്ക് യാത്രതിരിച്ചു. തിരുവല്ല വനിതാ വിഭാഗത്തിന്റെ നേതൃത്വത്തിൽ നടത്തിയ വനിതാസമ്മേളനം വിപുലവും പ്രശംസയർഹിക്കുന്നതുമായിരുന്നു. സമ്മേളനത്തിൽ സംഘടിപ്പിച്ചിരുന്ന അനുമോദനത്തിന് കരപ്പുറത്തെ അംഗമായ പാർവ്വതിവർമ്മ പാത്രമായി. സമ്മേളനത്തിലെ തൊഴിലധിഷ്ഠിത സെഷനും പാരന്റിംഗ് സെഷനും കലാപരിപാടികളും ആസ്വദിച്ച ശേഷം നാലുമണിയോടെ അംഗങ്ങൾ തിരിച്ച് കരപ്പുറത്തേക്ക് പുറപ്പെട്ടു.

വനിതകളുടെ കൂട്ടായ്മയും പരസ്പര സ്നേഹവും നാൾക്കുനാൾ ശക്തിപ്രാപിച്ച് കേന്ദ്ര ക്ഷത്രിയ വനിതാവിഭാഗം ഒരു പ്രസ്ഥാനമായി സമൂഹത്തിൽ മാറ്റങ്ങൾ സൃഷ്ടിക്കാൻ കരപ്പുറം വനിതകളുടെ സഹകരണവും പ്രാർത്ഥനയും.

## പിലാത്തറ

07-11-2025 ന് ഉത്തര മേഖല യൂണിറ്റ് സന്ദർശനത്തിനായി വനിതാവിഭാഗം സംസ്ഥാന പ്രസിഡന്റ് ഡോ. കെ. സുജാത, സെക്രട്ടറി രാധിക വർമ്മ പി.കെ., വൈസ് പ്രസിഡന്റ് കോമളവല്ലി വർമ്മ എന്നിവർ എത്തിച്ചേർന്നു. അന്നേ ദിവസം വൈകുന്നേരം 5 മണിക്ക്, പിലാത്തറ യൂണിറ്റിന്റെ വനിതാ സംഗമം പാർവതി വർമ്മയുടെ ഭവനത്തിൽ വെച്ച് നടത്തപ്പെട്ടു.

ഇതിൽ കുറെയേറെ വനിതാ അംഗങ്ങളുടെ സാന്നിദ്ധ്യം ഉണ്ടായിരുന്നു. സൗമ്യാ മനോജ് വർമ്മയുടെ പ്രാർത്ഥനാ ഗാനത്തോടെ യോഗം ആരംഭിച്ചു. ജയന്തി വി.എം. (വനിതാവിഭാഗം യൂണിറ്റ് സെക്രട്ടറി) സ്വാഗതം ചെയ്തു. നമ്മുടെ യൂണിറ്റിലെ നമ്മെ



വിട്ടുപിരിഞ്ഞവരെ ഒരു മിനിറ്റ് മൗനാചരണം നടത്തി ആദരിച്ചു.

യൂണിറ്റ് പ്രസിഡന്റ് സോമേശ്വരി വി.ടി. അദ്ധ്യക്ഷത വഹിച്ചു സംസാരിച്ചു. ഡോ. കെ. സുജാത വർമ്മ (സംസ്ഥാന പ്രസിഡന്റ് KKS വനിതാ വിഭാഗം) ഉദ്ഘാടനം നടത്തി പ്രസംഗിച്ചു. രാധികാ വർമ്മ പി.കെ. (സംസ്ഥാന വനിതാ വിഭാഗം സെക്രട്ടറി) 'സംരഭകത്വവും വനിതാ വിഭാഗവും' എന്ന വിഷയത്തെക്കുറിച്ച് സുദീർഘമായ പ്രഭാഷണം നടത്തി. കോമളവല്ലി വർമ്മ (വൈസ് പ്രസിഡന്റ്, സംസ്ഥാന വനിതാ വിഭാഗം) യൂണിറ്റിന്റെ മുന്നോട്ടുള്ള പ്രവർത്തനങ്ങളെക്കുറിച്ചും, വനിതകൾ സ്വയം തൊഴിൽ കണ്ടെത്തുന്നതിനെപ്പറ്റിയും വിശദമായി സംസാരിച്ചു. പ്രസിഡന്റ് സോമേശ്വരി വി.ടി. ഇതുവരെയുള്ള പ്രവർത്തന റിപ്പോർട്ട് വായിച്ചു.

നമ്മുടെ വിശിഷ്ടാതിഥികളായ വനിതാവിഭാഗം സംസ്ഥാന നേതാക്കളെ അനുമോദിച്ചു.

പി.കെ. മോഹനവർമ്മ, മനോജ് കുമാർ എസ്.കെ., പാർവതി വർമ്മ, ദ്രൗപതി കെ.എൻ., സൗമിനി തമ്പുരാൻ, വിലാസിനി എം.എം., തങ്കമണി ത്രിവിക്രമൻ, സവിത ടി.വി., എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. ബീനാ നാരായണൻ നന്ദി പ്രകാശിപ്പിച്ചു. വിഭവ സമൃദ്ധമായ ചായ സൽക്കാരത്തോടെ യോഗം അവസാനിച്ചു.

വനിതാ നേതാക്കളുടെ യൂണിറ്റ് സന്ദർശനത്തിന് നീലേശ്വരം, കരിവെള്ളൂർ, ഇരിട്ടി, ശ്രീകണ്ഠാപുരം എന്നിവിടങ്ങളിൽ സോമേശ്വരി വി.ടി., ജയന്തി വി.എം. എന്നിവർ അനുഗമിച്ചു.

13-12-25 ന് തിരുവല്ലയിൽ വച്ച് നടന്ന ആദ്യ വനിതാ സംസ്ഥാന പ്രതിനിധി സമ്മേളനത്തിന് പിലാത്തറ യൂണിറ്റിൽ നിന്നും 5 പേർ പങ്കെടുത്തു.

നവരാത്രിയോടനുബന്ധിച്ച് സംസ്ഥാന വനിതാ വിഭാഗം നടത്തിയ 9 ദിവസത്തെ നവരാത്രി കീർത്തന നാമജപത്തിൽ വനിതാവിഭാഗം അംഗങ്ങളായ മാളികക്കൊട്ടാരത്തിൽ ലതിക തമ്പുരാട്ടി, ലേഖ തമ്പുരാട്ടി എന്നിവർ പങ്കെടുത്തു. പന്തളം കൊട്ടാരം കുടുംബ തേവാരത്തിൽ നടന്ന പ്രത്യേക പൂജയിലും പൂജവയ്പ്പിലും അംഗങ്ങളും കുട്ടികളും പങ്കെടുത്തു. 20–10–25 ദീപാവലി ദിവസം വടക്കേ കൊട്ടാരം തേവാരത്തിൽ വിളക്കുകൾ കൊളുത്തിയും നാമം ജപിച്ചും ദീപാവലി പ്രാർത്ഥനയോടെ മനോഹര മാക്കി. സ്ത്രീകളും കുട്ടികളും നാമജപത്തിൽ പങ്കെടുത്തു.

'ക്ഷാത്രസ്പന്ദനം' വരിസംഖ്യ തുക സമാഹര ണത്തിനായി ക്ഷത്രിയ സഭാംഗങ്ങളോടൊപ്പം വനിതാ വിഭാഗവും പങ്കെടുത്തു.

'ഓർമ്മകളിൽ വയലാർ' എന്ന സംസ്ഥാന വനിതാ വിഭാഗത്തിന്റെ വയലാർ അനുസ്മരണ പരിപാടിയിൽ അംഗങ്ങൾ കവിതകളും ഗാനങ്ങളും ആലപിച്ചു.

ഡിസംബർ 2 ന് വനിതാവിഭാഗം സെക്രട്ടറി സന്ധ്യാ വർമ്മയുടെ ഭവനമായ 'ദേവപ്രയാഗി'ൽ യോഗം ചേർന്നു. തിരുവല്ലയിൽ നടക്കുന്ന വാർഷിക സമ്മേളനം, എട്ടങ്ങാടി നിവേദ്യം (ചിത്രം), തിരുവാതിര ആഘോഷം, പച്ചക്കറി വിത്ത് വിതരണം, 'ജ്യോതിർഗമയ' പുസ്തക പരിചയം എന്നിവ നടന്നു. പച്ചക്കറി വിത്തിന്റെ വിതരണോദ്ഘാടനം മുതിർന്ന അംഗം നെയ്തല്ലൂർ കോയിക്കൽ ചന്ദ്രികാദേവി തമ്പുരാട്ടി ലീല വർമ്മയ്ക്ക് നൽകി നിർവ്വഹിച്ചു. സംസ്ഥാന വനിതാ വിഭാഗം തിരുവല്ലയിൽ സംഘടി പ്പിച്ച വാർഷിക സമ്മേളനത്തിൽ പന്തളത്തുന്നിന്ന് ഒൻപതോളം അംഗങ്ങൾ പങ്കെടുത്തു. പന്തളം യൂണിറ്റിന്റെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനുള്ള സ്റ്റാളുകൾ സമ്മേളനസ്ഥലത്ത് ഒരുക്കിയിരുന്നു. യൂണിറ്റിൽന്നിന്ന് സമ്മേളനത്തിനായി വനിതാ അംഗങ്ങൾ സംഭാവന നൽകി. 2026 വർഷത്തെ കലണ്ടർ, ഡയറി പ്രകാശന ചടങ്ങിലും, വിതരണത്തിലും വനിതാവിഭാഗം പങ്കെടുത്തു.

## തൃശ്ശൂർ


നവംബർ 2 ന് രാവിലെ കൃത്യം 10 മണിക്ക് പ്രേമലത ദിലീപിന്റെ ഭവനമായ 'മംഗല്യ' (പടിഞ്ഞാറെ ചങ്കരംപാട്ട് മഠം)യിൽ നടന്ന വനിതാ

പരിപാടി വളരെ ഗംഭീരമായിരുന്നു. ഇതിന് നേതൃത്വം വഹിച്ച തിരുവല്ല വനിതാവിഭാഗത്തിന് പ്രത്യേകം നന്ദി അറിയിക്കുന്നു.

അതിനു ശേഷം ഒരു ഗൂഗിൾ മീറ്റ് വഴി ധനു മാസത്തിലെ തിരുവാതിര, എട്ടങ്ങാടി നിവേദ്യ ത്തോടെ ആഘോഷിക്കുവാൻ തീരുമാനിച്ചു.

## പന്തളം

പന്തളം ക്ഷത്രിയക്ഷേമസഭയുടെ 43–ാം വാർഷിക പൊതുയോഗത്തിലും അനുബന്ധ പരിപാടികളിലും വനിതാവിഭാഗം സജീവമായി പങ്കെടുത്തു. യൂണിറ്റ് വാർഷികത്തിൽ സാഹിത്യ പ്രവർത്തനങ്ങൾക്കുള്ള ആദരം യൂണിറ്റ് സെക്രട്ടറിയും വനിതാ വിഭാഗം ദക്ഷിണ മേഖലാ സെക്രട്ടറിയുമായ ജ്യോതി വർമ്മയ്ക്ക്, സംസ്ഥാന വനിതാവിഭാഗം സെക്രട്ടറി രാധികാ വർമ്മ നൽകി. വാർഷികത്തോടനുബ ന്ധിച്ച് 84 വയസുകഴിഞ്ഞ എല്ലാ അംഗങ്ങളുടേയും ഭവനങ്ങൾ സന്ദർശിക്കുകയും ഉപഹാരങ്ങൾ നൽകു കയും ചെയ്തു. ക്ഷത്രിയ സഭയും വനിതാ വിഭാഗവും സംയുക്തമായാണ് പരിപാടി സംഘടിപ്പിച്ചത്.





വിഭാഗം മീറ്റിങ്ങിൽ 25 പേർ പങ്കെടുത്തു. ചായ സൽക്കാരത്തോടെ തുടങ്ങിയ മീറ്റിംഗ് വനിതാ എക്സിക്യൂട്ടീവ് അംഗം സുമിത്ര സുധീരന്റെ പ്രാർത്ഥനയോടെ ആരംഭിച്ചു. വനിതാവിഭാഗം പ്രസിഡന്റ് ബിന്ദു വർമ്മയുടെ അദ്ധ്യക്ഷ പ്രസംഗത്തിന് ശേഷം അനുസ്മരണവും നടന്നു. ഈ കാലയളവിൽ നമ്മെ വിട്ടുപിരിഞ്ഞ കുടുംബാംഗങ്ങളെ അനുസ്മരിച്ചു. അതിനു ശേഷം വൈസ് പ്രസിഡന്റ് സജിത വർമ്മ സ്വാഗതം ആശംസിച്ചു. വനിതാ വിഭാഗം സെക്രട്ടറി ദീപ പ്രസാദ് റിപ്പോർട്ട് അവതരിപ്പിച്ചു.

KKS വനിതാവിഭാഗം പ്രസിഡന്റ് സുജാത വർമ്മ, സെക്രട്ടറി രാധിക വർമ്മ, വൈസ് പ്രസിഡന്റ് കോമളവല്ലി എന്നിവർ കേന്ദ്രസഭയെ പ്രതിനിധീകരിച്ച് പങ്കെടുത്തു (ചിത്രം).

ഡോ. സുജാത യോഗത്തിന് ആശംസകൾ നേരുകയും പ്രവർത്തന ഫണ്ട് സ്വരൂപിച്ചു വനിതാ വിഭാഗത്തിന്റെ പ്രവർത്തനം കുറച്ചു കൂടി കാര്യക്ഷമമാക്കണമെന്ന് അഭിപ്രായപ്പെടുകയും ചെയ്തു. രാധിക വർമ്മ വനിതകൾ ആരംഭിക്കേണ്ട ചെറുകിട വ്യവസായങ്ങളെപ്പറ്റി വിവരിച്ചു. അടുക്കളത്തോട്ട നിർമ്മാണം, തുണിസഞ്ചി നിർമ്മാണം, തുന്നൽ എന്നിവയെപ്പറ്റി വിശദീകരിച്ചു. അതോടൊപ്പം കുട്ടികൾക്ക് സത്സംഗങ്ങൾ നടത്തുന്നതിനെ പ്പറ്റിയും അതിലൂടെ നമ്മുടെ ആചാരങ്ങൾ/സംസ്കാരം എന്നിവ വരുംതലമുറയ്ക്ക് പകർന്നു നൽകേണ്ട ആവശ്യകതയെപ്പറ്റിയും അതെങ്ങനെ പ്രാവർത്തികമാക്കാം എന്നുള്ള കാര്യങ്ങളും കോമളവല്ലി തേനീച്ച സംരക്ഷണമേഖലയുമായി ബന്ധപ്പെട്ട കാര്യങ്ങളും വിശദീകരിച്ചു. തിരുത്തൂർ മഠത്തിലെ അംഗങ്ങൾ നിർമ്മിച്ച എള്ളുകിഴി വിപണനത്തിനായി KKS ഭരണ സമിതി സ്വീകരിച്ച് 'രാജപ്രഭ' എന്ന ലേബലിൽ വിപണനം ചെയ്യാൻ തീരുമാനം ആയി.

ഇതോടൊപ്പം യൂണിറ്റിലെ വനിതകൾ പ്രവർത്തന ഫണ്ടിലേക്കുള്ള സംഭാവന ട്രഷറർ പ്രേമലത ദിലീപിനെ ഏൽപ്പിച്ചു. KKS വനിതാ വിഭാഗം (കേന്ദ്ര സഭ) പ്രവർത്തന ഫണ്ടിലേക്കും സംഭാവന നൽകി. അടുക്കളത്തോട്ട നിർമ്മാണത്തിന് ആവശ്യമായ വിത്തുകളും ഗ്രോ ബാഗുകളും ദീപപ്രസാദ് വിതരണം ചെയ്തു. പ്രേമലത ദിലീപിന്റെ നന്ദി പ്രകാശനത്തിന് ശേഷം യൂണിറ്റിലെ രാജേശ്വരി വർമ്മയുടെ അമ്മയുടെ ശതാഭിഷേകത്തിനോടനുബന്ധിച്ചുള്ള സദ്യയോട് കൂടി എല്ലാവരും പിരിഞ്ഞു. 13-12-2025 ന് തിരുവല്ലയിൽ നടന്ന വനിതാ സംസ്ഥാന പ്രതിനിധി സമ്മേളനത്തിന് തൃശ്ശൂർ യൂണിറ്റിൽ നിന്നും 5 പേർ പങ്കെടുത്തു. KKS വനിതാ വിഭാഗം വൈസ്പ്രസിഡന്റ് കോമളവല്ലി, തൃശ്ശൂർ യൂണിറ്റ് സെക്രട്ടറി ദീപാ പ്രസാദ്, വൈസ് പ്രസിഡന്റ് സജിത ഉണ്ണികൃഷ്ണൻ, ജോയിന്റ് സെക്രട്ടറി സന്ധ്യാ വർമ്മ, എക്സിക്യൂട്ടീവ് അംഗമായ ലളിതാ മോഹൻ എന്നിവരാണ് സമ്മേളനത്തിൽ പങ്കെടുത്തത്.

## ഇരിട്ടി

2025 മാർച്ച് രണ്ടാം തീയതി കുറ്റിലഞ്ഞിയിൽ വച്ച് സംസ്ഥാന വനിതാ വിഭാഗം രൂപീകരണത്തിന് ശേഷം എല്ലാ യൂണിറ്റിലും വനിതായൂണിറ്റ് രൂപീകരണം വേണമെന്നതിന്റെ അടിസ്ഥാനത്തിൽ ഇരിട്ടി യൂണിറ്റിലും വനിതാവിഭാഗം രൂപീകൃതമായി. 9-11-2025 ഇരിട്ടി വൈരിഘാതകൻ ക്ഷേത്ര പരിസരത്തു ചേർന്ന യോഗത്തിൽ ഒട്ടുമിക്ക ആളുകളും പങ്കെടുത്തു. കെ.ഇ. കമലകുമാരി ടീച്ചറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം സംസ്ഥാന പ്രസിഡന്റ് ഡോ. സുജാത വർമ്മ ഉദ്ഘാടനം



ചെയ്തു. സ്ത്രീ ശാക്തീകരണത്തിന്റെ ആവശ്യകതയും സർഗ്ഗശേഷിയുടെ പരിപോഷണത്തിന്റെ ആവശ്യകതയും സംസ്ഥാന സെക്രട്ടറി രാധികാ വർമ്മ വിശദമായി സംസാരിച്ചു. കോമളം വർമ്മ, സോമേശ്വരി എന്നിവർ ക്രിയാത്മക നിർദ്ദേശങ്ങൾ നൽകി. ടി.എം. ശ്രീകുമാർ, കെ. ഭുവനദാസൻ വാഴുന്നവർ, കെ. മോഹൻദാസ് വാഴുന്നവർ, കെ. ജവഹർ, യൂണിറ്റ് സെക്രട്ടറി കെ. ഉണ്ണികൃഷ്ണൻ മാസ്റ്റർ തുടങ്ങിയവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. ഇരിട്ടി യൂണിറ്റിന്റെ പുതിയ ഭാരവാഹികളായി കെ.ഇ. കമലകുമാരി (പ്രസിഡന്റ്), കെ. സതി (വൈസ് പ്രസിഡന്റ്), കെ.എൻ. വത്സല (സെക്രട്ടറി), പ്രബുദ്ധ യു. (ജോയിന്റ് സെക്രട്ടറി), വി.ടി. സുജാത (ഖജാൻജി) തുടങ്ങി 13 അംഗങ്ങൾ അടങ്ങിയ എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരിച്ചു. യോഗത്തിൽ പല സംരംഭങ്ങളെക്കുറിച്ചും ചർച്ച ചെയ്തു. പ്രബുദ്ധ നിർമ്മിച്ച് വിതരണം നടത്തിയ സോപ്പ് എല്ലാവരെയും ആകർഷിച്ചു. നമ്മുടെ യൂണിറ്റിൽ ഇത്തരം സംരംഭം തുടങ്ങിയാൽ നല്ലതായിരിക്കും എന്ന് യോഗം ഐക്യകണ്ഠ്യേന അഭിപ്രായപ്പെട്ടു. 13-12-2025 ന് നടക്കുന്ന സംസ്ഥാന പ്രതിനിധി സമ്മേളനത്തിൽ നമ്മുടെ യൂണിറ്റിൽ നിന്ന് പരമാവധി ആളുകളെ പങ്കെടുപ്പിക്കണമെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ കുട്ടികൾ അടക്കം 9 ആളുകൾ പങ്കെടുത്തു. എല്ലാവർക്കും നല്ലൊരു അനുഭവമായിരുന്നു സമ്മേളനം. സമ്മേളനത്തിൽ ഇരിട്ടി യൂണിറ്റിന്റെ അഭിമാന താരമായ പ്രബുദ്ധ സംരംഭങ്ങളെക്കുറിച്ച് ക്ലാസ്സ് നടത്തി. സംസ്ഥാന സമ്മേളനത്തിന് നല്ലൊരു ആവേശമായി മാറിയ ക്ലാസ്സ് എല്ലാ യൂണിറ്റിലും ഇത്തരം സംരംഭങ്ങൾ തുടങ്ങുന്നതിന് പ്രചോദനമായി. പ്രസ്തുത യോഗത്തിൽ വെച്ച് സംസ്ഥാന കമ്മിറ്റി അംഗങ്ങൾ പ്രബുദ്ധയെ ആദരിക്കുകയും മറ്റു യൂണിറ്റുകളിലേക്ക് ക്ലാസ് നടത്തുന്നതിന് ക്ഷണിക്കുകയും ചെയ്തു. ഇരിട്ടി യൂണിറ്റിന്റെ യോഗം പ്രബുദ്ധയെ ആദരിച്ച് പൊന്നാടയണിയിച്ചു. യൂണിറ്റ് നല്ല പ്രവർത്തനങ്ങൾ നടത്തി സംസ്ഥാനത്തിന് മാർഗ്ഗദർശിയാകാൻ ജഗദീശ്വരൻ അനുഗ്രഹിക്കട്ടെ.

## ശ്രീകണ്ഠാപുരം

2025 നവംബർ 9 ന് ചേർന്ന ക്ഷത്രിയക്ഷേമ സഭ ജനറൽ ബോഡി യോഗത്തിൽ KKS വനിതാ സംസ്ഥാന ഭരണസമിതി അംഗങ്ങൾ പങ്കെടുക്കുകയും ജനറൽബോഡി യോഗത്തിനുശേഷം വനിതാ വിഭാഗം സംസ്ഥാന പ്രസിഡന്റ് ഡോ. സുജാത കെ., വൈസ് പ്രസിഡന്റ് കോമളവല്ലി വി.കെ., സംസ്ഥാന ജനറൽ സെക്രട്ടറി രാധിക വർമ്മ പി.കെ., എന്നിവരുടെ സാന്നിധ്യത്തിൽ നടന്ന വനിതാ മീറ്റിങ്ങിൽ ശ്രീകണ്ഠാപുരം വനിതാ വിഭാഗം യൂണിറ്റ് രൂപീകരിച്ചു. രുഗ്മിണി വി.ഇ. രക്ഷാധികാരി, ശ്രീജ എസ്.കെ., പ്രസിഡന്റ്, ജയശ്രി സി.ടി. സെക്രട്ടറി, ഉഷാകുമാരി ടി.ഇ. ട്രഷറർ, ആയുള്ള എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരിച്ചു. വിവിധ ഊരായ്മ ക്ഷേത്രങ്ങളിൽ കാലങ്ങളായുള്ള ആചാരങ്ങളും അനുഷ്ഠാനങ്ങളും മുടക്കമില്ലാതെ നടത്തുന്നതിന് കഴിഞ്ഞു. ചുഴലി ഭഗവതി ക്ഷേത്രം, എള്ളരിഞ്ഞി വേട്ടക്കൊരു മകൻ ക്ഷേത്രം, കുന്നത്തൂർപാടി മുത്തപ്പൻ ക്ഷേത്രം, നടുവിൽ ചുഴലി ഭഗവതി ക്ഷേത്രം, ചൂളിയാട് കോട്ടഞ്ചേരി പുതിയ ഭഗവതി, വിഷ്ണുമൂർത്തി ക്ഷേത്രം, തറവാട് കാവുകൾ, കോട്ടങ്ങൾ എന്നിവിടങ്ങളിലൊക്കെ വനിതാവിഭാഗം



പ്രവർത്തകരുടെ കൂട്ടായ്മകൾ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. ചൂളിയാട് വിഷ്ണുമൂർത്തി ക്ഷേത്രത്തിൽ രാമായണ മാസാചരണത്തിന്റെ ഭാഗമായി സമ്പൂർണ്ണ രാമായണ പാരായണം വനിതാ അംഗങ്ങളുടെ നേതൃത്വത്തിൽ നടന്നു. ധനു മാസത്തിലെ തിരുവാതിര ആഘോഷിക്കാൻ തീരുമാനിച്ചു. പച്ചക്കറി കൃഷി തുടങ്ങിയിട്ടുണ്ട്. വനിതാ വിഭാഗം മീറ്റിംഗ് മാസത്തിൽ ഒരു തവണ എന്ന രീതിയിൽ ചേരാൻ തീരുമാനിച്ചു. തിരുവല്ലയിൽ നടന്ന സംസ്ഥാന വനിതാ പ്രതിനിധി സമ്മേളനത്തിൽ നമ്മുടെ യൂണിറ്റിനെ പ്രതിനി ധീകരിച്ച് ജയശ്രീ സി.ടി (സെക്രട്ടറി) പങ്കെടുത്തു. ചടങ്ങിൽ രുഗ്മിണി വി.ഇ. ക്ക് ലഭിച്ച മെമെന്റോയും കാഷ് പ്രൈസും കൈമാറി (ചിത്രം). യൂണിറ്റിൽ നിന്ന് സമ്മേളനത്തിനായി വനിതാ അംഗങ്ങൾ സംഭാവന നൽകി.

## തിരുവല്ല

തിരുവല്ല യൂണിറ്റ് വനിതാവിഭാഗം ഭരണസമിതി വളരെ ഭംഗിയായി യൂണിറ്റിലെ വനിതാവിഭാഗത്തിന് വേണ്ടി വ്യത്യസ്ത പുരോഗമന പ്രവർത്തനങ്ങൾ നടത്തുവാൻ പരിശ്രമിക്കുന്നുണ്ട്.

വനിതാ ഭരണസമിതി അംഗങ്ങൾ ഓരോ മാസവും മീറ്റിംഗുകൾ കൂടി ഭാവി പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്യാറുണ്ട്, ചർച്ചയിൽ തീരുമാനിക്കുന്ന കാര്യങ്ങൾ സമയബന്ധിതമായി നടപ്പാക്കാറുമുണ്ട്. നാരായണീയപാരായണം, ഗീതാപാരായണം ഇവ മുടങ്ങാതെ നടക്കുന്നുണ്ട്.

ദീപാവലിക്ക് യൂണിറ്റ് വനിതാവിഭാഗം ഒരു സത്സംഗം ആരംഭിച്ചു. ഭഗവത് കീർത്തനങ്ങളും



നമ്മൾക്ക് സ്വന്തമായ ആചാരാനുഷ്ഠാനങ്ങളും മറ്റും കുഞ്ഞുങ്ങളിലേക്ക് എത്തിക്കുകയെന്ന ഉദ്ദേശമാണ് ഇതിലുള്ളത്. സത്സംഗത്തിലൂടെ ഏതാനും കുട്ടി കളെക്കൊണ്ട് കീർത്തനങ്ങളും ഗായത്രി മന്ത്രവും ചൊല്ലിക്കാറുണ്ട്. കൂടാതെ സത്സംഗത്തിൽ യൂണി റ്റിലെ എല്ലാ കുഞ്ഞുങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് ഈ സംരംഭം വിപുലമാക്കുവാൻ തീരുമാനിച്ചു. യൂണിറ്റ് വനിതാവിഭാഗത്തിന്റെ ക്വയർ സജീവമാണ്. ക്ഷേത്രങ്ങളിലും മറ്റ് വിശേഷാവസരങ്ങളിലും 'വിഷ്ണുപ്രിയ ഭജൻസ്' എന്ന പേരിലുള്ള ക്വയർ ഗ്രൂപ്പ് പരിപാടികൾ അവതരിപ്പിക്കാറുണ്ട്. ഒരു തിരുവാതിര ഗ്രൂപ്പും ഉണ്ട് (ചിത്രം). KKS വനിതാ വിഭാഗത്തിന്റെ പുതിയ സംരംഭമായ 'സാന്ത്വനം-സ്വാസ്ഥ്യം' പദ്ധതി യൂണിറ്റിൽ നടപ്പാക്കുവാൻ തീരു മാനിച്ചു. ജനുവരിയിൽ യൂണിറ്റിലെ വനിതകൾ ഒന്നിച്ചുചേർന്ന് എല്ലാ വർഷത്തെയും പോലെ തിരുവാതിര വിപുലമായ രീതിയിൽ ആഘോഷിക്കു ന്നുണ്ട്. യൂണിറ്റ് വനിതാ വിഭാഗം ചിട്ടി ഭംഗിയായി നടക്കുന്നു. KKS വനിതാ വിഭാഗം 1-ാം സംസ്ഥാന പ്രതിനിധി സമ്മേളനം തിരുവല്ല യൂണിറ്റിലെ വനിതാവിഭാഗത്തിന്റെ നേതൃത്വത്തിൽ ഭംഗിയായി നടത്തുവാൻ സാധിച്ചു. യൂണിറ്റിലെ വനിതാവിഭാഗം ഭരണസമിതി അംഗങ്ങളുടെ ഒന്നിച്ചു ചേർന്നുള്ള പ്രവർത്തനഫലമായിട്ടാണ് പ്രസ്തുത സമ്മേളനം വൻവിജയമായത്. അതോടൊപ്പം മറ്റ് യൂണിറ്റുകളിലെ വനിതാവിഭാഗങ്ങളുടെ സഹകരണം എടുത്തു പറയേണ്ടതുതന്നെ. ജനുവരി 11 ന് 'വിഷ്ണുപ്രിയ ഭജൻസി'ന് പന്തളം ശ്രീധർമ്മ ശാസ്താവിന്റെ സന്നിധിയിൽ ഭജൻസ് അവതരിപ്പിക്കുവാൻ അവസരം ലഭിച്ചതിൽ വളരെ സന്തോഷമുണ്ട്. ഇനിയും കുറച്ചുകൂടി കാര്യക്ഷമമായി പ്രവർത്തിക്കുവാൻ യൂണിറ്റ് വനിതാ കൂട്ടായ്മ തയ്യാറെടുക്കുന്നു.

## വെള്ളാരപ്പിള്ളി

ക്ഷത്രിയ ക്ഷേമസഭ വെള്ളാരപ്പിള്ളി യൂണിറ്റ് വനിതാവിഭാഗം കാര്യക്ഷമമായി പ്രവർത്തിക്കു ന്നുണ്ട്. സഭാ പ്രവർത്തനങ്ങളിൽ എല്ലാംതന്നെ വനിതാ വിഭാഗം സജീവമായി പങ്കെടുക്കാറുണ്ട്. ദീപാവലി ഗംഭീരമായി ആഘോഷിച്ചു. കുട്ടികളും മുതിർന്നവരും ഒന്നിച്ചുചേർന്ന് കീർത്തനങ്ങൾ ആലപിക്കുകയും പൂത്തിരി കത്തിച്ചും പടക്കം പൊട്ടിച്ചും ദീപാവലി ദിവസം സന്തോഷ സുദിന



മാക്കി മാറ്റി. അന്നേ ദിവസം കുട്ടികളുടെ ഒരു സത്സംഗം ആരംഭിച്ചു. മണ്ഡലകാലത്ത് ക്ഷേത്രത്തിൽ നടക്കുന്ന നാമജപത്തിൽ വനിതകൾ പങ്കെടുത്തു. ഡിസംബർ 3 ന് തിരുവല്ലയിൽ നടന്ന KKS വനിതാ വിഭാഗം സംസ്ഥാന പ്രതിനിധിസമ്മേളനത്തിൽ വെള്ളാരപ്പിള്ളിയിൽ നിന്ന് വനിതകൾ പങ്കെടുത്തിരുന്നു. ഇനിയും പുതിയ പദ്ധതികളുമായി മുന്നോട്ട് പ്രയാണം ചെയ്യുന്നു.

## നീലേശ്വരം

ക്ഷത്രിയ ക്ഷേമസഭ വനിതാവിഭാഗം നേതൃത്വയോഗവും നീലേശ്വരം യൂണിറ്റ് കുടുംബസംഗമവും 8-11-2025 നു തെക്കേ കോവിലകത്തു വെച്ച് ചേർന്നു. ക്ഷത്രിയ ക്ഷേമസഭ വനിതാവിഭാഗം സംസ്ഥാന പ്രസിഡന്റ് ഡോ. സുജാത രാമചന്ദ്രൻ ഉദ്ഘാടനം ചെയ്തു. യോഗത്തിൽ നീലേശ്വരം ക്ഷത്രിയ വനിതാ വിഭാഗം പ്രസിഡന്റ് ടി.സി. ഭാഗ്യപ്രഭ അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി ടി.സി. മനോരമ സ്വാഗതം പറഞ്ഞു. മുഖ്യാതിഥി ക്ഷത്രിയ ക്ഷേമസഭാ വനിതാവിഭാഗം സംസ്ഥാന സെക്രട്ടറി രാധിക വർമ്മ ക്ഷത്രിയ വനിതാവിഭാഗത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ച്



വിശദീകരിച്ചു. ക്ഷത്രിയ ക്ഷേമസഭ വനിതാവിഭാഗം വൈസ് പ്രസിഡന്റ് കോമളം കൃഷ്ണവർമ്മ ഭാവി പ്രവർത്തന രൂപരേഖ അവതരിപ്പിച്ചു. തുടർന്ന് എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകളിൽ മികച്ച വിജയം നേടിയ ക്ഷത്രിയ കുടുംബാംഗങ്ങളുടെ കുട്ടികളെ അനുമോദിച്ചു. അള്ളട സ്വരൂപം നാലാംകൂർ രാജ ടി.സി. ഉദയവർമ്മ രാജ അനുഗ്രഹ പ്രഭാഷണം നടത്തി. ആശംസകൾ അർപ്പിച്ചുകൊണ്ട് ക്ഷത്രിയ ക്ഷേമസഭ മുൻ സംസ്ഥാന പ്രസിഡന്റ് കെ.സി. മാനവർമ്മരാജാ, നീലേശ്വരം യൂണിറ്റ് പ്രസിഡന്റ് വി.സി. കൃഷ്ണവർമ്മ രാജ എന്നിവർ സംസാരിച്ചു. കെ.എൻ. ദുർഗ്ഗ നന്ദിയും പറഞ്ഞു. കമ്മിറ്റി രൂപീകരണവും നടന്നു

ഭാരവാഹികൾ - പ്രസിഡന്റ്: ഭാഗ്യപ്രഭ ടി.സി., വൈസ് പ്രസിഡന്റ്: ദുർഗ്ഗ കെ.എൻ., സെക്രട്ടറി: മനോരമ തമ്പുരാട്ടി ടി.സി. (പ്രിയ), ജോയിന്റ് സെക്രട്ടറി: ചിത്ര എസ്. വർമ്മ, ട്രഷറർ: ഭാഗീരഥി തമ്പുരാട്ടി വി.സി.

കമ്മിറ്റി അംഗങ്ങൾ - മഞ്ജുഷ വർമ്മ, മാനദേവി തമ്പുരാട്ടി ടി.സി. (ദയ), പ്രസീത വർമ്മ, കൃഷ്ണപ്രഭ ടി.സി., മല്ലിക സുഭാഷ്.

## കോഴിക്കോട്

14-9-2025-ൽ കോഴിക്കോട് യൂണിറ്റിന്റെ വാർഷിക പൊതുയോഗം തിരുവണ്ണൂർ കോവിലകം വെൽഫെയർ സൊസൈറ്റിയിൽ വെച്ച് നടന്നു. പൊതുയോഗത്തിൽ പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. KKS വനിതാവിഭാഗത്തിന്റെ സംസ്ഥാന പ്രസിഡന്റ് ഡോ. സുജാത കെ., വൈസ് പ്രസിഡന്റ് കോമളവല്ലി, സംസ്ഥാന സെക്രട്ടറി രാധികാവർമ്മ പി.കെ. എന്നിവർ പങ്കെടുത്തു. വനിതാവിഭാഗം രൂപീകരിച്ച് വനിതാഭാരവാഹികളെ തെരഞ്ഞെടുത്തു. നവരാത്രിയുമായി ബന്ധപ്പെട്ട് നടത്തിയ സംഗീതോപാസനയിൽ വനിതാ അംഗങ്ങൾ പങ്കെടുത്തു. 26-10-2025 ൽ നടന്ന സഭയുടെ ഓൺലൈൻ മീറ്റിംഗിൽ വനിതകളുടെ സജീവ സാന്നിധ്യം ഉണ്ടായിരുന്നു. 10-11-2025 ൽ 107 വനിതാ അംഗങ്ങളെ ഉൾപ്പെടുത്തി ഒരു വനിത Whatsapp ഗ്രൂപ്പ് തുടങ്ങി. KKS വനിതാവിഭാഗം പ്രവർത്തന ഫണ്ടിലേക്ക് 60 വനിതകൾ സംഭാവന നൽകി. 13-12-2025 ൽ തിരുവല്ലയിൽ വെച്ച് നടന്ന KKS വനിതാ വിഭാഗം 1-ാം സംസ്ഥാന പ്രതിനിധി സമ്മേളനത്തിൽ കോഴിക്കോട് യൂണിറ്റിൽ നിന്ന് 4 വനിതകൾ പങ്കെടുത്തു.


# ശ്രദ്ധാഞ്ജലി

## അജയ വർമ്മ രാജ



പൂഞ്ഞാർ കാഞ്ഞിരമിറ്റം കൊട്ടാരത്തിൽ ഭവാനി തമ്പുരാട്ടിയുടെയും മിത്രൻ നമ്പൂതിരിപ്പാടിന്റെയും മകൻ അജയ വർമ്മ രാജ (63) അന്തരിച്ചു. Asianet Satellite Communications റിട്ട. ഉദ്യോഗസ്ഥനാണ്. തിരുവനന്തപുരം ക്ഷത്രിയ ക്ഷേമസഭയുടെ മുൻ സെക്രട്ടറിയാണ്. ഭാര്യ: രസിക വർമ്മ (പൂക്കോട്ടു മഠം, ഇടപ്പള്ളി). മക്കൾ: അഖിൽ, ഗോകുൽ.

## രാമവർമ്മ



തൃപ്പൂണിത്തുറ വടക്കേക്കോട്ട കോയിക്കൽ മഠത്തിൽ രാമവർമ്മ (ഭദ്രൻ – 90) അന്തരിച്ചു. ഭാര്യ: കൊടുങ്ങല്ലൂർ പുത്തൻ കോവിലകത്ത് പരേതയായ രമത്തമ്പായി. മക്കൾ: അഞ്ജന, കണ്ണൻ. മരുമക്കൾ: മോഹൻ, (നിലമ്പൂർ കോവിലകം), നന്ദിനി (തൃപ്പൂണിത്തുറ കോവിലകം).

## മംഗല തമ്പുരാട്ടി




പന്തളം രാജകുടുംബാംഗം തോന്നല്ലൂർ പൊന്മേലിൽ കൊട്ടാരത്തിൽ മകംനാൾ അംബാലിക തമ്പുരാട്ടിയുടെയും കോട്ടയം ഇളയിടത്ത് ഇല്ലത്ത് നീലകണ്ഠൻ നമ്പൂതിരിയുടെയും മകൾ അനിഴംനാൾ മംഗല തമ്പുരാട്ടി (91) അന്തരിച്ചു. ചാഴൂർ കോവിലകത്ത് പരേതനായ സി.കെ. ഗോദവർമ്മരാജയുടെ പത്നിയാണ്. മക്കൾ: ഉഷാ വർമ്മ, ഉമാ വർമ്മ, രമാ വർമ്മ. മരുമക്കൾ: രവിവർമ്മ (തൃപ്പൂണിത്തുറ കോവിലകം), ഡോ. വിശാഖ വർമ്മ (മാവേലിക്കര കൊട്ടാരം), പ്രസാദ് രാജ (അഞ്ചേരി കോവിലകം).

## ഭവാനി തമ്പുരാൻ



ചാഴൂർ കോവിലകം ഇളയ തമ്പുരാട്ടി ഭവാനി തമ്പുരാൻ (87) അന്തരിച്ചു. മക്കൾ: മോഹനൻ, കൃഷ്ണകുമാരൻ, സുധ. മരുമക്കൾ: നന്ദജ, മിനി, രാജേഷ്.

## സത്യവർമ്മ



തൃപ്പൂണിത്തുറ കറുമല കോയിക്കൽ രവിവർമ്മൻ തിരുമുൽപ്പാടിന്റെയും പാറക്കടത്തു കോയിക്കൽ അമ്മു നമ്പിഷ്ഠാതിരിയുടെയും മകൻ സത്യവർമ്മ (89) അന്തരിച്ചു. സഹോദരങ്ങൾ: പരേതരായ തങ്കമണി വർമ്മ, സോമവർമ്മ, ഭദ്രവർമ്മ.

## മങ്കുട്ടിത്തമ്പുരാൻ



കൊച്ചി രാജകുടുംബാംഗം മങ്കുട്ടിത്തമ്പുരാൻ (92) അന്തരിച്ചു. അഖിലകേരള അക്ഷരശ്ലോക പരിഷത്തിന്റെ വൈസ്പ്രസിഡന്റായി ദീർഘകാലം പ്രവർത്തിച്ചിട്ടുണ്ട്. ഇരുപതു കൊല്ലത്തോളം അക്ഷരശ്ലോക കലയിൽ സജീവമായിരുന്നു. ഗുരുവായൂർ ദേവസ്വത്തിന്റെ സുവർണ്ണമുദ്ര ലഭിച്ചിട്ടുണ്ട്. 1993–ൽ തൃശ്ശൂരിൽ 'ഭക്ത മഹിളാട്രസ്റ്റ്' എന്ന സംഘടന സ്ഥാപിച്ച് ആദ്ധ്യാത്മിക പ്രവർത്തനങ്ങൾ നടത്തിവന്നിരുന്നു. എറണാകുളത്തപ്പൻ ഗ്രൗണ്ടിൽ നടന്ന അഖിലേന്ത്യാ ഭാഗവതസത്രത്തിൽ പ്രഭാഷണം നടത്തി. ഭർത്താവ്: പരേതനായ മടങ്ങർളി നാരായണൻ നമ്പൂതിരി. മക്കൾ: ഉഷാരാജ, സതീശ് വർമ്മ, പി.കെ. സന്ധ്യ. മരുമക്കൾ: പരേതനായ ദേവിദാസ് രാജ, രാജശ്രീ, രാമവർമ്മ.

## കാർത്തികനാൾ ശ്രീകുമാരി തമ്പുരാട്ടി

ഗ്രാമത്തിൽ കൊട്ടാരം വലിയ തമ്പുരാട്ടി കാർത്തിക നാൾ ശ്രീകുമാരി തമ്പുരാട്ടി (86) അന്തരിച്ചു. ഭർത്താവ്: ചെങ്ങന്നൂർ പാണ്ടനാട്




മംഗലപ്പള്ളി കോവിലകം പരേതനായ ഉദയ വർമ്മ. മക്കൾ: ശ്രീദേവി വിജയൻ, രവിവർമ്മ. മരുമക്കൾ: പരേതനായ വിജയൻ, പ്രിയ വർമ്മ.

## വിരജമണി തമ്പുരാൻ



കൊച്ചി രാജകുടുംബാഗം തൃപ്പുണിത്തുറ കോവിലകത്തെ (വേലിപ്പറമ്പ്) വിരജമണി തമ്പുരാൻ (78) അന്തരിച്ചു. ഭർത്താവ്: കൊടുങ്ങല്ലൂർ ചിറയ്ക്കൽ കോവിലകത്തെ ഗോദവർമ്മ രാജ. മക്കൾ: ഡോ. രഘുപ്രസാദ്, രമ്യ. മരുമകൾ: ഡോ. ശാലിനി.

## രാമവർമ്മാജി




വെണ്ണിക്കുളം വാലാങ്കര 'അനുപമ'യിൽ ഡി.കെ. രാമ വർമ്മാജി (81 – എഴുമറ്റൂർ ചെങ്ങഴ ശ്ശേരി കോയിക്കൽ) അന്തരിച്ചു. സഹകരണ വകുപ്പ് റിട്ട. അസി. രജിസ്ട്രാറാണ്. ഭാര്യ: രാജ ലക്ഷ്മി തമ്പുരാട്ടി (റിട്ട. BSNL). മക്കൾ: അനുജാ വർമ്മ (ഹെഡ്മിസ്ട്രസ് SMV HSS പൂഞ്ഞാർ), മനോജ് വർമ്മ (ഇൻവെസ്റ്റ്മെന്റ് കൺസൾട്ടന്റ്, ഡിജി സെക്വർ പൂനെ). മരുമക്കൾ: ദേവകുമാർ വർമ്മ (റെയിൽവേ, തിരുവനന്തപുരം), രഞ്ജു എസ്. (പി.എസ്.സി., തിരുവനന്തപുരം).

## ഇന്ദിരാഭായി തമ്പുരാട്ടി



ഇലഞ്ഞിമന്ത്രക്കോയിക്കൽ അംബിക തമ്പുരാട്ടിയുടെയും ഏർത്തമശ്ശേരി ഇല്ലത്ത് അഗ്നി ശർമ്മൻ നമ്പൂതിരിയുടെയും മകളും തിരുവല്ല നെടുമ്പ്രത്തു കൊട്ടാരത്തിൽ പരേതനായ റ്റി. കെ. കേരള വർമ്മയുടെ പത്നി യുമായ ഇന്ദിരാഭായി തമ്പുരാട്ടി (കുഞ്ഞുമോൾ – 76) അന്തരിച്ചു. മക്കൾ: രേഖാവർമ്മ, ശ്രീജ വർമ്മ, സ്മിത വർമ്മ. മരുമക്കൾ: ഹരി, ശ്രീരാമൻ, ഗിരീഷ്.

## കൊച്ചുണ്ണി അപ്പൻ തമ്പുരാൻ



കൊച്ചി രാജകുടുംബാംഗം തൃപ്പുണിത്തുറ ലേഖാ നിവാസ് പാലസ്സിൽ കൊച്ചുണ്ണി അപ്പൻ തമ്പുരാൻ (കെ.എ. തമ്പുരാൻ – 85) അന്തരിച്ചു. Enforcement Directorate ൽ ഉദ്യോഗസ്ഥനായിരുന്നു. AIR-ൽ മൃദംഗം B High ആർട്ടിസ്റ്റ് ആയിരുന്നു. ഭാര്യ: തിരുവനന്തപുരം പുന്നക്കൽ റോഡ് ബംഗ്ലാവ് അമ്മവീട്ടിൽ ഉമ തമ്പുരാൻ (തിരുവട്ടാർ അമ്മവീട്). മക്കൾ: സഞ്ജന തമ്പുരാൻ, നിരഞ്ജന തമ്പുരാൻ. മരുമക്കൾ: വിജയ് വർമ്മ, (സാമൂതിരി കോവിലകം, തിരുവണ്ണൂർ), കേണൽ ടി.എൻ. ഉണ്ണികൃഷ്ണൻ (കാരക്കത്ത് ഹൗസ്).

## ഗിരിജ തമ്പുരാൻ



കൊച്ചി രാജകുടുംബാംഗം ഗിരിജ തമ്പുരാൻ (76) അന്തരിച്ചു. തൃപ്പൂണിത്തുറ ഈശ്വരസേവാ പാലസിൽ കുഞ്ഞിപ്പിള്ളക്കുട്ടി തമ്പുരാന്റെയും മേൽപ്പാഴൂർ മനയിൽ നാരായണൻ നമ്പൂതിരി യുടെയും മകളാണ്. ഭർത്താവ്: ഹരിപ്പാട് ചെമ്പ്രോൽ കൊട്ടാരത്തിൽ പരേതനായ രാജരാജ വർമ്മ (ഉല്ലാസൻ). മക്കൾ: അമൃത വർമ്മ, അനൂപ് വർമ്മ. മരുമകൻ: രാജേഷ് വർമ്മ.

## ഹൈമവതി തമ്പായി



കൊടുങ്ങല്ലൂർ ചിറക്കൽ കോവിലകം കുടുംബാംഗം ഹൈമവതി തമ്പായി (86) അന്തരിച്ചു. തൃപ്പൂണിത്തുറ കോവിലകത്തെ പരേതനായ കെ.പി. തമ്പുരാന്റെ പത്നി യാണ്. മക്കൾ: ശുഭ, മായ. മരുമകൻ: രാജൻ.

## സുജാത വർമ്മ

കിളിമാനൂർ കൊട്ടാരത്തിൽ സുശീല തമ്പുരാട്ടി യുടേയും നെടുമ്പ്രത്തു കൊട്ടാരത്തിൽ ജി. കേരള വർമ്മ രാജയുടേയും പുത്രിയും കൊടുങ്ങല്ലൂർ കോവിലകത്തു പരേതനായ സുഖേഷ് വർമ്മയുടെ



പത്നിയുമായ സുജാത വർമ്മ (59) അന്തരിച്ചു. പുത്രൻ: രവിശങ്കർ വർമ്മ. സഹോദരങ്ങൾ: സുധാകര വർമ്മ, ജയചന്ദ്ര വർമ്മ, പരേതനായ സുധീരവർമ്മ, ജയശ്രീ വർമ്മ, സുരേഷ് കുമാർ വർമ്മ, പരേതനായ ഉണ്ണികൃഷ്ണ വർമ്മ.

## ഭാഗീരഥി തമ്പുരാട്ടി



തിരുവല്ല പാലിയക്കര കൊട്ടാരത്തിൽ പരേതനായ പി.ജി. കേരളവർമ്മയുടെ സഹധർമ്മിണി കണ്ണൂർ കവണിശ്ശേരിൽ കോവിലകം ഭാഗീരഥി തമ്പുരാട്ടി (95) അന്തരിച്ചു. മകൾ: ബേബി പദ്മജ. മരുമകൻ: ദിനേശ് വർമ്മ (റിട്ട. ASI, കേരള പോലീസ്).

## ലത തമ്പുരാൻ



കൊച്ചി രാജകുടുംബാംഗം തൃപ്പൂണിത്തുറ വലിയ പടിഞ്ഞാറെ കോവിലകത്ത് (Palace No. 41 B) കാവുതമ്പുരാന്റേയും വെട്ടത്ത് പയ്യൂർമന കൃഷ്ണൻ നമ്പൂതിരിപ്പാടിന്റേയും മകൾ ലത തമ്പുരാൻ (72) അന്തരിച്ചു. പഞ്ചാബ് നാഷണൽ ബാങ്ക് റിട്ട. ഉദ്യോഗസ്ഥയാണ്.

എറണാകുളം വാരിയം റോഡ് 'കേരള നിവാസി'ൽ കെ. രാമചന്ദ്രവർമ്മ (എറണാകുളം മംഗളമഠം – TATA Oil Mills Retd. Factory Engineer) ആണ് ഭർത്താവ്. മക്കൾ: വീണ വർമ്മ (അധ്യാപിക, St. Teresa's College, Ernakulam), വിദ്യ വർമ്മ (Bangalore). മരുമക്കൾ: ശ്രീരാജ് കെ.ജി. (IT Ernakulam), രാകേഷ് രവീന്ദ്രൻ (Bangalore).

## ശാന്താ വർമ്മ

വൈക്കം വടക്കേ മഠം കുടുംബാംഗവും പരേതനായ കണ്ണാംകുളത്ത് മഠത്തിൽ കെ. രാമവർമ്മയുടെ (വേണു ചേട്ടൻ) പത്നിയുമായ ശാന്താ വർമ്മ (89) അന്തരിച്ചു. പരമേശ്വരൻ നമ്പൂതിരിയുടെയും അമ്മിണി നമ്പിഷ്ടാതിരിയുടെയും



മകളാണ്. മക്കൾ: കൊച്ചി സമാജം നിർവ്വാഹക സിമിതി അംഗങ്ങളായ കൃഷ്ണകുമാർ, അനിൽ, അജിത് (കൊച്ചി സമാജം മുൻ സെക്രട്ടറി). മരുമക്കൾ: ജ്യോതി, സ്മിത, മഞ്ജുള.

## ഇന്ദിര വർമ്മ



ഇടപ്പള്ളി മണിമല റോഡ് 'നന്ദന'ത്തിൽ ഇന്ദിര വർമ്മ (86) അന്തരിച്ചു. കൃഷ്ണ നിവാസിൽ പി.കെ. ഉദയവർമ്മയുടെ സഹധർമ്മിണിയാണ്. എറണാകുളം സെന്റ് തെരേസാസ് കോളേജിൽ (Maths Department) ൽ HOD ആയി റിട്ടയർ ചെയ്തു. മക്കൾ: രാജേഷ് വർമ്മ, രഞ്ജിത് വർമ്മ. മരുമക്കൾ: അനു, ഷീന.

## തങ്കം തമ്പുരാട്ടി



ബേപ്പൂർ കരിപ്പാ പുതിയ കോവിലകത്തെ വലിയ തമ്പുരാട്ടി തങ്കം തമ്പുരാട്ടി (90) അന്തരിച്ചു. പാലപ്പെട്ടി അയിരൂർ കോവിലകത്ത് പരേതനായ രാമവർമ്മ രാജയുടെ പത്നിയാണ്. മകൻ: പി.സി. രാമവർമ്മ. (റിട്ട. AGM, BSNL). മരുമകൾ: ബിന്ദു വർമ്മ (ചേർപ്പ്, പെരുവനം).

## ചന്ദ്രികാ വർമ്മ



പ്രായിക്കര കൊട്ടാരത്തിൽ ചന്ദ്രികാ വർമ്മ (83) അന്തരിച്ചു. വൈക്കം വടക്കേമഠത്തിൽ പരേതനായ ആർ.ആർ. വർമ്മയുടെ സഹധർമ്മിണിയാണ്. മക്കൾ: ജഗദീഷ് , മഹേഷ്, ജയ, രാജേഷ്. മരുമക്കൾ: ആശാവർമ്മ, രാഖി വർമ്മ, ശ്രീകുമാർ, രമ.

# വൈവാഹികം

## വരനെ ആവശ്യമുണ്ട്

### BOX No. 2611

| | | | |
|---|---|---|---|
| | മ | | |
| ഗു ശി മാ | ഗ്രഹനില | | കു |
| | | | ചബുശു സ |
| | ല | | ര |

| | | | |
|---|---|---|---|
| | | സ | ഗു മ |
| കു | നവാംശം | | ല |
| ര | | | |
| ചബുമാ | ശി | ശു | |

Kshatriya girl, 27 years, (20 Sep. 1998) Uthram star, 171 c.m. tall, M.B.B.S. Graduate preparing for post-graduate entrance exams. currently working as a junior doctor in a private hospital in Trivandrum. Seeking a suitable alliance with professionaly qualified and well-placed Kshatriya boys.

**Contact No: +91 7358214391**

ജന്മശിഷ്ടം: 5 വർഷം 7 മാസം 10 ദിവസം രവിദശ

### BOX No. 2612

| | | | |
|---|---|---|---|
| | ഗു മ | | |
| | ഗ്രഹനില | | സ |
| ശി | | | |
| കു | ച ബു | ല ര മാ | ശു |

| | | | |
|---|---|---|---|
| ശു | | ര ഗു ശി | |
| ച | നവാംശം | | |
| | | | ബു |
| | സ കു | ല മാ | മ |

Kshatriya girl, 26 years, (11 Nov 1999; 1175 Thulam 25) Thrikketta star, 5' 6" tall, M.Tech. Mechatronics Engineering, B.E. Instrumentation Engineering. Working as Design Engineer at Arya Engineers and Contractors Pvt. Ltd., Pune. Seeks suitable alliance from Kshatriya boys.

**Contact No: 9823966737, 9561498227**

ജന്മശിഷ്ടം: 6 വർഷം 3 മാസം 14 ദിവസം 24 നാഴിക ബുധദശ

### BOX No. 2613

| | | | |
|---|---|---|---|
| ഗു | ശു മ മാ | ര ബു കു | |
| ശി ല | ഗ്രഹനില | | |
| | | | സ |
| | | | ച |

| | | | |
|---|---|---|---|
| | മാ | ബു കു മ | ല |
| | നവാംശം | | ച ര ശു ഗു സ |
| ശി | | | |
| | | | |

Kshatriya girl, 27 years, (05 June 1998) Atham star, 156 cm tall, M.Sc. Chemistry. Now doing Ph.D. at Faridabad. Seeks suitable alliance from Kshatriya boys.

**Contact No: 7034432783**

ജന്മശിഷ്ടം: 2 വർഷം 5 മാസം 6 ദിവസം ചന്ദ്രദശ

## BOX No. 2614

| | | | |
|---|---|---|---|
| മ | | | |
| ശി | ഗ്രഹനില | | |
| ഗു | | | ര ച ബു സ |
| മാ | | കു ല | ശു |

| | | | |
|---|---|---|---|
| കു | മാ | ശി | ല |
| മ | നവാംശം | | ബു ഗു |
| | | | ര ശു |
| | സ | | ച |

ജന്മശിഷ്ടം: 12 വർഷം 1 മാസം 7 ദിവസം ശുക്രദശ

Kshatriya girl, 28 yrs. (02/09/1997; 17 Chingam 1173), Pooram star, 160 cms., Chartered Accountant. Working as Manager, Credits, HDFC Bank, Chennai. Seeks suitable alliance from educated, well employed, non-drinker, non-smoker Kshatriya boys.

**Contact: 9946708097**

## BOX No. 2615

| | | | |
|---|---|---|---|
| ശു | ര ബു ശി ല | | |
| മ | ഗ്രഹനില | | കു |
| | | | |
| | ച ഗു മാ | സ | |

| | | | |
|---|---|---|---|
| | ല | ര മ | ബു |
| | നവാംശം | | ശു ശി |
| കു ഗു സ | | | |
| | | | ച മാ |

ജന്മശിഷ്ടം: 11 വർഷം 6 മാസം 19 ദിവസം ശനി ദശ

Kshatriya girl, 30 yrs. (18-04-1995), Anizham star, 145 cms., MBBS. Presently working as Medical Practitioner at ESI, Pappinissery, Kannur. Father from Cochin Royal Family, Mother from Zamorins, Padinjare Kovilakam, Mankavu. Seeks suitable alliance from Kshatriya boys, Vegetarian with matching Horoscope.

**Contact: 9249231987, 9495638704**

## BOX No. 2616

| | | | |
|---|---|---|---|
| | മ | | |
| ഗു ശി | ഗ്രഹനില | | ച |
| ശു | | | സ |
| ല ര ബു | | | കു മാ |

| | | | |
|---|---|---|---|
| | ബു മ സ മാ | | ല ഗു |
| ശു | നവാംശം | | ച |
| | | | കു |
| | | ശി | ര |

ജന്മശിഷ്ടം: 3 വർഷം 1 മാസം 28 ദിവസം വ്യാഴൻ

Kshatriya Girl, 26 yrs., (January 3, 1999), Punartham Nakshatram, Shuddha jathakam, 5 ft. 1 in., Canadian Citizen. Currently working as SME/Contracting Specialist in a Financial Institution. Looking for a compatible match preferably from Kshatriya or allied communities between 28 - 32 years of age. Preference for boys currently in Canada or in USA or those willing to relocate to Canada. Boys should have good qualification to secure suitable employment in Canada.

**Contact : 8148329550**

# വധുവിനെ ആവശ്യമുണ്ട്

## BOX No. 2617

| | | | |
|---|---|---|---|
| മ ശി ല | ച | | ശു കു |
| മാ | ഗ്രഹനില | | ര |
| | | | ബു |
| ഗു | | | സ |

| | | | |
|---|---|---|---|
| | | | സ |
| കു | നവാംശം | | |
| ര | | | ബു ഗു |
| ശി ല | ച ശു മാ | മ | |

ജന്മശിഷ്ടം: 0 വർഷം 9 മാസം 12 ദിവസം ശുക്രദശ

Kshatriya boy 29 yrs.(06/08/1996), Bharani Star, 165 cms., 70 kg., Medium complexion. Doctor-MBBS (Doing 2nd MD), Strict Vegetarian. Seeks suitable alliance from parents of Home loving, educated Girls with matching Chart.

**Contact: 9495606525, 9497677889**

## BOX No. 2618

| | | | |
|---|---|---|---|
| കു ല | ബു ശു | ര | കേ |
| മാ | ഗ്രഹനില | | |
| ശ | | | ഗു |
| സ | | ച | |

| | | | |
|---|---|---|---|
| | ച | | സ |
| മാ | നവാംശം | | ഗു |
| ല ര | | | ശ ബു |
| കേ | കു ശു | | |

ശിഷ്ടദശ: 13 വർഷം, 1 മാസം, 26 ദിവസം ഗുരുദശ

Kshatriya boy 32 years, hailing from Cochin Royal Family, Visakhom star, 165 cm., Chartered Accountant by profession. Working in Ernakulam. Seeks suitable alliance from parents of girls from Kshatriya/Nambudiri community. The parent preferably be eligible to wear the sacred thread - പൂണൂൽ).

**Contact: 9446127721**

## BOX No. 2619

| | | | |
|---|---|---|---|
| കു | ച | ബു ശു | ല ര ഗു |
| | ഗ്രഹനില | | ശി |
| മ സ | | | മാ |
| | | | |

| | | | |
|---|---|---|---|
| | ഗു | സ | |
| | നവാംശം | | ബു |
| കു ഭൃ മ | | | |
| ല മാ | ര ച ശി | | |

ശിഷ്ടദശ: 0 വർഷം, 10 മാസം, 11 ദിവസം ശുക്രദശ

Kshatriya boy, 35 yrs (20 Jun 1990) hailing from Cochin Royal Family, Bharani star, 165 cm., B. Tech. (Electronics & Communication Engg). Freelance AI Software Consultant, Entrepreneur, running an NGO, Managing Director and founder of Dakshin Vrindavan Trust (dakshinvrindavan.org). Seeks suitable alliance from parents of Kshatriya girls.

Contact: **9447072138, 9995052138**



## ക്ഷാത്രസ്പന്ദനം പരസ്യ നിരക്കുകൾ

| | | | | | |
|---|---|---|---|---|---|
| **പുറം കവർ (കളർ)** | : | **₹ 3500/-** | **ബ്ലാക്ക് ആന്റ് വൈറ്റ് (ഫുൾ)** | : | **₹ 1250/-** |
| **കളർ പേജ് (ഫുൾ)** | : | **₹ 2500/-** | **ബ്ലാക്ക് ആന്റ് വൈറ്റ് (ഹാഫ്)** | : | **₹ 750/-** |
| **കളർ പേജ് (ഹാഫ്)** | : | **₹ 1500/-** | **വിവാഹ പരസ്യം** (Matrimonial) | : | **₹ 500/-** |

# STATEMENT SHOWING OWNERSHIP AND OTHER PARTICULARS ABOUT THE NEWSPAPER

## KSHATRASPANDANAM (FORM IV)

## REQUIRED UNDER RULE-8 OF REGISTRATION OF NEWSPAPERS ACT 1956

## DECLARATION

| | | | | |
|---|---|---|---|---|
| 1. | | Place of Publication | : | Fort, Trivandrum |
| 2. | | Periodicity of the Publication | : | Tri Monthly |
| 3. | | Printer's Name | : | V.K. Madhukumar Varma |
| | | Nationality | : | Indian |
| | | Address | : | General Secretary<br>Kshatriya Kshema Sabha<br>Sundaravilasam Palace, Fort<br>Thiruvananthapuram - 695 023 |
| 4. | | Publisher's Name | : | V.K. Madhukumar Varma |
| | | Nationality | : | Indian |
| | | Address | : | General Secretary<br>Kshatriya Kshema Sabha<br>Sundaravilasom Palace, Fort<br>Thiruvananthapuram - 695 023 |
| 5. | (a) | Name of Managing Editor | : | Dr. M. Lalithambika |
| | | Nationality | : | Indian |
| | | Address | : | Haritha<br>KRRA 22, Poojappura<br>Thiruvananthapuram - 695 012 |
| | (b) | Name of Chief Editor | : | Dr. M. Lalithambika |
| | | Nationality | : | Indian |
| | | Address | : | Haritha<br>KRRA 22, Poojappura<br>Thiruvananthapuram - 695 012 |
| 6. | | Name and Addresses of individuals who own the newspaper and partners or share holders holding more than one percent of the total capital | : | Kshatriya Kshema Sabha<br>Sundaravilasam Palace, Fort<br>Thiruvananthapuram - 695 023 |

I, V.K. Madhukumar Varma General Secretary, Kshatriya Kshema Sabha hereby declare that the particulars given above are true to the best of my knowledge and belief.

Sd\-

Thiruvananthapuram
31-01-2026

**V.K. Madhukumar Varma**
General Secretary

# സ്മരണാഞ്ജലി

## നാലാം ചരമവാർഷികം (21-01-2026)



# കീഴൂരിടത്തിൽ മാധവി ശ്രീകുമാർ

(ജനനം: 14 – 09 – 1959    മരണം: 21 – 01 – 2022)

**W/o** കരിവെള്ളൂർ തെക്കേമഠത്തിൽ ടി. എം. ശ്രീകുമാർ

(റിട്ട. തഹസിൽദാർ, 'സൗപർണ്ണിക', കീഴൂർ, ഇരിട്ടി – 670 703)

(മൊ. 8848476040)

"സ്നേഹിക്കാൻ മാത്രം അറിയാവുന്ന, പരാതിയോ പരിഭവമോ ഇല്ലാത്ത, എപ്പോഴും
നിറപുഞ്ചിരിയോടെ ഞങ്ങളെ സ്നേഹിച്ച എന്റെ മാധവിക്കുട്ടിയുടെ ഒരിക്കലും
മരിക്കാത്ത ഓർമ്മകളുമായി തീരാവേദനയോടെ നിറമിഴികളോടെ
പരേതാത്മാവിന് നിത്യശാന്തി നേർന്നുകൊണ്ട്..."

മകൾ : **ശ്രീവിദ്യ കെ.**, (**H.S.S.T.** ടീച്ചർ, ഇരിട്ടി ഹയർ സെക്കന്ററി സ്കൂൾ)

മരുമകൻ : **അനിൽകുമാർ എം. പി.**

(ജൂനി. ഹെൽത്ത് ഇൻസ്പെക്ടർ, ഗ്രേഡ് 1, താലൂക്ക് ഹോസ്പിറ്റൽ, ഇരിട്ടി)

പേരമക്കൾ : **ആദർശ് കൃഷ്ണ, അൻവിത അനിൽകുമാർ**

മറ്റ് ബന്ധുമിത്രാദികൾ

**KSHATRASPANDANAM**
Quarterly News Magazine of Kshatriya Kshema Sabha
RNI Reg. No. KERMAL/2014/60925

January 2026
Annual Subscription ₹ 200




Printed & Published by V.K. Madhukumar Varma, General Secretary, on behalf of Kshatriya Kshema Sabha,
Sundaravilasam Palace, Thiruvananthapuram - 695023. Phone : 9847017105. Editor : Dr. M. Lalithambika
Printed at Akshara Offset, Vanchiyoor, Thiruvananthapuram. Phone 0471 - 2471174
Website : www.kshathrajalakam.org